
www.malankaralibrary.com

# ജീവിക്കുന്ന സമൂഹം



മലങ്കര സുറിയാനി കത്തോലിക്കാ വേദപാഠം

9

www.malankaralibrary.com



മലങ്കര സുറിയാനി കത്തോലിക്കാ വേദപാഠം

# ജീവിക്കുന്ന സമൂഹം

## പാഠാവലി – 9

The Synodal Commission for Faith Formation
Catholicate Centre, Pattom, Trivandrum-695 004

www.malankaralibrary.com

| | | |
|---|---|---|
| Title | : | **Syro-Malankara Katholicka Vedapadam - 9**<br>**(Catechism of the Syro-Malankara Catholic Church)**<br>**Jeevikkunna Samooham (Malayalam)** |
| Imprimatur | : | **His Beatitude**<br>**Moran Mor Baselios Cardinal Cleemis**<br>**Major Archbishop-Catholicos**<br>**of the Syro- Malankara Catholic Church** |
| Published by | : | **The Synodal Commission for Faith Formation**<br>Syro- Malankara Catholic Church<br>Catholicate Centre<br>Pattom, Trivandrum,-695 004, Kerala, India. |
| First Published | : | May 1st 2005 |
| Second Published | : | May 1st 2017 |
| Copy right | : | **The Synodal Commission for Faith Formation**<br>All rights reserved |
| Design & Layout | : | **Greeshma Designs,**<br>**Kottayam** |
| Printing | : | **Graphic Systems & Company**<br>Mallappally |
| Distribution | : | **Catholicate Centre**<br>Pattom,<br>Trivandrum,-695 004, Kerala, India<br>Ph:0471-2558864,<br>E-mail: mcccuria@gmail.com |

www.malankaralibrary.com

# The Syro-Malankara Catholic Church

Major Archbishop's House
Pattom, Trivandrum - 695 004
Kerala, India

**BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

15-4-2016

## അനുഗ്രഹ വചസ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തനതായ ഒരു വേദപാഠം 2002 മുതൽ മോറാൻ മോർ ബസേലിയോസ് സിറിൽ കാതോലിക്കാ ബാവായുടെ അപ്പസ്തോലിക ശുശ്രൂഷാ കാലത്തു പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. വളരെ വർഷങ്ങളായുള്ള നമ്മുടെ സഭയുടെ വലിയ ആഗ്രഹമാണ് ഈ വേദപാഠം പ്രസിദ്ധീകരിച്ചതിലൂടെ പൂവണിഞ്ഞത്. നമ്മുടെ സഭയ്ക്ക് ദൈവം തന്ന ഈ വലിയ അനുഗ്രഹത്തിന് നമുക്ക് ദൈവത്തെ സ്തുതിക്കാം. മലയാളം, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ ഒന്നുമുതൽ പന്ത്രണ്ട് ക്ലാസ്സുകളിലെ വേദപാഠ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനും സഭയിൽ എല്ലായിടത്തും ഒരേ വേദപാഠ പുസ്തകം ഉപയോഗിച്ച് കുട്ടികൾക്ക് പരിശീലനം നല്കുവാനും നമുക്ക് സാധിക്കുന്നു എന്നത് ദൈവാനുഗ്രഹമായി കരുതുന്നു.

പ്രപഞ്ചസൃഷ്ടിയിലാരംഭിച്ച് മനുഷ്യസൃഷ്ടിയിലൂടെ മുന്നേറി പഴയനിയമത്തിൽ അദൃശ്യനായും പുതിയ നിയമത്തിൽ ദൃശ്യനായും ദൈവം നടത്തിയ വെളിപാടിന്റെ ചരിത്രം യേശുക്രിസ്തുവിൽ പൂർണ്ണമായി നമുക്ക് ലഭിച്ചിരിക്കുന്നു. ഈ വെളിപാടിന്റെ ചരിത്രം രക്ഷയുടെ ചരിത്രമാണ്. ഈ രക്ഷാകരചരിത്രമാണ് വേദശാസ്ത്രപഠനത്തിന്റെ കാതൽ. രക്ഷയുടെ ചരിത്രം പരിശുദ്ധാത്മാവിലൂടെ സഭയിൽ ഇന്നും തുടരുന്നു. നമ്മെ സംബന്ധിച്ചിടത്തോളം ഈ രക്ഷയുടെ അനുഭവം നമുക്ക് ലഭിക്കുന്നത് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെയാണ്. അതിനാൽ രക്ഷാകര ചരിത്രവും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൈതൃകവും ഈ വേദപാഠത്തിന്റെ അടിസ്ഥാന ഉള്ളടക്കമാണ്. നമ്മുടെ സഭാ സമൂഹത്തിന്റെ വളർച്ചയിൽ ഈ വേദപാഠം ഒരു നവശക്തിയായി രൂപപ്പെട്ടുവരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. സഭാമക്കൾ ഏവരും ഈ വേദപാഠങ്ങൾ പൂർണ്ണമായി സ്വീകരിച്ച് വിശ്വാസത്തിൽ ആഴപ്പെടുന്നതിന് ഇടയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഇപ്രകാരം ഒരു വേദപാഠം പ്രസിദ്ധീകരിക്കുന്നതിലും സഭ മുഴുവനിലും വിശ്വാസ പരിശീലനം കാര്യക്ഷമമായി നടക്കുന്നതിലുമുള്ള സന്തോഷം ഞാൻ പ്രത്യേകമായി അറിയിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിയമിച്ച മതബോധന കമ്മിഷന്റെ ചെയർമാൻ എന്ന നിലയിൽ ഈ വേദപാഠം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും നേതൃത്വം നൽകിയ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായേയും സെക്രട്ടറിയായി പ്രവർത്തിച്ച ബഹു. ഡോ. ആന്റണി കാക്കനാട്ടച്ചനേയും പ്രത്യേകം അഭിനന്ദിക്കുന്നു. അവരോടൊപ്പം പ്രവർത്തിച്ച എല്ലാവരേയും അനുമോദിക്കുന്നു. ഇപ്പോൾ മതബോധന കമ്മിഷൻ ചെയർമാനായി പ്രവർത്തിക്കുന്ന അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായേയും സഹപ്രവർത്തകരേയും പ്രത്യേകം അഭിനന്ദിക്കുന്നു. സഭയിലെ കുഞ്ഞുങ്ങൾ മുതൽ ഏവർക്കും വിശ്വാസ പ്രബോധന പഠനസഹായി ഏറെ അനുഗ്രഹം ചൊരിയട്ടെ!

+ Mar Baselios

✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച് ബിഷപ്പ് – കാതോലിക്കോസ്

www.malankaralibrary.com

# ആമുഖം

മലങ്കര കത്തോലിക്കാ സഭയുടെ ആരാധന, ആധ്യാത്മികത, ദൈവശാസ്ത്രം, നൈയാമിക അസ്തിത്വം എന്നിവയെക്കുറിച്ചുള്ള വ്യക്തമായ ബോധ്യം മലങ്കര കത്തോലിക്കാ സഭയുടേതായ ഒരു വേദപാഠം പ്രസിദ്ധീകരിക്കണം എന്ന ആഗ്രഹ ത്തിലേക്ക് നയിച്ചു. ഈ ആഗ്രഹം ഇപ്പോൾ സഫലമാകുന്നതിൽ സഭ മുഴുവൻ സന്തോഷിക്കുന്നു.

വേദപഠനം ബൗദ്ധികമായ വെറും അഭ്യാസമായി തീരരുത്. യഥാർത്ഥ വേദപഠനം ആരാധനയിലേക്കും ജീവിത സാക്ഷ്യത്തിലേക്കും പഠിതാവിനെ നയിക്കണം. ഒരു വ്യക്തിയെ സ്വന്തം സഭയുടെ വിശ്വാസജീവിതത്തിലേക്ക് ആനയിക്കുവാനും വളർത്തുവാനും ഉറപ്പിക്കുവാനും വേദപഠനത്തിന് സാധിക്കണം. അങ്ങനെ സഭയിലൂടെ യേശുക്രിസ്തുവിനെ അറിയുവാനും അനുഭവിക്കുവാനും യേശുക്രിസ്തുവിന്റെ രക്ഷാകര രഹസ്യത്തിൽ പങ്കുപറ്റുവാനും പരിശുദ്ധ ത്രിത്വത്തോട് സംസർഗത്തിലാകുവാനും സാധിക്കണം. കാരണം സഭയിലൂടെയാണ് യേശുക്രിസ്തു തന്റെ രക്ഷാകരദൗത്യം തുടരുന്നത്. അതുകൊണ്ട് സഭാകേന്ദ്രീകൃതമായ ഒരു ബോധനരീതിയാണ് നാം ആവിഷ്കരിച്ചിരിക്കുന്നത്. മലങ്കര കത്തോലിക്കാ സഭയുടെ ആധ്യാത്മിക പൈതൃകത്തിൽ അധിഷ്ഠിതമാണ് ഈ വേദപാഠാവലി.

ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിൽ ദൈവത്തിന്റെ വെളിപാടിന്റെ രഹസ്യങ്ങളെക്കുറിച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്. എട്ടുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ വെളിപാടിനോടുള്ള മനുഷ്യന്റെ പ്രത്യുത്തരമാണ് പ്രതിപാദ്യവിഷയം. സൃഷ്ടിച്ച്, പരിപാലിച്ച്, രക്ഷിച്ച ദൈവത്തെ ആരാധിക്കുക എന്നുള്ളത് മനുഷ്യന്റെ അടിസ്ഥാനപരമായ മനോഭാവമാണ്. ആരാധിക്കുന്ന സമൂഹം, ജീവിക്കുന്ന സമൂഹം, പ്രഘോഷിക്കുന്ന സമൂഹം എന്നീ ക്രമത്തിൽ എട്ട്, ഒമ്പത്, പത്ത് എന്നീ പാഠാവലികൾ ക്രമീകരിച്ചിരിക്കുന്നു.

ക്രിസ്തീയ ധാർമ്മികതയാണ് ഒമ്പതാം ക്ലാസ്സിലെ പ്രധാന പ്രതിപാദ്യ വിഷയം. വെളിപ്പെടുത്തുന്ന ദൈവത്തോടുള്ള മനുഷ്യന്റെ പ്രത്യുത്തരമാണ് നാം ഇതിൽ കാണുന്നത്. ബൈബിളിനെക്കുറിച്ചുള്ള ആദ്യഭാഗത്ത് ബൈബിളിനെക്കുറിച്ച് പൊതുവായും ബൈബിളിന് ക്രിസ്തീയ ജീവിതത്തിലുള്ള പ്രാധാന്യത്തെക്കുറിച്ചും വിവരിച്ചിരിക്കുന്നു. ഭാരതത്തിലെ വിവിധ ആരാധനക്രമങ്ങളെക്കുറിച്ചാണ് രണ്ടാം ഭാഗമായ ആരാധനക്രമത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. സഭാചരിത്രം പ്രതിപാദിച്ചിരിക്കുന്ന മൂന്നാംഭാഗത്ത് ആറുമുതൽ പത്ത് വരെയുള്ള പാഠങ്ങളിൽ സഭയും സന്യാസവും, ആദ്യത്തെ ഏഴ് സാർവത്രിക സൂനഹദോസുകൾ, മധ്യയുഗത്തിലെ സഭമുതൽ ആധുനിക യുഗത്തിലെ സഭവരെയുള്ള ചരിത്രം എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. നാലാം ഭാഗമായ ക്രിസ്തീയ ജീവിതത്തിൽ കല്പനകളെക്കുറിച്ച് പൊതുവായും ഓരോ കല്പനയെക്കുറിച്ച് പ്രത്യേകമായും മനഃസാക്ഷിയെക്കുറിച്ചും വിവരിച്ചിരിക്കുന്നു. ഇപ്രകാരം ബോധനം, ആരാധന, സാക്ഷ്യം എന്നീ ക്രമത്തിൽ വിശുദ്ധ ബൈബിൾ, ആരാധനക്രമം, സഭാചരിത്രം, ക്രിസ്തീയ ജീവിതം എന്നീ നാലുഭാഗങ്ങളായി ഈ പാഠാവലി ക്രമീകരിച്ചിരിക്കുന്നു.

ബോധനത്തിലൂടെ ലഭിക്കുന്ന ദൈവിക അറിവ് ആരാധനയിലൂടെ ദൈവിക അനുഭവമായി തീരുന്നു. ഇപ്രകാരമുള്ള ദൈവിക അറിവും അനുഭവവും ജീവിതസാക്ഷ്യത്തിലേക്ക് നയിക്കപ്പെടുന്നു.

www.malankaralibrary.com

'പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം' എന്ന ചിന്തയിലധിഷ്ഠിതമായി പ്രാർത്ഥിക്കുന്നതിന്റെയും പാടുന്നതിന്റെയും അർത്ഥം കൂടുതൽ മനസ്സിലാക്കുവാനും അനുഭവിക്കുവാനും ഈ പുസ്തകം സഹായിക്കും. ഓരോ പാഠത്തിന്റെയും ഭാഗമായ പ്രാർത്ഥനകളും ഗാനങ്ങളും പ്രവൃത്തികളുമാണ് ഈ പാഠത്തിന് കൂടുതൽ അർത്ഥം നല്കുന്നതും കുട്ടിയുടെ ആത്മീയാനുഭവത്തെ സജീവമാക്കുന്നതും.

ഈ സംരംഭത്തിന് എല്ലാവിധ പിന്തുണയും നിർദ്ദേശങ്ങളും നല്കി അനുഗ്രഹിച്ച മലങ്കര കത്തോലിക്കാ സഭാധ്യക്ഷൻ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായോടും രൂപതാധ്യക്ഷൻമാരോടും മറ്റു പിതാക്കന്മാരോടുമുള്ള നന്ദി നിസ്സീമമാണ്.

ഈ ദൗത്യം പൂർത്തിയാക്കുവാൻ സഹായിച്ച നിരവധി വൈദികരോടും സന്യാസിനികളോടും അൽമായ സഹോദരരോടുമുള്ള നന്ദി പ്രത്യേകം അറിയിക്കുന്നു. ഈ പുസ്തകം തയ്യാറാക്കുവാൻ സഹായിച്ച മലങ്കര മേജർ സെമിനാരി അധ്യാപകരെ നന്ദിപൂർവം സ്മരിക്കുന്നു. പ്രത്യേകിച്ച്, റവ. ഡോ. ഫിലിപ്പ് ചെമ്പകശേരി, റവ. ഡോ. കുര്യൻ വാലുപറമ്പിൽ, റവ. ഡോ. ചാക്കോ ഏറത്ത് ഒ.ഐ.സി., റവ. ഡോ. സ്റ്റീഫൻ തോട്ടത്തിൽ, റവ. ഡോ. കുറിയാക്കോസ് തടത്തിൽ, റവ. ഡോ. ഗീവർഗീസ് ചേടിയത്ത് എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. റവ. ഫാ. ജോൺസൺ ചരിവുകാലായിൽ, റവ. ഫാ. ജയിംസ് മുളയ്ക്കവിളയിൽ, റവ. ഫാ. റോബിൻസൺ കുന്നക്കാട്, റവ. ഫാ. ജോണി ചെരിക്കായത്ത് എന്നീ മതബോധന ഡയറക്ടർമാരെയും ഈ പുസ്തകത്തിന്റെ ഉള്ളടക്കം പാഠങ്ങളാക്കി ക്രമീകരിക്കുവാൻ സഹായിച്ച മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ്, ശ്രീ. എൻ. ജി. ഫിലിപ്പ്, പ്രൊഫ. മേരി മാത്യു, ശ്രീ. എം.വി. തോമസ് എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു. ഈ പാഠാവലി തയ്യാറാക്കുവാൻ സഹായിച്ച റവ. ഫാ. ജോസഫ് കളരിപറമ്പിൽ, ഇതിലെ ചിത്രങ്ങളും ഫോട്ടോകളും തയ്യാറാക്കി പാഠം ക്രമീകരിച്ച ശ്രീ. മാത്യൂസ് ഓരത്തേൽ എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു. മലങ്കര കത്തോലിക്കാ വേദപാഠാവലിക്ക് രൂപകല്പന നടത്തിയ റവ. ഡോ. ആന്റണി കാക്കനാട്ടിനോടുള്ള നന്ദി നിസ്സീമമാണ്.

മലങ്കര കത്തോലിക്കാ സഭയുടെ വിശ്വാസജീവിതത്തിലേക്ക് ഓരോ കുട്ടിയേയും ആനയിക്കുവാനും വളർത്തുവാനും ഉറപ്പിക്കുവാനും അതുവഴി യേശുക്രിസ്തുവിനെ കൂടുതൽ അറിയുവാനും അനുഭവിക്കുവാനും ഈ വേദപഠനം ഇടയാക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ വേദപാഠാവലി പ്രസിദ്ധീകരിക്കുന്നു.

എന്ന്


**+ തോമസ് മാർ കൂറിലോസ്**
Former Chairman - The Synodal Commission for Faith Formation


www.malankaralibrary.com

# ഉള്ളടക്കം

## വിശുദ്ധ ബൈബിൾ


പാഠം - 1
**ബൈബിൾ – ദൈവവചനം**
പേജ് - 10





പാഠം - 2
**ബൈബിൾ ക്രിസ്തീയ ജീവിതത്തിൽ**
പേജ് - 17


## ആരാധനക്രമം




പാഠം - 3
**സീറോ മലങ്കര ആരാധനക്രമം**
പേജ് - 24



പാഠം - 4
**സീറോ മലബാർ ആരാധനക്രമം**
പേജ് - 31






പാഠം - 5
**ലത്തീൻ ആരാധനക്രമം**
പേജ് - 36


## സഭാചരിത്രം




പാഠം - 6
**സഭയും സന്യാസവും**
പേജ് - 42




പാഠം - 7
**ആദ്യത്തെ ഏഴ് സാർവത്രിക സൂനഹദോസുകൾ**
പേജ് - 48





പാഠം - 8
**മധ്യയുഗത്തിലെ സഭ**
പേജ് - 53



പാഠം - 9
**പ്രൊട്ടസ്റ്റന്റ് വിപ്ലവവും ത്രെന്തോസ് സൂനഹദോസും**
പേജ് - 60





പാഠം - 10
**സഭ ആധുനിക യുഗത്തിൽ**
പേജ് - 68


www.malankaralibrary.com

## ക്രിസ്തീയ ജീവിതം



പാഠം - 11
**കല്പനകൾ**
പേജ് - 77




പാഠം - 12
**ഏകദൈവം**
പേജ് - 83





പാഠം - 13
**ദൈവനാമം മഹത്ത്വപ്പെടണം**
പേജ് - 91




പാഠം - 14
**ഞായറാഴ്ചയാചരണം**
പേജ് - 97



പാഠം - 15
**ഉത്തമ ക്രൈസ്തവകുടുംബം**
പേജ് - 103





പാഠം - 16
**ജീവൻ ദൈവത്തിന്റെ ദാനം**
പേജ് - 109




പാഠം - 17
**സത്യത്തിന് സാക്ഷിയാകുക**
പേജ് - 116




പാഠം - 18
**ദാമ്പത്യസ്നേഹവും വിശ്വസ്തതയും**
പേജ് - 121




പാഠം - 19
**സമ്പത്തിനോടുള്ള ക്രിസ്തീയ മനോഭാവം**
പേജ് - 128




പാഠം - 20
**മനഃസാക്ഷി**
പേജ് - 134

www.malankaralibrary.com


## ഒന്നാംഭാഗം



# വിശുദ്ധ ബൈബിൾ

www.malankaralibrary.com

# ബൈബിൾ – ദൈവവചനം



എല്ലാ മതങ്ങൾക്കും അവയുടേതായ മതഗ്രന്ഥങ്ങളുണ്ട്. ക്രിസ്തുമതത്തിന്റെ അന്തഃസത്തയുൾക്കൊള്ളുന്ന മതഗ്രന്ഥമാണ് ബൈബിൾ അഥവാ വേദപുസ്തകം. ഇന്ന് ലോകത്തിൽ ഏറ്റവും പ്രചാരമുള്ളതും ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതുമായ ഗ്രന്ഥവും ബൈബിൾ തന്നെയാണ്. മാനവ ജീവിതത്തെയും ചരിത്രത്തെയും ബൈബിൾ പോലെ സ്വാധീനിച്ച കൃതികൾ വേറെയില്ല. ബൈബിളിന്റെ ഉള്ളടക്കം, അതിന്റെ രൂപീകരണം, കാനോനികത, ദൈവനിവേശിതത്വം, ഘടന തുടങ്ങിയ പൊതുവിഷയങ്ങളാണ് ഈ പാഠത്തിൽ ചർച്ചചെയ്യുന്നത്.

## ബൈബിളിന്റെ ഉള്ളടക്കം

മനുഷ്യന്റെ ദൈവാന്വേഷണത്തിന് മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ട്. ദൈവത്തെ അന്വേഷിച്ചിറങ്ങുന്ന മനുഷ്യന്റെ അന്വേഷണകഥയാണ് വിവിധ മതഗ്രന്ഥങ്ങളിൽ കാണുന്നത്. എന്നാൽ യഹൂദ-ക്രൈസ്തവ മതഗ്രന്ഥമായ ബൈബിളിൽ മനുഷ്യനെ അന്വേഷിച്ചിറങ്ങുന്ന ദൈവത്തിന്റെ ചിത്രമാണ് നാം ദർശിക്കുന്നത്. ഇപ്രകാരം മനുഷ്യന് സ്വയം വെളിപ്പെടുത്തിക്കൊടുക്കുന്ന ദൈവത്തെ ക്രിസ്തുമതത്തിൽ നാം കണ്ടുമുട്ടുന്നു. പ്രപഞ്ചസൃഷ്ടിയിലൂടെയാണ് ദൈവത്തിന്റെ വെളിപ്പെടുത്തൽ ആരംഭിക്കുന്നത്. തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് ദൈവം തന്റെ വെളിപ്പെടുത്തൽ തുടർന്നു. ദൈവം മനുഷ്യചരിത്രത്തിലിടപെട്ട് അബ്രഹാമിന് സ്വയം വെളിപ്പെടുത്തുകയും അവനിലൂടെ ഇസ്രായേൽ സമൂഹത്തെ രൂപീകരിക്കുകയും അവരെ നയിക്കുകയും അവരുടെ ജീവിതത്തിന് പ്രത്യാശയും അർത്ഥവും നല്കുകയും ചെയ്തു. പ്രവാചകന്മാരിലൂടെയും പുരോഹിതന്മാരിലൂടെയും രാജാക്കന്മാരിലൂടെയും ദൈവത്തിന്റെ വെളിപ്പെടുത്തൽ തുടർന്നുകൊണ്ടുമിരുന്നു.

www.malankaralibrary.com

എല്ലാറ്റിലുമുപരി സമയത്തിന്റെ പൂർണതയിൽ ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ച് തന്നെത്തന്നെ വെളിപ്പെടുത്തി. യേശുക്രിസ്തു എന്ന വ്യക്തിയിലൂടെയും അവന്റെ ജീവിതത്തിലൂടെയും ദൈവം തന്റെ വെളിപ്പെടുത്തൽ പൂർണമാക്കി. യേശുക്രിസ്തു അയച്ചുതന്ന പരിശുദ്ധാത്മാവിലൂടെയും യേശുവിന്റെ ശരീരമായ സഭയിലൂടെയും ദൈവം തന്റെ വെളിപാട് തുടർന്നുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ വെളിപ്പെടുത്തലും അതിനോടുള്ള മനുഷ്യന്റെ പ്രത്യുത്തരവും ഉൾക്കൊള്ളുന്ന രക്ഷാകരചരിത്രമാണ് ബൈബിളിന്റെ ഉള്ളടക്കം.

ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള രേഖയിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: 'ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലിന്റെ സമാഹാരമാണ് ബൈബിൾ. ദൈവം എങ്ങനെ തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും തന്നെത്തന്നെ വെളിപ്പെടുത്തിയെന്ന് ബൈബിൾ വിവരിക്കുന്നു. ബൈബിളിലെ വചനങ്ങളിലൂടെ നാം ദൈവത്തെ പൂർണമായി അറിയുന്നതിനാൽ നമ്മോടുള്ള ദൈവിക വെളിപാടിന്റെ ഒന്നാമത്തെ മാർഗമാണ് വിശുദ്ധ ബൈബിൾ'.

## ബൈബിൾ–വാച്യാർത്ഥം

ആധുനിക ഭാഷകളിൽ ഒട്ടുമിക്കവയിലും ബൈബിൾ എന്ന പദം പ്രചാരത്തിലായിട്ടുണ്ട്. ബൈബിൾ എന്ന പദത്തിന്റെ അർത്ഥം 'പുസ്തകം' എന്നാണ്. ബിബ്ലിയ (പുസ്തകങ്ങൾ) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ബൈബിൾ എന്ന പദം ഉദ്ഭവിച്ചത്. എ.ഡി. 400 ആയപ്പോഴേക്കും ബിബ്ലിയ എന്ന പദം ക്രിസ്ത്യാനികളുടെ വിശുദ്ധ ലിഖിതത്തെ മാത്രം സൂചിപ്പിക്കുന്ന സംജ്ഞയായിത്തീർന്നു. മലയാളഭാഷയിൽ വിശുദ്ധ വേദപുസ്തകം, വിശുദ്ധ ഗ്രന്ഥം, വിശുദ്ധ ലിഖിതം എന്നീ പേരുകളിൽ ബൈബിൾ അറിയപ്പെടുന്നു.

## ബൈബിളിന്റെ രൂപീകരണം

ബൈബിൾ 73 ഗ്രന്ഥങ്ങളുടെ ഒരു സമാഹാരമാണ്. ഓരോ പുസ്തകവും വ്യത്യസ്തമെങ്കിലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ബൈബിളിലെ 73 പുസ്തകങ്ങളും പരിശുദ്ധാത്മ പ്രേരണ ലഭിച്ച മനുഷ്യവ്യക്തികൾ എഴുതിയവയാണ്. പഴയനിയമത്തിലെ 46 പുസ്തകങ്ങൾ എഴുതുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ദൈവം ഇസ്രായേലിനെ രൂപീകരിക്കുകയും അവരെ നയിക്കുകയും ചെയ്തിരുന്നു. എഴുതപ്പെട്ട ഒരു ഗ്രന്ഥത്തിലൂടെയല്ല ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയത്. പിന്നെയോ, തിരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹത്തിന്റെ ജീവിതത്തിലൂടെയാണ്. ഈ സമൂഹത്തിന്റെ ദൈവാനുഭവം പില്കാലത്ത് പരിശുദ്ധാത്മപ്രേരണയാൽ മനുഷ്യവ്യക്തികൾ എഴുതി. ഇതാണ് ബൈബിളിലെ പഴയനിയമം.

അതുപോലെ യേശുവിന്റെ ഉത്ഥാനത്തിനുശേഷം വർഷങ്ങൾ കഴിഞ്ഞാണ് പുതിയ നിയമം എഴുതപ്പെട്ടത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട സഭയാണ് ആദ്യം ഉണ്ടായത്. സഭയുടെ യേശു അനുഭവം, പരിശുദ്ധാത്മനിവേശനം ലഭിച്ച വ്യക്തികൾ പുസ്തകരൂപത്തിലാക്കിയതാണ് പുതിയനിയമ ഗ്രന്ഥങ്ങൾ.

www.malankaralibrary.com

എഴുതപ്പെടുന്നതിനുമുമ്പ് ദൈവവചനം വാമൊഴിയായി ചൊല്ലുകളിലൂടെയും കീർത്തനങ്ങളിലൂടെയും നിലനിന്നിരുന്നു. എഴുതപ്പെട്ടപ്പോൾ അവയ്ക്ക് നിയതരൂപം ലഭിച്ചു. ഹീബ്രു, അറമായ, ഗ്രീക്ക് എന്നീ ഭാഷകളിലാണ് മൂലഗ്രന്ഥങ്ങൾ രൂപം കൊണ്ടത്. പേപ്പറിന്റെ ആദ്യകാലരൂപമായ പപ്പിറസ്, തുകൽ, ലോഹത്തകിട് മുതലായവയിലാണ് ബൈബിൾ ആദ്യം എഴുതിയത്. പിന്നീട് അവ ചുരുളുകളായി സൂക്ഷിച്ചിരുന്നു. പില്കാലത്ത് ഇവയുടെ പകർപ്പുകൾ ഉണ്ടായി. പതിനഞ്ചാം നൂറ്റാണ്ടിൽ അച്ചടിവിദ്യ കണ്ടുപിടിച്ചപ്പോൾ ആദ്യം അച്ചടിച്ചത് ബൈബിളാണ്.

## ബൈബിളിന്റെ രചനാകാലം

ബി.സി. 1300–നും ബി.സി. 50–നും ഇടയ്ക്കുള്ള കാലഘട്ടമാണ് പഴയനിയമഗ്രന്ഥങ്ങളുടെ രചനാകാലമായി കണക്കാക്കപ്പെടുന്നത്. അതുപോലെ എ.ഡി. 50–നും 100–നും ഇടയിലാണ് പുതിയനിയമം രചിക്കപ്പെട്ടത്. അതായത് 1400 വർഷം നീണ്ട കാലയളവാണ് ബൈബിൾ രചനയുടെ കാലഘട്ടമായി കണക്കാക്കപ്പെടുന്നത്.

ഉല്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ അഞ്ച് പുസ്തകങ്ങൾ പഞ്ചഗ്രന്ഥി എന്നറിയപ്പെടുന്നു. പഞ്ചഗ്രന്ഥിയുടെ ഏതാനും ഭാഗങ്ങൾ ആദ്യം ലിഖിത രൂപത്തിലായി. എന്നാൽ അവ പൂർണമായി വിരചിതമായത് ബി.സി. അഞ്ചാം നൂറ്റാണ്ടോടുകൂടിയാണ്. പുതിയനിയമത്തിൽ ആദ്യം എഴുതപ്പെട്ടത് വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളാണ്. എ.ഡി. 51–ൽ രചിച്ച തെസലോനിക്കാക്കാർക്കുള്ള ഒന്നാം ലേഖനമാണ് ആദ്യത്തേത്. ഏറ്റവും അവസാനം രചിക്കപ്പെട്ടവ യോഹന്നാൻ ശ്ലീഹായുടെ പേരിലറിയപ്പെടുന്ന പുസ്തകങ്ങളാണ് (സുവിശേഷം, ലേഖനങ്ങൾ, വെളിപാട്).

## മൂലകൃതികളും വിവർത്തനങ്ങളും

പഴയനിയമത്തിന്റെ ഭൂരിഭാഗവും ഹീബ്രു ഭാഷയിലാണ് എഴുതപ്പെട്ടത്. മറ്റുള്ളവ അറമായ, ഗ്രീക്ക് ഭാഷകളിലും എഴുതപ്പെട്ടു. പിന്നീട് പഴയനിയമം മുഴുവൻ അറമായ (സുറിയാനി), ഗ്രീക്ക്, ലത്തീൻ എന്നിങ്ങനെ വിവിധഭാഷകളിലേക്ക് വിവർത്തനം ചെയ്തു. എഴുപത് പണ്ഡിതർ ചേർന്ന് ബി.സി. 275–നോടടുത്ത് ഗ്രീക്കുഭാഷയിലേക്ക് ആദ്യം വിവർത്തനം ചെയ്ത ബൈബിളിനെ സപ്തതി (Septuagint) എന്നു പറയുന്നു. സപ്തതി എന്നതിന് 70 എന്നാണർത്ഥം. ആദിമക്രൈസ്തവർ അംഗീകരിച്ച പഴയനിയമപുസ്തകം സപ്തതിയായിരുന്നു.

ആദിമസഭയുടെ കാലത്ത് സുറിയാനിയിൽ ഉണ്ടായ വിവർത്തനത്തെയാണ് പ്ശീത്താ എന്നു പറയുന്നത്. 'സരളപരിഭാഷ' എന്നാണിതിന്റെ അർത്ഥം. ലത്തീൻ ഭാഷയിൽ എ.ഡി. 382–നും 405–നും മധ്യേ വിശുദ്ധ ജറോം തയ്യാറാക്കിയ വിവർത്തനമാണ് വുൾഗാത്താ. ഈ വാക്കിനും 'സരളപരിഭാഷ' എന്നാണർത്ഥം. ഇന്ന് വിവിധഭാഷകളിൽ കാണുന്ന എല്ലാ ബൈബിൾ പരിഭാഷകളും ഹീബ്രു, ഗ്രീക്ക് മൂലത്തേയും, പ്ശീത്താ, വുൾഗാത്താ എന്നീ പരിഭാഷകളെയും ആധാരമാക്കിയുള്ളവയാണ്.

www.malankaralibrary.com

## ദൈവനിവേശനം

ബി.സി. 1300–നും എ.ഡി. 100–നും ഇടയിലുള്ള 1400 വർഷക്കാലം പല വ്യക്തികൾ പല സാഹചര്യങ്ങളിൽ എഴുതിയ 73 പുസ്തകങ്ങളുടെ സമാഹാരമാണ് ബൈബിൾ എന്ന് നാം മനസ്സിലാക്കി. ദൈവം നിശ്ചയിച്ചതും ആഗ്രഹിച്ചതും മാത്രമാണ് പരിശുദ്ധാത്മ ശക്തിയാൽ ഓരോരുത്തരും എഴുതിയത്. ഇപ്രകാരം ദൈവത്തിന്റെ ആഗ്രഹപ്രകാരം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ പരിശുദ്ധാത്മപ്രേരണയാൽ എഴുതിയതാണ് വിശുദ്ധ ബൈബിൾ. വിശുദ്ധ ഗ്രന്ഥരചനയിലുള്ള ദൈവത്തിന്റെ പ്രചോദനത്തെയും പ്രേരണയെയും സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന പദമാണ് 'ദൈവനിവേശനം'.

വിശുദ്ധ ഗ്രന്ഥം മനുഷ്യവ്യക്തികളാൽ എഴുതപ്പെട്ടതുകൊണ്ട് മാനുഷികമായ പരിമിതികളും പിഴവുകളും വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ സാധ്യതയുണ്ട്. ഈ പിഴവുകൾ ബൈബിളിന്റെ ദൈവനിവേശനത്തെയോ ആധികാരികതയെയോ ബാധിക്കുന്നതല്ല.

## ബൈബിളിന്റെ കാനോനികത്വം

പഴയനിയമത്തിലെ 46 ഗ്രന്ഥങ്ങൾക്കും പുതിയനിയമത്തിലെ 27 ഗ്രന്ഥങ്ങൾക്കും പുറമെ മറ്റ് പല ഗ്രന്ഥങ്ങളും പഴയനിയമ കാലത്തും പുതിയനിയമ കാലത്തും ദൈവവചനമെന്ന നിലയിൽ പ്രചരിച്ചിരുന്നു. എന്നാൽ അവയൊന്നും ദൈവനിവേശിത ഗ്രന്ഥങ്ങളായി സഭ പരിഗണിച്ചിരുന്നില്ല. ദൈവനിവേശിത ഗ്രന്ഥങ്ങളെയും ദൈവനിവേശിതമല്ലാത്ത ഗ്രന്ഥങ്ങളെയും തമ്മിൽ സഭ വേർതിരിച്ചിട്ടുണ്ട്. ദൈവനിവേശിതം എന്ന നിലയിൽ സഭയുടെ ഔദ്യോഗിക അംഗീകാരം ഉള്ള ഗ്രന്ഥങ്ങൾ മാത്രമേ ബൈബിളിൽ ഉൾപ്പെടുത്തിയിട്ടുള്ളു.

ചില പുസ്തകങ്ങളെ ദൈവനിവേശിത ഗ്രന്ഥങ്ങളായി വിശ്വാസികളുടെ സമൂഹം ആദ്യകാലം മുതലേ പരിഗണിച്ചുവന്നു. കാലക്രമേണ അത്തരം ഗ്രന്ഥങ്ങൾ വിശുദ്ധ ഗ്രന്ഥമായി വേർതിരിക്കപ്പെട്ടു. പിന്നീട് സഭ അതിന് ഔദ്യോഗിക അംഗീകാരം നല്കി. ഇപ്രകാരം സഭ അംഗീകരിച്ച പുസ്തകങ്ങളെയാണ് കാനോനിക ഗ്രന്ഥങ്ങൾ അഥവാ പ്രാമാണിക ഗ്രന്ഥങ്ങൾ എന്ന് പറയുന്നത്. കാനോൻ എന്ന വാക്കിന് 'അളവുകോൽ' അഥവാ 'മാനദണ്ഡം' എന്നാണർത്ഥം. പട്ടിക, ലിസ്റ്റ് എന്നും ഈ പദത്തെ മനസ്സിലാക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ പുസ്തകങ്ങളുടെ ഔദ്യോഗിക ലിസ്റ്റിനെയാണ് കാനോൻ എന്നു പറയുന്നത്. എന്നാൽ വിശുദ്ധ ഗ്രന്ഥത്തിന്റെ സ്വഭാവമുള്ളതും ദൈവനിവേശിതമല്ലാത്തതും സഭയുടെ ഔദ്യോഗിക അംഗീകാരമില്ലാത്തതുമായ പുസ്തകങ്ങൾ അപ്രാമാണിക ഗ്രന്ഥങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. സമുന്നതരായ വ്യക്തികളുടെയും അപ്പസ്തോലന്മാരുടെയും പേരിൽ നിരവധി അപ്രാമാണിക ഗ്രന്ഥങ്ങൾ ഉണ്ട്.

ആദിമസഭയും വിശുദ്ധ ജറോം, വിശുദ്ധ അഗസ്റ്റിൻ എന്നിവരും അംഗീകരിച്ച ബൈബിൾ കാനോൻ 16–ാം നൂറ്റാണ്ടുവരെ ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. 16–ാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റുകാർ ബൈബിൾ കാനോനിൽ മാറ്റം വരുത്തി. അതിനെതിരെ

www.malankaralibrary.com

ത്രെന്തോസ് സൂനഹദോസ് 1546-ൽ ബൈബിളിന്റെ കാനോനെ സംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനം നടത്തി. വിശുദ്ധ ജറോമിന്റെ ലത്തീൻ വുൾഗാത്തയിൽ ഉള്ള ഗ്രന്ഥങ്ങളെല്ലാം അവയുടെ പൂർണതയിൽ അംഗീകരിക്കാത്തവരെ ശപിക്കപ്പെട്ടവരായി സൂനഹദോസ് പ്രഖ്യാപിച്ചു. ബൈബിൾ കാനോനെ സംബന്ധിച്ചുള്ള കത്തോലിക്കാ സഭയുടെ അവസാനവാക്കായി ഈ പ്രഖ്യാപനം നിലനില്ക്കുന്നു.

## കത്തോലിക്കാ ബൈബിളും പ്രൊട്ടസ്റ്റന്റ് ബൈബിളും

ബി.സി. 3-ാം നൂറ്റാണ്ടിൽ 70 യഹൂദപണ്ഡിതർ ഗ്രീക്ക് ഭാഷയിലേക്ക് വിവർത്തനം ചെയ്ത സപ്തതി എന്ന പരിഭാഷ അലക്സാണ്ട്രിയൻ കാനോൻ എന്നാണ് അറിയപ്പെടുന്നത്. ആദിമസഭയും വിശുദ്ധ ജറോമും ത്രെന്തോസ് സൂനഹദോസും ഈ സപ്തതിയിലുള്ള കാനോനാണ് അംഗീകരിച്ചത്. എന്നാൽ പില്കാലത്ത് യഹൂദർ അംഗീകരിച്ച പലസ്തീനിയൻ കാനോനിൽ അലക്സാണ്ട്രിയൻ കാനോനിലെ ഏഴ് പുസ്തകങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. 1,2-മക്കബായർ, തോബിത്, യൂദിത്ത്, പ്രഭാഷകൻ, ജ്ഞാനം, ബാറൂക്ക് എന്നിവയാണ് ആ പുസ്തകങ്ങൾ. ആദിമക്രൈസ്തവർ അലക്സാണ്ട്രിയൻ കാനോൻ അംഗീകരിച്ച് സ്വീകരിച്ചശേഷമാണ് യഹൂദർ പലസ്തീനിയൻ കാനോൻ അംഗീകരിച്ചത്.

16-ാം നൂറ്റാണ്ടുവരെ പഴയനിയമത്തിലെ 46 പുസ്തകങ്ങളുള്ള അലക്സാണ്ട്രിയൻ കാനോൻ സഭയിൽ ആരും ചോദ്യം ചെയ്തിരുന്നില്ല. എന്നാൽ പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനുശേഷം മാർട്ടിൻ ലൂഥർ കത്തോലിക്കാ സഭയുടെ കാനോനെ ചോദ്യം ചെയ്യുകയും പഴയനിയമത്തിലെ 39 പുസ്തകങ്ങളുള്ള യഹൂദരുടെ പലസ്തീനിയൻ കാനോൻ അംഗീകരിക്കുകയും ചെയ്തു. അതിനാൽ പ്രൊട്ടസ്റ്റന്റ് ബൈബിളിലെ പഴയനിയമത്തിൽ 7 ഗ്രന്ഥങ്ങൾ കുറവാണ്. പുതിയനിയമത്തിലെ 27 പുസ്തകങ്ങൾ കത്തോലിക്കാ ബൈബിളിലും പ്രൊട്ടസ്റ്റന്റ് ബൈബിളിലും ഒരുപോലെയാണ്. അങ്ങനെ കത്തോലിക്കാ ബൈബിളിൽ 73 പുസ്തകങ്ങളും പ്രൊട്ടസ്റ്റന്റ് ബൈബിളിൽ 66 പുസ്തകങ്ങളുമാണുള്ളത്.

## ഗ്രന്ഥ വിഭജനം

പഴയനിയമത്തെ യഹൂദർ മൂന്നായി വിഭജിച്ചിരിക്കുന്നു (1) തോറ (നിയമങ്ങൾ), (2) നബിയിം (പ്രവാചകന്മാർ), (3) കെത്തുബിം (ലിഖിതങ്ങൾ). എന്നാൽ എ.ഡി. 13-ാം നൂറ്റാണ്ടു മുതൽ കത്തോലിക്കാസഭ ബൈബിളിലെ പുസ്തകങ്ങളുടെ ഉള്ളടക്കത്തെ ആസ്പദമാക്കി ചരിത്രപരം, പ്രബോധനപരം, പ്രവചനപരം എന്നിങ്ങനെ ബൈബിളിലെ പുസ്തകങ്ങളെ മൂന്നായി തിരിച്ചു.

## പഴയനിയമഗ്രന്ഥങ്ങൾ (46)

### *1. ചരിത്രപരം (21 ഗ്രന്ഥങ്ങൾ)*

ഉല്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം, ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത്, 1,2-സാമുവൽ, 1,2-രാജാക്കന്മാർ, 1,2-ദിനവൃത്താന്തം, എസ്രാ, നെഹെമിയ, തോബിത്, യൂദിത്ത്, എസ്തേർ, 1,2-മക്കബായർ.

www.malankaralibrary.com

***2. പ്രബോധനപരം (7 ഗ്രന്ഥങ്ങൾ)***

ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ.

***3. പ്രവചനപരം (18 ഗ്രന്ഥങ്ങൾ)***

ഏശയ്യാ, ജറെമിയ, വിലാപങ്ങൾ, ബാറൂക്ക്, എസെക്കിയേൽ, ദാനിയേൽ, ഹോസിയ, ജോയേൽ, ആമോസ്, ഒബാദിയാ, യോനാ, മിക്കാ, നാഹും, ഹബക്കുക്ക്, സെഫാനിയാ, ഹഗ്ഗായി, സഖറിയാ, മലാക്കി.

## പുതിയനിയമഗ്രന്ഥങ്ങൾ (27)

***1. ചരിത്രപരം (5 ഗ്രന്ഥങ്ങൾ)***

സുവിശേഷങ്ങൾ (മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ), അപ്പസ്തോല പ്രവർത്തനങ്ങൾ.

***2. പ്രബോധനപരം (21 ഗ്രന്ഥങ്ങൾ)***

വിശുദ്ധ പൗലോസിന്റെ 14 ലേഖനങ്ങൾ: റോമാ, 1,2–കോറിന്തോസ്, ഗലാത്തിയാ, എഫേസോസ്, ഫിലിപ്പി, കൊളോസോസ്, 1,2–തെസലോനിക്കാ, 1,2–തിമോത്തിയോസ്, തീത്തോസ്, ഫിലെമോൻ, ഹെബ്രായർ. കാതോലിക ലേഖനങ്ങൾ 7എണ്ണം: യാക്കോബ്, 1,2–പത്രോസ്, 1,2,3–യോഹന്നാൻ, യൂദാസ്.

***3. പ്രവചനപരം (ഒരു ഗ്രന്ഥം)***

വെളിപാട്.

www.malankaralibrary.com

### ആരാധന

വിശുദ്ധ കുർബാനയിൽ ഏവൻഗേലിയോനുശേഷം ചൊല്ലുന്ന പ്രാർത്ഥനയിൽ ജീവന്റെ വചനങ്ങൾക്കുവേണ്ടി പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ദൈവജനം ഇപ്രകാരം സ്തോത്രം ചെയ്യുന്നു:

''ഞങ്ങളുടെ കർത്താവേശുമിശിഹാ, നീ ഞങ്ങൾക്കു നല്കിയിട്ടുള്ള ജീവന്റെ വചനങ്ങൾക്കുവേണ്ടി നിന്നെയും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച നിന്റെ പിതാവിനെയും ഞങ്ങളെ ജീവിപ്പിക്കുന്ന നിന്റെ പരിശുദ്ധ റൂഹായെയും ഞങ്ങൾ സ്തോത്രം ചെയ്യുന്നു".

(കുർബാനക്രമം)

### ജീവിതസാക്ഷ്യം

ദൈവത്തിന്റെ വചനം പരിശുദ്ധാത്മ പ്രചോദനത്താൽ മാനുഷികഭാഷയിൽ എഴുതപ്പെട്ടതാണ് വിശുദ്ധ ബൈബിൾ. അനുദിനജീവിതത്തിൽ വിശുദ്ധ ഗ്രന്ഥത്തോട് ആദരവും ആഭിമുഖ്യവും ഉള്ളവരായിരിക്കുവാനും, ദൈവവചനമനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാനും നമുക്കു പരിശ്രമിക്കാം.

**മനഃപാഠമാക്കുക**

"കർത്താവേ, ഞങ്ങൾ ആരുടെ
അടുത്തേയ്ക്കുപോകും?
നിത്യജീവന്റെ വചനങ്ങൾ
നിന്റെ പക്കലുണ്ട്".
(യോഹന്നാൻ 6:68)


## ചോദ്യങ്ങൾ

1. ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലിന്റെ സമാഹാരമാണ് ബൈബിൾ. വിശദമാക്കുക.
2. ബൈബിൾ ദൈവനിവേശിതമാണ്. എന്തുകൊണ്ട്?
3. പ്രാമാണികഗ്രന്ഥങ്ങളും അപ്രാമാണികഗ്രന്ഥങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്?
4. ബൈബിളിന്റെ രൂപീകരണത്തെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.
5. കത്തോലിക്കാസഭ ബൈബിളിനെ എങ്ങനെ തരംതിരിച്ചിരിക്കുന്നു. അവ ഏവ?
6. പ്രൊട്ടസ്റ്റന്റ് ബൈബിളും കത്തോലിക്കാ ബൈബിളും തമ്മിലുള്ള വ്യത്യാസമെന്ത്?

www.malankaralibrary.com

പാഠം 2

# ബൈബിൾ ക്രിസ്തീയ ജീവിതത്തിൽ



ക്രിസ്ത്യാനികളുടെ മതഗ്രന്ഥമാണ് ബൈബിൾ. വിശുദ്ധ ഗ്രന്ഥം, വിശുദ്ധ ലിഖിതം, വിശുദ്ധ വേദപുസ്തകം എന്നിങ്ങനെ വിവിധ പേരുകളിൽ ബൈബിൾ അറിയപ്പെടുന്നു. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ വാക്കുകളും പ്രവൃത്തികളും അവയോടുള്ള മനുഷ്യന്റെ പ്രത്യുത്തരവുമാണ് ബൈബിളിലെ പ്രതിപാദ്യം. ദൈവത്തെക്കുറിച്ച് മനസ്സിലാക്കുവാനും ദൈവിക രഹസ്യങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങി ചെല്ലുവാനുമുള്ള അടിസ്ഥാനമാർഗമാണ് ബൈബിൾ. ബൈബിൾ വായനയിലൂടെയും പഠനത്തിലൂടെയും ദൈവത്തെ അറിയുവാനും അനുഭവിക്കുവാനും നമുക്കു സാധിക്കും. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള ഡിക്രിയിൽ പറയുന്നു. ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ഗ്രന്ഥത്തിനുള്ള പ്രാധാന്യത്തെക്കുറിച്ചാണ് ഈ പാഠത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

## ബൈബിളും ആരാധനക്രമവും

ക്രിസ്തീയജീവിതം സഭയുടെ ആരാധനക്രമവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. വിശ്വാസികൾ ആത്മീയമായി ജീവിക്കുന്നത് സഭയുടെ ആരാധനക്രമത്തിലൂടെയാണ്. സഭയുടെ ഔദ്യോഗിക പ്രാർത്ഥനകൾ, കൂദാശകൾ, കൂദാശാനുകരണങ്ങൾ, കർത്താവിന്റെ തിരുനാളുകൾ, യാമപ്രാർത്ഥനകൾ ഇവയെല്ലാം ആരാധനക്രമത്തിൽ ഉൾപ്പെടും. സഭയുടെ ആരാധനക്രമത്തിലെ പ്രാർത്ഥനകളെല്ലാംതന്നെ ബൈബിൾ സംഭവങ്ങളുടെ വിശദീകരണമോ, ബൈബിൾ ഭാഗങ്ങളുടെ വിവരണമോ, ബൈബിളിലെ വചനം നേരിട്ട് അവതരിപ്പിക്കുന്നതോ ആണ്. ബൈബിളിൽ അവതരിപ്പിച്ചിരിക്കുന്ന രക്ഷാകര

www.malankaralibrary.com

ചരിത്രത്തിന്റെ അനുസ്മരണമാണ് പ്രധാനമായും ആരാധനയിൽ നടക്കുന്നത്. അതിനാൽ ആരാധനക്രമവും ബൈബിളും തമ്മിൽ വേർപിരിക്കാനാവാത്ത ബന്ധമാണുള്ളത്.

സഭയുടെ ആരാധനക്രമത്തിലെല്ലാംതന്നെ വചനശുശ്രൂഷ എന്നൊരു ഭാഗം ഉണ്ട്. ഇവിടെ ബൈബിളിൽനിന്നും നേരിട്ടുള്ള വായനകളാണ് നടക്കുന്നത്. ഓരോ ആരാധനയുടെയും പശ്ചാത്തലമനുസരിച്ച് പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽ നിന്നുമുള്ള വായനകൾ വചന ശുശ്രൂഷയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആരാധനക്രമത്തിലൂടെ വിശ്വാസികൾ ദൈവവചനം ശ്രവിക്കുകയും പ്രാർത്ഥനയുടെ ഭാഗമാക്കിത്തീർക്കുകയും ചെയ്യുന്നു. അപ്രകാരം ബൈബിൾ ആരാധനക്രമവുമായും ക്രിസ്തീയ ജീവിതവുമായും അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

## ബൈബിളിലെ യേശുവിന്റെ സാന്നിധ്യം

ദൈവത്തിന്റെ സവിശേഷ പ്രചോദനം ലഭിച്ച മനുഷ്യവ്യക്തികൾ എഴുതിയതാണ് ബൈബിൾ. അതിനാൽ ബൈബിൾ ദൈവത്തിന്റെ സാന്നിധ്യമുൾക്കൊള്ളുന്ന വിശുദ്ധ ലിഖിതമായി സഭ മനസ്സിലാക്കുകയും ആദരിക്കുകയും ചെയ്യുന്നു.

ആദിമക്രൈസ്തവർ വിശുദ്ധ കുർബാനയിൽ യേശുവിന്റെ കൗദാശിക സാന്നിധ്യം അനുഭവിച്ചറിഞ്ഞിരുന്നു. അതുപോലെതന്നെ വിശുദ്ധ ഗ്രന്ഥത്തിലെ വചനങ്ങളിലും യേശുവിന്റെ സാന്നിധ്യം അവർ തിരിച്ചറിഞ്ഞു. വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനശുശ്രൂഷയും രണ്ടാംഭാഗം അനാഫൊറാ അഥവാ കൂദാശാസ്ഥാപനവുമാണ്. ഈ രണ്ടുഭാഗങ്ങളിലും യേശുവിന്റെ രക്ഷാകര സാന്നിധ്യം ആദിമക്രൈസ്തവർ അനുഭവിച്ചിരുന്നു. അതായത് ലിഖിതരൂപത്തിലും അപ്പത്തിന്റെ രൂപത്തിലും യേശുവിന്റെ സാന്നിധ്യം ആദിമക്രൈസ്തവർ തിരിച്ചറിഞ്ഞു.

ദൈവം വ്യത്യസ്തങ്ങളായ മാർഗങ്ങളിലൂടെയാണ് തന്നെത്തന്നെ മനുഷ്യന് വെളിപ്പെടുത്തുന്നത്. ഈ മാർഗങ്ങളിൽ കൂദാശകളും വിശുദ്ധ ഗ്രന്ഥവും പ്രധാനപ്പെട്ടവയാണ്. ദൈവസ്നേഹത്തിന്റെ സ്പർശനമാണ് കൂദാശകൾ. എന്നാൽ ദൈവസ്നേഹത്തിന്റെ വാക്കുകളാണ് വിശുദ്ധ ലിഖിതം. കൂദാശകളിലൂടെ ദൈവത്തെ നാം അനുഭവിക്കുമ്പോൾ വിശുദ്ധ വചനത്തിലൂടെ ദൈവത്തെ നാം ശ്രവിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ വിശുദ്ധ ലിഖിതവും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഊന്നിപ്പറയുന്നുണ്ട്. രണ്ടു യാഥാർത്ഥ്യങ്ങളും, യേശു എന്ന വ്യക്തിയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. രണ്ടും ദൈവജനത്തിന് ആത്മീയപോഷണം നല്കുന്നു. നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതുപോലെയാണ് വിശുദ്ധ ഗ്രന്ഥത്തെയും സഭ എന്നും വണങ്ങിപ്പോന്നിട്ടുള്ളത്. വിശുദ്ധ കുർബാനയിൽ, വചനമേശയിൽനിന്ന് ജീവന്റെ വചനവും അൾത്താരയിൽനിന്ന് ജീവന്റെ അപ്പവും ഒരുപോലെ വിശ്വാസികൾക്കു ലഭിക്കുന്നതായി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണം എന്ന രേഖയിൽ പറയുന്നു.

വിശുദ്ധ ലിഖിതത്തിലുള്ള യേശുവിന്റെ സാന്നിധ്യത്തെ സഭ പ്രത്യേകം ആദരിച്ചിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. എ.ഡി. 431-ലെ എഫേസോസ് കൗൺസിലിൽ വിശുദ്ധ

www.malankaralibrary.com

ഗ്രന്ഥം ആഘോഷമായി എഴുന്നള്ളിച്ച് സൂനഹദോസ് നടന്ന സ്ഥലത്ത് പ്രതിഷ്ഠിച്ചിരുന്നു. യേശുക്രിസ്തു തന്റെ വചനത്തിലൂടെ സന്നിഹിതനായിരിക്കുകയും പ്രവർത്തിക്കുകയും കൗൺസിലിന്റെ ചിന്തകളെ നയിക്കുകയും ചെയ്തു. വിശുദ്ധ കുർബാനയെ ആരാധിക്കുന്നതുപോലെ വിശുദ്ധ ഗ്രന്ഥത്തെയും സഭ ആദരിക്കുന്നു. പ്രഘോഷിക്കപ്പെടുന്ന വചനം അൾത്താരയിൽ ആരാധിക്കപ്പെടണം എന്ന് വിശുദ്ധ കുർബാനയെക്കുറിച്ചുള്ള നിയമത്തിൽ പറയുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ യേശുവിന്റെ സാന്നിധ്യത്തെ അൾത്താരയിലെ യേശുവിന്റെ കൗദാശിക സാന്നിധ്യത്തെയെന്നപോലെ ധൂപം അർപ്പിച്ചുകൊണ്ട് സഭ ആദരിക്കുന്നു. വിശുദ്ധ കുർബാനയുടെ മധ്യേ പുരോഹിതനും ശെമ്മാശനും വിശുദ്ധ ഗ്രന്ഥത്തെ വണങ്ങുകയും ചുംബിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധ ഗ്രന്ഥത്തിലെ യേശുവിന്റെ സാന്നിധ്യത്തെ ആദരിക്കുന്നു. ആരാധനയുടെ സമയത്ത് വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ യേശുവിന്റെ സാന്നിധ്യം ഉള്ളതുപോലെ, നമ്മുടെ ജീവിതത്തിൽ ഏതുസമയത്തും നാം വിശുദ്ധ ഗ്രന്ഥം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ യേശുവിന്റെ സാന്നിധ്യം പ്രത്യേകമായി നാം അനുഭവിക്കുന്നു.

## നവീകരിക്കുന്ന ദൈവത്തിന്റെ വചനം

കൂദാശകൾ നവീകരണത്തിന്റെ അനുഭവത്തിലേക്ക് നമ്മെ എത്തിക്കുന്നതുപോലെ വിശുദ്ധ ഗ്രന്ഥം ഭക്തിപൂർവം വായിക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുകയും തന്റെ സാന്നിധ്യംകൊണ്ട് നമ്മെ പോഷിപ്പിക്കുകയും നമ്മുടെ ജീവിതത്തെ നവീകരിക്കുകയും ചെയ്യുന്നു. അതിനാൽ തുറന്നമനസ്സോടെ നാം വിശുദ്ധ ഗ്രന്ഥം വായിക്കണം.

ദൈവവചനത്തിന്റെ ശക്തിയെക്കുറിച്ച് വിശുദ്ധ പൗലോസ് ഇപ്രകാരം പറയുന്നു: "ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്രായർ 4:12). ഇപ്രകാരം ദൈവവചനത്തെ ഹൃദയപൂർവം സ്വീകരിക്കുമ്പോൾ നാം നവീകരിക്കപ്പെടുകയും രക്ഷയുടെ അനുഭവം നമുക്ക് ഉണ്ടാകുകയും ചെയ്യും.

## ആശ്വാസത്തിന്റെയും സന്തോഷത്തിന്റെയും വെല്ലുവിളിയുടെയും ദൈവവചനം

ചില സമയത്ത് ദൈവത്തിന്റെ വചനം നമുക്ക് സന്തോഷവും ആശ്വാസവും നല്കും. എന്നാൽ ചിലപ്പോൾ അതു നമ്മുടെ ജീവിതത്തിന് വെല്ലുവിളിയായിത്തീരും. ദൈവവചനം ചിലപ്പോൾ മൃദുവായും ചിലപ്പോൾ കഠിനമായും നമുക്ക് അനുഭവപ്പെടും. നാം എത്രമാത്രം വ്യത്യാസപ്പെടുവാൻ ആഗ്രഹിക്കുന്നുവോ അത്രമാത്രം ദൈവവചനം നമ്മിൽ ചലനമുണ്ടാക്കുകയും ദൈവികജീവൻ നമ്മിലേക്ക് ചൊരിയുകയും ചെയ്യും. വ്യക്തിപരമായി താത്പര്യമില്ലാതെ വിശുദ്ധ ഗ്രന്ഥം വായിക്കുന്നവരുണ്ട്. എന്നാൽ ആ വായന പ്രയോജനരഹിതമാണ്. നാം വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ ദൈവം നമ്മോട് വ്യക്തിപരമായി സംസാരിക്കുകയാണ് ചെയ്യുന്നത്. നാം ദൈവവുമായി ബന്ധപ്പെടുവാനും നാം

www.malankaralibrary.com

നമ്മോടുതന്നെ ബന്ധപ്പെടുവാനും വിശുദ്ധ ഗ്രന്ഥം നമ്മെ ക്ഷണിക്കുന്നു. ഒരു മറുപടി നല്കാതെ ഈ ആഹ്വാനത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ നമുക്ക് സാധിക്കുകയില്ല.

ബൈബിളിലെ ചില ഭാഗങ്ങൾ വൈകാരികമായി കൂടുതൽ സ്വീകാര്യവും ചില ഭാഗങ്ങൾ വൈകാരികത കുറഞ്ഞതായും അനുഭവപ്പെട്ടേക്കാം. എന്നാൽ നമ്മോടു സംസാരിക്കുവാൻ ഏതു വിശുദ്ധ ഗ്രന്ഥഭാഗവും ഉപയോഗിക്കുവാൻ ദൈവത്തിനു സാധിക്കും എന്ന് നാം മനസ്സിലാക്കണം. ചിലപ്പോൾ വളരെ അപ്രധാനമെന്നു തോന്നുന്ന ഭാഗം പോലും ദൈവം നമ്മോടു സംസാരിക്കുവാൻ ഉപയോഗിക്കും. അതിനാൽ വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ തുറന്ന മനസ്സോടെ ദൈവത്തിന്റെ ഇടപെടലിനുവേണ്ടി നാം കാത്തിരിക്കണം. ബൈബിളിലെ ചില ഭാഗങ്ങൾ നമുക്കു മനസ്സിലാകുന്നില്ലെന്നും നമ്മുടെ സാഹചര്യവുമായി ബന്ധമില്ലെന്നും കരുതി നാം നിരാശരാകേണ്ട കാര്യമില്ല. ദൈവവചനത്തെ നാം എളിമയോടെ വേണം സമീപിക്കുവാൻ. നമ്മുടെ ബുദ്ധിയും ശക്തിയുമെല്ലാം വളരെ പരിമിതമാണ് എന്ന് നാം മനസ്സിലാക്കണം. എളിമയുള്ള ഹൃദയത്തിലാണ് ദൈവവചനം പ്രവർത്തിക്കുന്നത്.

## വിശുദ്ധ ഗ്രന്ഥപാരായണം അനുദിന ജീവിതത്തിൽ

ദൈവവുമായി ആഴമുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഏറ്റവും നല്ല വഴി അനുദിന വിശുദ്ധ ഗ്രന്ഥപാരായണമാണ്. നമ്മൾ ഏതെങ്കിലും പ്രശ്നത്തിൽ അകപ്പെടുമ്പോഴോ പ്രയാസത്തിൽ ഉൾപ്പെടുമ്പോഴോ മാത്രമല്ല വിശുദ്ധ ഗ്രന്ഥം വായിക്കേണ്ടത്. വളരെ ചുരുങ്ങിയ നിമിഷത്തെ ബന്ധമല്ല ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നത്. നമ്മുടെ ജീവിതത്തിലെ സന്തോഷങ്ങളിലും ദുഃഖങ്ങളിലും ദൈവം നമ്മോട് സംഭാഷണം ചെയ്തുകൊണ്ട് നമ്മോടുള്ള സ്നേഹത്തെ ഉറപ്പിക്കുന്നു. ഒരു ദിവസം നമുക്ക് 1440 മിനിറ്റ് ജീവിക്കുവാനായി ഉണ്ട്. ഇതിൽ 10 മിനിറ്റ് എങ്കിലും ദൈവവചന പാരായണത്തിലൂടെ ദൈവവുമായി ബന്ധപ്പെടുവാൻ നമുക്ക് സാധിക്കുമെങ്കിൽ നമ്മിൽ സന്തോഷമുണ്ടാകും; നമുക്ക് ആന്തരിക മാറ്റമുണ്ടാകും. ഇതുവഴി നാം ദൈവവചനവുമായി സംസർഗത്തിലാകുന്നു. അതുപോലെ ദൈവവചനം നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുന്നു.

വിശുദ്ധ ഗ്രന്ഥപാരായണം വ്യക്തിപരമായും സമൂഹപരമായും നമുക്ക് നടത്തുവാൻ സാധിക്കും. ഓരോ ദിവസവും സന്ധ്യാപ്രാർത്ഥനയോട് ചേർന്ന് സമൂഹമായി വിശുദ്ധ ഗ്രന്ഥം വായിക്കുന്നത് നമ്മുടെ ഭവനങ്ങളിലെ പതിവാണ്. അത് കുടുംബാരാധനയുടെ ഭാഗമായി നാം നിർവഹിക്കുന്ന കർമ്മമാണ്. വ്യക്തിപരമായി വിശുദ്ധ ഗ്രന്ഥം എല്ലാ ദിവസവും വായിക്കുന്നത് ഏറ്റവും അനുഗ്രഹപ്രദമാണ്. ഇതുവഴി ദൈവത്തിന് ഓരോ ദിവസവും നമ്മോട് സംസാരിക്കുന്നതിനും നമുക്ക് ദൈവവുമായി സംസർഗത്തിലാകുന്നതിനും സാധിക്കും.

## വിശുദ്ധ ഗ്രന്ഥപാരായണവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും

വിശുദ്ധ ഗ്രന്ഥം നാം വായിക്കുമ്പോൾ ആ വചനം നമ്മിൽ സജീവമാകുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ്. ദൈവവചനമെന്ന നിലയിൽ നാം വിശുദ്ധ

www.malankaralibrary.com

ലിഖിതം വായിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നു. ദൈവവുമായി യഥാർത്ഥ സംസർഗം ഉണ്ടാകുവാനും സംഭാഷണം നടത്തുവാനും വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ പരിശുദ്ധാത്മാവിനോട് നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതുണ്ട്.

വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ വിവിധ രീതിയിൽ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നു. ഒന്നാമതായി, വിശുദ്ധ ഗ്രന്ഥം ദൈവവചനമെന്ന നിലയിൽ വായിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തരാക്കുന്നു. അങ്ങനെ ദൈവവചനം വ്യക്തിപരമായി വായിക്കുന്നതിലൂടെയും മനസ്സിലാക്കുന്നതിലൂടെയും നമ്മുടെ ജീവിതത്തിന് അർത്ഥമുള്ളതായി നമുക്ക് അനുഭവപ്പെടും. രണ്ടാമതായി, വിശുദ്ധ ഗ്രന്ഥത്തിലെ ദൈവിക അർത്ഥം മനസ്സിലാക്കുന്നതിന് പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കുവാനുള്ള നമ്മുടെ പരിശ്രമത്തെ പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തും. പരിശുദ്ധാത്മാവ് നമ്മുടെ മനസ്സിനെ തുറന്നുകൊണ്ട് ദൈവവചനം നമ്മോട് വ്യക്തിപരമായി എന്തു പറയുവാനാഗ്രഹിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. മൂന്നാമതായി, ദൈവവചനത്തോടുള്ള നമ്മുടെ മറുപടിയെ പരിശുദ്ധാത്മാവ് സ്വാധീനിക്കും. നാം വായിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗത്തോട് എങ്ങനെ പ്രതികരിക്കണം, എന്തു മറുപടി പറയണം, നമ്മുടെ ജീവിതത്തിന് എന്തു വ്യത്യാസം വരുത്തണം എന്നിങ്ങനെ തീരുമാനിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും.

ദൈവാത്മാവിനോടുകൂടി വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ നമുക്ക് വെറുതെയിരിക്കുവാൻ സാധിക്കുകയില്ല. ഏതെങ്കിലും രീതിയിൽ ദൈവാത്മാവിനോട് നമുക്ക് മറുപടി പറയേണ്ടിവരും. ചിലപ്പോൾ ദൈവവുമായി ആഴമായ ഒരു ബന്ധത്തിൽ ഏർപ്പെട്ടുകൊണ്ടായിരിക്കും ഈ മറുപടി. ചിലപ്പോൾ ജനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായിട്ടായിരിക്കും ഈ മറുപടി. എന്നാൽ മറ്റുചിലപ്പോൾ നാം നിസാരമാക്കിക്കളഞ്ഞ ആന്തരിക ക്രിസ്തീയ ജീവിതത്തോടുള്ള വെല്ലുവിളിയുമാകാം. അനുദിനജീവിതത്തിൽ യേശുവിനെ പിൻചെല്ലുന്ന അനുഭവം ശക്തമാക്കുവാൻ ആത്മാവിന്റെ പ്രചോദനത്തോടുകൂടിയ ബൈബിൾ വായന ഉപകരിക്കും. അങ്ങനെ ദൈവവചനം നമ്മിൽ ജീവിക്കുന്ന യാഥാർത്ഥ്യമാവുകയും നമ്മുടെ മനസ്സിനെയും ചിന്തകളെയും പ്രകാശിപ്പിക്കുകയും നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും ചെയ്യും. ദൈവം നമുക്ക് തരുന്ന കൃപയാണ്, ദാനമാണ് പരിശുദ്ധാത്മാവ്. ദൈവത്തിന്റെ ദാനമായ ആത്മാവിനായി നമുക്ക് പ്രാർത്ഥിക്കാം. ദൈവവചനം വായിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ ജീവൻ നമ്മിലൂടെ പ്രകാശിതമാകും.

www.malankaralibrary.com

### ആരാധന

അനുദിനജീവിതത്തിൽ ദൈവത്തിന്റെ വചനം ദീപംപോലെ എന്റെ കാലുകൾക്കു മുമ്പിൽ പ്രകാശം ചൊരിയണമേയെന്ന് സഭ പ്രാർത്ഥിക്കുന്നു:

"താവകവചനം ദീപം പോലെൻ കാലുകൾ മുമ്പിൽ
സൂര്യപ്രഭപോലതിൽ നടന്നീടാൻ ശോഭിപ്പിക്കണമേ".

(ശ്ഹീമ്മോ-തിങ്കൾ സന്ധ്യ)

### ജീവിതസാക്ഷ്യം

വിശുദ്ധ ഗ്രന്ഥവായനയിലൂടെ ദൈവത്തെ ശ്രവിക്കുവാനും, ദൈവത്തിന്റെ ഇംഗിതം മനസ്സിലാക്കി അനുദിനജീവിതത്തിൽ പ്രത്യുത്തരം നല്കുവാനും നമുക്ക് പരിശ്രമിക്കാം.

**മനഃപാഠമാക്കുക**

"ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതല വാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്".
(ഹെബ്രായർ 4:12)

## ചോദ്യങ്ങൾ

1. ബൈബിളും ആരാധനക്രമവും തമ്മിലുള്ള ബന്ധമെന്ത്?
2. ബൈബിളിലെ യേശുവിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള സഭയുടെ ബോധ്യം എപ്രകാരമെന്ന് വിവരിക്കുക.
3. അനുദിനജീവിതത്തിൽ വിശുദ്ധ ഗ്രന്ഥപാരായണത്തിന്റെ ആവശ്യകതയെന്ത്?
4. വിശുദ്ധ ഗ്രന്ഥ പാരായണത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എപ്രകാരമാണ്?

www.malankaralibrary.com

# രണ്ടാംഭാഗം



# ആരാധനക്രമം

## പാഠം 3

www.malankaralibrary.com

# സീറോ മലങ്കര ആരാധനക്രമം



കത്തോലിക്കാസഭയിൽ ഇരുപത്തിരണ്ട് വ്യക്തിസഭകൾ ഉണ്ട്. ഓരോ സഭയ്ക്കും അതിന്റേതായ പ്രത്യേക ആരാധനക്രമവും ഉണ്ട്. ഇന്നു നാം കാണുന്ന വിവിധങ്ങളായ ആരാധനക്രമങ്ങളെല്ലാം തന്നെ മൂന്നു പുരാതന ക്രൈസ്തവ ആരാധനാ പാരമ്പര്യങ്ങളിൽ നിന്നും വളർന്നുവന്നവയാണ്.

റോം കേന്ദ്രീകരിച്ച് ലത്തീൻ ആരാധനക്രമ പാരമ്പര്യവും കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രീകരിച്ച് ഗ്രീക്ക് ആരാധന പൈതൃകവും സെലൂഷ്യാ-സ്റ്റെസിഫോൺ (മെസപ്പൊട്ടോമിയ), പേർഷ്യാ, അന്ത്യോക്യാ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സുറിയാനി ആരാധനക്രമ പാരമ്പര്യവും വളർന്നുവന്നു. ലത്തീൻ, ഗ്രീക്ക് പാരമ്പര്യങ്ങൾ റോമാ സാമ്രാജ്യത്തിലും സുറിയാനി പാരമ്പര്യം പേർഷ്യൻ സാമ്രാജ്യത്തിലുമാണ് വളർന്നുവന്നത്. കാലക്രമത്തിൽ ആറ് ആരാധനാരീതികൾ സഭയിൽ വളർന്നുവന്നു. റോമാ സാമ്രാജ്യത്തെ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ടായി തിരിച്ചിരുന്നു. പാശ്ചാത്യ റോമാ സാമ്രാജ്യത്തിലാണ് ലത്തീൻ ആരാധന വളർന്നുവന്നത്. പൗരസ്ത്യ റോമാ സാമ്രാജ്യത്തിൽ അന്ത്യോക്യൻ, അലക്സാണ്ട്രിയൻ, അർമേനിയൻ, ബൈസന്റെയിൻ എന്നീ ആരാധനക്രമങ്ങളും പേർഷ്യൻ സാമ്രാജ്യത്തിൽ കൽദായ സുറിയാനി ആരാധനക്രമവും വളർന്നുവന്നു. ചുരുക്കത്തിൽ ഇന്നു സഭയിലുള്ള എല്ലാ ആരാധനാരീതികളും ഈ ആറ് ആരാധനാപൈതൃകങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഭാരത കത്തോലിക്കാസഭയിൽ മൂന്ന് ആരാധനക്രമങ്ങളാണ് ഉള്ളത്. ലത്തീൻ കത്തോലിക്കർ ലത്തീൻ ആരാധനക്രമവും സീറോ മലബാർ കത്തോലിക്കർ കൽദായ സുറിയാനി ആരാധനക്രമവും മലങ്കര കത്തോലിക്കർ അന്ത്യോക്യൻ സുറിയാനി ആരാധനക്രമവും ഉപയോഗിക്കുന്നു. അന്ത്യോക്യൻ ആരാധനക്രമത്തിന്റെ പ്രത്യേകതകളെക്കുറിച്ചാണ് ഈ പാഠത്തിൽ വിവരിക്കുന്നത്.

www.malankaralibrary.com

## അന്ത്യോക്യൻ ആരാധനക്രമം

ഭാരതത്തിലെ മലങ്കര കത്തോലിക്കാസഭ അന്ത്യോക്യൻ ആരാധനക്രമമാണ് ഉപയോഗിക്കുന്നത്. ഈ ആരാധനക്രമത്തിന്റെ ഉദ്ഭവം ജറുസലേമിലാണ്. എന്നാൽ എ.ഡി. 70-ൽ ജറുസലേം തകർക്കപ്പെട്ടപ്പോൾ സഭാകേന്ദ്രമായി അന്ത്യോക്യാ വളർന്നുവന്നു. അവിടുത്തെ സഭയിൽ വളർച്ച പ്രാപിച്ച ആരാധനക്രമത്തിന് പിന്നീട് ആ സ്ഥലത്തിന്റെ പേര് ലഭിച്ചു. ഇന്ന് വിവിധ സഭകൾ ഈ ആരാധനക്രമം ഉപയോഗിക്കുന്നുണ്ട്. അന്ത്യോക്യായിലെ സിറിയൻ ഓർത്തഡോക്സ് സഭ, സിറിയൻ കത്തോലിക്കാ സഭ, മലങ്കര യാക്കോബായ സഭ, മലങ്കര ഓർത്തഡോക്സ് സഭ, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭ, മലങ്കര മർത്തോമാ സഭ, മലങ്കര കത്തോലിക്കാ സഭ എന്നീ സഭകൾ ഈ ആരാധനക്രമമാണ് ഉപയോഗിക്കുന്നത്.

1653-ലെ കൂനൻ കുരിശു സത്യത്തോടെ ഭാരതസഭ രണ്ടായി പിരിഞ്ഞു. പുത്തൻകൂറ്റുകാർ എന്ന വിഭാഗം അന്ത്യോക്യായിലുള്ള യാക്കോബായ സഭയുമായി ബന്ധപ്പെടുകയും അവിടുത്തെ മെത്രാന്മാരിലൂടെ അന്ത്യോക്യൻ ആരാധനക്രമം ഇവിടെ വളർന്നുവരികയും ചെയ്തു.

## അന്ത്യോക്യൻ ആരാധനക്രമത്തിന്റെ സവിശേഷതകൾ

അന്ത്യോക്യൻ ആരാധനക്രമത്തിന് പാശ്ചാത്യ സുറിയാനി ആരാധനക്രമം എന്നും പേരുണ്ട്. പുരാതന സിറിയയുടെ തലസ്ഥാനമായ അന്ത്യോക്യാ കേന്ദ്രീകരിച്ചാണ് ഈ ആരാധനക്രമം രൂപം പ്രാപിച്ചത്. അന്ത്യോക്യൻ വേദശാസ്ത്രപാഠശാലയും ദൈവശാസ്ത്രപണ്ഡിതരായ പിതാക്കന്മാരും അന്ത്യോക്യൻ ആരാധനക്രമത്തെയും അവിടുത്തെ ക്രിസ്തീയ സമൂഹത്തെയും കരുപ്പിടിപ്പിച്ചു. യാക്കോബിന്റെ അനാഫൊറാ എന്നറിയപ്പെടുന്ന ജറുസലേമിലെ വിശിഷ്ടമായ കുർബാന തക്സായാണ് അന്ത്യോക്യൻ ക്രിസ്തീയ സമൂഹം സ്വീകരിച്ചത്. മൂന്നാം നൂറ്റാണ്ടോടുകൂടി സ്വന്തമായ ആരാധനാരീതി ഗ്രീക്കുഭാഷയിലുണ്ടായി. പിന്നീട് സുറിയാനിഭാഷയിൽ ഈ ആരാധനക്രമം വളർന്നുവന്നു. 1653-നു ശേഷം ഈ ആരാധനക്രമം ഭാരതത്തിലെ പുത്തൻകൂറ്റുകാർ ഉപയോഗിച്ചു തുടങ്ങി.

## വിശുദ്ധ ഗ്രന്ഥത്തോടുള്ള ആഭിമുഖ്യം

ജറുസലേമിൽ ഉദ്ഭവിച്ച ഈ ആരാധനക്രമത്തിന്റെ പശ്ചാത്തലം യഹൂദക്രിസ്ത്യാനികളുടേതാണ്. അതുകൊണ്ട് യഹൂദ ആചാരങ്ങളും അടയാളങ്ങളും ഈ ആരാധനക്രമത്തിൽ ഉൾക്കൊണ്ടിട്ടുണ്ട്. പഴയനിയമബലികളുടെയും കാഴ്ചകളുടെയും പൂർത്തീകരണം യേശുക്രിസ്തുവിലൂടെ പുതിയനിയമത്തിൽ നിറവേറി. ഈ പശ്ചാത്തലത്തിൽ പഴയനിയമ സംഭവങ്ങളെ പുതിയനിയമവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രാർത്ഥനകളും ഗീതങ്ങളും ഈ ആരാധനക്രമത്തിന്റെ പ്രത്യേകതയാണ്. ഈ ആരാധനയിൽ ഉപയോഗിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും സംഭവങ്ങളും ശൈലികളും എല്ലാം വിശുദ്ധ ഗ്രന്ഥത്തിലധിഷ്ഠിതമാണ്. വിശുദ്ധ ഗ്രന്ഥത്തോട് അഭേദ്യം ബന്ധപ്പെടു

www.malankaralibrary.com

ത്തിയാണ് പ്രാർത്ഥനകളും ഗീതങ്ങളും ക്രമീകരിച്ചിരിക്കുന്നത്. യഹൂദക്രിസ്ത്യാനിക ളുടെ പശ്ചാത്തലം ഉള്ളതുകൊണ്ടാണ് പഴയനിയമ സംഭവങ്ങളും അടയാളങ്ങളും ഈ ആരാധനക്രമത്തിൽ നിറഞ്ഞു നില്ക്കുന്നത്.

## രഹസ്യാത്മകത

അന്ത്യോക്യൻക്രമത്തിൽ വിശുദ്ധ കുർബാനയ്ക്ക് വിശുദ്ധ രഹസ്യം (Holy mystery) എന്നാണ് പറയുന്നത്. അതായത് മനുഷ്യബുദ്ധികൊണ്ട് പൂർണമായി മനസ്സിലാക്കുവാൻ സാധ്യമല്ലാത്തതാണ് വിശുദ്ധ കുർബാനയുടെ അന്തഃസത്തയും അർത്ഥവും. ദൈവ ത്തിന്റെ ശക്തമായ സാന്നിധ്യത്തിന്റെ മുമ്പിൽ അഗ്നി ധരിച്ചിരിക്കുന്ന മാലാഖമാർ പോലും വിറയ്ക്കുന്നു എന്നും മാലാഖമാർ ചിറകുകൾ കൊണ്ട് അവരുടെ മുഖം മൂടി ക്കൊണ്ടാണ് ദൈവസന്നിധിയിൽ നില്ക്കുന്നതെന്നും പ്രാർത്ഥനകളിൽ വ്യക്തമാണ്. ഇവിടെ മനുഷ്യന്റെ കണ്ണുകൾക്കും ബുദ്ധിക്കും ദൈവത്തിന്റെ ശക്തമായ സാന്നിധ്യത്തെ നേരിട്ട് കാണുവാനും മനസ്സിലാക്കുവാനും ശക്തിയില്ലാത്തതിനാൽ ദൈവസാന്നിധ്യത്തെ എപ്പോഴും രഹസ്യാത്മകമായാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ രഹസ്യാത്മകത പല രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഉദാഹരണമായി, ആരാധനയിലെ രഹസ്യപ്രാർത്ഥ നകൾ, മദ്ബഹാ തിരശീലയിട്ട് മറച്ചിരിക്കുന്നത്, മറയ്ക്കുള്ളിലുള്ള ശുശ്രൂഷകൾ, വിശുദ്ധ കുർബാനയിലെ തിരുശരീരവും തിരുരക്തവും വിശ്വാസികളെ നേരിട്ട് കാണിക്കാതെ എപ്പോഴും മൂടികൊണ്ട് മറച്ചിരിക്കുന്നത് ഇവയെല്ലാം രഹസ്യാത്മകതയെ സൂചിപ്പിക്കുന്നു.

## അടയാളങ്ങൾ

സാധാരണയായി വാക്കുകൾകൊണ്ട് വിവരിക്കുവാൻ പൂർണമായും സാധ്യമല്ലാത്ത ദൈവിക കാര്യങ്ങൾ മനുഷ്യർക്ക് മനസ്സിലാക്കി കൊടുക്കുവാൻ ഉപയോഗിക്കുന്ന മാധ്യ മമാണ് അടയാളങ്ങൾ. മറ്റ് ആരാധനക്രമങ്ങളെക്കാളുപരി അടയാളങ്ങളിലൂടെയും പ്രതീ കങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ദൈവിക രഹസ്യങ്ങൾ അവതരിപ്പിക്കു വാൻ അന്ത്യോക്യൻ ആരാധനക്രമത്തിന് കൂടുതൽ താത്പര്യമുണ്ട്. ഉദാഹരണമായി, ഉയിർപ്പിനുശേഷം ഗോഗുൽത്തായിലെ കുരിശ് 40 ദിവസത്തേക്ക് ചുവന്ന പട്ടുതുണി കൊണ്ട് അലങ്കരിക്കുന്നത് ഉത്ഥിതനായ യേശുവിന്റെ സാന്നിധ്യത്തെ സൂചിപ്പിക്കുവാ നാണ്. ഉത്ഥാനം ചെയ്ത യേശുവിന്റെ സാന്നിധ്യം 40 ദിവസം ഭൂമിയിൽ പ്രത്യേകമായി ഉണ്ടായിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. അതുപോലെ ക്രിസ്തുമസിനു നടത്തുന്ന തീയുഴലിച്ച ശുശ്രൂഷ, ദുഃഖവെള്ളി ദിവസത്തെ കുരിശുകൊണ്ടുള്ള കബറടക്കം ഇവ യെല്ലാം രക്ഷാകര സംഭവങ്ങളെ സൂചിപ്പിക്കുന്ന അടയാളങ്ങളാണ്.

## ആരാധനയിലെ പ്രബോധനം

സഭയുടെ വിശ്വാസ സത്യങ്ങൾ പ്രാർത്ഥനയിലൂടെയും ഗീതത്തിലൂടെയും വിശ്വാസി കളെ പഠിപ്പിക്കുക എന്നത് ഈ ആരാധനക്രമത്തിന്റെ ഒരു സവിശേഷതയാണ്. പ്രത്യേ കിച്ച് ആരാധനയിലെ പ്രുമിയോൻ-സെദറാ പ്രാർത്ഥനകൾ ഓരോ സന്ദർഭത്തിലുമുള്ള കൂദാശകളുടെയും പെരുന്നാളുകളുടെയും ദൈവശാസ്ത്രം വിവരിച്ച് പഠിപ്പിക്കുന്നു.

ദൈവം ഇസ്രായേലിലെ പൂർവപിതാക്കന്മാരുടെ ജീവിതത്തിലിടപെട്ടതിനെ നന്ദിപൂർവം അനുസ്മരിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നത് യഹൂദ പ്രാർത്ഥനകളുടെ പ്രത്യേകത യാണ്. യേശുക്രിസ്തു മനുഷ്യരക്ഷയ്ക്കുവേണ്ടി നിർവഹിച്ച രക്ഷാകര സംഭവങ്ങളെ കൂടെക്കൂടെ ഓർക്കുകയും അതിനെപ്രതി ദൈവത്തെ സ്തുതിക്കുകയും ആരാധിക്കു കയും ചെയ്യുന്നത് ക്രൈസ്തവ ആരാധനയുടെ പ്രത്യേകതയാണ്. വേദോപദേശത്തിൽ പഠിപ്പിച്ചിട്ടുള്ള വിശ്വാസ സത്യങ്ങൾ കൂടെക്കൂടെ ഓർമ്മിപ്പിക്കുന്നതിനും അതുവഴി ദൈവ ത്തോടുള്ള ബന്ധത്തിൽ സ്ഥിരമായി നില്ക്കുന്നതിനും ഈ രീതിയിലുള്ള പ്രാർത്ഥന കൾ സഹായിക്കും.

## ആരാധനഗീതങ്ങളും സംഗീതവും

അന്ത്യോക്യൻ ആരാധനക്രമം സംഗീതാത്മകമാണ്. ആരാധന ഗീതത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. എല്ലാ കൂദാശകൾക്കും പെരുന്നാളുകൾക്കും യാമപ്രാർത്ഥനകൾക്കും പ്രത്യേകം ഗീതങ്ങൾ ഉണ്ട്. ആരാധനക്രമത്തിലെ പ്രാർത്ഥനകൾ എല്ലാംതന്നെ കാവ്യഭം ഗിയുള്ളതും അവ ചൊല്ലുന്നത് സംഗീതാത്മക രീതിയിലുമാണ്. സുവിശേഷപ്രസംഗം ഒഴികെ സംഗീതാത്മകമല്ലാത്ത ഒരു പ്രാർത്ഥനയും ഈ ആരാധനക്രമത്തിലില്ല. ചുരു ക്കത്തിൽ ഈ ആരാധനക്രമത്തിലെ ഗീതങ്ങളും പ്രാർത്ഥനയിലെ സംഗീതാത്മകതയും വിശ്വാസിയെ ആത്മീയ അനുഭൂതിയിലേക്ക് നയിക്കുന്നു. ഗീതങ്ങൾ ഇല്ലാത്ത ഒരു ശുശ്രൂ ഷയും ഈ ആരാധനക്രമത്തിലില്ല. ഗാനങ്ങൾ ആലപിക്കുന്നതും കേൾക്കുന്നതും ഒരു പോലെ ആത്മീയ അനുഭൂതി പ്രദാനം ചെയ്യും. പാടുന്നവൻ രണ്ടുപ്രാവശ്യം പ്രാർത്ഥി ക്കുന്നു എന്ന ചിന്ത ആരാധനക്രമസംഗീതത്തിന്റെ പ്രാധാന്യം വെളിവാക്കുന്നു.

അന്ത്യോക്യൻ ആരാധനാഗീതങ്ങൾ പ്രധാനമായും രചിച്ചിട്ടുള്ളത് മാർ അപ്രേം, മാർ യാക്കോബ്, മാർ ബാലായി എന്നീ പിതാക്കന്മാരാണ്. സുറിയാനി ആരാധനാ സംഗീത ത്തിന് ആത്മീയ അനുഭൂതി പകരുവാനുള്ള പ്രത്യേകതയുണ്ട്. സുറിയാനി ഗീതങ്ങൾ എട്ട് രാഗത്തിൽ പാടാവുന്ന രീതിയിൽ ഈണം പകർന്ന് ചിട്ടപ്പെടുത്തിയിരിക്കുന്നു. ഓരോ ശുശ്രൂഷയുടെയും സന്ദർഭത്തിന്റെ ഭാവം പ്രകടിപ്പിക്കുവാൻ ഈ എട്ട് രാഗങ്ങൾ ഉപകരിക്കും. ഈ ആരാധനക്രമത്തിലെ പ്രാർത്ഥനകൾ എല്ലാംതന്നെ വിവിധ രാഗങ്ങ ളിലും രീതികളിലും ചൊല്ലുന്നത് ഈ ക്രമത്തിന്റെ പ്രത്യേകതയാണ്. പ്രാർത്ഥനകൾ വെറുതെ ചൊല്ലുന്ന രീതി ഈ ആരാധനക്രമത്തിലില്ല.

## ധൂപാർപ്പണം

യഹൂദ സംസ്കാരത്തിന്റെയും പഴയനിയമ പശ്ചാത്തലത്തിന്റെയും സ്വാധീനം ഏറെ യുള്ള അന്ത്യോക്യൻ ആരാധനക്രമത്തിൽ ധൂപാർപ്പണം എല്ലാ ആരാധനാശുശ്രൂഷ കളിലും ഉണ്ട്. വിശുദ്ധ കുർബാനയിൽ മുഴുവൻ സമയവും ധൂപാർപ്പണം ഉണ്ട്. ധൂപാർപ്പണം ഇല്ലാതെ ഒരു ശുശ്രൂഷയും അന്ത്യോക്യൻ ആരാധനക്രമത്തിലില്ല. യാമ പ്രാർത്ഥനകളിൽ പോലും ധൂപാർപ്പണം സാധാരണമാണ്.

ധൂപാർപ്പണം മൂന്നുകാര്യങ്ങളെ സൂചിപ്പിക്കുന്നു. ധൂപാർപ്പണം വഴി ആരാധനസ മൂഹം മുഴുവനെയും വിശുദ്ധീകരിക്കുന്നതായി സൂചിപ്പിക്കുന്നു. രണ്ടാമതായി, വിശ്വാ

www.malankaralibrary.com

സികളുടെ ഹൃദയങ്ങളിൽനിന്നും ദൈവസന്നിധിയിലേക്കുയരുന്ന പ്രാർത്ഥനയായി ധൂപത്തെ ദ്യോതിപ്പിക്കുന്നു. മൂന്നാമതായി, ഒരു വ്യക്തിയെയോ, വസ്തുവിനെയോ ആദരിക്കുന്നതിന്റെയും ബഹുമാനിക്കുന്നതിന്റെയും സൂചനയായി ധൂപാർപ്പണത്തെ മനസ്സിലാക്കുന്നു.

## രക്ഷാകരസംഭവങ്ങളുടെ അനുസ്മരണം

ദൈവത്തിന്റെ രക്ഷാകര ചരിത്രത്തോട് ഈ ആരാധനയ്ക്ക് പ്രത്യേക ആഭിമുഖ്യമുണ്ട്. വിശുദ്ധ കുർബാന മുഴുവനും രക്ഷാകര രഹസ്യങ്ങളുടെ അഥവാ രക്ഷാകര സംഭവങ്ങളുടെ അനുസ്മരണമാണ്. പ്രപഞ്ചസൃഷ്ടിമുതൽ യേശുവിന്റെ രണ്ടാമത്തെ ആഗമനം വരെയുള്ള രക്ഷാകര സംഭവങ്ങൾ വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുന്നു. പഴയനിയമ സംഭവങ്ങൾ, രക്ഷകന്റെ ജനനം, സ്നാനം, പരസ്യജീവിതം, പീഡാനുഭവം, കുരിശുമരണം, കബറടക്കം, ഉത്ഥാനം, സ്വർഗാരോഹണം, പിതാവായ ദൈവത്തിന്റെ വലതുഭാഗത്തുള്ള വാഴ്ച, രണ്ടാമത്തെ ആഗമനം ഇവയെല്ലാം വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുന്നു. അതുപോലെ ഒരുവർഷംകൊണ്ട് ആരാധനക്രമവത്സരത്തിലൂടെ യേശുസംഭവങ്ങളെ സഭ ഓർമ്മിക്കുന്നു.

## ത്രിത്വസ്തുതി

എല്ലാ പ്രാർത്ഥനകളും ആരംഭിക്കുന്നത് പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകളെ സ്തുതിച്ചുകൊണ്ടാണ്. എല്ലാ ഗീതങ്ങളുടെയും ഇടയിൽ ത്രിത്വസ്തുതി ചേർത്തിട്ടുണ്ട്. എല്ലാ പ്രാർത്ഥനകളും അവസാനിക്കുന്നത് പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് വ്യക്തികൾക്കും സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊണ്ടാണ്. സൃഷ്ടികർമ്മത്തിലും രക്ഷാകര കർമ്മത്തിലും ത്രിത്വത്തിലെ മൂന്നു വ്യക്തികളുടെ പ്രവർത്തനം ആരാധനക്രമത്തിലൂടെ അനുസ്മരിക്കുന്നുണ്ട്. ചുരുക്കത്തിൽ ത്രിത്വസ്തുതി ഈ ആരാധനക്രമത്തിന്റെ ഒരു പ്രത്യേകതയാണ്.

## പരിശുദ്ധ ദൈവമാതാവ്

പരിശുദ്ധ ദൈവമാതാവിനെ പ്രകീർത്തിച്ചുകൊണ്ടുള്ള ഗീതങ്ങളും പ്രാർത്ഥനകളും ഈ ആരാധനക്രമത്തിലുടനീളം കാണാം. അടിസ്ഥാന പ്രാർത്ഥനയായ കൗമാ പ്രാർത്ഥന അവസാനിക്കുന്നത് 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയോടെയാണ്. എല്ലാ ശുശ്രൂഷകളുടെയും അവസാനത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ ബഹുമാനാർത്ഥമുള്ള കുക്കിലിയോൻ (ധൂപപ്രാർത്ഥന) ഉണ്ട്. എല്ലാ പ്രധാനപ്പെട്ട പെരുന്നാളുകളിലും യാമപ്രാർത്ഥനകളിലും ദൈവമാതാവിന്റെ സ്തോത്രഗീതം ചൊല്ലുന്നു (മറിയം പറഞ്ഞതെന്തെന്നാൽ എന്നു തുടങ്ങുന്ന ഗീതം ലൂക്കാ 1:46-56). വിശുദ്ധ കുർബാനയുടെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതുതന്നെ കന്യകമറിയാമിനെ അനുസ്മരിച്ചുകൊണ്ടാണ് (നിന്നെ പ്രസവിച്ച മറിയാമും). രക്ഷകന്റെ അമ്മയെന്ന നിലയിൽ ദൈവമാതാവിന് പ്രത്യേക സ്ഥാനമാണ് ഈ ആരാധനയിൽ നല്കിയിരിക്കുന്നത്.

www.malankaralibrary.com

## ഭയഭക്തി ബഹുമാനം

ഏശയ്യാ പ്രവാചകനുണ്ടായ ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള അദ്ഭുതവും ഭയവും ബഹുമാനവും ഈ ആരാധനയിൽ ഉടനീളം നിറഞ്ഞു നില്ക്കുന്നു (ഏശയ്യാ 6:1-13). ദൈവത്തിന്റെ മഹത്ത്വവും ശക്തിയും അവതരിപ്പിക്കുന്നതോടൊപ്പം മനുഷ്യന്റെ പാപാവസ്ഥയും പരിമിതിയും അവതരിപ്പിക്കുന്നു. ഏശയ്യായുടെ ദർശനത്തെ അടിസ്ഥാനപ്പെടുത്തി മദ്ബഹായെ സ്വർഗമായും ബലിപീഠത്തെ ദൈവം ഇരിക്കുന്ന സിംഹാസനമായും (ത്രോണോസായും) കണക്കാക്കുന്നു. മദ്ബഹായിലെ ശുശ്രൂഷകരെ മാലാഖമാരായിട്ടാണ് പരിഗണിക്കുന്നത്. മാലാഖമാരുടെ ചിത്രമുള്ള മറുബഹാസാ മാലാഖമാരുടെ സ്തുതി ഗീതത്തെ സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ മദ്ബഹായിലെ ദൈവസാന്നിധ്യത്തെക്കുറിച്ചും സർവശക്തനായ ദൈവത്തിന്റെ മഹത്ത്വത്തിന്റെ മുമ്പിൽ മാലാഖമാർപോലും ഭയത്തോടും വിറയലോടും കൂടിയാണ് നില്ക്കുന്നതെന്നും ആരാധന സൂചിപ്പിക്കുന്നു. അപ്രകാരം ദൈവത്തിന്റെ മുമ്പിൽ ഭയഭക്തി ബഹുമാനത്തോടെ നില്ക്കുവാൻ ഈ ആരാധനക്രമം വിശ്വാസികളെ ഒരുക്കുന്നു.

ഈ സവിശേഷതകളുള്ള അന്ത്യോക്യൻ ആരാധനക്രമമാണ് മലങ്കര കത്തോലിക്കരായ നാം ഉപയോഗിക്കുന്നത്. ഈ ആരാധനക്രമത്തെക്കുറിച്ച് കൂടുതൽ പഠിച്ചും മനസ്സിലാക്കിയും ദൈവാരാധന സജീവമാക്കുവാൻ നമുക്ക് ശ്രമിക്കാം. അങ്ങനെ ദൈവാനുഭവത്തിൽ വളരുവാനും ആരാധനയിലൂടെ സജീവനായ ദൈവത്തെ കണ്ടുമുട്ടുവാനും നമുക്ക് ശ്രമിക്കാം.

www.malankaralibrary.com

### ആരാധന

ദൈവജനം അർപ്പിക്കുന്ന പ്രാർത്ഥനക ളെയും ബലികളെയും ദൈവം കരുണാപൂർവം സ്വീകരിക്കണമേയെന്ന് വിശുദ്ധ കുർബാന യിലെ മധ്യസ്ഥപ്രാർത്ഥനയിൽ സഭ അപേക്ഷി ക്കുന്നു:

"കർത്താവേ, നിന്റെ ആരാധകരുടെ അപേക്ഷ താത്പര്യപൂർവം കേട്ട് നിന്റെ സഭ നിനക്കർപ്പി ക്കുന്ന ബലികളും നേർച്ചകാഴ്ചകളും സ്വീക രിക്കണമേ. എന്തുകൊണ്ടെന്നാൽ, നീ ബലികൾ സ്വീകരിക്കുന്നവനാകുന്നുവല്ലോ; ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരി ശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും".

(കുർബാന തക്സാ)

### ജീവിതസാക്ഷ്യം

മലങ്കര ആരാധനക്രമത്തിന്റെ സവിശേ ഷതകളെ കൂടുതൽ മനസ്സിലാക്കിക്കൊണ്ട്, ദൈവാരാധന ഏറ്റവും സജീവവും പൂർണ വുമാക്കിത്തീർക്കുവാനും അതിലൂടെ ദൈവ ത്തിനു നിരന്തരം സ്തുതികളർപ്പിക്കു വാനും നമുക്കു പരിശ്രമിക്കാം.

**മനഃപാഠമാക്കുക**

"അന്യസ്ഥലത്ത് ആയിരം ദിവസ ത്തെക്കാൾ അങ്ങയുടെ അങ്കണ ത്തിൽ ഒരുദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്".
(സങ്കീർത്തനങ്ങൾ 84:10)

## ചോദ്യങ്ങൾ

1. ആദിമസഭയിൽ വളർന്നുവന്ന വിവിധ ആരാധനക്രമങ്ങളെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
2. അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ആരംഭവും വളർച്ചയും എപ്രകാരമായിരുന്നു?
3. മലങ്കര ആരാധനക്രമത്തിലെ രഹസ്യാത്മകതയെപ്പറ്റി വിവരിക്കുക.
4. അന്ത്യോക്യൻ ആരാധനക്രമം സംഗീതാത്മകമാണ്. വിവരിക്കുക.
5. രക്ഷാകര രഹസ്യങ്ങളുടെ അനുസ്മരണമാണ് വിശുദ്ധ കുർബാന എന്നതുകൊണ്ട് എന്തർത്ഥമാക്കുന്നു?

www.malankaralibrary.com

പാഠം 4

# സീറോ മലബാർ ആരാധനക്രമം



ക്രിസ്തുശിഷ്യനായ തോമാശ്ലീഹാ എ.ഡി. 52–ൽ കേരളത്തിലെത്തുകയും ക്രിസ്തുവിന്റെ സുവിശേഷം ഇവിടെ പ്രഘോഷിക്കുകയും ചെയ്തു. വിശുദ്ധ തോമാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച ക്രിസ്ത്യാനികൾ പേർഷ്യൻ സഭയുമായി അഥവാ കൽദായ സഭയുമായി ബന്ധം പുലർത്തിയിരുന്നു. അങ്ങനെ പേർഷ്യൻസഭയുടെ ആരാധനക്രമമായ പൗരസ്ത്യ സുറിയാനി ആരാധനക്രമം അഥവാ കൽദായ ആരാധനക്രമം ആരംഭകാലം മുതൽതന്നെ ഇവിടുത്തെ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്നു. സീറോ മലബാർ സഭ തോമാശ്ലീഹായുടെ ആഗമനം മുതൽ കത്തോലിക്കാ സംസർഗം കാത്തു സൂക്ഷിക്കുകയും ആരംഭകാലം മുതൽ ഉപയോഗിച്ചുകൊണ്ടിരുന്ന പൗരസ്ത്യ ആരാധനക്രമം ഉപയോഗിക്കുകയും ചെയ്യുന്നു.

ആദിമ യഹൂദക്രൈസ്തവ കേന്ദ്രമായ എദേസ്സാ കേന്ദ്രീകരിച്ചുവളർന്നുവന്ന പുരാതന സുറിയാനി ആരാധനക്രമമാണ് സീറോ മലബാർ സഭയ്ക്കുള്ളത്. തോമാശ്ലീഹായുടെ ശിഷ്യനും എദേസ്സായുടെ അപ്പസ്തോലനുമായ മാർ അദ്ദായി, അദ്ദേഹത്തിന്റെ ശിഷ്യനായ മാർ മാറി എന്നിവരുടെ പേരിലാണ് സീറോ മലബാർ കുർബാനയിലെ പ്രധാന അനാഫൊറാ അറിയപ്പെടുന്നത്. സീറോ മലബാർ സഭയുടെ വിശുദ്ധ കുർബാനയുടെ ഘടനയാണ് ഈ പാഠത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

## സീറോ മലബാർ കുർബാന

'എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' എന്ന നമ്മുടെ കർത്താവിന്റെ ആഹ്വാനത്തിന് പ്രത്യുത്തരമായാണ് ഓരോ വിശുദ്ധ കുർബാനയും അർപ്പിക്കുന്നത്. ദിവസത്തിന്റെ പ്രാധാന്യമനുസരിച്ച് അത്യാഘോഷപൂർവമായും അല്ലാതെയും വിശുദ്ധ കുർബാന അർപ്പിക്കുവാൻ കഴിയും.

www.malankaralibrary.com

വിശുദ്ധ പൗലോസ് ശ്ലീഹായുടെ (1 കോറിന്തോസ് 11:23-26) വിശുദ്ധ കുർബാന വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് പൗരസ്ത്യ സുറിയാനി സഭയിൽ വിശുദ്ധ കുർബാന വളർന്നതും വികസിച്ചതും അതിന് വ്യാഖ്യാനങ്ങൾ നല്കപ്പെട്ടതും. സഭ യൊന്നടങ്കം ഐക്യത്തിൽ ഒന്നുചേർന്ന് കർത്താവിന്റെ ഓർമ്മയാചരിച്ചുകൊണ്ട് അപ്പം ആശീർവദിച്ചു മുറിക്കുകയും കാസ ആശീർവദിച്ച് അതിൽ പങ്കുചേരുകയും ചെയ്യുന്ന ദൈവികകർമ്മമാണ് വിശുദ്ധ കുർബാന. കർത്താവിന്റെ ഓർമ്മയാചരണമെന്നാൽ അവി ടുത്തെ മനുഷ്യാവതാരം മുതൽ രക്ഷാകര രഹസ്യങ്ങളെല്ലാം-രണ്ടാമാഗമനം വരെ ഇവിടെ അനുസ്മരിക്കപ്പെടുന്നു. വിശുദ്ധ കുർബാനയുടെ ഓരോ ഘടകവും കർത്താവിന്റെ ഓർമ്മ യാചരിച്ചുകൊണ്ടുള്ള അവിടുത്തെ രക്ഷാകര രഹസ്യങ്ങളിലുള്ള പങ്കുചേരലാണ്. അത നുസരിച്ച് താഴെപറയുന്നവിധത്തിൽ സീറോ മലബാർ കുർബാനയുടെ പ്രധാനഭാഗ ങ്ങളെ മനസ്സിലാക്കാം.

## 1. ആമുഖ ശുശ്രൂഷ

വിശുദ്ധ കുർബാനയുടെ ആരംഭം മുതൽ "സകലത്തിന്റെയും നാഥാ" എന്ന പ്രാർത്ഥ നവരെയുള്ള ഭാഗമാണ് ആമുഖ ശുശ്രൂഷ.

"അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പന പോൽ"

എന്ന ഗാനത്തോടെയോ അല്ലെങ്കിൽ "നമുക്ക് ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച് ഈ കുർബാന ആരംഭിക്കാം" എന്ന ആഹ്വാനത്തോടെയോ ആണ് വിശുദ്ധ കുർബാന ആരംഭിക്കുന്നത്.

ഈ ഭാഗത്ത് കർത്താവിന്റെ കല്പനാനുസ്മരണം, സ്വർഗസ്ഥനായ ഞങ്ങളുടെ പിതാ വേ, പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന മാലാഖമാരുടെ കീർത്തനം, സങ്കീർത്തന ങ്ങൾ, ധൂപാർപ്പണം തുടങ്ങിയ ശുശ്രൂഷകളാണുള്ളത്.

കർത്താവിന്റെ മനുഷ്യാവതാരം, ജനനം, കർത്താവിനെ കാത്തിരുന്ന പൂർവ പിതാ ക്കന്മാരുടെ സ്വപ്നങ്ങൾ എന്നിവ ഈ ഭാഗത്ത് അനുസ്മരിക്കുന്നു.

## 2. വചന ശുശ്രൂഷ

"നമുക്ക് സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം" എന്ന അറിയി പ്പോടെയാണ് വചന ശുശ്രൂഷ ആരംഭിക്കുന്നത്. ഈ ഭാഗത്ത് "പരിശുദ്ധനായ ദൈവമേ...." എന്നു തുടങ്ങുന്ന ത്രൈശുദ്ധ കീർത്തനം, നിയമ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഒന്നാമത്തെ പഴയനിയമവായന, പ്രവചന ഗ്രന്ഥങ്ങളിൽ നിന്നുള്ള രണ്ടാമത്തെ പഴയനിയമവായന, ലേഖനം, സുവിശേഷം എന്നിവയിൽനിന്നുള്ള വായനകൾ, കാറോസൂസാ, കൈവയ്പ്പ്പ്രാർത്ഥന തുടങ്ങിയ ശുശ്രൂഷകളാണുള്ളത്.

കർത്താവിന്റെ പരസ്യജീവിതം, വചനങ്ങളും പ്രവൃത്തികളും വഴിയുള്ള സാക്ഷ്യം എന്നിവയാണ് ഇവിടെ പ്രത്യേകമായി അനുസ്മരിക്കുന്നത്.

www.malankaralibrary.com

### 3. ഒരുക്ക ശുശ്രൂഷ

വചനശുശ്രൂഷയ്ക്കും കൂദാശാഭാഗത്തിനും ഇടയ്ക്കുള്ള കർമ്മങ്ങളും പ്രാർത്ഥനക ളുമാണ് ഒരുക്ക ശുശ്രൂഷ എന്ന പേരിൽ അറിയപ്പെടുന്നത്. വിശുദ്ധ വസ്തുക്കളുടെ ഒരുക്കവും കാർമ്മികന്റെയും സമൂഹത്തിന്റെയും ആത്മീയ ഒരുക്കവും ഈ ഭാഗത്ത് നട ക്കുന്നു. ഈ സമയത്ത് അപ്പവും വീഞ്ഞും ഒരുക്കി അൾത്താരയിലേക്ക് സംവഹിക്കുന്നു. തുടർന്ന് കാർമ്മികൻ കൈ കഴുകുന്നു. തിരുവസ്തുക്കൾ അൾത്താരയിൽ പ്രതിഷ്ഠിച്ച് ശോശപ്പാകൊണ്ട് മൂടുന്നു. തുടർന്ന് അനുസ്മരണ പ്രാർത്ഥനകൾ, വിശ്വാസപ്രമാണം, ബലിപീഠപ്രവേശനം എന്നീ കർമ്മങ്ങൾ നടത്തുന്നു.

ഈ ഭാഗത്ത് കർത്താവിന്റെ പീഡാനുഭവവും, മരണവും, സംസ്കാരവും പ്രത്യേകം അനുസ്മരിക്കുന്നു. പരിശുദ്ധ കന്യകമറിയം, വിശുദ്ധ തോമാശ്ലീഹാ എന്നിവരെയും നിദ്രപ്രാപിച്ച എല്ലാവരെയും ഇവിടെ അനുസ്മരിക്കുന്നു.

### 4. കൂദാശാഭാഗം-അനാഫൊറാ

വിശുദ്ധ കുർബാനയുടെ പ്രധാനഭാഗമാണ് അനാഫൊറാ അഥവാ കൂദാശാഭാഗം. അനാഫൊറായ്ക്ക് കൃതജ്ഞതാസ്തോത്രപ്രാർത്ഥന എന്നും പേരുണ്ട്. “ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു” എന്നാരംഭിക്കുന്ന പ്രാർത്ഥന മുതൽ “കർത്താവേ നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളി വരട്ടെ” എന്നാരം ഭിക്കുന്ന റൂഹാക്ഷണ പ്രാർത്ഥന ഉൾപ്പെടെയുള്ള ഭാഗത്തെയാണ് അനാഫൊറാ എന്നു വിളിക്കുന്നത്. ഈ ഭാഗത്ത് സമാധാനം കൊടുക്കലും നാല് ഗഹാന്ത പ്രാർത്ഥനകളും (കുനിഞ്ഞുനിന്നുകൊണ്ട് നടത്തുന്ന അർത്ഥനയും കൃതജ്ഞതാ സ്തോത്രവും) രക്ഷാ കര രഹസ്യങ്ങളുടെ അനുസ്മരണവും അന്തിമഭോജന വിവരണവും മധ്യസ്ഥ പ്രാർത്ഥ നകളും റൂഹാക്ഷണപ്രാർത്ഥനയും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സൃഷ്ടികർമ്മത്തിലൂടെയും രക്ഷാകര കർമ്മത്തിലൂടെയും പവിത്രീകരണത്തിലൂടെയും ദൈവം നമ്മോടു കാണിച്ച അനന്ത കാരുണ്യത്തെയോർത്ത് ഈ പ്രാർത്ഥനയിലൂടെ സഭ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ കർത്താവിന്റെ ഉത്ഥാനം ഈ ഭാഗത്ത് പ്രത്യേകം അനുസ്മരിക്കുന്നു.

### 5. വിഭജന ശുശ്രൂഷ

തിരുവോസ്തി ഉയർത്തിക്കൊണ്ട് പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥനയോടെ വിഭ ജന ശുശ്രൂഷ ആരംഭിക്കുന്നു. പുരോഹിതൻ തിരുവോസ്തി രണ്ടായി മുറിച്ച് തിരുര ക്തവുമായി കലർത്തുന്നു. അതിനുശേഷം വിശുദ്ധ കുർബാന സ്വീകരണത്തിനൊരു ങ്ങുന്നു. കർത്താവിന്റെ ദിവ്യരഹസ്യങ്ങളുടെ പൂർത്തീകരണമാണ് ഇത് സൂചിപ്പിക്കു ന്നത്. ഉത്ഥിതനായ മിശിഹാ ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവർ ആരാധിച്ചതു പോലെ സമൂഹം വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്ന മിശിഹായെ ആരാ ധിക്കുന്നു.

www.malankaralibrary.com



### 6. അനുരഞ്ജന ശുശ്രൂഷ

ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിലുമുള്ള അനുരഞ്ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. ഈ ഭാഗത്ത് അനുരഞ്ജനപ്പെടുവാൻ ആഹ്വാനം ചെയ്യുന്ന പ്രാർത്ഥനകളും ധൂപാർപ്പണവും പാപമോചന പ്രാർത്ഥനകളും നടത്തുന്നു. വിശ്വാസികൾ കർത്താവിനെ സ്വീകരിക്കുവാനായി ആത്മീയമായി ഒരുങ്ങുന്നു.

### 7. ദൈവൈക്യ ശുശ്രൂഷ

വിശുദ്ധ കുർബാന സ്വീകരണവും അതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനകളുമാണ് ഇതിൽ ഉൾപ്പെടുന്നത്. കർത്തൃപ്രാർത്ഥന, “വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു” എന്ന ആഹ്വാനം, കാർമ്മികരുടെയും വിശ്വാസികളുടെയും വിശുദ്ധ കുർബാന സ്വീകരണം തുടങ്ങിയവയാണ് ഈ ഭാഗത്തുള്ളത്. വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ ഉത്ഥിതനായ മിശിഹായെ വിശ്വാസികൾ സ്വീകരിക്കുകയും അവിടുത്തെ ജീവനിൽ പങ്കാളികളാകുകയും ചെയ്യുന്നു.

### 8. സമാപന ശുശ്രൂഷ

മിശിഹായുടെ തിരുശരീര രക്തങ്ങൾ സ്വീകരിച്ച് അവിടുത്തെ രക്ഷാകർമ്മത്തിൽ പങ്കുകൊള്ളുകയും അവിടുത്തോട് ഐക്യപ്പെടുകയും ചെയ്ത സമൂഹം ദൈവത്തിന് നന്ദി പറയുന്ന ഭാഗമാണ് സമാപന ശുശ്രൂഷ. ഈ ഭാഗത്ത് പുരോഹിതൻ ത്രിത്വൈക ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു. പുരോഹിതൻ സമൂഹത്തിന് സമാപനാശീർവാദം നല്കുന്നു. സ്ലീവായുടെ സജീവമായ അടയാളത്തിൽ പുരോഹിതൻ സമൂഹത്തെ മുദ്രവയ്ക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ ആഗമനം, നിത്യജീവിതം തുടങ്ങിയവ ഇവിടെ അനുസ്മരിക്കുന്നു. കർത്താവിന്റെ കബറിടമായ ബലിപീഠം ചുംബിച്ചുകൊണ്ട് പുരോഹിതൻ വിശുദ്ധ കുർബാന അവസാനിപ്പിക്കുന്നു.

വിശുദ്ധ കുർബാനയിൽ പങ്കുചേരുന്നതിലൂടെ കർത്താവിന്റെ പെസഹാരഹസ്യങ്ങൾ – മനുഷ്യാവതാരം മുതൽ ദ്വിതീയാഗമനംവരെ – നാം അനുസ്മരിക്കുകയും അവയിൽ പ്രതീകാത്മകമായി പങ്കുചേരുകയും ചെയ്യുന്നു. പിതാവ് പുത്രനെ ഭരമേല്പിക്കുകയും പരിശുദ്ധ റൂഹാവഴി പരിപൂർണമാക്കുകയും ചെയ്ത ഈ രക്ഷയുടെ രഹസ്യങ്ങളിൽ പങ്കുചേർന്ന് കർത്താവിന്റെ പ്രേഷിതരാകുവാൻ ഇതുവഴി നാം സജ്ജരായിത്തീരുന്നു.

www.malankaralibrary.com

ദൈവം മനുഷ്യരാശിക്കു നല്കിയ കൃപാദാനമായ മിശിഹായുടെ രക്ഷാരഹസ്യത്തിൽ സഭാംഗങ്ങൾക്കു പങ്കുചേരുവാൻ അവിടുന്നൊരുക്കുന്ന സുവർണാവസരമാണ് വിശുദ്ധ കുർബാന. അനുഭവപരമായി ഈ രഹസ്യങ്ങളിൽ പങ്കുചേരുവാൻ സഹായിക്കത്തക്ക വിധമാണ് സീറോ മലബാർസഭ വിശുദ്ധ കുർബാനയിലെ കർമ്മങ്ങളോരോന്നും സംവി ധാനം ചെയ്തിരിക്കുന്നത്. വിശുദ്ധ ഗ്രന്ഥ ചൈതന്യവും ശൈലിയും നിറഞ്ഞുനില്ക്കുന്ന പ്രാർത്ഥനകളിലും കർമ്മാനുഷ്ഠാനങ്ങളിലുംകൂടി മിശിഹാരഹസ്യങ്ങളെ സ്പർശിച്ച റിഞ്ഞ് ലോകത്തിൽ അവയുടെ പ്രേഷിതരാകുവാൻ ഇത് ഓരോ വിശ്വാസിയെയും സഹാ യിക്കുന്നു.

### ആരാധന

സീറോ മലബാർ സഭയിൽ വിശുദ്ധ കുർബാന ആരംഭിക്കുന്നത് കർത്താവിന്റെ കല്പനാനുസ്മരണത്തോടുകൂടിയാണ്. താഴെ കൊടുത്തിരിക്കുന്ന ഗാനത്തിലൂടെ ദൈവജനം ഇക്കാര്യം അനുസ്മരിക്കുന്നു:

"അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പന പോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം
അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം".

### ജീവിതസാക്ഷ്യം

സീറോ മലബാർ സഭയുടെ ആരാധന ക്രമത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കി ക്കൊണ്ട്, ദൈവാരാധനയിലെ വൈവി ധ്യത്തെ മനസ്സിലാക്കുവാനും ദൈവത്തെ സ്തുതിക്കുവാനും ഈ സഭാ സമൂ ഹത്തോട് സ്നേഹവും കൂട്ടായ്മയും പുലർത്തുവാനും നമുക്കു പരിശ്രമിക്കാം.

**മനഃപാഠമാക്കുക**

"സൈന്യങ്ങളുടെ കർത്താവേ,
അങ്ങയുടെ വാസസ്ഥലം
എത്രമനോഹരം".
(സങ്കീർത്തനങ്ങൾ 84:1)

## ചോദ്യങ്ങൾ

1. സീറോ മലബാർ ആരാധനക്രമത്തിന്റെ ആരംഭത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും ഒരു കുറിപ്പ് തയ്യാറാക്കുക.
2. സീറോ മലബാർ കുർബാനയെ എത്രയായി തിരിച്ചിരിക്കുന്നു. ഏതെല്ലാം?

www.malankaralibrary.com

# ലത്തീൻ ആരാധനക്രമം



പാശ്ചാത്യലോകത്ത് ഉടലെടുത്ത ആരാധനക്രമങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു റോമൻ (ലത്തീൻ), അംബ്രോസിയൻ (Ambrosian), ഗാള്ളിക്കൻ (Gallican), കെൽറ്റിക് (Celtic) എന്നിവ. എന്നാൽ ഇവയിൽ ഇന്നു നിലനില്ക്കുന്നത് റോമനും അംബ്രോസിയനും മാത്രമാണ്. പാശ്ചാത്യലോകം, ആഫ്രിക്ക, ലാറ്റിനമേരിക്ക, പൗരസ്ത്യലോകം എന്നിവിടങ്ങളിലാണ് റോമൻ ലിറ്റർജി ആചരിക്കപ്പെടുന്നത്. അംബ്രോസിയൻ ലിറ്റർജി മിലാൻ അതിരൂപതയിൽ മാത്രമാണ് നിലനില്ക്കുന്നത്.

## റോമൻ (ലത്തീൻ) ആരാധനക്രമം

പത്രോസിന്റെ സിംഹാസനമായതിനാൽ റോമിന് ആരംഭം മുതൽതന്നെ വലിയ പ്രാധാന്യം ഉണ്ടായിരുന്നു. അതുപോലെതന്നെ, റോമിനെ കേന്ദ്രീകരിച്ചുണ്ടായ ലിറ്റർജിയും പ്രത്യേകിച്ച് എട്ടാം നൂറ്റാണ്ടുമുതൽ പാശ്ചാത്യലോകത്താകമാനം വലിയ പ്രാധാന്യമുള്ളതായിത്തീർന്നു.

റോമാ പട്ടണത്തെ കേന്ദ്രീകരിച്ച്, റോമാ മാർപ്പാപ്പായുടെ അധീനതയിലും, അതിനു ചുറ്റുമുള്ള ഇടവകകളിലെ പുരോഹിതന്മാരാൽ നയിക്കപ്പെട്ട പള്ളികളിലും ഉടലെടുക്കുകയും വളരുകയും ചെയ്ത ആരാധനക്രമമാണ് റോമൻ (ലത്തീൻ) ലിറ്റർജി എന്നതുകൊണ്ടർത്ഥമാക്കുന്നത്.

നാലാം നൂറ്റാണ്ടുമുതൽ ഗ്രീക്കുഭാഷയ്ക്കു പകരം ലത്തീൻഭാഷ റോമൻ ലിറ്റർജിയിൽ പൂർണമായി സ്വീകരിച്ചതിൽ പിന്നെ, യാമപ്രാർത്ഥനകളുടെയും (Divine Office) കൂദാശകളുടെയും പുസ്തകങ്ങൾ വലിയ തോതിൽ ക്രോഡീകരിക്കുവാൻ തുടങ്ങി.

സാവധാനം ഈ ലിറ്റർജി റോമിനു പുറത്തേക്കും വ്യാപിക്കുവാൻ തുടങ്ങി. അതിനുദാഹരണമാണ് ചാർലിമെയിൻ ചക്രവർത്തി തന്റെ സാമ്രാജ്യത്തിൽ ഈ ലിറ്റർജി സ്വീകരിക്കുകയും റോമൻ ലിറ്റർജി ഗ്രന്ഥങ്ങൾ അവിടെ വ്യാപിപ്പിക്കുകയും ചെയ്തത്.

www.malankaralibrary.com

കാലക്രമേണ ഈ ലിറ്റർജി അംബ്രോസിയൻ ഒഴിച്ച് മറ്റു പാശ്ചാത്യ ലിറ്റർജികളുടെ മേൽ ആധിപത്യം സ്ഥാപിക്കുവാൻ തുടങ്ങി. അങ്ങനെ ഗ്രിഗറി ഏഴാമൻ മാർപ്പാപ്പായുടെ കാലത്ത് (1073-1085) ആരാധനാപരമായ ഏകീകരണം പാശ്ചാത്യലോകത്താകമാനം കൈവന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ (1492) അമേരിക്ക കണ്ടുപിടിക്കപ്പെട്ടതോടെ ഈ ലിറ്റർജി അവിടെയും ഉപയോഗിച്ചു തുടങ്ങി.

പതിനാറാം നൂറ്റാണ്ടിലെ മിഷനറി പ്രവർത്തനങ്ങളുടെ ഫലമായി റോമൻ ലിറ്റർജി പൗരസ്ത്യലോകത്തിലേക്കും വ്യാപിച്ചു. (ഫിലിപ്പൈൻസ്, ഇന്ത്യ, ജപ്പാൻ, ചൈന, ആഫ്രിക്കൻ ഭൂഖണ്ഡം മുതലായവ).

പതിനാറാം നൂറ്റാണ്ടിൽ ത്രെന്തോസ് കൗൺസിൽ (Council of Trent, 1545-63) ലിറ്റർജിയുടെ നവീകരണം പ്രോത്സാഹിപ്പിച്ചു. മാർപ്പാപ്പാമാരായ വിശുദ്ധ പത്താം പീയൂസിന്റെയും പന്ത്രണ്ടാം പീയൂസിന്റെയും യോഹന്നാൻ ഇരുപത്തിമൂന്നാമന്റെയും കാലത്തുണ്ടായ ലിറ്റർജി നവീകരണംവഴി ലാറ്റിൻ ലിറ്റർജി പരിപുഷ്ടിപ്പെടുകയാണുണ്ടായത്. അതിന്റെ പൂർണത രണ്ടാം വത്തിക്കാൻ കൗൺസിലിലും അതിനെത്തുടർന്നുണ്ടായ പരിഷ്കരണത്തിലും കാണുവാൻ സാധിക്കും.

## ദിവ്യപൂജാക്രമം (ലത്തീൻ റീത്തിൽ)

ദിവ്യപൂജയ്ക്ക് നാല് ഭാഗങ്ങളാണുള്ളത്: 1) പ്രാരംഭകർമ്മം 2) തിരുവചന കർമ്മം 3) സ്തോത്രയാഗകർമ്മം 4) സമാപനകർമ്മം. ഈ ഭാഗങ്ങളെല്ലാംതന്നെ പരസ്പര പൂരകങ്ങളായാണ് നിലകൊള്ളുന്നത്.

### 1. പ്രാരംഭകർമ്മം

ദിവ്യപൂജയിൽ വചനശുശ്രൂഷയ്ക്ക് മുമ്പുള്ള ഭാഗങ്ങളാണിവ. അതായത് പ്രവേശന പ്രദക്ഷിണം, പ്രവേശനഗാനം, അഭിവാദ്യം, അനുതാപകർമ്മം, കർത്താവേ കനിയണമേ, അത്യുന്നതങ്ങളിൽ (Gloria), സമിതി പ്രാർത്ഥന എന്നിവയാണവ. തിരുക്കർമ്മത്തിന്റെ ആരംഭം, ഒരുക്കം, മുഖവുര എന്നിവയ്ക്കുവേണ്ടിയാണിവ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇവയുടെ ലക്ഷ്യം വിശ്വാസികളെ ഒരു സമൂഹമാക്കുന്നതിനും വചനശുശ്രൂഷയ്ക്കും സ്തോത്രയാഗ ശുശ്രൂഷയ്ക്കും അവരെ വേണ്ടവിധത്തിൽ ഒരുക്കുന്നതിനും വേണ്ടിയാണ്.

### 2. തിരുവചനകർമ്മം

ആരാധനക്രമത്തിൽ വചനപ്രഘോഷണത്തിനും വചനം പങ്കുവയ്ക്കലിനും സുപ്രധാനമായ സ്ഥാനമാണുള്ളത്. തിരുവചനശുശ്രൂഷയില്ലാതെ ഒരു ആരാധനക്രമവുമില്ല. വത്തിക്കാൻ കൗൺസിൽ പറയുന്നു “ദൈവവചനത്തിന്റെ മേശയിൽനിന്നു പോഷകപ്രദങ്ങളായ വിഷയങ്ങൾ ധാരാളമായി ലഭിക്കുവാൻവേണ്ടി വിശുദ്ധ ഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന നിക്ഷേപങ്ങൾ വിശ്വാസികൾക്കു പ്രദാനം ചെയ്യണം. ഇതിനുവേണ്ടി ഒരു നിശ്ചിത കാലയളവിനുള്ളിൽ വിശുദ്ധഗ്രന്ഥത്തിൽനിന്ന് മുഖ്യഭാഗവും അവർക്ക് വായിച്ചുകൊടുക്കണം” (ആരാധനക്രമം).

www.malankaralibrary.com

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനം കണക്കിലെടുത്താണ് ദിവ്യപൂജയിലെ വേദപുസ്തക വായനയ്ക്ക് രൂപം നല്കിയിരിക്കുന്നത്. ഞായറാഴ്ചകളിലെ വായനകൾക്കായി ത്രിവർഷചക്രവും (3 Year Cycle) ഇടദിവസങ്ങളിലെ വായനകൾക്കായി ദ്വിവർഷ ചക്രവുമാണ് (2 Year Cycle) ഏർപ്പെടുത്തിയിരിക്കുന്നത്. സുവിശേഷവായനയ്ക്കുശേഷം സുവിശേഷ പ്രഭാഷണവും വിശ്വാസ പ്രഖ്യാപനവും വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും നടത്തപ്പെടുന്നു.

### 3. സ്തോത്രയാഗകർമ്മം

ദിവ്യബലിയിലെ രണ്ടാമത്തെ പ്രധാനഘടകമാണിത്. മുഴുവൻ തിരുക്കർമ്മത്തിന്റെയും ഉറവിടവും കേന്ദ്രവുമാണ് ഈ ഭാഗം, പ്രത്യേകിച്ച് സ്തോത്രയാഗപ്രാർത്ഥന (Eucharistic Prayer). ക്രിസ്തുനാഥൻ അന്ത്യ അത്താഴ സമയത്ത് പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങളാണ് ഈ ഭാഗത്ത് അനുസ്മരിക്കുന്നത്. അവിടുന്ന് അപ്പമെടുത്ത് അരുളിച്ചെയ്തു: “വാങ്ങി ഭക്ഷിക്കുവിൻ; ഇതെന്റെ ശരീരമാകുന്നു”. പാനപാത്രമെടുത്തു അരുളിച്ചെയ്തു: “വാങ്ങി കുടിക്കുവിൻ; ഇതെന്റെ രക്തമാകുന്നു. ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ”. പിന്നീട് അവിടുന്ന് അവ ശിഷ്യന്മാർക്കു നല്കി. ഈ സ്തോത്രയാഗകർമ്മത്തിൽ പ്രധാനമായും മൂന്നു ഘടകങ്ങളുണ്ട്; കാഴ്ചദ്രവ്യങ്ങൾ തയ്യാറാക്കൽ, സ്തോത്രയാഗ പ്രാർത്ഥന, ദിവ്യകാരുണ്യസ്വീകരണ കർമ്മം.

### കാഴ്ചദ്രവ്യങ്ങൾ തയ്യാറാക്കൽ

ഈ കർമ്മത്തിന്റെ ആരംഭത്തിൽ കാഴ്ചദ്രവ്യങ്ങളായ അപ്പവും വീഞ്ഞും വെള്ളവും അൾത്താരയിലേക്ക് കൊണ്ടുവരുന്നു. ഇവ തിരുക്കർമ്മത്തിൽ പങ്കെടുക്കുന്ന വിശ്വാസികളെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ കാഴ്ചദ്രവ്യങ്ങൾ ബലിപീഠത്തിൽ സമർപ്പിക്കുന്നതുവഴി അവർ തങ്ങളെത്തന്നെയാണ് ക്രിസ്തുവിന്റെ ബലിയോട് ചേർത്ത് ദൈവത്തിന് സമർപ്പിക്കുന്നത്. തുടർന്ന് നൈവേദ്യപ്രാർത്ഥന (Prayer over the gifts) നടത്തുന്നു. അതിന്റെ ഉള്ളടക്കം പ്രധാനമായും കാഴ്ചദ്രവ്യങ്ങൾ ദൈവത്തിന് സമർപ്പിക്കുക, അവ സ്വീകരിക്കണമെന്ന് യാചിക്കുക മുതലായവയാണ്.

### സ്തോത്രയാഗപ്രാർത്ഥന (Eucharistic Prayer)

തിരുക്കർമ്മങ്ങളുടെ കേന്ദ്രസ്ഥാനമാണിത്. കൃതജ്ഞതാ പ്രകടനത്തിന്റെയും വിശുദ്ധീകരണത്തിന്റെയും പ്രാർത്ഥനയാണിത്. പ്രാരംഭസംഭാഷണത്തിലൂടെ (‘ഹൃദയം കർത്താവിങ്കലേക്ക്’) കാർമ്മികൻ ജനങ്ങളുടെ നാമത്തിൽ ക്രിസ്തുവിലൂടെ പിതാവായ ദൈവത്തിന് അർപ്പിക്കുന്ന പ്രാർത്ഥനയാണിത്. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളെ നന്ദി നിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കുന്നതും കൃതജ്ഞതാബലി അർപ്പിക്കുന്നതിനുമുള്ള സമയമാണിത്.

എല്ലാ സ്തോത്രയാഗപ്രാർത്ഥനകളുടെയും പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

www.malankaralibrary.com

i. ആമുഖഗീതി (Preface)

ii. പരിശുദ്ധൻ (Sanctus)

iii. പരിശുദ്ധാത്മാവിന്റെ ആവാസം (Epiclesis)

iv. ദിവ്യബലി സ്ഥാപനത്തിന്റെയും വിശുദ്ധീകരണത്തിന്റെയും വിവരണം (Institution narrative)

v. ഓർമ്മയാചരണം (Anamnesis)

vi. ബലി അർപ്പണം

vii. മധ്യസ്ഥ പ്രാർത്ഥനകൾ

viii. അവസാന സ്തോത്രഗീതം (Doxology)

## ദിവ്യകാരുണ്യസ്വീകരണ കർമ്മം

സ്തോത്രയാഗപ്രാർത്ഥന അവസാനിച്ചാൽ തിരുക്കർമ്മം അതിന്റെ പൂർണതയിലെത്തുന്നത് കർത്താവിന്റെ ശരീരരക്തങ്ങളുടെ സ്വീകരണകർമ്മത്തോടെയാണ്. ഈ ഭാഗത്ത് “സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...”, സമാധാന കർമ്മം, അപ്പംമുറിക്കൽ, സമ്മിശ്രണകർമ്മം തുടങ്ങിയ ശുശ്രൂഷകൾ നടത്തപ്പെടുന്നു. കർത്താവിന്റെ തിരുശരീരരക്തങ്ങൾ തക്കതായ ഒരുക്കത്തോടെയും ഭക്തിയോടെയും സ്വീകരിക്കുന്നതിന് വിശ്വാസികളെ സജ്ജമാക്കുക എന്നതാണ് ഈ ഭാഗത്തിന്റെ ഉദ്ദേശ്യം.

അതിനുശേഷം പുരോഹിതൻ തിരുവോസ്തിയെ ചഷകത്തിന്റെ മുകളിൽ ജനങ്ങൾക്ക് ദൃശ്യമാകുന്നവിധത്തിൽ പിടിച്ചുകൊണ്ട് ദിവ്യകുഞ്ഞാടിന്റെ വിരുന്നിലേക്ക് (“ഇതാ ദൈവത്തിന്റെ കുഞ്ഞാട്....” എന്നു പറഞ്ഞുകൊണ്ട്) എല്ലാവരെയും ക്ഷണിക്കുന്നു. കർത്താവിനെ സ്വീകരിക്കുവാൻ ആർക്കും യോഗ്യതയില്ല (മത്തായി 8:8) എന്ന് പറഞ്ഞുകൊണ്ട് വൈദികനും ജനങ്ങളും ഒരുമിച്ച് പ്രത്യുത്തരിക്കുന്നു.

ദിവ്യബലിയുടെ പരിസമാപ്തിയായിട്ടാണ് ദിവ്യകാരുണ്യസ്വീകരണം നടത്തപ്പെടുന്നത്. കാർമ്മികനും (ഒരുങ്ങിയ) ജനങ്ങളും ദിവ്യകാരുണ്യം സ്വീകരിക്കുന്നു. തുടർന്ന് ദിവ്യഭോജനപ്രാർത്ഥന ചൊല്ലിക്കൊണ്ട് കാർമ്മികനും ജനങ്ങളും ദൈവത്തിന് നന്ദി പറയുന്നു.

### 4. സമാപനകർമ്മം

സമാപനകർമ്മത്തിൽ കാർമ്മികന്റെ അഭിവാദ്യവും ആശീർവാദവുമാണ് പ്രധാനം. “ക്രിസ്തുവിന്റെ സമാധാനത്തിൽ പോകുവിൻ” എന്ന ആശംസയോടെ അടയാളങ്ങളിലൂടെ അനുഷ്ഠിച്ച ദിവ്യരഹസ്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ജനങ്ങളെ പറഞ്ഞയയ്ക്കുന്നു. തുടർന്ന് വൈദികനും ഡീക്കനും അൾത്താരയെ ചുംബിച്ചുകൊണ്ടും മറ്റനുചരന്മാരോടൊപ്പം വണങ്ങിക്കൊണ്ടും സമാപനകർമ്മം പൂർത്തിയാക്കുന്നു.

കർത്താവിന്റെ വചനത്താലും ശരീരരക്തങ്ങളാലും പരിപോഷിതരായി ക്രിസ്തുവിൽ ഒന്നായി വിശ്വാസികൾ ഈ ലോകത്തിൽ ദൈവം കല്പിച്ചു നല്കിയിരിക്കുന്ന കടമ

www.malankaralibrary.com

കൾ നിറവേറ്റുവാനായി ദേവാലയത്തിൽനിന്ന് പിരിഞ്ഞുപോകുന്നു. കുർബാനയുടെ തുടർച്ചയായിട്ടാണ് അവർ ലോകത്തിലേക്ക് ഇറങ്ങിച്ചെന്ന് ക്രിസ്തുവിന് സജീവ സാക്ഷികളായിത്തീരുന്നത്. അതുകൊണ്ട് കുർബാനയിൽ പങ്കെടുക്കേണ്ടത് ആവശ്യമാണ്. ദിവ്യബലിയിൽ ഓരോ വ്യക്തിക്കും അവരുടേതായ ധർമ്മം ഉണ്ട്. അതു നിവർത്തിക്കുവാൻ പരിശ്രമിച്ചെങ്കിലേ ഓരോ കുർബാനയർപ്പണവും ദിവ്യാനുഭവമാക്കിത്തീർക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെ ദിവ്യകാരുണ്യാധിഷ്ഠിതമായ ക്രൈസ്തവ സമൂഹത്തെ വാർത്തെടുക്കുവാൻ ദിവ്യകാരുണ്യനാഥനോട് നിരന്തരം നമുക്കു പ്രാർത്ഥിക്കാം.

### ആരാധന

ലത്തീൻ കുർബാനയുടെ ആരംഭത്തിൽ പുരോഹിതനും ജനങ്ങളും തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് അനുതാപപ്രകരണം ചൊല്ലുന്നു:

"സർവശക്തനായ ദൈവത്തോടും, സഹോദരരേ, നിങ്ങളോടും ഞാൻ ഏറ്റുപറയുന്നു: വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും ഞാൻ വളരെയേറെ പാപം ചെയ്തുപോയി: എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ. ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും എല്ലാ മാലാഖമാരോടും വിശുദ്ധരോടും സഹോദരരേ നിങ്ങളോടും ഞാൻ അപേക്ഷിക്കുന്നു. എനിക്കുവേണ്ടി നമ്മുടെ കർത്താവായ ദൈവത്തോടു പ്രാർത്ഥിക്കണമേ".

### ജീവിതസാക്ഷ്യം

ലത്തീൻ ആരാധനക്രമത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കിക്കൊണ്ട് കത്തോലിക്കാ സഭയുടെ സാർവത്രികസ്വഭാവത്തെ ഉൾക്കൊള്ളുവാനും ആരാധനയിലൂടെ കത്തോലിക്കാ കൂട്ടായ്മയെ ദൃഢപ്പെടുത്തുവാനും നമുക്കു ശ്രമിക്കാം.

### മനഃപാഠമാക്കുക

"കർത്താവേ, അങ്ങ് വസിക്കുന്ന
ആലയവും അങ്ങയുടെ
മഹത്ത്വത്തിന്റെ ഇരിപ്പിടവും
എനിക്കു പ്രിയങ്കരമാണ്".
(സങ്കീർത്തനങ്ങൾ 26:8)

## ചോദ്യങ്ങൾ

1. ലത്തീൻ ആരാധനക്രമത്തിന്റെ ആരംഭം, വളർച്ച എന്നിവയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
2. ലത്തീൻ കുർബാനയെ എത്രയായി തിരിച്ചിരിക്കുന്നു. ഏതെല്ലാം?

www.malankaralibrary.com



പാഠം 6

# സഭയും സന്യാസവും



*ആറാം നൂറ്റാണ്ടിൽ സ്ഥാപിതമായ മോന്തെകസ്സീനോ സന്യാസ ആശ്രമത്തിന്റെ ഇന്നത്തെ ദൃശ്യം*

തിരുസഭയുടെ ആരംഭം മുതല്ക്കേ ഈ ലോകജീവിതം ഉപേക്ഷിച്ച് യേശുവിനെപ്രതി ഏകാന്തജീവിതം നയിച്ചിരുന്ന അർപ്പിതരായ വ്യക്തികൾ സഭയിൽ ഉണ്ടായിരുന്നു. ചിലർ ഏകാന്തജീവിതം നയിച്ചപ്പോൾ മറ്റുചിലർ സമൂഹജീവിതമാണ് തിരഞ്ഞെടുത്തത്. കാലക്രമേണ സമൂഹജീവിതം സന്യാസസമൂഹങ്ങൾക്കും സന്യാസനിയമങ്ങൾക്കും വഴിതെളിച്ചു. യേശുവിനോടുള്ള സ്നേഹത്തെപ്രതി പ്രാർത്ഥന, ഉപവാസം, ധ്യാനം, വേദപുസ്തകവായന, സാധുജന സംരക്ഷണം, പഠനം, എഴുത്ത് എന്നീ കാര്യങ്ങളിൽ ഇവർ ശ്രദ്ധിച്ചിരുന്നു. ആദിമസഭയിലെ സന്യാസ ജീവിതത്തിന്റെ ഉദ്ഭവത്തെപ്പറ്റിയും വളർച്ചയെപ്പറ്റിയുമാണ് ഈ പാഠത്തിൽ പ്രതിപാദിക്കുന്നത്.

## സന്യാസം വിശുദ്ധ ഗ്രന്ഥത്തിൽ

പഴയനിയമകാലത്തുതന്നെ സന്യാസജീവിതത്തിന്റെ ചില ഉദാഹരണങ്ങൾ നമുക്ക് വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ കഴിയും. പ്രവാചകന്മാരിൽ പലരും ലൗകികകാര്യങ്ങളിൽനിന്നും വിട്ടുമാറി ഏകാന്തതയിൽ ജീവിച്ചിരുന്നു. ഏകാന്തജീവിതം നയിച്ചിരുന്ന ഏലിയാ പ്രവാചകൻ കർമ്മലമലയിൽ ഒരാശ്രമം സ്ഥാപിച്ചിരുന്നതായി വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു (1 രാജാക്കന്മാർ 17:3-4). യേശുവിന് മുമ്പ് പലസ്തീനായിലെ മരുഭൂമികളിലും മലകളിലും ധാരാളം സന്യാസികൾ സമൂഹമായി വസിച്ചിരുന്നു.

യേശുവിന്റെ മുന്നോടിയായി വന്ന സ്നാപകയോഹന്നാൻ സന്യാസത്തിന്റെ മാതൃകയായിരുന്നു. രോമംകൊണ്ടുള്ള ഉടുപ്പ് ധരിച്ചും കാട്ടുകിഴങ്ങ് ഭക്ഷിച്ചും മരുഭൂമിയിൽ അദ്ദേഹം സന്യാസജീവിതം നയിച്ചിരുന്നു. സന്യാസജീവിതത്തിന്റെ അന്തഃസത്ത യേശു

www.malankaralibrary.com

വിന്റെ ജീവിതത്തിൽ ദൃശ്യമാണ്. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ അടിസ്ഥാന യാഥാർത്ഥ്യങ്ങൾ യേശുവിന്റെ ഉപദേശങ്ങളിൽനിന്നും മനസ്സിലാക്കി അനേകം വ്യക്തികൾ ആദിമസഭയിൽ സന്യാസജീവിതത്തിലേക്ക് ആകർഷിക്കപ്പെട്ടു.

## ആദിമസഭയും സന്യാസവും

സുവിശേഷമനുസരിച്ച് ജീവിക്കുവാനും യേശുക്രിസ്തുവിനോട് താദാത്മ്യം പ്രാപിക്കുവാനും ആദിമക്രിസ്ത്യാനികൾ താത്പര്യം കാണിച്ചിരുന്നു. യേശുവിന്റെ രണ്ടാമത്തെ വരവ് ഉടനെ ഉണ്ടാകുമെന്ന പ്രതീക്ഷ ലൗകിക ജീവിതത്തിൽനിന്നും പൂർണമായി മാറിജീവിക്കുവാൻ പല ക്രിസ്ത്യാനികളെയും പ്രേരിപ്പിച്ചു. വിഗ്രഹാരാധനയിൽനിന്നും മതമർദ്ദനങ്ങളിൽനിന്നും രക്ഷപ്പെടുവാൻവേണ്ടി ധാരാളം ക്രിസ്ത്യാനികൾ വനങ്ങളിലും ഗുഹകളിലും ജീവിച്ചിരുന്നു. ഇവർ ക്രമേണ സന്യാസജീവിതത്തിലേക്ക് നയിക്കപ്പെട്ടു. പ്രാർത്ഥന, ഉപവാസം, ധ്യാനം, വേദപുസ്തകവായന, സാധുജനക്ഷേമം, പഠനം, എഴുത്ത് എന്നിവയിൽ സന്യാസികൾ ശ്രദ്ധിക്കുവാൻ തുടങ്ങി. ജീവിതത്തെ പരിപൂർണമായി ദൈവത്തിന് സമർപ്പിച്ചവരാണ് സന്യാസികൾ. അവർ ഭവനത്തെക്കുറിച്ചോ സ്വത്തിനെക്കുറിച്ചോ പ്രതാപത്തെക്കുറിച്ചോ ഒന്നും ചിന്തിക്കാതെ തങ്ങളെത്തന്നെ പൂർണമായി യേശുവിന് സമർപ്പിച്ചു.

ആദിമസഭയിൽ സന്യാസജീവിതം ആരംഭിച്ചത് ഈജിപ്തിലെ മരുഭൂമികളിലാണ്. ഏകാന്തവാസികളായ സന്യാസികളായിരുന്നു അവിടെ ജീവിച്ചിരുന്നത്. സന്യാസ ജീവിതത്തിന്റെ സ്ഥാപക പിതാക്കന്മാരാണ് വിശുദ്ധ അന്തോണിയോസ്, വിശുദ്ധ പക്കോമിയോസ്, വിശുദ്ധ ബസേലിയോസ്, വിശുദ്ധ ബനഡിക്ട് എന്നിവർ.

## ഈജിപ്തിലെ വിശുദ്ധ അന്തോണിയോസ് (എ.ഡി. 250-356)

ഏകാന്തമായ സന്യാസത്തിന്റെ ആരംഭകനും പിതാവുമായി വിശുദ്ധ അന്തോണിയോസ് അറിയപ്പെടുന്നു. എ.ഡി. 250-ൽ ഈജിപ്തിലെ കെമാൻ എന്ന സ്ഥലത്ത് ക്രിസ്തീയ മാതാപിതാക്കളിൽനിന്ന് അദ്ദേഹം ജനിച്ചു. പതിനെട്ട് വയസിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ മാതാപിതാക്കൾ മരിച്ചു. ഒരു ദിവസം ദേവാലയത്തിൽ വച്ചു കേട്ട സുവിശേഷഭാഗം അദ്ദേഹത്തിന്റെ ജീവിതത്തെ സ്പർശിച്ചു: "യേശു പറഞ്ഞു: നീ പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്തായി 19:21). ഈ വേദഭാഗം തന്നോട് വ്യക്തിപരമായി പറയുന്നതാണെന്ന് മനസ്സിലാക്കി തന്റെ സ്വത്തുക്കൾ മുഴുവനും അദ്ദേഹം പാവപ്പെട്ടവർക്കായി നല്കി. പിന്നീട് ഏകാന്തവാസത്തിനായി അദ്ദേഹം ഈജിപ്തിലെ മരുഭൂമിയിലേക്ക് പോയി.

എ.ഡി. 271-ൽ 21-ാമത്തെ വയസിൽ അദ്ദേഹം സന്യാസജീവിതം ആരംഭിച്ചു. അന്തോണിയോസിന്റെ തീവ്രമായ സന്യാസം അനേകം ആളുകളെ ആകർഷിച്ചു. അനേകർ അദ്ദേഹത്തെ അനുഗമിച്ചു. ധാരാളം ആളുകൾ അദ്ദേഹത്തെ ശ്രവിക്കുവാനും ഉപദേശങ്ങൾ സ്വീകരിക്കുവാനും വന്നുകൊണ്ടിരുന്നു. നാല്പത് വർഷം വനാന്തരങ്ങളിൽ അദ്ദേഹം ഏകാന്തജീവിതം നയിക്കുകയും 105-ാമത്തെ വയസിൽ മരിക്കുകയും ചെയ്തു.

www.malankaralibrary.com

ഈജിപ്തിലെ ലിക്കോപോളിസ് മുതൽ അലക്സാണ്ട്രിയ വരെയുള്ള പ്രദേശങ്ങളിൽ വിശുദ്ധ അന്തോണിയോസിന്റെ ശിഷ്യന്മാർ തനിച്ചും കൂട്ടമായും വസിച്ചിരുന്നു. ആദിമ ക്രിസ്ത്യാനികളുടെ ജീവിതം പിൻതുടരുവാനാഗ്രഹിച്ച അന്തോണിയോസ് സന്യാസജീവിതത്തിന് അടിസ്ഥാനമിടുകയും ധാരാളം വ്യക്തികളെ സന്യാസത്തിലേക്ക് ആകർഷിക്കുകയും ചെയ്തു.

## വിശുദ്ധ പക്കോമിയോസ് (എ.ഡി. 290-346)

ഈജിപ്തിലെ എസ്നാ എന്ന സ്ഥലത്ത് എ.ഡി. 290-ൽ വിജാതീയരായ മാതാപിതാക്കളിൽനിന്നും പക്കോമിയോസ് ജനിച്ചു. റോമൻ സൈന്യത്തിലെ അംഗമായിരുന്ന പക്കോമിയോസ് ക്രിസ്ത്യാനികളുടെ ജീവിതരീതിയിലും സ്വഭാവ ശ്രേഷ്ഠതയിലും ആകൃഷ്ടനാകുകയും ക്രിസ്ത്യാനിയാകുകയും ചെയ്തു. പിന്നീട് സന്യാസജീവിതത്തോട് താത്പര്യം തോന്നിയ അദ്ദേഹം പലെമോൻ എന്ന സന്യാസിയുടെ കീഴിൽ ഏകാന്തജീവിതം ആരംഭിച്ചു. എന്നാൽ സന്യാസികളുടെ കൂട്ടായ ജീവിതമാണ് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടത്. ഈജിപ്തിലെ താബെന്നിസിൽ അദ്ദേഹം ഒരു ആശ്രമം തുടങ്ങി. ക്രമേണ അദ്ദേഹത്തിന്റെ അനുയായികളുടെ സംഖ്യ വർധിച്ചുവന്നു. മരണംവരെ അദ്ദേഹമായിരുന്നു സഭാശ്രേഷ്ഠൻ. സമൂഹജീവിതം എളുപ്പമാക്കുവാൻ അദ്ദേഹം ഒരു നിയമാവലിക്ക് രൂപം കൊടുത്തു. അദ്ദേഹത്തിന്റെ ദീർഘകാല ചിന്തയുടെയും പ്രാർത്ഥനയുടെയും ഫലമായിരുന്നു ഈ നിയമാവലി. നല്ല സന്യാസിയാകുന്നതിന് അനുസരണം, സ്നേഹം, ദാരിദ്ര്യം, ബ്രഹ്മചര്യം, ഭക്തി എന്നിവ ആവശ്യമായ ഘടകങ്ങളാണെന്ന് പക്കോമിയോസ് പഠിപ്പിച്ചു. വേദപുസ്തക പഠനത്തിനും സന്യാസിമാരുടെ വിദ്യാഭ്യാസത്തിനും അദ്ദേഹം പ്രാധാന്യം നല്കി. അദ്ദേഹം രൂപം കൊടുത്ത നിയമങ്ങൾ പില്കാലത്ത് കൂട്ടായ സന്യാസജീവിതത്തെ വളരെ സ്വാധീനിച്ചു.

## വിശുദ്ധ ബസേലിയോസ് (ബേസിൽ) (എ.ഡി. 330-379)

എ.ഡി. 330-ൽ ഒരു ക്രിസ്തീയ കുടുംബത്തിൽ ബസേലിയോസ് ജനിച്ചു. ഉന്നത വിദ്യാഭ്യാസം ആഥൻസിൽ പൂർത്തിയാക്കുകയും സന്യാസത്തെക്കുറിച്ച് പഠിക്കുകയും ചെയ്തു. വിശുദ്ധ പക്കോമിയോസിന്റെ ചിന്താഗതിക്കാരനായിരുന്നു കപ്പഡോഷ്യായിലെ വിശുദ്ധ ബസേലിയോസ്. ഏഷ്യാമൈനറിലും സമീപപ്രദേശങ്ങളിലും അദ്ദേഹം സന്യാസജീവിതം പ്രോത്സാഹിപ്പിച്ചു. സമൂഹമായുള്ള സന്യാസജീവിതം ഏകാന്ത സന്യാസജീവിതത്തെക്കാൾ മെച്ചമാണെന്ന് അദ്ദേഹം കരുതി. തനിയെ താമസിക്കുന്നയാൾക്ക് മറ്റാരുടെ പാദങ്ങളാണ് കഴുകുവാൻ സാധിക്കുക എന്നാണ് അദ്ദേഹം ചോദിക്കുന്നത്. അതിനാൽ സമൂഹജീവിതത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ളതായിരുന്നു അദ്ദേഹത്തിന്റെ നിയമങ്ങൾ. ഭക്ഷണം, ജോലി, പ്രാർത്ഥന മുതലായവ ആശ്രമത്തിൽത്തന്നെ ഒന്നിച്ചു നടത്തുവാൻ തുടങ്ങി. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ അവർ  പാലിച്ചുതുടങ്ങി. ആശുപത്രികൾ, അനാഥമന്ദിരങ്ങൾ, സ്കൂളുകൾ മുതലായവ സ്ഥാപിച്ച് പരോപകാര പ്രവൃത്തികൾ ചെയ്യുവാൻ ആരംഭിച്ചു. ദിവസം ഏഴുപ്രാവശ്യം കൃത്യമായ പ്രാർത്ഥന ഏർപ്പെടുത്തി. എ.ഡി. 360-ൽ കേസറിയായ്ക്കു

www.malankaralibrary.com

സമീപം ബസേലിയോസിന്റെ സന്യാസ ആശ്രമം സ്ഥാപിതമായി. വിശുദ്ധ ബസേലിയോസ് കേസറിയായിലെ മെത്രാപ്പോലീത്താ ആയതിനുശേഷവും സന്യാസം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. സന്യാസത്തിന് അദ്ദേഹം ഒരു നിയമസംഹിതയുണ്ടാക്കി. ബസേലിയോസിന്റെ നിയമസംഹിത എന്നാണിത് അറിയപ്പെടുന്നത്.

## വിശുദ്ധ ബനഡിക്ട് (എ.ഡി. 480-547)

പാശ്ചാത്യ സഭയിലും സന്യാസപ്രസ്ഥാനം ഈ കാലയളവിൽ ആരംഭിച്ചു. വിശുദ്ധ അത്തനാസിയോസ് (373), എവുസേബിയസ് (365), മിലാനിലെ വിശുദ്ധ അംബ്രോസ് (374) എന്നിവരുടെ തണലിലാണ് അവിടെ സന്യാസം വളർന്നുവന്നത്. പാശ്ചാത്യ സന്യാസപ്രസ്ഥാനത്തിലെ പ്രമുഖനായിരുന്നു വിശുദ്ധ ബനഡിക്ട്.




വിശുദ്ധ ബനഡിക്ട് ഒരു ഗുഹയിൽ ഏകാന്തവാസം ആരംഭിച്ചു. അതിനുശേഷം 12 ആശ്രമങ്ങൾ അദ്ദേഹം സ്ഥാപിച്ചു. എ.ഡി. 524-ൽ മോന്തെകസ്സീനോയിൽ ഒരു വലിയ ആശ്രമം സ്ഥാപിച്ചു. ഈ ആശ്രമം ബനഡിക്റ്റൈൻ സന്യാസസമൂഹത്തിന്റെ മാതൃഭവനമായി തീർന്നു. അദ്ദേഹം പുതിയ സന്യാസ നിയമസംഹിതയ്ക്ക് രൂപം കൊടുത്തു. "പാശ്ചാത്യ സന്യാസികളുടെ പാത്രിയർക്കീസ്" എന്ന ബഹുമതി പാശ്ചാത്യലോകം അദ്ദേഹത്തിനു നല്കി.

ബനഡിക്ടിന്റെ നിയമം മഹാനായ ഗ്രിഗറി പാപ്പാ (590-604) അംഗീകരിച്ചു. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം, നിയമപാലനം, ധാർമ്മികനവീകരണം, സന്യാസജീവിതത്തിലുള്ള സ്ഥിരത എന്നീ വ്രതങ്ങൾ സന്യാസജീവിതത്തിൽ അദ്ദേഹം നിർബന്ധമാക്കി. പ്രാർത്ഥന, ജോലി, ആധ്യാത്മികഗ്രന്ഥപാരായണം എന്നിവയായിരുന്നു സന്യാസജീവിതത്തിന്റെ ദിനചര്യ. ആരാധനക്രമത്തിന് ബനഡിക്ടിന്റെ നിയമ സംഹിതയിൽ പ്രത്യേക പ്രാധാന്യം നല്കിയിരുന്നു.

## ആദിമസഭയിലെ സന്യാസരീതികൾ

ആദിമസഭയിൽ മൂന്നുരീതിയിലുള്ള സന്യാസപാരമ്പര്യങ്ങൾ നിലവിൽവന്നു. (1) ഏകാന്ത സന്യാസം: വിശുദ്ധ അന്തോണിയോസ് ആണ് ഈ ജീവിതശൈലിയുടെ ആരംഭകൻ. അദ്ദേഹത്തിന്റെ ജീവിതദർശനവും മാർഗവുമായി ബന്ധപ്പെട്ടതാണ് ഈ രീതി. (2) സമൂഹ സന്യാസം: വിശുദ്ധ പക്കോമിയോസിന്റെ നേതൃത്വത്തിൽ ഈജിപ്തിലെ മരുഭൂമിയിലാരംഭിച്ച് വളർച്ച പ്രാപിച്ച സന്യാസമാർഗമാണിത്. (3) പ്രാർത്ഥ

www.malankaralibrary.com

നയും സാമൂഹ്യസേവനവും തമ്മിൽ ബന്ധപ്പെടുത്തി വിശുദ്ധ ബസേലിയോസ് ഏഷ്യാമൈനറിൽ ആരംഭിച്ച സമ്പ്രദായമാണ് ഇത്. പില്കാലത്തുണ്ടായ എല്ലാ സന്യാസരീതികളും ഈ മൂന്നു ജീവിതശൈലികളുടെ പരസ്പര സങ്കലനമാണ്.

## സന്യാസത്തിന്റെ അന്തഃസത്ത

ദൈവത്തെയും മനുഷ്യരെയും പൂർണമായി സ്നേഹിച്ച് ക്രിസ്തീയ പൂർണത പ്രാപിക്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടവരാണ് സന്യാസികൾ. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ സ്വീകരിച്ച് ദൈവത്തിനും മനുഷ്യസമൂഹത്തിനും ശുശ്രൂഷ ചെയ്യുവാൻ സന്യാസി കടപ്പെട്ടിരിക്കുന്നു. യേശുവിനെപ്പോലെ സ്വയം ത്യജിച്ച് മറ്റുള്ളവർക്കുവേണ്ടി ജീവിക്കുവാനുള്ള വിളിയാണിത്. ആരാധനയ്ക്കും ധ്യാനത്തിനും ജോലിക്കും സേവനത്തിനും പഠനത്തിനുമായി സന്യാസി ജീവിതത്തെ മുഴുവനും സമർപ്പിക്കുന്നു. സന്യാസി തന്റെ പ്രാർത്ഥനയിലൂടെ സഭയെയും സർവലോകത്തെയും ഓർക്കുന്നു. പല സന്യാസിമാരും അവരുടെ സമയം വിശുദ്ധ ഗ്രന്ഥപഠനത്തിനും ഗ്രന്ഥ രചനയ്ക്കുമായി വിനിയോഗിക്കുന്നു. അപ്രകാരം സന്യാസിമാർ രചിച്ച ധാരാളം പുസ്തകങ്ങൾ സഭയുടെ വലിയ സമ്പത്താണ്. വിശുദ്ധ ഗ്രന്ഥത്തിന് പുതിയ പകർപ്പുകൾ എഴുതിയുണ്ടാക്കിയതും പല ഭാഷകളിലേക്ക് വിവർത്തനം ചെയ്തതും സന്യാസിമാരാണ്. അങ്ങനെ സന്യാസ കേന്ദ്രങ്ങൾ കാലക്രമത്തിൽ വലിയ പഠനകേന്ദ്രങ്ങളായി തീർന്നു. സന്യാസിമാർ അനേകം വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിക്കുകയും അറിവിന്റെ മേഖല എല്ലാവർക്കുമായി തുറക്കുകയും ചെയ്തു.

സന്യാസി ദൈവരാജ്യത്തിന്റെ പ്രതീകമായി കരുതപ്പെടുന്നു. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുവാനും എല്ലാവർക്കും മാതൃകയായി തീരുവാനും സന്യാസി വിളിക്കപ്പെട്ടിരിക്കുന്നു. തിന്മയ്ക്കെതിരെ പോരാടുവാനും ഈ ലോകത്തിന്റെ വ്യർത്ഥത ഗ്രഹിച്ച് യഥാർത്ഥ ക്രിസ്തീയതയുടെ പ്രതീകമായി നിലനില്ക്കുവാനും സന്യാസി കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം ആദിമസഭയിലാരംഭിച്ച സന്യാസം സഭയ്ക്കും ലോകം മുഴുവനും നന്മചെയ്തുകൊണ്ട് സഭയിൽ ഇന്നും തുടരുന്നു.

www.malankaralibrary.com

### ആരാധന

സന്യാസജീവിതത്തിനായി തങ്ങളെത്തന്നെ സമർപ്പിക്കുവാൻ അടുത്തുവന്നിരിക്കുന്ന അർത്ഥിനികൾക്ക് അനുഗ്രഹവും വിശുദ്ധിയും ഉണ്ടാകണമെന്നും അവരുടെ ജീവിതത്തിൽ ചെയ്തുപോയിട്ടുള്ള എല്ലാ തെറ്റുകളും മോചിക്കണമെന്നും സന്യാസിനികളുടെ വ്രതവാഗ്ദാനാവസരത്തിലെ സെദറായിൽ ഇപ്രകാരം പ്രർത്ഥിക്കുന്നു:

"കർത്താവേ, സന്യാസജീവിതമാകുന്ന നിന്റെ ആനന്ദകരമായ നുകത്തെ വഹിക്കുന്നതിനായി സന്തോഷപൂർവം തിരുമുമ്പാകെ കഴുത്തു കുനിച്ചുകൊണ്ട് നിനക്ക് വിധേയരായി നിന്റെ അടുക്കൽ വന്നിട്ടുള്ള ഇവരുടെമേൽ കരുണതോന്നി ഇവരെ ആശീർവദിക്കുകയും കാത്തുകൊള്ളുകയും ചെയ്യണമെ. സൗഭാഗ്യപൂർണമായ നിന്റെ ഭവനമാകുന്ന സന്യാസത്തിന് ആഗ്രഹിച്ചുകൊണ്ട് ഇവരിതാ അടുത്തുവന്നിരിക്കുന്നു. ആകയാൽ കർത്താവേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഇവരുടെ ഇതുവരെയുള്ള സകല കുറ്റങ്ങളേയും കല്പനലംഘനങ്ങളേയും മായിച്ചുകളഞ്ഞ് ഇവരിൽ നിനക്ക് പ്രീതിയുണ്ടാകണമെ. നിന്റെ വിശുദ്ധിക്കു സമീപസ്ഥരാകുവാൻ ഇവരിതാ അടുത്തുവരുന്നു. കുറ്റമില്ലാത്ത നടപടികൾ ഇവർക്കുണ്ടാകുവാൻ ഇവരെ അനുഗ്രഹിക്കണമേ".

(സന്യാസിനികളുടെ വ്രതവാഗ്ദാനം)

### ജീവിതസാക്ഷ്യം

യേശുക്രിസ്തുവിനെ പൂർണമായി അനുഗമിക്കുവാനും അനുകരിക്കുവാനും വിളിക്കപ്പെട്ടവരാണു സന്യാസികൾ. ആദിമസഭയിലെ സന്യാസികളുടെ ജീവിതം സഭയ്ക്ക് എന്നും ശക്തി പകരുന്നതായിരുന്നു. അവരുടെ ജീവിതമാതൃക ഉൾക്കൊള്ളുവാൻ നമുക്ക് ശ്രമിക്കാം.

### മനഃപാഠമാക്കുക

"യേശു പറഞ്ഞു: നീ പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക".
(മത്തായി 19:21)

## ചോദ്യങ്ങൾ

1. ആദിമസഭയിലെ സന്യാസജീവിതം എപ്രകാരമായിരുന്നു?
2. ആദിമസഭയിലെ സന്യാസപിതാക്കന്മാരെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
3. സന്യാസത്തിന്റെ അന്തഃസത്തയെപ്പറ്റി വിവരിക്കുക.

www.malankaralibrary.com

പാഠം 7

# ആദ്യത്തെ ഏഴ് സാർവത്രിക സൂനഹദോസുകൾ

1. നിഖ്യാ സൂനഹദോസ് – I (എ.ഡി. 325)
2. കോൺസ്റ്റാന്റിനോപ്പിൾ – I (എ.ഡി. 381)
3. എഫേസോസ് (എ.ഡി. 431)
4. കൽക്കദോനിയാ (കാൽസിഡോൺ) (എ.ഡി. 451)
5. കോൺസ്റ്റാന്റിനോപ്പിൾ – II (എ.ഡി. 553)
6. കോൺസ്റ്റാന്റിനോപ്പിൾ – III (എ.ഡി. 680)
7. നിഖ്യാ – II (എ.ഡി. 787)

സഭാ ജീവിതത്തിൽ സൂനഹദോസുകൾക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. സഭയിൽ പൊതുപ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാൻ സഭാധ്യക്ഷന്മാരുടെ സമ്മേളനം കൂടുക സഭാരംഭം മുതൽ പതിവായിരുന്നു. ശ്ലൈഹിക സഭയിൽതന്നെ ഇതിന് ദൃഷ്ടാന്തം കാണാവുന്നതാണ് (അപ്പസ്തോല പ്രവർത്തനങ്ങൾ 15:1–15). ശ്ലൈഹിക കാലത്തിനു ശേഷം പ്രാദേശിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാദേശികയോഗങ്ങൾ കൂടിയിരുന്നു. ഇപ്രകാരമുള്ള പൊതുവും പ്രാദേശികവുമായ സഭായോഗങ്ങളെ സിനഡുകൾ അഥവാ സൂനഹദോസുകൾ (കൗൺസിലുകൾ) എന്ന് വിളിക്കുന്നു. മെത്രാന്മാരാണ് ഇത്തരം സിനഡുകളിൽ പങ്കെടുത്തിരുന്നത്. ആദ്യനൂറ്റാണ്ടുകളിൽ കൂടിയ ഏഴ് സുപ്രധാന സഭായോഗങ്ങൾ, സാർവത്രിക സൂനഹദോസുകൾ എന്ന് അറിയപ്പെടുന്നു. യോഗങ്ങൾ നടന്ന സ്ഥലത്തിന്റെ പേരുമായി ബന്ധപ്പെടുത്തിയാണ് അവ അറിയപ്പെടുന്നത്. താഴെപ്പറയുന്നവയാണ് ഏഴ് സാർവത്രിക സൂനഹദോസുകൾ (1) നിഖ്യാ–I (325), (2) കോൺസ്റ്റാന്റിനോപ്പിൾ–I (381), (3) എഫേസോസ് (431), (4) കൽക്കദോനിയാ (കാൽസിഡോൺ) (451), (5) കോൺസ്റ്റാന്റിനോപ്പിൾ–II (553), (6) കോൺസ്റ്റാന്റിനോപ്പിൾ–III (680), (7) നിഖ്യാ–II (787).

ഈ ഏഴു കൗൺസിലുകളും റോമൻ സാമ്രാജ്യത്തിന്റെ പൗരസ്ത്യഭാഗത്തുള്ള ഏഷ്യാമൈനറിൽ വച്ചാണ് നടന്നത്. ഇന്നത്തെ തുർക്കിയുടെ പഴയപേരാണ് ഏഷ്യാമൈനർ. റോമൻ സാമ്രാജ്യത്തിലെ പൗരസ്ത്യ ക്രൈസ്തവ സഭയിൽ ഉടലെടുത്ത വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുവാനാണ് ഈ സൂനഹദോസുകൾ കൂടിയത്. പങ്കെടുത്ത മെത്രാന്മാർ മിക്കവരും തന്നെ പൗരസ്ത്യരായിരുന്നു. എന്നാൽ പാശ്ചാത്യസഭയിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തിരുന്നു. അതുപോലെ റോമിലെ മാർപ്പാപ്പാ

www.malankaralibrary.com

യുടെ പ്രതിപുരുഷന്മാരും സാർവത്രിക സൂനഹദോസുകളിൽ സംബന്ധിച്ചിരുന്നു. ഈ സൂനഹദോസുകളിൽ സഭാശിക്ഷണക്രമസംബന്ധമായ കാനോനകൾ പിതാക്കന്മാർ രൂപീകരിച്ചു. സത്യവിശ്വാസം സംരക്ഷിക്കുന്നതിനും സത്യാരാധനയിലൂടെ മനുഷ്യരെ നയിക്കുന്നതിനും പര്യാപ്തമായ പാതകൾ അവർ തെളിച്ചു. അടിസ്ഥാന സത്യങ്ങൾക്കെതിരെ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകളെ പിതാക്കന്മാർ സൂനഹദോസുകളിൽ നേരിട്ടു. സത്യവിശ്വാസത്തിൽ മായം ചേർക്കുവാൻ പാടില്ല എന്ന ചിന്ത അവരെ ഭരിച്ചിരുന്നതിനാൽ, ഒത്തുതീർപ്പുകൾക്കൊന്നും അവർ സന്നദ്ധരായിരുന്നില്ല.

## 1. നിഖ്യാ സൂനഹദോസ് - I (എ.ഡി. 325)

ബിഥീനിയായിലെ നിഖ്യായുടെ ഇന്നത്തെ പേര് തുർക്കിയിലെ ഇസ്നിക് എന്നാണ്. നിഖ്യായിലെ സഭായോഗമാണ് സഭയിലെ ആദ്യത്തെ സാർവത്രിക സൂനഹദോസ്. 318 പേർ പങ്കെടുത്തു എന്നാണ് പൊതുവെ പറയപ്പെടുന്നത്. ആരിയൂസ് (Arios) എന്ന അലക്സാണ്ട്രിയൻ വൈദികന്റെ അബദ്ധോപദേശത്തെ എതിർത്ത് സത്യവിശ്വാസം പഠിപ്പിക്കുവാനാണ് ഈ സിനഡ് കൂടിയത്. പുത്രൻതമ്പുരാന്റെ ദൈവത്വം നിഷേധിക്കുന്നതാണ് ആരിയൂസിന്റെ പാഷണ്ഡത. പുത്രൻ സൃഷ്ടിയാണെന്നും സത്തയിൽ പിതാവിന് തുല്യനല്ലെന്നും പുത്രനില്ലാത്ത ഒരു സമയം ഉണ്ടായിരുന്നെന്നും ആരിയൂസ് ദൈവപുത്രനെപ്പറ്റി ദൂഷണം പഠിപ്പിച്ചു. ഈ പാഷണ്ഡതയ്ക്കെതിരായിട്ടാണ് കോൺസ്റ്റന്റെയിൻ ചക്രവർത്തി (+337) നിഖ്യായിൽ സൂനഹദോസ് വിളിച്ചുകൂട്ടിയത്. പിതാവിനും പുത്രനും 'ഒരേ സത്ത'യാണ് എന്ന് പഠിപ്പിച്ചുകൊണ്ട് സിനഡ് പുത്രൻ തമ്പുരാന്റെ ദൈവത്വം പ്രഖ്യാപിച്ചു. പ്രസ്തുത ആശയം ഉൾപ്പെടുത്തി അവർ ഒരു വിശ്വാസപ്രമാണവും ഈ സൂനഹദോസിന്റേതായി പ്രസിദ്ധീകരിച്ചു. കൂടാതെ ഇരുപതു കാനോനകളും ക്രോഡീകരിച്ചുകൊണ്ട് വൈദിക സ്ഥാനികളുടെ ബ്രഹ്മചര്യം, ഉയിർപ്പ് പെരുന്നാൾ എന്നീ സുപ്രധാന വിഷയങ്ങളും ചർച്ചചെയ്തു. സത്യവിശ്വാസത്തിന്റെ രത്നചുരുക്കം രൂപീകരിക്കുകയും ആരിയൂസിനെ സഭയിൽനിന്ന് ബഹിഷ്ക്കരിക്കുകയും ചെയ്തതിനുശേഷം സിനഡ് പിരിഞ്ഞു.

## 2. കോൺസ്റ്റാന്റിനോപ്പിൾ - I (എ.ഡി. 381)

നിഖ്യാ സൂനഹദോസോടുകൂടി ആരിയൻ പാഷണ്ഡത കെട്ടടങ്ങിയില്ല. വിവിധ രൂപഭാവങ്ങളിൽ അത് റോമൻ സാമ്രാജ്യത്തിലെ പല സഭകളിലും തുടർന്നു. ദൈവശാസ്ത്രപദങ്ങളുടെ അർത്ഥക്ലിപ്തത ഇല്ലായ്മയായിരുന്നു ഇതിന് ഒരു കാരണം. കപ്പഡോഷ്യൻ പിതാക്കന്മാർ എന്നറിയപ്പെടുന്ന വിശുദ്ധ ബസേലിയോസ് (+379), വിശുദ്ധ ഗ്രിഗറി നസ്യാൻസൻ (+390), വിശുദ്ധ ഗ്രിഗറി നിസ്സാ (+394) എന്നിവർ ദൈവശാസ്ത്രപദങ്ങൾക്ക് അർത്ഥക്ലിപ്തത നല്കി. അവരുടെ ദൈവശാസ്ത്രസംഭാവനകളും സ്നേഹനിർഭരമായ പ്രവർത്തനങ്ങളും കൊണ്ട് ആരിയൻ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസോടുകൂടി ആരിയനിസം കെട്ടടങ്ങി. ഏക ദൈവത്തിൽ ഏകസത്തയും, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളുകളും ഉണ്ടെന്ന് വ്യക്തമാക്കപ്പെട്ടു. കോൺസ്റ്റാന്റിനോപ്പിൾ സൂനഹ

www.malankaralibrary.com

ദോസ് 381-ൽ വിളിച്ചുകൂട്ടിയത് തിയഡോഷ്യസ് ഒന്നാമൻ ചക്രവർത്തിയാണ് (379-395). കപ്പഡോഷ്യൻ പിതാക്കന്മാരുടെ ദൈവശാസ്ത്ര സംഭാവനകളുടെ വെളിച്ചത്തിൽ അവിടെ കൂടിയ 150 പിതാക്കന്മാർ ഒരു വിശ്വാസപ്രമാണം പ്രസിദ്ധീകരിച്ചു. നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എന്നറിയപ്പെടുന്നതും സഭകളെല്ലാം പൊതുവെ ഉപയോഗിക്കുന്നതും ഈ വിശ്വാസപ്രമാണമാണ്. പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെപ്പറ്റി സംശയിച്ചവർക്കെതിരെയുള്ള പദപ്രയോഗങ്ങൾ ഈ വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർക്കപ്പെട്ടു.

## 3. എഫേസോസ് (എ.ഡി. 431)

എഫേസോസിൽവച്ച് 431-ൽ കൂടിയ സഭായോഗമാണ് സഭാചരിത്രത്തിലെ മൂന്നാമത്തെ സൂനഹദോസ്. ക്രിസ്തു ഏക വ്യക്തിയാണ് എന്ന സത്യത്തിന്റെ പ്രഘോഷണമാണ് അവിടെ നടന്നത്. തിയഡോഷ്യസ്-II ചക്രവർത്തിയാണ് ഈ സിനഡ് വിളിച്ചുകൂട്ടിയത്. അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിൽ ഈ സിനഡിൽ നേതൃത്വം വഹിക്കുകയും അലക്സാണ്ട്രിയായിൽ ഉടലെടുത്ത ദൈവശാസ്ത്രവിശകലനത്തിന്റെ വെളിച്ചത്തിൽ ചർച്ചകൾ നിയന്ത്രിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. അന്ത്യോക്യൻ ദൈവശാസ്ത്ര ചിന്തകൾ വിസ്മരിച്ചുകളഞ്ഞു എന്ന പോരായ്മ ഈ സിനഡിനുണ്ടായി. അതുകൊണ്ട് സഭയിൽ വലിയൊരു വിഭജനത്തിന് ഈ കൗൺസിൽ കളമൊരുക്കി. സഭയിൽ അലക്സാണ്ട്രിയാക്കാരും അന്ത്യോക്യാക്കാരും രണ്ടു ചേരികളിലായി തിരിയുന്നതിന് ഇത് കാരണമായി. രണ്ടുകൂട്ടരും സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടവരായിരുന്നു. എന്നാൽ വ്യത്യസ്ത ചിന്താശൈലി സ്വാംശീകരിച്ച ഇരുകൂട്ടരും പരസ്പരം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു. ഇന്നും നിലനില്ക്കുന്ന പിളർപ്പ് എഫേസോസ് കൗൺസിലിന്റെ പേരിൽ ഉടലെടുത്തതാണ്. എന്നാൽ നാം ജീവിക്കുന്ന ഈ കാലയളവിൽ, എഫേസോസിലെ ഇരുവിഭാഗങ്ങളെയും കുറേക്കൂടി വസ്തുനിഷ്ഠമായി കാണുവാൻ സാധിക്കുന്നു. അലക്സാണ്ട്രിയാക്കാർ ഏക വ്യക്തിത്വത്തിനും അന്ത്യോക്യാക്കാർ രണ്ടു സ്വഭാവങ്ങൾക്കും ഊന്നൽ കൊടുത്തു. രണ്ടു കൂട്ടരും സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടു. എന്നാൽ പരസ്പരം മനസ്സിലാക്കുവാൻ അവർക്കു കഴിയാതെ പോയി. യേശുവിന് ദൈവികവും മാനുഷികവുമായ രണ്ട് വ്യക്തിത്വം ഉണ്ടെന്നും മനുഷ്യനായ യേശുവിന്റെ അമ്മ മാത്രമാണ് കന്യകമറിയാമെന്നും അതിനാൽ കന്യകമറിയാമിനെ ദൈവമാതാവ് എന്നല്ല യേശുവിന്റെ അമ്മ എന്നു വിളിക്കണമെന്നും നെസ്തോറിയൂസ് പഠിപ്പിച്ചു. ഇതിനെ നെസ്തോറിയൻ പാഷണ്ഡത എന്നു പറയുന്നു. ഇതിനെ ഈ സൂനഹദോസ് തള്ളിപ്പറഞ്ഞു.

## 4. കൽക്കദോനിയാ (കാൽസിഡോൺ) (എ.ഡി. 451)

ക്രിസ്തുനാഥന്റെ ഏക വ്യക്തിത്വവും രണ്ടു സ്വഭാവങ്ങളും ഒരുപോലെ ഊന്നിപ്പറഞ്ഞുകൊണ്ട് അന്ത്യോക്യൻ, അലക്സാണ്ട്രിയൻ എന്നീ രണ്ട് ചിന്താധാരകളെ കോർത്തിണക്കുവാനുള്ള ഒരു പരിശ്രമമാണ് കാൽസിഡോണിൽ നടന്നത്. എന്നാൽ അലക്സാണ്ട്രിയൻ ചിന്താധാര മാത്രമേ സത്യവിശ്വാസത്തിന്റെ അവതരണരൂപമാകൂ എന്ന് അവർ

www.malankaralibrary.com

ശഠിച്ചു. അങ്ങനെ യേശുവിന്റെ രണ്ട് സ്വഭാവങ്ങൾ ഒന്നുചേർന്ന് യേശുവിൽ ഒരു സ്വഭാവവും ഒരു വ്യക്തിയും മാത്രമാണ് ഉള്ളതെന്ന് അവർ പഠിപ്പിച്ചു. ഏകസ്വഭാവവാദം എന്ന ഈ പാഷണ്ഡതയെ കാൽസിഡോൺ സൂനഹദോസ് തള്ളിപ്പറഞ്ഞു. യേശുവിൽ ഒരു വ്യക്തിയും രണ്ട് സ്വഭാവവും ഉണ്ടെന്ന് ഈ സൂനഹദോസ് പഠിപ്പിച്ചു. കാൽസിഡോൺ തിരസ്കരിച്ച ഏകസ്വഭാവവാദികൾ പിന്നീട് യാക്കോബായക്കാർ എന്നറിയപ്പെട്ടു. യാക്കോബായസഭയിൽപ്പെട്ട മാർ ഗ്രിഗോറിയോസ് എന്ന മെത്രാൻ 17-ാം നൂറ്റാണ്ടിൽ ഭാരതത്തിൽ വരികയും വിഘടിച്ച് നിന്ന പുത്തൻകൂറ്റുകാരെ സംഘടിപ്പിച്ച് യാക്കോബായ സഭാസമൂഹത്തിന് രൂപം കൊടുക്കുകയും ചെയ്തു.

## 5. കോൺസ്റ്റാന്റിനോപ്പിൾ – II (എ.ഡി. 553)

എഫേസോസ് സിനഡിനെപ്പോലെ ഈ സിനഡും യേശുക്രിസ്തുവിന്റെ ഏകവ്യക്തിത്വത്തെ ഊന്നിപ്പറഞ്ഞു. ജസ്റ്റീനിയൻ ചക്രവർത്തിയാണ് ഇത് വിളിച്ചുകൂട്ടിയതും മേധാവിത്വം പുലർത്തിയതും. എന്നാൽ ഈ സിനഡും അന്ത്യോക്യൻ ദൈവശാസ്ത്ര ചിന്തകളെ അവഗണിക്കുകയും അലക്സാണ്ട്രിയൻ ചിന്താധാര മാത്രം സ്വീകരിക്കുകയും ചെയ്തു. കൂടാതെ അന്ത്യോക്യൻ ചിന്തയുടെ വക്താക്കൾക്കെതിരെ നടപടി എടുത്തതു മൂലം സഭയിൽ ഒരു വലിയ പിളർപ്പിന് ഈ സിനഡും കാരണമായി. മൺമറഞ്ഞുപോയ പിതാക്കന്മാർ ശപിക്കപ്പെട്ടു എന്നതൊഴിച്ചാൽ മറ്റ് കാര്യമായ നേട്ടം ഉണ്ടാക്കുവാൻ ജസ്റ്റീനിയന് കഴിഞ്ഞില്ല. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന് എതിരെയുള്ള ശാശ്വതമായ വിധിവാചകമാണ് ഈ സിനഡിൽ നടന്നത്.

## 6. കോൺസ്റ്റാന്റിനോപ്പിൾ – III (എ.ഡി. 680)

ക്രിസ്തുവിന് മനുഷ്യസ്വഭാവവും ദൈവസ്വഭാവവും ഉള്ളതിനാൽ ക്രിസ്തുവിന് ദൈവികമായ ഇച്ഛയും മാനുഷികമായ ഇച്ഛയും ഉണ്ടെന്ന കാര്യം ഈ സിനഡ് സ്പഷ്ടമാക്കി. യാക്കോബായക്കാരെ കത്തോലിക്കരുമായി ഒന്നിപ്പിക്കുവാൻ ബൈസന്റെയിൻ ചക്രവർത്തിമാർ ഏകേച്ഛാവാദം (മോണോതെലിറ്റിസം) എന്ന അബദ്ധോപദേശം അവതരിപ്പിച്ചു. ഇതിന് എതിരായിട്ടായിരുന്നു മേല്പറഞ്ഞ സിനഡ്. ക്രിസ്തുവിൽ രണ്ട് ഇച്ഛകളും രണ്ടുതരം പ്രവർത്തനങ്ങളും ഉണ്ടെന്ന് സിനഡ് വ്യക്തമാക്കി. കാൽസിഡോൺ സിനഡിന്റെ തുടർച്ചയാണ് ഈ സിനഡ്. രണ്ട് സ്വഭാവങ്ങൾ ഉണ്ടെങ്കിൽ രണ്ട് ഇച്ഛകളും രണ്ടുതരം പ്രവർത്തനങ്ങളും ഉണ്ട്. ദൈവമനുഷ്യനിൽ ഇവ രണ്ടും ഒന്നിച്ചിരിക്കുന്നു.

## 7. നിഖ്യാ – II (എ.ഡി. 787)

ഛായാചിത്രങ്ങൾ തകർക്കൽ (ഐക്കണോക്ലാസം) എന്നറിയപ്പെടുന്ന അബദ്ധപ്രബോധനം സുശക്തമായപ്പോൾ, അതിന് എതിരെ കൂടിയതാണ് ഈ സിനഡ്. പ്രതിഛായകളുടെ നിർമാണവും വണക്കവും സഭാപാരമ്പര്യത്തിൽപെട്ടതാണെന്ന് വ്യക്തമാക്കി. ദൈവപുത്രന്റെ മാനുഷിക മുഖമാണ് പ്രതിഛായകളിലൂടെ അവതരിപ്പിക്കുന്നത്. നമ്മുടെ രക്ഷയ്ക്കായി മനുഷ്യനായിത്തീർന്ന ദൈവത്തിൽ അതു നമ്മെ എത്തിക്കും എന്നും ഈ സൂനഹദോസ് പഠിപ്പിച്ചു.

www.malankaralibrary.com

## ആരാധന

വിശുദ്ധ കുർബാനയിലെ മധ്യസ്ഥ പ്രാർത്ഥനയിൽ സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ച സൂനഹദോസുകളെ അനുസ്മരിക്കുന്നു:

"കർത്താവേ, വിശുദ്ധ സൂനഹദോസുകളിൽ നിർണയിക്കപ്പെട്ട സത്യവിശ്വാസമാകുന്ന പാറമേൽ കരുണാപൂർവം ഞങ്ങളെല്ലാവരെയും ഉറപ്പിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും".

## ജീവിതസാക്ഷ്യം

സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ വിശ്വാസ വൈപരീത്യങ്ങൾ ഉണ്ടായപ്പോൾ അവയെ നേരിടുന്നതിന് സാർവത്രിക സൂനഹദോസുകൾക്ക് സാധിച്ചു. നാം ജീവിക്കുന്ന കാലഘട്ടത്തിൽ വിശ്വാസ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അവയെ തരണം ചെയ്യുന്നതിന് പ്രാർത്ഥനകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും നമുക്കു പരിശ്രമിക്കാം.

### മനഃപാഠമാക്കുക

"കർത്താവേ, അങ്ങയുടെ മാർഗങ്ങൾ എനിക്കു മനസ്സിലാക്കിത്തരേണമേ! അങ്ങയുടെ പാതകൾ എന്നെ പഠിപ്പിക്കേണമേ! അങ്ങയുടെ സത്യത്തിലേക്ക് എന്നെ നയിക്കേണമേ! എന്നെ പഠിപ്പിക്കേണമേ! എന്തെന്നാൽ, അങ്ങാണല്ലോ എന്നെ രക്ഷിക്കുന്ന ദൈവം".
(സങ്കീർത്തനങ്ങൾ 25:4-5)

## ചോദ്യങ്ങൾ

1. ആദ്യത്തെ ഏഴ് സാർവത്രിക സൂനഹദോസുകൾ ഏവ?
2. നോട്ടുകുറിക്കുക.
   1. നിഖ്യാ I
   2. കോൺസ്റ്റാന്റിനോപ്പിൾ I
   3. എഫേസോസ്
   4. കൽക്കദോനിയ

www.malankaralibrary.com

# മധ്യയുഗത്തിലെ സഭ



***ചാർലിമെയിൻ ചക്രവർത്തി***

എട്ടാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള സഭയുടെ ചരിത്രമാണ് മധ്യയുഗത്തിലെ സഭയെന്ന പേരിൽ ഈ പാഠത്തിൽ വിവരിച്ചിരിക്കുന്നത്. സഭയും രാഷ്ട്രവും, സഭയും ഫ്യൂഡലിസവും, ഇരുണ്ടയുഗവും നവോത്ഥാനവും, ശിക്ഷണ നടപടികൾ, കുരിശുയുദ്ധങ്ങൾ, മാർപ്പാപ്പാമാർ അവിഞ്ഞോണിൽ എന്നീ വിഷയങ്ങളാണ് ഈ പാഠത്തിൽ ചുരുക്കി അവതരിപ്പിച്ചിരിക്കുന്നത്.

## സഭയും രാഷ്ട്രവും (പേപ്പൽ സ്റ്റേറ്റ്)

എ.ഡി. 313-ൽ കോൺസ്റ്റന്റെയിൻ ചക്രവർത്തിയുടെ കാലത്ത് മിലാൻ വിളംബരത്തോടെ സഭ സ്വതന്ത്രയായപ്പോൾ സഭ യ്ക്ക് എല്ലാവിധ ആനുകൂല്യങ്ങളും ലഭിച്ചു. വസ്തുവകകൾ കൈവശം വയ്ക്കുവാനുള്ള പ്രത്യേക അവകാശം സഭയ്ക്ക് ലഭിച്ചു. ചക്രവർത്തിമാരും ഉദാരമതികളായ പ്രഭുക്കന്മാരും സഭയ്ക്ക് ധാരാളം ഭൂപ്രദേശങ്ങൾ ദാനം ചെയ്തു. അങ്ങനെ ഇറ്റലിയിലെ പല സ്ഥലങ്ങളും മാർപ്പാപ്പായുടെ അധീനതയിലായി. പേപ്പൽ സ്റ്റേറ്റിന്റെ ആരംഭമായി ഇത് കരുതപ്പെടുന്നു.

ലൊമ്പാർഡുകൾ എന്നറിയപ്പെടുന്ന ജർമൻ വംശജർ എ.ഡി. 568-ൽ ഇറ്റലിയുടെ വടക്കുഭാഗത്തുനിന്നും ഇറ്റലിയെ ആക്രമിച്ചു. അന്ന് ഇറ്റലി ബൈസന്റെയിൻ സാമ്രാജ്യത്തിലായിരുന്നു. ലൊമ്പാർഡുകളുടെ ആക്രമണത്തെ നേരിടുവാൻ ചക്രവർത്തിക്കു കഴിഞ്ഞില്ല. അതിനാൽ ഇറ്റലിയിലെ ജനങ്ങൾ മാർപ്പാപ്പായെ അഭയം പ്രാപിച്ചു. മാർപ്പാപ്പാ ഇറ്റലിയ്ക്കു നേതൃത്വം നല്കുവാൻ മുമ്പോട്ടുവന്നു. ലൊമ്പാർഡുകളുടെ ആക്രമണത്തെ മാർപ്പാപ്പാ തടഞ്ഞതിനാൽ മാർപ്പാപ്പായുടെ സ്വാധീനം ഇറ്റലിയിൽ വർധിച്ചുവന്നു.

കോൺസ്റ്റാന്റിനോപ്പിളിലെ ചക്രവർത്തിമാരാണ് ഇറ്റലി ഭരിച്ചുകൊണ്ടിരുന്നത്. എ.ഡി. 717 മുതൽ 790 വരെ കോൺസ്റ്റാന്റിനോപ്പിൾ ചക്രവർത്തിയായിരുന്ന ലെയോ മൂന്നാമൻ

www.malankaralibrary.com

മതകാര്യങ്ങളിൽ കൈകടത്തുവാൻ തുടങ്ങി. വിഗ്രഹാരാധനയെ ഭയന്ന് ക്രിസ്തുവിന്റെയും വിശുദ്ധരുടെയും രൂപങ്ങൾ നശിപ്പിക്കുകയും രൂപങ്ങൾ വണങ്ങുന്നത് നിരോധിക്കുകയും ചെയ്തു. എന്നാൽ ചക്രവർത്തിയുടെ തീരുമാനം മാർപ്പാപ്പാ അംഗീകരിച്ചില്ല. 787-ലെ രണ്ടാം നിഖ്യാ കൗൺസിൽ വിശുദ്ധരുടെ പ്രതിമകൾ വണങ്ങുന്നത് തെറ്റല്ലെന്ന് പഠിപ്പിച്ചു. ഇത് ഇറ്റലിയും കോൺസ്റ്റാന്റിനോപ്പിളും തമ്മിൽ അകലുവാൻ ഇടയാക്കി. ഇതുവഴി മാർപ്പാപ്പായുടെ സഭാപരവും രാഷ്ട്രീയവുമായ അധികാരം ഉറപ്പിക്കുവാൻ സാധിച്ചു.

ലൊമ്പാർഡുകളുടെ ഭീഷണി ശക്തമായിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ ഫ്രാൻസിലെ രാജാവായ പെപ്പിനെയാണ് മാർപ്പാപ്പാ ആശ്രയിച്ചത്. സക്കറിയാസ് മാർപ്പാപ്പായും (741-752) സ്റ്റീഫൻ മാർപ്പാപ്പായും (752-757) ഫ്രാൻസിലെ രാജാവായ പെപ്പിനെ അംഗീകരിച്ചു. അങ്ങനെ ബൈസന്റെയിൻ രാജാവുമായും കോൺസ്റ്റാന്റിനോപ്പിളുമായുമുള്ള ബന്ധം മാർപ്പാപ്പാ വിച്ഛേദിച്ചു. പെപ്പിൻ ലൊമ്പാർഡുകളെ തോല്പിച്ച് ധാരാളം നഗരങ്ങളുടെയും ഭൂപ്രദേശത്തിന്റെയും അധികാരം മാർപ്പാപ്പായ്ക്ക് നല്കി. മാർപ്പാപ്പായ്ക്ക് ഈ സ്ഥലങ്ങളുടെമേൽ സർവ അധികാരം നല്കുന്നതും ഭാവിയിൽ എല്ലാസഹായവും ചെയ്തുകൊള്ളാമെന്ന വാഗ്ദാനം അടങ്ങുന്നതുമായ ഒരു പ്രമാണരേഖ തയ്യാറാക്കി. ഇത് 'പെപ്പിന്റെ ദാനം' എന്നറിയപ്പെടുന്നു. പിന്നീട് കൂടുതൽ പ്രദേശങ്ങളിൽ മാർപ്പാപ്പായ്ക്ക് അധികാരം ലഭിച്ചു. അങ്ങനെ പേപ്പൽ സ്റ്റേറ്റ് എന്ന സ്വതന്ത്രരാജ്യം മാർപ്പാപ്പായുടെ പേരിൽ നിലവിൽ വന്നു. മാർപ്പാപ്പാ ഒരേ സമയം ആത്മീയ അധികാരിയും രാഷ്ട്രീയ അധികാരിയുമായിത്തീർന്നു.

## ചാർലിമെയിനും സഭയും

പെപ്പിന്റെ മകനായ ചാർലിമെയിന്റെ കാലത്ത് സഭയും രാജാവുമായുള്ള ബന്ധം ശക്തിപ്പെട്ടു. സഭയുടെയും രാഷ്ട്രത്തിന്റെയും നടത്തിപ്പ് രാജാവ് ഏറ്റെടുത്തു. സഭാഭരണം സുഗമമാക്കുവാൻ അദ്ദേഹം വളരെ നല്ല കാര്യങ്ങൾ ചെയ്തു. അക്രൈസ്തവ പാരമ്പര്യങ്ങളെ നിരോധിക്കുകയും ക്രിസ്തുമതത്തിന് എല്ലായിടത്തും ഐകരൂപ്യമുണ്ടാക്കുവാൻ നിയമങ്ങൾ രൂപീകരിക്കുകയും ചെയ്തു. എ.ഡി. 800-ൽ ലെയോ മൂന്നാമൻ (795-816) ചാർലിമെയിന്റെ മേധാവിത്വം പൂർണമായി അംഗീകരിച്ചു. ലെയോ മാർപ്പാപ്പാ ചാർലിമെയിനെ റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായി കിരീടം അണിയിച്ചു. നഷ്ടപ്പെട്ട റോമാ സാമ്രാജ്യത്തിന്റെ പുനരുദ്ധാരണമായിരുന്നു അത്. ഇതുവഴി യൂറോപ്പ് മുഴുവനിലും മാർപ്പാപ്പായ്ക്കുള്ള ആത്മീയ അധികാരവും ചക്രവർത്തിക്കുള്ള ഭൗതിക അധികാരവും അംഗീകരിക്കപ്പെട്ടു. റോമൻ ചക്രവർത്തിയെ മാർപ്പാപ്പാ അംഗീകരിക്കുകയും കിരീടം ധരിപ്പിക്കുകയും ചെയ്യണമെന്നും റോമൻ ചക്രവർത്തി സഭയുടെ സംരക്ഷകനായിരിക്കുമെന്നുമുള്ള ധാരണ ഇക്കാലത്ത് ഉണ്ടായി.

സമൂഹത്തെ ശത്രുക്കളിൽനിന്നു സംരക്ഷിക്കുന്നതിനും സഭയിൽനിന്നും രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കുന്നതിനും വേണ്ടി നല്ല ഉദ്ദേശ്യത്തോടെയാണ് പേപ്പൽ സ്റ്റേറ്റിന് തുടക്കമിട്ടത്. എന്നാൽ മാർപ്പാപ്പായ്ക്ക് സ്വന്തമായ അധികാര വലയം സൃഷ്ടിക്കുവാനും

www.malankaralibrary.com

രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുവാനും പേപ്പൽ സ്റ്റേറ്റ് ഇടയാക്കി. ആത്മീയവും രാഷ്ട്രീയവുമായ അധികാരം സഭയ്ക്ക് ഉണ്ടായിരുന്നതിനാൽ സഭാധികാരികളുടെ ശ്രദ്ധ ആത്മീയ കാര്യങ്ങളെക്കാളുപരി ഭൗതിക കാര്യങ്ങളിലേക്ക് തിരിയുവാൻ തുടങ്ങി. പാപ്പാസ്ഥാനത്തിനായി ആളുകൾ മത്സരിക്കുവാൻ ആരംഭിച്ചു. രാഷ്ട്രീയ അധികാരം ലഭിച്ചതോടുകൂടി മെത്രാന്മാരും വൈദികരും ആഡംബരജീവിതത്തിലേക്ക് തിരിഞ്ഞു. അവർ രാജകീയ സ്ഥാനങ്ങൾ വഹിക്കുകയും രാജകീയ പ്രൗഢിയുള്ള വേഷവിധാനങ്ങൾ അണിയുകയും ചെയ്തിരുന്നു.

## സഭയും ഫ്യൂഡലിസവും

എ.ഡി. 814-ൽ ചാർലിമെയിൻ ചക്രവർത്തി മരിച്ചു. അതിനുശേഷമുള്ള 200 വർഷക്കാലം സഭയുടെ ഇരുളടഞ്ഞ കാലഘട്ടമായി കരുതുന്നു. ഇക്കാലത്ത് ഫ്യൂഡൽ വ്യവസ്ഥിതി ആരംഭിച്ചു. റോമൻ സാമ്രാജ്യം ചെറുരാജ്യങ്ങളായി വിഭജിക്കപ്പെട്ടു. ഭരണം ജന്മിമാരായ ഫ്യൂഡൽ പ്രഭുക്കന്മാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. സ്വന്തമായി ഭൂമിയുള്ളവരെല്ലാം അവരവരുടെ പ്രദേശങ്ങളിൽ സ്വയംശാസനാധികാരമുള്ള ഭരണാധികാരികളായി മാറി.

ഫ്യൂഡൽ വ്യവസ്ഥിതി ശക്തിപ്രാപിച്ചപ്പോൾ അത് സഭയെ സാരമായി ബാധിച്ചു. പള്ളിയും പള്ളിവക സ്വത്തുക്കളും ജന്മിമാരുടെയും പ്രഭുക്കന്മാരുടെയും അധീനതയിലായി. സഭയും സഭാസ്ഥാപനങ്ങളും പ്രഭുക്കന്മാർക്ക് ധനാഗമ മാർഗങ്ങളായി. മാർപ്പാപ്പാസ്ഥാനത്തേക്ക് വടംവലി ഉണ്ടായി. എ.ഡി. 867-നും 1048-നും ഇടയിൽ ഒമ്പത് മാർപ്പാപ്പാമാർ ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഇപ്രകാരം അരാജകത്വം നിറഞ്ഞ കാലഘട്ടമായിരുന്നു അത്. മാർപ്പാപ്പാമാരുടെ തിരഞ്ഞെടുപ്പിൽ പ്രഭുക്കന്മാരും രാജാക്കന്മാരും സ്വാധീനം ചെലുത്തി. സഭാധികാരികൾക്ക് പ്രഭുക്കന്മാരുടെ ഇഷ്ടാനുവർത്തികളാകേണ്ടിവന്നു. സഭയുടെ വരുമാനം പ്രഭുക്കന്മാരും രാജാക്കന്മാരും കൈയടക്കി. സഭയുടെ ആധ്യാത്മിക സ്വഭാവം ഇക്കാലത്ത് കുറെയൊക്കെ നഷ്ടമായി; ക്രൈസ്തവ ചൈതന്യത്തിന് മങ്ങലേല്ക്കുകയുണ്ടായി. സഭാധികാരികളുടെ ജീവിതം വലിയ പരാജയമായിരുന്നു. ഇവയെല്ലാം സഭയുടെ മാനുഷിക വശത്തെയാണ് സൂചിപ്പിക്കുന്നത്. സഭയ്ക്ക് ദൈവിക വരമുള്ളതിനാലാണ് സഭ പതറാതെ നില്ക്കുന്നത്. മാനുഷിക ബലഹീനതയിൽ അധഃപതിച്ച സഭ വീണ്ടും പ്രത്യാശയിലേക്കും നന്മയിലേക്കും വളർന്നുവന്നു.

## മധ്യയുഗത്തിലെ സഭയുടെ നവോത്ഥാനം

മധ്യയുഗത്തിലെ അധഃപതിച്ച സഭയെ നവീകരിക്കുന്നതിനായി ആദ്യം മുന്നോട്ടുവന്നത് സന്യാസപ്രസ്ഥാനങ്ങളാണ്. ഫ്രാൻസിലെ ക്ളൂണി എന്ന സ്ഥലത്ത് എ.ഡി. 910-ൽ സ്ഥാപിതമായ ഒരു സന്യാസവിഭാഗം ക്ളൂണിയൻ പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെട്ടു. കാലക്രമത്തിൽ ക്ളൂണിയൻ ആശ്രമം നവീകരണ പ്രസ്ഥാനങ്ങളുടെ കേന്ദ്രമായിത്തീർന്നു. സഭാധികാരികളെ സഹായിക്കുന്നതിൽ ക്ളൂണി സന്യാസികൾ വളരെ ശ്രദ്ധിച്ചിരുന്നു. വളരെ കർക്കശങ്ങളായ നിയമങ്ങളോടുകൂടിയ ആശ്രമം സ്ഥാപിക്കുന്നതിന് അവർ താത്പര്യം കാണിച്ചു. അധ്വാനങ്ങളിൽനിന്നും ഒഴിഞ്ഞ് പ്രാർത്ഥനയിലും

www.malankaralibrary.com

ധ്യാനത്തിലും അവർ ജീവിതം ചെലവഴിച്ചു. ഇവരുടെ നവീകരണ ചിന്തകൾ മറ്റു സന്യാസ ആശ്രമങ്ങളിലും സഭയിലും പ്രചോദനമായി.

ആശ്രമനവീകരണത്തിന്റെ തുടർച്ചയായി മാർപ്പാപ്പാമാരുടെ നേതൃത്വത്തിലും നവീകരണം നടന്നു. ഇതിനു തുടക്കംകുറിച്ചത് ലെയോ ഒമ്പതാമൻ മാർപ്പാപ്പായാണ് (1049-1054). അദ്ദേഹത്തെ തുടർന്ന് പല പാപ്പാമാരും നവീകരണത്തിന് നേതൃത്വം വഹിച്ചു. ഈ കാലഘട്ടത്തിൽ സഭയെ ആത്മീയമായി മോചിപ്പിക്കുവാൻ സ്വയം സമർപ്പിച്ചവരായിരുന്നു വിശുദ്ധ ഫ്രാൻസിസ് അസ്സീസി, വിശുദ്ധ ബർണാർഡ്, വിശുദ്ധ ക്ലാര, വിശുദ്ധ ഡൊമിനിക് ഗുഡ്മാൻ തുടങ്ങിയവർ. ഇവർ ആരംഭിച്ച സന്യാസ ആശ്രമങ്ങൾ സഭയെ വളരെയധികം ശക്തിപ്പെടുത്തി.

## ശിക്ഷണ നടപടികൾ (Inquisition)

സഭാനവീകരണത്തിനായി ഇൻക്വിസിഷൻ എന്ന പേരിൽ സഭയിൽ ശിക്ഷണനടപടികൾ ഉണ്ടായി. സഭയ്ക്കുള്ളിലെ തെറ്റായ പ്രബോധനങ്ങൾ നിരോധിക്കുക, വിശ്വാസത്തിനെതിരായ പ്രവൃത്തികൾ കണ്ടുപിടിക്കുക, മതദ്രോഹപ്രവർത്തനങ്ങൾ നിരോധിക്കുക, കുറ്റക്കാരെ ശിക്ഷിക്കുക, മതവിശ്വാസത്തിനെതിരായ ഗ്രന്ഥങ്ങൾ നിരോധിക്കുക തുടങ്ങിയവയ്ക്കുവേണ്ടി റോമിൽ ഗ്രിഗറി ഒമ്പതാമൻ മാർപ്പാപ്പാ (1227-1241) സ്ഥാപിച്ച പ്രത്യേക ശിക്ഷണരീതിയാണ് ഇൻക്വിസിഷൻ. ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം നല്ലതായിരുന്നു. ധാരാളം നന്മകൾ ഇതുവഴി ഉണ്ടായി. എന്നാൽ കാലക്രമത്തിൽ ഈ പ്രസ്ഥാനം അധഃപതിച്ചു. ക്രിസ്തീയ ചൈതന്യത്തിനു നിരക്കാത്ത പല ശിക്ഷണ നടപടികളും ഇതുവഴി നടപ്പിലാക്കി. മാനുഷിക നീതി പലർക്കും നിഷേധിക്കപ്പെട്ടു. ഇതിന്റെ പേരിൽ അനേകർ പീഡനത്തിനിരയായി. ഇവയെല്ലാം സഭയുടെ മാനുഷികവശത്തിന്റെ പരാജയമായി കരുതാം.

## കുരിശു യുദ്ധങ്ങൾ

ഏഴാം നൂറ്റാണ്ടിൽ ആരംഭിച്ച ഇസ്ലാംമതം യുദ്ധത്തിലൂടെ പല സ്ഥലങ്ങളും കീഴ്പ്പെടുത്തുകയും ക്രിസ്തീയ സംസ്കാരത്തെയും ക്രിസ്തുമതത്തെയും വളരെയധികം നശിപ്പിക്കുകയും ചെയ്തു. പലസ്തീന, സിറിയ, ഈജിപ്ത്, പേർഷ്യ എന്നീ രാജ്യങ്ങളും അന്ത്യോക്യ, ജറുസലേം, അലക്സാണ്ട്രിയ എന്നീ പാത്രിയാർക്കേറ്റുകളും മുസ്ലീം ഭരണത്തിലായി. ഇസ്ലാമിന്റെ ഈ മുന്നേറ്റം സഭയ്ക്ക് വലിയ ഭീഷണിയായി. വിശുദ്ധസ്ഥലങ്ങൾ എല്ലാംതന്നെ മുസ്ലീം അധീനതയിലായി. ഈ പശ്ചാത്തലത്തിൽ പതിനൊന്നാം നൂറ്റാണ്ടിൽ മുസ്ലീങ്ങളുടെ കൈയിൽനിന്നും വിശുദ്ധ സ്ഥലങ്ങളും തിരുക്കല്ലറയും വീണ്ടെടുക്കുന്നതിനും മുസ്ലീം ആക്രമണത്തിൽനിന്നു പശ്ചിമ യൂറോപ്പിനെ സംരക്ഷിക്കുന്നതിനും വേണ്ടി മാർപ്പാപ്പാമാരുടെ അംഗീകാരത്തോടും അനുഗ്രഹാശിസുകളോടുംകൂടെ പാശ്ചാത്യ ക്രൈസ്തവർ നടത്തിയ സമരമുന്നേറ്റങ്ങളാണ് കുരിശുയുദ്ധങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. കുരിശുയുദ്ധത്തിന് പോകാമെന്ന് വ്രതമെടുത്തവരാണ് കുരിശുയുദ്ധ യോദ്ധാക്കൾ. ഈ വ്രതത്തിന്റെ അടയാളമായി അവർ തോളിൽ കുരിശ് അടയാളമുള്ള വസ്ത്രം ധരിച്ചിരുന്നു. അതിനാലാണ് അവർ നടത്തിയ യുദ്ധങ്ങളെ കുരിശുയുദ്ധങ്ങൾ എന്ന് വിളിച്ചിരുന്നത്.

www.malankaralibrary.com

1095-ൽ ക്ലെർമോൺ എന്ന സ്ഥലത്തുവച്ച് നടന്ന കൗൺസിലിൽ ഊർബൻ രണ്ടാമൻ മാർപ്പാപ്പാ കുരിശുയുദ്ധത്തിന്റെ ആശയമവതരിപ്പിച്ചു. 1095 മുതൽ 1272 വരെ എട്ടു കുരിശുയുദ്ധങ്ങളാണ് നടന്നത്. അക്കാലത്തെ മാർപ്പാപ്പാമാർ എല്ലാവരുംതന്നെ കുരിശുയുദ്ധത്തിന് ശക്തമായ ആഹ്വാനം നല്കിയവരായിരുന്നു.

## കുരിശുയുദ്ധത്തിന്റെ അനന്തര ഫലങ്ങൾ

കുരിശുയുദ്ധങ്ങൾ പൊതുവേ വിജയമായിരുന്നു. വിശുദ്ധ സ്ഥലങ്ങൾ മോചിപ്പിക്കപ്പെട്ടു എന്നു മാത്രമല്ല സ്വന്തം പ്രദേശങ്ങൾ സംരക്ഷിക്കുവാൻ സാധിക്കുമെന്ന ഒരു ആത്മവിശ്വാസവും ക്രൈസ്തവർക്ക് ലഭിച്ചു. 1241 ആയപ്പോഴേക്കും ജറുസലേമിലെ ലത്തീൻ സാമ്രാജ്യം മിക്കവാറും പുനരുദ്ധരിക്കപ്പെട്ടു. 1299-ൽ ജറുസലേം, നസ്രത്ത്, ബേത്‌ലഹേം തുടങ്ങിയ സ്ഥലങ്ങൾ സ്വതന്ത്രമായി സന്ദർശിക്കുവാൻ തീർത്ഥാടകർക്ക് സാധിച്ചു. പൂർവദേശത്തെ ലത്തീൻ കോളനികൾ പൂർണമായി നശിക്കാതെ രക്ഷിച്ചത് കുരിശുയുദ്ധങ്ങളാണ്. തീർത്ഥയാത്രകളുടെ പുരോഗതിക്ക് ഈ യുദ്ധങ്ങൾ വഴിതെളിച്ചു. യൂറോപ്പിലെ മതാത്മക ജീവിതത്തിന്റെ വളർച്ചയെ ഇത് സഹായിച്ചു. ഭൗതികവും സാംസ്കാരികവുമായ സത്ഫലങ്ങളും കുരിശുയുദ്ധം വഴി ഉണ്ടായി. പൗരസ്ത്യസഭകളുമായി ബന്ധപ്പെടുവാനും പൗരസ്ത്യ നാടുകളുമായി വ്യാപാരബന്ധം ശക്തിപ്പെടുത്തുവാനും ഇത് പാശ്ചാത്യസഭയെ സഹായിച്ചു.

കുരിശുയുദ്ധത്തിന് പല ദോഷഫലങ്ങളും ഉണ്ടായി. നിരപരാധികളുടെ രക്തം ചൊരിയപ്പെടുകയും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുകയും ചെയ്തു. കോൺസ്റ്റാന്റിനോപ്പിളിൽ കുരിശുയുദ്ധക്കാർ നടത്തിയ ആക്രമണം ലത്തീൻസഭയും ഗ്രീക്കുസഭയും തമ്മിലുള്ള അകലം വർധിപ്പിച്ചു. വിശുദ്ധ നാടിനെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കുരിശുയുദ്ധം ചിലപ്പോഴൊക്കെ സ്വാർത്ഥ താത്പര്യത്തിനായി ഉപയോഗിച്ചു. അത് കുരിശുയുദ്ധത്തിന് ദോഷകരമായി ഭവിച്ചു.

ക്രിസ്തീയ വിശ്വാസം കാത്തുസൂക്ഷിക്കുവാനും പുണ്യസ്ഥലങ്ങൾ സംരക്ഷിക്കുവാനും ക്രിസ്ത്യാനികൾ ജീവൻ ത്യജിച്ച് മുമ്പോട്ടു വന്നത് സഭയെക്കുറിച്ചുള്ള ആഴമായ സ്നേഹത്തിന്റെയും ധീരമായ ക്രിസ്തീയ സാക്ഷ്യത്തിന്റെയും അടയാളമായിരുന്നു.

കുരിശുയുദ്ധങ്ങളെ ക്രിസ്തീയ ആധ്യാത്മികതയുടെ പശ്ചാത്തലത്തിൽ നീതികരിക്കുവാനാവില്ല. ലക്ഷ്യം മാർഗത്തെ നീതികരിക്കുന്നില്ല എന്ന ക്രിസ്തീയ ധാർമ്മികതയ്ക്ക് കോട്ടം തട്ടി. ആയുധത്തിന്റെ മാർഗം ക്രിസ്തീയമല്ല. കുരിശുയുദ്ധമെന്ന പേരുതന്നെ വൈരുധ്യമുള്ളതാണ്. സമാധാനത്തിന്റെ ചിഹ്നമായ കുരിശിന് യുദ്ധവുമായി ബന്ധമില്ല. മുസ്ലീങ്ങൾ ക്രിസ്ത്യാനികളെ മുഴുവനും ഇല്ലായ്മ ചെയ്യുമെന്ന സാഹചര്യമാകാം കുരിശുയുദ്ധത്തിലേക്ക് നയിച്ചതെങ്കിലും യേശുവിന്റെ പഠിപ്പിക്കലുകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ സഭ കടപ്പെട്ടവളാണ്.

## മാർപ്പാപ്പാമാർ അവിഞ്ഞോണിൽ

സഭയുടെ ആരംഭം മുതൽ പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായുടെ ആസ്ഥാനം റോമിലായിരുന്നു. എന്നാൽ 1309 മുതൽ 1376 വരെ മാർപ്പാപ്പായുടെ ആസ്ഥാനം

www.malankaralibrary.com

ഫ്രാൻസിലെ അവിഞ്ഞോൺ എന്ന സ്ഥലത്തായിരുന്നു. ഈ കാലത്ത് പേപ്പൽ കൂരിയായിൽ ഫ്രഞ്ച് സ്വാധീനശക്തി വളരെ വർധിച്ചു. ഇറ്റലിയിലെയും റോമിലെയും അരക്ഷിതാവസ്ഥയാണ് അവിഞ്ഞോൺ പ്രവാസത്തിന്റെ പ്രധാനകാരണം. പേപ്പൽ കക്ഷികളായ ഗ്വൾഫ് കുടുംബക്കാരും പാപ്പാവിരുദ്ധരായ ഗിബല്ലനസ് കുടുംബക്കാരും ഇറ്റലിയെ പടക്കളമാക്കി മാറ്റി. ഈ ചുറ്റുപാടിൽ അഭയകേന്ദ്രം നോക്കി മാർപ്പാപ്പാമാർ മാറി താമസിക്കുക പതിവായിരുന്നു. എന്നാൽ അവിഞ്ഞോൺ, പാപ്പാമാരുടെ താമസസ്ഥലമായി തീർന്നത് ആകസ്മികമായിരുന്നു.

1305-ൽ തിരഞ്ഞെടുക്കപ്പെട്ട ക്ളെമന്റ് 5-ാമൻ മാർപ്പാപ്പാ അനാരോഗ്യം മൂലം റോമിലേക്ക് പോയില്ല. അദ്ദേഹം ഡൊമിനിക്കൻ സന്യാസികളുടെ അതിഥിയായി അവിഞ്ഞോണിൽ താമസിച്ചു. തുടർന്നുവന്ന ജോൺ 22-ാമൻ അവിഞ്ഞോണിലെ മെത്രാനായിരുന്നു. ഇക്കാലത്ത് ഇറ്റലിയിലെയും റോമിലെയും യുദ്ധങ്ങൾ കാരണം മാർപ്പാപ്പായ്ക്ക് റോമിലേക്ക് പോകുവാൻ സാധിച്ചില്ല. 1348-ൽ അന്നത്തെ പാപ്പാ അവിഞ്ഞോൺ വിലയ്ക്കുവാങ്ങി ഒരു അരമന പണിതു. 1309 മുതൽ 1376 വരെ 7 മാർപ്പാപ്പാമാർ അവിഞ്ഞോണിൽ താമസിച്ച് സഭയെ നയിച്ചു. 1377-ൽ ഗ്രിഗറി മാർപ്പാപ്പാ വത്തിക്കാനിൽ താമസമാക്കിയതോടെ അവിഞ്ഞോൺ പ്രവാസം അവസാനിച്ചു.

മധ്യയുഗത്തിലെ സഭയുടെ പ്രധാന ചരിത്രസംഭവങ്ങളാണ് നാം ഈ പാഠത്തിൽ കണ്ടത്. റോമാ ആസ്ഥാനമാക്കിയുള്ള ശക്തമായ ഭരണക്രമം കത്തോലിക്കാ സഭയിൽ പ്രാബല്യത്തിൽ വന്നത് 12, 13 നൂറ്റാണ്ടുകളിലാണ്. ശക്തമായ കാനൻ സംഹിതകൾ ഇക്കാലത്ത് രൂപീകരിച്ചു. അതിലൂടെ മാർപ്പാപ്പായുടെ അധികാരം ദൃഢമായി. റോമൻ കൂരിയായുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. അങ്ങനെ കത്തോലിക്കാ സഭ ഒരു കെട്ടുറപ്പുള്ള സംവിധാനമായി മാറിയത് ഈ കാലത്താണ്. ധാരാളം ആശ്രമങ്ങളും പഠനകേന്ദ്രങ്ങളും ഇക്കാലത്ത് സ്ഥാപിതമായി. ഇവയെല്ലാം മധ്യയുഗത്തിലെ സഭയുടെ ചില നന്മകളായിരുന്നു. എന്നാൽ ഇക്കാലഘട്ടത്തിൽ സഭയുടെ ആധ്യാത്മിക മേഖലയിലെ തകർച്ച പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന് വഴിയൊരുക്കി.

www.malankaralibrary.com

### ആരാധന

ഹൂദോസ് ഈത്തോ ഞായറാഴ്ചയുടെ സന്ധ്യാപ്രാർത്ഥനയിൽ സഭയെ നശിപ്പിക്കുന്ന വിശ്വാസ വിപരീതങ്ങളിൽനിന്നും ഇടർച്ചകളിൽനിന്നും സഭയെ സംരക്ഷിക്കണമേയെന്ന് പ്രാർത്ഥിക്കുന്നു:

"കാരുണ്യവാനായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. വിഗ്രഹാരാധനയിൽനിന്നും നാശകരമായ വിശ്വാസ വിപരീതങ്ങളിൽനിന്നും നിന്റെ വിശ്വസ്ത ജനത്തിന് വിരുദ്ധവും ഇടർച്ചയും വരുത്തുന്ന എല്ലാ സംഗതികളിൽനിന്നും വിലയേറിയ നിന്റെ വിശുദ്ധ രക്തത്താൽ സ്വാതന്ത്ര്യപ്പെടുത്തിയിട്ടുള്ള കാതോലികവും ശ്ലൈഹികവുമായ നിന്റെ വിശുദ്ധ സഭയെ നീ സന്ദർശിക്കണമേ. ഉഗ്രതിരമാലകളിൽനിന്നും വിഷമകരമായ കൊടുങ്കാറ്റുകളിൽനിന്നും അതിന് അടക്കവും ശാന്തതയും വിശ്രമവും കൊടുക്കണമേ. ജാതികളുടെ അബദ്ധോപദേശങ്ങളിൽനിന്നും അതിനെ കാത്തുകൊള്ളണമേ".

### ജീവിതസാക്ഷ്യം

മധ്യനൂറ്റാണ്ടിലെ സഭ ധാരാളം പ്രതിസന്ധികളിലൂടെയാണ് കടന്നുപോയത്. ഈ കാലഘട്ടത്തിൽ സഭയെ ശക്തിപ്പെടുത്തിയ അനേകം വ്യക്തികളുണ്ടായിരുന്നു. പ്രത്യേകിച്ച് കുരിശുയോദ്ധാക്കൾ അവരുടെ ജീവൻപോലും നല്കിക്കൊണ്ട് സഭയെ ശുശ്രൂഷിച്ചു. ആധുനികയുഗത്തിൽ സഭ പ്രതിസന്ധികളെ നേരിടുമ്പോൾ നമ്മുടെ ത്യാഗപൂർണമായ ശുശ്രൂഷയിലൂടെ സഭയെ നമുക്കു ശക്തിപ്പെടുത്താം.

**മനഃപാഠമാക്കുക**

"വത്സലമക്കളെപ്പോലെ നിങ്ങൾ ദൈവത്തെ അനുകരിക്കുന്നവരാകുവിൻ. ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹത്തിൽ ജീവിക്കുവിൻ. അവിടുന്ന് നമുക്കുവേണ്ടി സുരഭിലകാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു".
(എഫേസോസ് 5:1-2)


## ചോദ്യങ്ങൾ

1. പേപ്പൽ സ്റ്റേറ്റിന്റെ ആരംഭം എപ്രകാരമാണ്?
2. 'പെപ്പിന്റെ ദാനം' എന്നാലെന്ത്?
3. മധ്യയുഗത്തിലെ സഭയുടെ നവോത്ഥാനം എങ്ങനെയായിരുന്നു?
4. ഇൻക്വിസിഷൻ എന്നാലെന്ത്?
5. കുരിശുയുദ്ധങ്ങളും അവയുടെ അനന്തരഫലങ്ങളും വിവരിക്കുക.
6. അവിഞ്ഞോൺ പ്രവാസം എന്താണെന്ന് വിശദമാക്കുക.

www.malankaralibrary.com

പാഠം 9

# പ്രൊട്ടസ്റ്റന്റ് വിപ്ലവവും ത്രെന്തോസ് സൂനഹദോസും




*ത്രെന്തോസ് സൂനഹദോസിന്റെ വിവിധ ദൃശ്യങ്ങൾ*

എട്ടാം നൂറ്റാണ്ടു മുതൽ പതിനാലാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടമാണ് കഴിഞ്ഞ പാഠത്തിൽ നാം കണ്ടത്. ഇത് സഭയുടെ ഇരുണ്ട കാലഘട്ടമെന്നാണ് പൊതുവെ അറിയപ്പെടുന്നത്. 14-ാം നൂറ്റാണ്ടിനുശേഷം യൂറോപ്പിൽ നവോത്ഥാനത്തിന് ആരംഭംകുറിച്ചു. ഗ്രേക്കോ-റോമൻ സംസ്കാരത്തിന്റെയും കലയുടെയും സാഹിത്യത്തിന്റെയും പുനർജന്മമായി നവോത്ഥാനത്തെ കരുതാം. വിദ്യാഭ്യാസം, കല, സാഹിത്യം, ശാസ്ത്രം എന്നീ രംഗങ്ങളിൽ നവോത്ഥാനകാലത്ത് അദ്ഭുതകരമായ വളർച്ചയുണ്ടായി. മനുഷ്യനും മനുഷ്യബുദ്ധിക്കും പ്രാധാന്യം നല്കുന്ന ഹ്യൂമനിസം (Humanism) നവോത്ഥാനത്തിന് ശക്തി പകർന്നു.

ഈ കാലത്ത് ആത്മീയതലത്തിൽ വേണ്ടത്ര നവോത്ഥാനം ഉണ്ടായില്ല. അത് പില്ക്കാലത്ത് പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിലേക്കും സഭയുടെ പിളർപ്പിലേക്കും നയിച്ചു. ഈ പശ്ചാത്തലത്തിൽ കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ ത്രെന്തോസ് സൂനഹദോസുവഴി നവീകരണ പരിപാടികൾ നടന്നു. 15-ഉം 16-ഉം നൂറ്റാണ്ടുകളിൽ നടന്ന പ്രൊട്ടസ്റ്റന്റ് വിപ്ലവവും അതിനോട് ചേർന്നുനടന്ന ത്രെന്തോസ് സൂനഹദോസുമാണ് ഈ പാഠത്തിലെ പ്രതിപാദ്യ വിഷയം.

## പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന്റെ പശ്ചാത്തലം

പ്രൊട്ടസ്റ്റന്റ് വിപ്ലവമെന്നും നവീകരണമെന്നും അറിയപ്പെടുന്ന ലൂഥറനിസത്തിന്റെ ഉദ്ഭവകാരണങ്ങൾ പലതാണ്. മധ്യയുഗത്തിലെ സഭയുടെ ആത്മീയ തകർച്ചയാണ് ഒരു പ്രധാന കാരണം. മധ്യയുഗത്തിലെ സഭയുടെ നിലവാരമില്ലാത്ത ദൈവശാസ്ത്രം, ആരാധനാരീതി, സഭാനേതൃത്വത്തിന്റെ അജ്ഞത ഇവയെല്ലാം ഇതിനു കാരണമായി. ഇതിനുപുറമെ സമൂഹത്തിൽ വർധിച്ചുവന്ന ദേശീയ ബോധം, ഏകാധിപതികളുടെ അനിയ

www.malankaralibrary.com

ന്ത്രിതമായ അധികാരശക്തി, നവോത്ഥാന കാലത്തുണ്ടായ ബൗദ്ധിക വികാസം ഇവ യെല്ലാം ലൂഥറൻ നവീകരണത്തിന് പ്രചോദനം നല്കി. തത്വശാസ്ത്രത്തിന്റെ സ്വാധീനം വഴി സഭയെയും കൂദാശകളെയും അധികാരത്തെയും എതിർക്കുവാൻ പലർക്കും ധൈര്യം ലഭിച്ചു. ആചാരങ്ങൾക്ക് അമിതപ്രാധാന്യം നല്കിയതിനാൽ ആരാധന അനുഷ്ഠാന മായി അധഃപതിക്കുകയും നിർജീവമായിത്തീരുകയും ചെയ്തു. മാർപ്പാപ്പാമാരുടെ അധി കാരത്തെയും ഇറ്റാലിയൻ ആധിപത്യത്തെയും എതിർക്കുവാനുള്ള താത്പര്യം ശക്തി പ്പെട്ടു. 1529-ൽ ജർമനിയിലെ സ്പയറിൽ വച്ച് സഭയ്ക്കെതിരെ നടന്ന പ്രതിഷേധത്തോ ടെയാണ് പ്രൊട്ടസ്റ്റന്റ് എന്ന പദം നിലവിൽ വന്നത്.

## മാർട്ടിൻ ലൂഥർ (1483-1546)

ജർമനിയിലെ തുറിൻജിയാ എന്ന ഗ്രാമത്തിൽ 1483-ൽ മാർട്ടിൻ ലൂഥർ ജനിച്ചു. 1505-ൽ മാസ്റ്റർ ബിരുദം നേടിയ അദ്ദേഹം അഗസ്റ്റീനിയൻ സന്യാസസഭയിൽ ചേരുകയും 1507-ൽ വൈദികനാകുകയും ചെയ്തു. ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം വിറ്റൻബർഗ് സർവകലാശാലയിൽ 1512-ൽ വിശുദ്ധ ഗ്രന്ഥ അധ്യാപകനായി നിയമിക്ക പ്പെട്ടു. തുടർന്നുള്ള അഞ്ച് വർഷങ്ങൾ ലൂഥറിന്റെ ജീവിതത്തിലെ പ്രധാന കാലഘട്ട മാണ്. അദ്ദേഹം സ്വന്തമായൊരു ദൈവശാസ്ത്രത്തിന് രൂപം കൊടുത്തത് ഈ അവസരത്തിലാണ്.

ആത്മരക്ഷയെപ്പറ്റി അമിതമായ ഉത്കണ്ഠ വച്ചുപുലർത്തിയിരുന്ന ലൂഥർ കഠിനമായ ആത്മസംഘട്ടനം അനുഭവിച്ചിരുന്നു. ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചുള്ള ചിന്ത കൾ അദ്ദേഹത്തിൽ ഭീതി ജനിപ്പിച്ചു. റോമാക്കാർക്കുള്ള ലേഖനത്തെപ്പറ്റി വിശദമായി പഠിച്ച അദ്ദേഹം ഒരു നിഗമനത്തിലെത്തി. ദൈവം ക്രൂരനായ ഒരു ന്യായാധിപനല്ലെന്നും "നീതിമാൻ വിശ്വാസംമൂലം ജീവിക്കുന്നു" (റോമാ 1:17) എന്നുമുള്ള ചിന്ത അദ്ദേഹ ത്തിന് ആശ്വാസം നല്കി. എന്നാൽ ഇതിൽ നിന്നും അദ്ദേഹം സ്വീകരിച്ച നിഗമനങ്ങളി ലാണ് തെറ്റ് പറ്റിയത്. ദൈവത്തിലുള്ള വിശ്വാസം മാത്രമാണ് രക്ഷയ്ക്കടിസ്ഥാനം, ക്രിസ്തു നമുക്കുവേണ്ടി രക്ഷനേടി കഴിഞ്ഞു, അതിനാൽ ക്രിസ്തുവിൽ വിശ്വസിച്ച് നിസംഗരായി കഴിയുക മാത്രമാണ് മനുഷ്യൻ ചെയ്യേണ്ടത്. മനുഷ്യന്റെ പ്രവൃത്തികൊണ്ട് രക്ഷ നേടുവാൻ സാധ്യമല്ല. അതിനാൽ സത്പ്രവൃത്തികൊണ്ടും നല്ല ജീവിതം കൊണ്ടും രക്ഷ നേടുവാൻ സാധിക്കില്ല. അതിനാൽ കത്തോലിക്കാസഭയുടെ പഠനങ്ങൾ അർത്ഥ ശൂന്യമാണെന്നും അതിനെ എതിർക്കേണ്ടത് തന്റെ കടമയാണെന്നും അദ്ദേഹം കരുതി.

ദൈവത്തിലുള്ള വിശ്വാസം മാത്രമാണ് രക്ഷയുടെ അഥവാ നീതീകരണത്തിന് അടി സ്ഥാനം. മനുഷ്യന്റെ പ്രവൃത്തികൾക്ക് രക്ഷ നേടിക്കൊടുക്കുവാനാവില്ല. ഇതിനെ സാധൂ കരിക്കുവാൻ പാപ്പായുടെ അധികാരത്തെ അദ്ദേഹം നിഷേധിച്ചു. വിശ്വാസത്തിന്റെ അടി സ്ഥാനം ബൈബിൾ മാത്രമാണ്. അത് ആർക്കും വ്യാഖ്യാനിക്കാം. മാധ്യസ്ഥം വഹി ക്കുവാൻ പുരോഹിതർ ആവശ്യമില്ല. മാമോദീസായും കുർബാനയും മാത്രമേ കൂദാശക ളായിട്ടുള്ളു. ഇപ്രകാരം ക്രിസ്തുമതത്തെ ബൈബിൾ മാത്രമായി ലൂഥർ ചുരുക്കി. സഭ യുടെ ആദ്യകാലം മുതൽ 16-ാം നൂറ്റാണ്ടു വരെ സഭ പവിത്രമായി കരുതിയിരുന്ന

www.malankaralibrary.com

കൂദാശകൾ പ്രത്യേകിച്ച് പൗരോഹിത്യം, പാരമ്പര്യങ്ങൾ, സഭാധികാരം എന്നിവയെല്ലാം ലൂഥർ നിഷേധിച്ചു.

## ദണ്ഡവിമോചന വിവാദം

ലൂഥറൻ നവീകരണത്തിന് പശ്ചാത്തലം ഒരുക്കിയ ഘടകങ്ങൾ പലതാണെങ്കിലും ആസന്നകാരണം ദണ്ഡവിമോചനത്തെ സംബന്ധിച്ച വിവാദങ്ങളാണ്.

പാപം ചെയ്ത ഒരു വ്യക്തി കുമ്പസാരം വഴി പാപമോചനം നേടിയാലും പാപത്തിന്റെ ഫലമായ താത്കാലിക ശിക്ഷയിൽനിന്നും മോചനം കിട്ടുവാൻ ഈ ജീവിതത്തിലോ മരണാനന്തരം ശുദ്ധീകരണ സ്ഥലത്തിലോ പരിഹാരം അനുഷ്ഠിക്കേണ്ടതുണ്ട്. ഒരു വ്യക്തി പശ്ചാത്താപത്തോടും നല്ല ഒരുക്കത്തോടുംകൂടി സഭ നിർദ്ദേശിക്കുന്ന പരിഹാരപ്രവൃത്തി ചെയ്യുമ്പോൾ താത്കാലിക ശിക്ഷയ്ക്കുള്ള മോചനം ദൈവത്തിൽനിന്നും പ്രാപിക്കുന്നു. ദൈവം നല്കുന്ന മോചനത്തെയാണ് ദണ്ഡവിമോചനം എന്നു പറയുന്നത്. ഈ ദണ്ഡവിമോചനം നല്കുവാനുള്ള അധികാരം സഭയ്ക്കുണ്ട്. ഒരു വ്യക്തിക്ക് പരിഹാര പ്രവൃത്തിവഴി പാപമോചനം ലഭിക്കുന്നു. അതുപോലെ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെപ്രതി പരിഹാരം ചെയ്യുമ്പോൾ അവർക്കും മോചനം ലഭിക്കുന്നു.

റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായുടെ പണി പെട്ടെന്ന് പൂർത്തിയാക്കുവാൻ സംഭാവന ചെയ്യുന്നതുവഴി  ദണ്ഡവിമോചനം ലഭിക്കുമെന്ന് 1510-ൽ ജൂലിയസ് രണ്ടാമൻ പാപ്പായും 1513-ൽ ലെയോ പത്താമൻ പാപ്പായും പ്രഖ്യാപിച്ചു. ഈ കാര്യം ജർമനിയിലുള്ള രൂപതകളിൽ  പ്രസംഗിക്കുവാനായി ഡൊമിനിക്കൻ സന്യാസിമാരെ ഏല്പിച്ചു. ജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനായി ദണ്ഡവിമോചനത്തിന്റെ ശക്തി, ഫലം എന്നീ കാര്യങ്ങളെക്കുറിച്ചു അതിവർണന ചെയ്ത് അവർ പ്രസംഗിച്ചു. ഈ പ്രസംഗം ശ്രവിച്ച ലൂഥർ രോഷാകുലനാകുകയും അവിടുത്തെ ആർച്ചുബിഷപ്പ് ആൽബർട്ടിന് 1517-ൽ കത്തയയ്ക്കുകയും ചെയ്തു. ദണ്ഡവിമോചനം, ശുദ്ധീകരണസ്ഥലം, പ്രായശ്ചിത്തം, മാർപ്പാപ്പായുടെ പരമാധികാരം എന്നിവയെ ചോദ്യം ചെയ്ത് 95 പ്രമേയങ്ങൾ അടങ്ങിയ ഒരു പത്രിക അദ്ദേഹം തയ്യാറാക്കി. 1517 ഒക്ടോബർ 31-ന് വിറ്റൻബർഗിലെ കത്തീഡ്രൽ ദേവാലയത്തിന്റെ വാതിലിൽ അത് പതിച്ചു. ഇതോടെ ലൂഥർ തുറന്ന സംഘട്ടനം ആരംഭിച്ചു.

## അനുരഞ്ജനശ്രമങ്ങൾ

ലൂഥറിന്റെ സ്വാധീനശക്തി വർധിച്ചുവന്നതോടെ അദ്ദേഹവുമായി അനുരഞ്ജനത്തിലേർപ്പെടുവാൻ സഭാനേതൃത്വം തയ്യാറായി. ലൂഥറുമായി ചർച്ചനടത്തുവാൻ പലരെയും നിയോഗിച്ചു. അവസാനം ലെയോ 10-ാമൻ മാർപ്പാപ്പാ ലൂഥറിന്റെ 95 പ്രമേയങ്ങളെക്കുറിച്ച് വിശദീകരണം ആവശ്യപ്പെട്ട് 1520 ജൂൺ 15-ന് അദ്ദേഹത്തിന് കത്തയച്ചു. എന്നാൽ അതിന് മറുപടി നല്കുന്നതിനുപകരം പ്രസ്തുത കല്പനയും കാനൻനിയമ പുസ്തകവും വലിയ ഒരു ജനക്കൂട്ടത്തിന്റെ മുമ്പിൽവച്ച് ലൂഥർ കത്തിച്ചു. ഇതേത്തുടർന്ന് 1521 ജനുവരി 3-ന് ലൂഥർ സഭാഭ്രഷ്ടനാക്കപ്പെട്ടു. ഇതോടുകൂടി ലൂഥർ തന്റെ ആരോപണങ്ങൾക്ക് മൂർച്ചകൂട്ടി. ലൂഥറിന് അനുയായികൾ വർധിച്ചുവന്നു. ജർമനിയിലെ പ്രഭുക്ക

www.malankaralibrary.com

ന്മാർ പുതിയ മതത്തിന്റെ നേതൃത്വം ഏറ്റെടുത്തു. റോമിലെ മാർപ്പാപ്പായുടെ അധികാരത്തിനെതിരെയും ഇറ്റാലിയൻ ആധിപത്യത്തിനെതിരെയും ചിന്തിച്ച പ്രഭുക്കന്മാരും രാജാക്കന്മാരും ഈ അവസരം മുതലാക്കി ലൂഥറിനൊപ്പം നിന്നു. 1525-ൽ സന്യാസംവിട്ട് വിവാഹിതനായ ലൂഥർ 1546 ഫെബ്രുവരി 18-ന് മരിച്ചു. പ്രഭുക്കന്മാരും രാജാക്കന്മാരും സമ്മർദ്ദ തന്ത്രമുപയോഗിച്ച് അവരുടെ കീഴിലുള്ളവരെ ലൂഥറിന്റെ ആശയത്തിലേക്ക് നയിച്ചു. 1555-ൽ പ്രൊട്ടസ്റ്റന്റുകൾക്ക് പൂർണസ്വാതന്ത്ര്യം ലഭിച്ചു. സഭയെ നവീകരിക്കുവാൻ ആഗ്രഹിച്ച ലൂഥറിന്റെ കടുംപിടിത്തവും അഹങ്കാരവും സഭയുടെ പിളർപ്പിലേക്കും പ്രൊട്ടസ്റ്റന്റ് സഭയുടെ അഥവാ ലൂഥറൻ സഭയുടെ രൂപീകരണത്തിലേക്കും നയിച്ചു.

ജർമനിയിൽ ആരംഭിച്ച പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനം ജർമനിക്ക് പുറത്തേക്ക് വ്യാപിച്ചു. ഫ്രഞ്ചുകാരനായ ജോൺ കാൽവിനും സ്വിറ്റ്സർലണ്ടുകാരനായ സ്വിൻഗിളിയും ഇതിന് നേതൃത്വം നല്കി.

## ഇംഗ്ലണ്ടിലെ സഭയുടെ പിളർപ്പ്

റോമൻസഭയും ഇംഗ്ലണ്ടിലെ സഭയും തമ്മിലുള്ള പിളർപ്പ് പെട്ടെന്നുണ്ടായ സംഭവമല്ല. ഇംഗ്ലണ്ടിലെ ഹെൻട്രി 8-ാമന്റെ അനിയന്ത്രിതമായ ഏകാധിപത്യവാഞ്ഛയും ചപലസ്വഭാവവും റോമുമായുള്ള ബന്ധത്തെ ബാധിച്ചു. ഹെൻട്രി 8-ാമൻ തന്റെ ഭാര്യ കാതറൈൻ ജീവിച്ചിരിക്കെ ആനിബോൾ എന്ന സ്ത്രീയെ വിവാഹം കഴിക്കുവാൻ ആഗ്രഹിച്ചു. കാതറൈനുമായുള്ള തന്റെ വിവാഹം അസാധുവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം സഭയെ സമീപിച്ചു. എന്നാൽ ഹെൻട്രിയുടെ വാദം സഭ അംഗീകരിച്ചില്ല. ഇതിൽ അതൃപ്തനായ രാജാവ് ആനിബോളിനെ പരസ്യമായി വിവാഹം ചെയ്തു. മാർപ്പാപ്പാ ഈ വിവാഹത്തെ എതിർക്കുകയും ആദ്യഭാര്യ ജീവിച്ചിരിക്കെ ആനിബോളിനെ വിവാഹം ചെയ്ത ഹെൻട്രി 8-ാമനെ സഭാഭ്രഷ്ടനാക്കുകയും ചെയ്തു.

റോമിന്റെ നടപടിയിൽ അതൃപ്തനായ ഹെൻട്രി 1534 നവംബർ 3-ന് പാർലമെന്റ് വിളിച്ചുകൂട്ടുകയും പരമാധികാരനിയമം പാസാക്കുകയും ചെയ്തു. അതനുസരിച്ച് ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരി രാജാവ് മാത്രമായിരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടു. അപ്രകാരം സ്വതന്ത്രമായ ഒരു ദേശീയ സഭയ്ക്ക് രൂപം കൊടുക്കുവാൻ രാജാവ് തീരുമാനിച്ചു. രാജാവിന്റെ നിയമങ്ങൾ അനുസരിക്കാത്തവർക്ക് ക്രൂരമായ പീഡനം ഏല്ക്കേണ്ടിവന്നു. ജോൺ ഫിഷർ എന്ന മെത്രാനും രാജാവിന്റെ ചാൻസിലറായ തോമസ് മൂറും വധിക്കപ്പെട്ടു. 1547-ൽ ഹെൻട്രി 8-ാമൻ മരിച്ചു. പിന്നീട് അധികാരത്തിൽ വന്ന മേരി രാജ്ഞി വിശ്വാസം പുന:സ്ഥാപിച്ചു. എന്നാൽ മേരിക്കുശേഷം ഭരണമേറ്റെടുത്ത എലിസബത്ത് രാജ്ഞി 1559-ൽ പാർലമെന്റിൽ നിയമം പാസാക്കിക്കൊണ്ട് റോമുമായുള്ള ബന്ധം അവസാനിപ്പിച്ചു. ഇക്കാലത്ത് ധാരാളം കത്തോലിക്കരെ വധിക്കുകയും ജയിലിലടയ്ക്കുകയും ചെയ്തു. റോമുമായി ബന്ധം സ്ഥാപിക്കുവാനാഗ്രഹിച്ച കത്തോലിക്കരെ അധികാരമുപയോഗിച്ച് പീഡിപ്പിച്ചു. അവരുടെ 50 വർഷത്തെ ഭരണം മൂലം കത്തോലിക്കാ കൂട്ടായ്മയിൽനിന്നും മാറിയ ഇംഗ്ലണ്ടിലെ സഭ (ആംഗ്ലിക്കൻ സഭ) വ്യവസ്ഥാപിതമായി. ജർമനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ നവീകരണാശയങ്ങൾ സ്വീകരിച്ച് പുതിയ

www.malankaralibrary.com

വിശ്വാസപ്രമാണവും മെത്രാൻ കേന്ദ്രീകൃത ഭരണക്രമവും രൂപപ്പെടുത്തിയ ആംഗ്ലിക്കൻ സഭ ഔദ്യോഗികമായി നിലവിൽവന്നു.

## ത്രെന്തോസ് സൂനഹദോസ് (1545–1563)

സഭയെ നവീകരിക്കുവാനുള്ള ചിലരുടെ ശ്രമങ്ങൾ പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിലേക്കും സഭയുടെ വിഭജനത്തിലേക്കും നയിച്ചു. നവീകരണമെന്ന പേരിൽ മാർട്ടിൻ ലൂഥർ, ഹെൻട്രി 8–ാമൻ, കാൽവിൻ എന്നിവർ നേതൃത്വം നല്കിയ മതവിപ്ലവം കത്തോലിക്കാസഭയുടെ പരമ്പരാഗത വിശ്വാസത്തെയും അധികാരത്തെയും നിഷേധിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ സഭയുടെ ഭാഗത്തുനിന്നുണ്ടായ നവീകരണത്തിന്റെ ആരംഭമാണ് ത്രെന്തോസ് സൂനഹദോസ്.

നവീകരണ ആശയങ്ങളെ ഖണ്ഡിക്കുവാൻ ഒരു സൂനഹദോസ് കൂടണമെന്ന് ക്ലെമന്റ് 7–ാമൻ മാർപ്പാപ്പാ തീരുമാനിച്ചു. എന്നാൽ ഫ്രാൻസും ജർമനിയും തമ്മിലുള്ള യുദ്ധം കാരണം സൂനഹദോസ് നടന്നില്ല. പിന്നീട് മാർപ്പാപ്പായായ പൗലോസ് മൂന്നാമൻ (1534–1549) നവീകരണം ലക്ഷ്യമാക്കി വിശുദ്ധിയിലും വിജ്ഞാനത്തിലും മുൻപന്തിയിൽനിന്ന കർദ്ദിനാളന്മാരെ ഉൾപ്പെടുത്തി കർദ്ദിനാൾ സംഘം വിപുലീകരിച്ചു. 1542–ൽ ഇറ്റലിയിലെ ത്രെന്തോസ് എന്ന സ്ഥലത്ത് ഒരു സൂനഹദോസ് കൂടുവാൻ തീരുമാനിക്കുകയും 1545 ഡിസംബർ 13–ന് സൂനഹദോസ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. യുദ്ധം മൂലം മൂന്നു ഭാഗങ്ങളായി നടത്തിയ സൂനഹദോസ് 1563 ഡിസംബർ 3–ന് അവസാനിച്ചു.

## സൂനഹദോസിന്റെ വിജയം

പ്രൊട്ടസ്റ്റന്റുകാർ ചോദ്യം ചെയ്ത വിശ്വാസസംബന്ധമായ എല്ലാ കാര്യങ്ങളും ഈ സൂനഹദോസ് സമഗ്രമായ ചർച്ചയ്ക്കും പഠനത്തിനും വിധേയമാക്കുകയും സഭയുടെ യഥാർത്ഥ വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തു. സഭയുടെ ഔദ്യോഗിക പഠനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വേദോപദേശം പ്രസിദ്ധപ്പെടുത്തുക (Trent Catechism); വൈദിക പരിശീലനത്തിന് സെമിനാരികൾ ആരംഭിക്കുക; കാനോന നമസ്കാര പുസ്തകം, കുർബാന തക്സാ മുതലായവ പ്രസിദ്ധീകരിക്കുക; വിശുദ്ധ ഗ്രന്ഥം, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ, സന്മാർഗ ശാസ്ത്രം മുതലായവ വിശദമായ പഠനത്തിനും ഗവേഷണങ്ങൾക്കും വിധേയമാക്കുക; ഇവയെല്ലാം സൂനഹദോസിന്റെ പ്രധാന തീരുമാനങ്ങളായിരുന്നു. വൈദികരുടെ ബ്രഹ്മചര്യത്തെക്കുറിച്ച് സൂനഹദോസ് ആവർത്തിച്ച് പ്രഖ്യാപിച്ചു. പിന്നീടുവന്ന മാർപ്പാപ്പാമാർ സൂനഹദോസ് തീരുമാനങ്ങൾ വേഗം നടപ്പിലാക്കി. വൈദികപഠനത്തിനായി ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയും പല കോളേജുകളും സ്ഥാപിച്ചു. സഭാഭരണത്തിനായി റോമിൽ തിരുസംഘങ്ങൾ സ്ഥാപിച്ചു. കർദ്ദിനാളന്മാരുടെ യോഗ്യതയും എണ്ണവും നിജപ്പെടുത്തി. വിശുദ്ധ ഗ്രന്ഥത്തിലെ കാനോനികഗ്രന്ഥങ്ങൾ ഏവയെന്ന് അന്തിമമായി നിശ്ചയിച്ചത് ഈ സൂനഹദോസായിരുന്നു.

സൂനഹദോസിന്റെ വിജയം ശാശ്വതഫലം ഉളവാക്കുന്നതായിരുന്നു. വിശ്വാസത്തെയും സന്മാർഗത്തെയും സംബന്ധിക്കുന്ന അടിസ്ഥാന തത്വങ്ങൾക്ക് പ്രൊട്ടസ്റ്റന്റ് വിപ്ലവം

www.malankaralibrary.com

ഉണ്ടാക്കിയ അവ്യക്തത ഒരു പരിധിവരെ പരിഹരിച്ചു. അല്മായർക്ക് സഭയിലുള്ള ഉത്ത രവാദിത്വത്തെക്കുറിച്ചും സ്ഥാനത്തെക്കുറിച്ചും വ്യക്തതയുണ്ടായി. രാജാക്കന്മാർ സഭാഭര ണത്തിൽ ഇടപെടുന്നതിനെ സൂനഹദോസ് ശക്തമായി വിമർശിക്കുകയും അതിനെ തിരെ മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്തു. സൂനഹദോസ് നിശ്ചയങ്ങൾ ക്രമേണ പ്രാബല്യത്തിൽ വന്നു.

## നവീകരണവും സന്യാസ സമൂഹങ്ങളും

16-ാം നൂറ്റാണ്ടിലെ പല സന്യാസ സമൂഹങ്ങളും പുതിയ രൂപവും ഭാവവും സ്വീക രിച്ച് കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ സജ്ജമായി. സഭയുടെ നവീകര ണത്തിന് സന്യാസികൾ വഹിച്ച പങ്ക് നിസ്തുലമാണ്. അന്ന് നിലവിലുണ്ടായിരുന്ന ഫ്രാൻസിസ്കൻ, കർമ്മലീത്താ, ബനഡിക്ടൈൻ, സിസ്റ്റേഴ്സിയൻ എന്നീ സമൂഹങ്ങൾ ത്യാഗപൂർണമായ ജീവിതത്തിലൂടെ നവീകരണത്തിനായി പ്രവർത്തിച്ചു.

പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനുശേഷം ഇഗ്നേഷ്യസ് ലയോളയുടെ നേതൃത്വത്തിൽ രൂപം കൊണ്ട സന്യാസസമൂഹമാണ് ഈശോസഭ. സഭാനവീകരണത്തിന് ഈശോസഭ നിർണായക പങ്കു വഹിച്ചു. വിദ്യാഭ്യാസത്തിനും മിഷൻപ്രവർത്തനത്തിനും അവർ പ്രാധാന്യം നല്കി. സുവിശേഷപ്രഘോഷണത്തിലൂടെയും എഴുത്തിലൂടെയും സഭയെ നവീകരിക്കുവാൻ മുന്നിട്ടിറങ്ങിയ വ്യക്തിയാണ് വിശുദ്ധ ഫ്രാൻസിസ് ദെ സാലസ് (1567-1622). ദരിദ്രരുടെ ഇടയിൽ പ്രവർത്തിക്കുവാനായി സന്യാസ-സന്യാസിനി സമൂഹങ്ങൾ വിശുദ്ധ വിൻസെന്റ് ഡി പോൾ സ്ഥാപിക്കുകയും ഇതിലൂടെ അനേകർക്ക് ശക്തി പക രുകയും ചെയ്തു.

## 16-ാം നൂറ്റാണ്ടിലെ പ്രേഷിത പ്രവർത്തനങ്ങൾ

16-ാം നൂറ്റാണ്ടിൽ പുതിയലോകം തേടിയുള്ള പാശ്ചാത്യരുടെ യാത്ര പുതിയ പ്രേഷിത പ്രവർത്തനത്തിന് വഴിതെളിച്ചു. പുതിയ രാജ്യങ്ങളിലേക്ക് വ്യാപാരികളോടും സാഹ സികരോടും കൂടി മിഷനറിമാരും പോയി. പോർട്ടുഗീസുകാരും സ്പെയിൻകാരുമാണ് ഇതിൽ മുന്നിട്ടു നിന്നിരുന്നത്. മിഷനറിമാരുടെ പ്രവർത്തനഫലമായി മിക്ക പൗരസ്ത്യ രാജ്യങ്ങളിലും ക്രിസ്തുമതം പ്രചരിച്ചു. എ.ഡി. 52-ൽ ഭാരതത്തിൽ തോമാശ്ലീഹാ സുവി ശേഷം പ്രഘോഷിച്ചെങ്കിലും 16-ാം നൂറ്റാണ്ടിലെ മിഷനറി പ്രവർത്തനം മൂലമാണ് ക്രിസ്തു മതം ഇവിടെ വ്യാപകമായത്.

വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഇന്ത്യയിലെന്നപോലെ ജപ്പാനിലും ക്രിസ്തുമതം പ്രഘോഷിച്ചു. അവിടെ ഈശോസഭാ മിഷനറിമാർ പ്രേഷിത പ്രവർത്തനത്തിന് നേതൃത്വം വഹിച്ചു. ചൈനയിൽ 7-ാം നൂറ്റാണ്ടിൽത്തന്നെ പേർഷ്യക്കാർ മിഷൻപ്ര വർത്തനം ആരംഭിച്ചിരുന്നു. 13-ാം നൂറ്റാണ്ടിൽത്തന്നെ ഫ്രാൻസിസ്കൻ മിഷനറിമാരും 16-ാം നൂറ്റാണ്ടിൽ ഈശോസഭാ വൈദികരും മിഷൻ പ്രവർത്തനം നടത്തിയെങ്കിലും മതപീഡനംമൂലം ചൈനയിൽ സഭ വളർന്നില്ല. 16-ാം നൂറ്റാണ്ടിൽത്തന്നെ തായ്‌ലൻഡിലും ഫിലിപ്പൈൻസിലും മിഷനറി പ്രവർത്തനംമൂലം സഭ വളർന്നു.

www.malankaralibrary.com

1415-ൽ പോർട്ടുഗീസ് മിഷനറിമാർ ആഫ്രിക്കയിൽ സുവിശേഷവുമായി കടന്നുചെന്നു. പിന്നീട് ഫ്രാൻസിസ്കൻ സമൂഹവും ഈശോസഭക്കാരും അവിടെ പ്രേഷിത പ്രവർത്തനം നടത്തി.

പോർട്ടുഗീസ്, സ്പെയിൻ, ഫ്രാൻസ് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങൾ 16-ാം നൂറ്റാണ്ടുമുതൽ അമേരിക്കൻ വൻകരകളിൽ കോളനികൾ സ്ഥാപിച്ചിരുന്നു. അങ്ങനെ തെക്കേ അമേരിക്കയിലും വടക്കേ അമേരിക്കയിലും സുവിശേഷം പ്രഘോഷിക്കപ്പെട്ടു.

അയർലൻഡിൽനിന്നും 18-ാം നൂറ്റാണ്ടിൽ ആസ്ട്രേലിയായിലേക്ക് നാടുകടത്തപ്പെട്ട കത്തോലിക്കരാണ് അവിടുത്തെ ആദ്യകാല ക്രിസ്ത്യാനികൾ. അവരോടൊപ്പം മൂന്നു പുരോഹിതരും ഉണ്ടായിരുന്നു. അവരുടെ ശ്രമഫലമായി ക്രിസ്തുമതം അവിടെ പ്രചരിച്ചു. 1828-ലാണ് ന്യൂസിലാൻഡിൽ കത്തോലിക്കാ വിശ്വാസം എത്തിച്ചേർന്നത്.

15-ഉം 16-ഉം നൂറ്റാണ്ടുകളിലെ സഭയുടെ ചരിത്രമാണ് നാം ഇവിടെ കണ്ടത്. പ്രൊട്ടസ്റ്റന്റ് നവീകരണവാദികൾ സഭയോട് സ്നേഹവും വിശ്വസ്തതയും പുലർത്താതെ സഭയെ പിളർപ്പിലേക്ക് നയിച്ചത് വളരെ വേദനാജനകമാണ്. എന്നാൽ ഈ സാഹചര്യം സഭയെ നവീകരിക്കുവാനായി ദൈവം തന്ന സന്ദർഭമായി കരുതാം. ശക്തിയോടും പ്രസരിപ്പോടുംകൂടി മുന്നേറുവാൻ ദൈവം സഭയെ ഒരുക്കുകയായിരുന്നു. പ്രതിസന്ധികളിൽ പതറാതെ പരിശുദ്ധാത്മാവ് സഭയെ നയിച്ചുകൊണ്ടിരിക്കുന്ന ചരിത്രമാണ് നാം ഇവിടെ കാണുന്നത്. 16-ാം നൂറ്റാണ്ടിൽ മിഷനറിമാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സുവിശേഷവുമായി കടന്നുചെന്നു. അതിന് അവരുടെ ജീവിതംപോലും സമർപ്പിച്ചു. യേശുവിന്റെ സുവിശേഷം ധാരാളം സ്ഥലങ്ങളിൽ വ്യാപിച്ചു. ഇനിയും യേശുവിനെ അറിഞ്ഞിട്ടില്ലാത്തവർക്ക് യേശുവിന്റെ സുവിശേഷം എത്തിക്കുവാൻ നമുക്ക് കടമയുണ്ട്. അതുപോലെ യേശുവിന്റെ സുവിശേഷം സ്വീകരിച്ചവർ വിശ്വസ്തതയോടെ സുവിശേഷത്തിന് സാക്ഷ്യം നല്കുവാൻ കടപ്പെട്ടവരാണെന്നും നാം മനസ്സിലാക്കണം.

www.malankaralibrary.com

### ആരാധന

സഭയെ എല്ലാ ശത്രുക്കളിൽനിന്നും ഭിന്നതകളിൽനിന്നും വേദവിപരീതങ്ങളിൽനിന്നും സംരക്ഷിക്കണമേയെന്ന് കൂദോശ് ഈത്തോ ഞായറാഴ്ച രാത്രി പ്രാർത്ഥനയുടെ സെദറായിൽ സഭ പ്രാർത്ഥിക്കുന്നു:

"കർത്താവേ, വിലയേറിയ നിന്റെ തിരുരക്തത്താൽ നീ സമ്പാദിച്ചിട്ടുള്ള നിന്റെ വിശുദ്ധ സഭയെ കൃപയോടെ സന്ദർശിക്കണമേ. ശത്രുക്കളുടെ ഭിന്നതകളിൽനിന്നും തർക്കങ്ങളിൽനിന്നും ശണ്ഠയിൽനിന്നും അതിനെ രക്ഷിക്കണമേ. നിന്റെ സദുപദേശങ്ങളിലും നിന്റെ സജീവമായ കല്പനകളുടെ അനുഷ്ഠാനത്തിലും അതിനെ സ്ഥിരപ്പെടുത്തി നിലനിർത്തണമേ".

### ജീവിതസാക്ഷ്യം

സഭയിൽ 16-ാം നൂറ്റാണ്ടിലുണ്ടായ പ്രതിസന്ധിയും പിളർപ്പും സഭാചരിത്രത്തിലെ ഏറ്റവും വേദനാജനകമായ സംഭവങ്ങളായിരുന്നു. സഭയ്ക്കെതിരെ പ്രതിസന്ധികളും പ്രശ്നങ്ങളുമുണ്ടാകുമ്പോൾ സഭയോടൊത്തു ചിന്തിക്കുവാനും, സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും നമുക്കു പരിശ്രമിക്കാം.

**മനഃപാഠമാക്കുക**

"അതിനാൽ, സത്യംകൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് നിങ്ങൾ ഉറച്ചുനില്ക്കുവിൻ. സമാധാനത്തിന്റെ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ".
(എഫേസോസ് 6:14-15)

## ചോദ്യങ്ങൾ

1. പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന്റെ പശ്ചാത്തലമെന്ത്?
2. ദണ്ഡവിമോചനം എന്നാലെന്ത്?
3. ത്രെന്തോസ് സൂനഹദോസും അതിന്റെ ഫലങ്ങളും വിവരിക്കുക.
4. സഭയുടെ നവീകരണത്തിൽ സന്യാസസമൂഹങ്ങളുടെ പങ്കെന്ത്?
5. 16-ാം നൂറ്റാണ്ടിലെ പ്രേഷിതപ്രവർത്തനത്തനങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

www.malankaralibrary.com

# സഭ ആധുനികയുഗത്തിൽ



ത്രെന്തോസ് സൂനഹദോസിനുശേഷം സഭയിൽ പൊതുവെ ആത്മീയ ഉണർവുണ്ടായി. സഭ പ്രതിസന്ധികളെ അതിജീവിച്ച് മുമ്പോട്ട് പോകുകയും പ്രേഷിത പ്രവർത്തനങ്ങൾ ശക്തിപ്പെടുകയും ചെയ്തു. എന്നാൽ ത്രെന്തോസ് സൂനഹദോസിനുശേഷം വളർന്നുവന്ന വിപ്ലവകരമായ പുതിയ സിദ്ധാന്തങ്ങളും പ്രസ്ഥാനങ്ങളും സഭയ്ക്ക് വെല്ലുവിളിയായി തീർന്നു.

## പുതിയ വെല്ലുവിളികൾ

ജാൻസനിസം (1585–1638) എന്ന അബദ്ധസിദ്ധാന്തത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമേ ദൈവത്തിന്റെ വരപ്രസാദം ലഭിക്കുകയുള്ളുവെന്നും മാർപ്പാപ്പായുടെ അധികാരം സൂനഹദോസിന് കീഴിലാണെന്നും ചിലർ പഠിപ്പിച്ചുതുടങ്ങി. സഭയുടെ മേലുള്ള പൂർണ്ണ അധികാരം രാഷ്ട്രത്തിനാണെന്നുള്ള അവകാശവാദമാണ് ഗാള്ളിക്കനിസം (1638–1715). അറിവിന്റെ അടിസ്ഥാനം യുക്തിമാത്രമാണെന്ന് പറഞ്ഞ് വിശ്വാസത്തെയും വെളിപാടിനെയും നിഷേധിക്കുകയും യുക്തിയുടെ അടിസ്ഥാനത്തിൽ മാത്രം ദൈവത്തിൽ വിശ്വസിച്ചാൽ മതി എന്നുപറയുകയും ചെയ്യുന്ന സ്വാഭാവികമതം രംഗപ്രവേശം ചെയ്തു. ഫ്രാൻസിൽ വോൾട്ടയർ (1694–1778), റൂസ്സോ (1712–1778) എന്നിവർ ആ ആശയത്തിന്റെ പേരിൽ കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളെയും ഭരണസംവിധാനത്തെയും ശക്തമായി വിമർശിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. ഇപ്രകാരം രാഷ്ട്രത്തോടും മതത്തോടും ജനങ്ങൾക്ക് അവജ്ഞയുണ്ടാക്കുന്ന അനേകം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് 18, 19, 20 നൂറ്റാണ്ടുകളിലെ സഭയുടെ ആധുനികചരിത്രം ഈ പാഠത്തിലവതരിപ്പിക്കുന്നത്.

## ഫ്രഞ്ചു വിപ്ലവം

18–ാം നൂറ്റാണ്ടിന്റെ അവസാനം ഫ്രാൻസ് വലിയ സാമ്പത്തിക പ്രതിസന്ധിയിലായി. രാഷ്ട്രത്തിന്റെ സമ്പത്തിൽ നല്ലൊരുഭാഗവും സഭയുടേതായിരുന്നു. സഭയും രാഷ്ട്രഭ

www.malankaralibrary.com

രണത്തിൽ പങ്കുവഹിച്ചിരുന്നു. ഇക്കാലത്ത് സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ രാഷ്ട്രത്തിനും സഭയ്ക്കും സാധിച്ചില്ല. ജനങ്ങൾ ഇതിൽ പ്രതിഷേധിക്കുകയും കോപാകുലരാകുകയും ചെയ്തു. 1789 മെയ് 5-ന് ലൂയിസ് 16-ാമൻ രാജാവ് വിളിച്ചുകൂട്ടിയ അസംബ്ലി സാധാരണ ജനങ്ങളുടെ പ്രതിനിധികൾ ബഹിഷ്കരിച്ചു. പിന്നീട് ഇവർ ചേർന്ന് ഫ്രാൻസിലെ ദേശീയ അസംബ്ലിയായി സ്വയം പ്രഖ്യാപിച്ചു.

പുതിയ ദേശീയ അസംബ്ലി അധികാരം കൈക്കലാക്കുകയും 1789-ൽ ജന്മികൾക്കും പുരോഹിതർക്കും ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കുകയും ചെയ്തു. പുതിയ ഭരണകൂടം സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം വേർപെടുത്തി. സഭയുടെസ്വത്ത് ദേശസാത്കരിച്ചു. വൈദികരുടെ ആനുകൂല്യങ്ങൾ എടുത്തുകളഞ്ഞു. രാഷ്ട്രത്തിന്റേതായ ബദൽ മെത്രാന്മാരും വൈദികരും നിയമിതരായി. മാർപ്പാപ്പായുമായുള്ള ബന്ധം ഫ്രാൻസ് വിച്ഛേദിച്ചു. വളരെയധികം വൈദികരെ വധിക്കുകയും നാടുകടത്തുകയും ചെയ്തു. ലൂയിസ് 16-ാമൻ രാജാവ് 1793-ൽ വധിക്കപ്പെട്ടു. വൈദികരെ എവിടെ കണ്ടാലും കൊല്ലുവാൻ പുതിയഭരണകൂടം അനുവദിച്ചു. ക്രൈസ്തവ ആരാധനയ്ക്കുപകരം വിപ്ലവ ഗവൺമെന്റിന്റെ ആരാധന നടപ്പിലാക്കി. മതാനുഷ്ഠാനങ്ങൾ ദേവാലയത്തിൽ നടത്തുന്നത് നിരോധിച്ചു. 1799-ൽ നെപ്പോളിയൻ ഫ്രാൻസിന്റെ ഭരണം കൈവശപ്പെടുത്തുന്നതുവരെ ഈ ഭീകരവാഴ്ച നീണ്ടുനിന്നു. 1801-ൽ നെപ്പോളിയൻ 7-ാം പീയൂസ് മാർപ്പാപ്പായുമായി നടത്തിയ ഉടമ്പടിവഴി കത്തോലിക്കാസഭയ്ക്ക് ഫ്രാൻസിൽ സ്വാതന്ത്ര്യം ലഭിച്ചു.

## ഇറ്റലിയുടെ ഏകീകരണം

ഫ്രഞ്ചു വിപ്ലവം ഉയർത്തിയ ആവേശം ക്രമേണ മറ്റു രാജ്യങ്ങളിലേക്കും വ്യാപിച്ചു. ദേശീയബോധവും ജനാധിപത്യ ബോധവും ജനങ്ങളിൽ ശക്തമായി. ഈ ചിന്തകൾ ഇറ്റലിയുടെ ഏകീകരണത്തിലേക്ക് നയിച്ചു. 1870-ൽ വിക്ടർ എമ്മാനുവേൽ റോമിനെ ഇറ്റലിയോട് ചേർത്തു. ഇതിൽ പ്രതിഷേധിച്ച് 9-ാം പീയൂസ് പാപ്പാ സ്വയം തടവുകാരനായി വത്തിക്കാനിൽ കഴിഞ്ഞുകൂടി. 1929 ഫെബ്രുവരി 11-ന് നടന്ന ലാറ്ററൻ ഉടമ്പടിപ്രകാരം 108 ഏക്കർ മാത്രം വിസ്താരമുള്ള വത്തിക്കാൻ ഒരു പരമാധികാര രാഷ്ട്രമായി. ഒരു രാഷ്ട്രത്തിന്റെ എല്ലാ അവകാശങ്ങളും അധികാരങ്ങളും മാർപ്പാപ്പായ്ക്ക് ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തു. അങ്ങനെ ലാറ്ററൻ ഉടമ്പടിയിലൂടെ രാഷ്ട്രവും സഭയും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു.

## കമ്മ്യൂണിസം

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വ്യവസായ വിപ്ലവത്തെ തുടർന്ന് തൊഴിലാളികൾക്ക് കഠിന യാതനകൾ അനുഭവിക്കേണ്ടിവന്നു. മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും അവർ വിധേയരായി. യാതന അനുഭവിക്കുന്ന തൊഴിലാളി വർഗത്തിന്റെ മോചനത്തിനായി പുതിയ ഒരു സാമൂഹിക വ്യവസ്ഥിതി ആവശ്യമാണെന്ന് മനസ്സിലാക്കി കാറൽ മാർക്സും ഫ്രെഡറിക് ഏംഗൽസും രൂപകല്പന ചെയ്ത പുതിയ സാമൂഹിക വ്യവസ്ഥിതിയാണ് കമ്മ്യൂണിസം. കമ്മ്യൂണിസത്തിന്റെ സിദ്ധാന്തങ്ങൾ കാറൽ മാർക്സ്

www.malankaralibrary.com

“കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ”യിൽ പ്രതിപാദിച്ചു. സമ്പത്താണ് മനുഷ്യചരിത്രത്തെ നിയന്ത്രിക്കുന്നതെന്നും സമ്പദ്വ്യവസ്ഥയുമായി ബന്ധപ്പെട്ടാണ് മതവും ധാർമ്മികതയും രൂപം കൊള്ളുന്നതെന്നും മാർക്സ് വ്യക്തമാക്കി. തൊഴിലാളി-മുതലാളി വർഗവ്യത്യാസമില്ലാത്തതും മതമില്ലാത്തതുമായ ഒരു രാഷ്ട്രീയ ദർശനമാണ് കമ്മ്യൂണിസം വിഭാവനം ചെയ്തത്. ലക്ഷ്യം നേടുവാനായി ഏതു മാർഗവും സ്വീകരിക്കാമെന്നവർ പഠിപ്പിച്ചു. അതിരുകടന്ന ഭൗതികവാദവും സ്വകാര്യസ്വത്തിന്റെ ഉന്മൂലനവും കമ്മ്യൂണിസത്തിന്റെ അടിസ്ഥാന ചിന്തകളാണ്.

ദൈവം, മതം, ധാർമ്മികത എന്നീ യാഥാർത്ഥ്യങ്ങളെ നിഷേധിച്ച കമ്മ്യൂണിസത്തിന്റെ ഭൗതിക വാദത്തെ സഭ അംഗീകരിക്കുന്നില്ല. മാർഗമേതായാലും ലക്ഷ്യം നന്നായാൽ മതിയെന്ന കമ്മ്യൂണിസ്റ്റ് വാദത്തെ സഭ തള്ളിക്കളയുകയും മാർഗവും ലക്ഷ്യവും ഒരുപോലെ ശരിയായിരിക്കണമെന്ന് പഠിപ്പിക്കുകയും ചെയ്തു. കമ്മ്യൂണിസ്റ്റുകാർ അക്രമത്തിന്റെ മാർഗം തിരഞ്ഞെടുത്തതും വ്യക്തിസ്വാതന്ത്ര്യം നിരോധിച്ചതും മതത്തെ നിഷേധിച്ചതും സഭ കമ്മ്യൂണിസത്തെ എതിർക്കുവാൻ കാരണമായി. ഇറ്റലി, പോളണ്ട്, റഷ്യ, ചൈന തുടങ്ങിയ രാഷ്ട്രങ്ങളിൽ സഭയ്ക്ക് വലിയ നഷ്ടമുണ്ടാക്കുവാൻ കമ്മ്യൂണിസത്തിന് സാധിച്ചു.

കമ്മ്യൂണിസം കാലക്രമേണ പല രാജ്യങ്ങളിലും ശക്തി പ്രാപിച്ചു. എന്നാൽ സോവ്യറ്റ് റഷ്യയുടെയും കിഴക്കൻ യൂറോപ്പിന്റെയും സാമ്പത്തിക അധഃപതനം കമ്മ്യൂണിസത്തിന് വലിയ തിരിച്ചടിയായി. ജനം കമ്മ്യൂണിസത്തെ വെറുത്തു. മാർക്സ് വിഭാവനം ചെയ്ത കമ്മ്യൂണിസം ഒരു വലിയ പരാജയമായിരുന്നു എന്ന് റഷ്യയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും പുറംലോകത്തോട് വിളിച്ചു പറഞ്ഞു. ചൈനയിൽ ഇന്നും കമ്മ്യൂണിസമാണ് നിലനില്ക്കുന്നത്. എന്നാൽ ആധുനീവത്കരിച്ച് മയപ്പെടുത്തി എടുത്ത കമ്മ്യൂണിസമാണ് അവിടെയുള്ളത്.

കമ്മ്യൂണിസത്തിലെ ചില തത്വങ്ങൾ സഭയുടെ വിശ്വാസത്തിനും ധാർമ്മികതയ്ക്കും കടകവിരുദ്ധമാണെങ്കിലും അതിലെ ചില നല്ല വശങ്ങളെ സഭ തള്ളിക്കളയുന്നില്ല. കമ്മ്യൂണിസം ഉയർത്തുന്ന സമത്വം, ദരിദ്രരുടെ വിമോചനം ഇവയോട് സഭയ്ക്ക് പൂർണയോജിപ്പാണുള്ളത്. എന്നാൽ കമ്മ്യൂണിസം വഴി വിശ്വാസത്തിനുണ്ടാകുന്ന അപകടത്തെക്കുറിച്ച് എപ്പോഴും ജാഗ്രതയുള്ളവരായിരിക്കണമെന്ന് സഭ പഠിപ്പിക്കുന്നു. മനുഷ്യനെ വെറും ഭൗതികവസ്തു മാത്രമായി കാണുകയും എല്ലാ മനുഷ്യപ്രശ്നങ്ങളുടെയും അടിസ്ഥാനം സമ്പത്ത് മാത്രമാണെന്ന് ധരിക്കുകയും ചെയ്യുന്ന കമ്മ്യൂണിസത്തിന്റെ ചിന്താഗതിയും സഭ നിഷേധിക്കുന്നു.

## ശാസ്ത്രം ഉയർത്തിയ വെല്ലുവിളികൾ

പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ശാസ്ത്രീയമായ മുന്നേറ്റം യൂറോപ്പിലുണ്ടായി. ഭൂമിയല്ല പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും അത് സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന ഒരു ഗ്രഹം മാത്രമാണെന്നും കോപ്പർ നിക്കസ്, ഗലീലിയോ എന്നിവർ പ്രസ്താവിച്ചു. ഈ ആശയം ബൈബിളിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായിരുന്നു. ഭൂമി നിശ്ചലമാണെന്നും സൂര്യൻ

www.malankaralibrary.com

ചലിക്കുന്നുവെന്നുമുള്ള ബൈബിൾ വിവരണം (ജോഷ്വാ 10:12-13) ഈ സിദ്ധാന്തത്തെ എതിർക്കുവാൻ സഭയെ പ്രേരിപ്പിച്ചു. അതുപോലെ 19-ാം നൂറ്റാണ്ടിൽ ചാൾസ് ഡാർവിൻ അവതരിപ്പിച്ച പരിണാമ സിദ്ധാന്തം ബൈബിളിലെ സൃഷ്ടിവിവരണത്തിനെതിരായിരുന്നു. ആദിയിൽ ഏഴ് ദിവസംകൊണ്ട് ദൈവം എല്ലാം സൃഷ്ടിച്ചു എന്ന് ബൈബിൾ പറയുമ്പോൾ ഭൂമിയിലുള്ള ജീവജാലങ്ങൾ കോടിക്കണക്കിന് വർഷങ്ങളിലൂടെ പരിണാമം വഴിയാണ് ജന്മമെടുത്തതെന്ന് പരിണാമസിദ്ധാന്തം പഠിപ്പിക്കുന്നു. ഈ ചിന്താഗതികളിലൂടെ ശാസ്ത്രം സഭയ്ക്കെതിരാണെന്നും ശാസ്ത്രപുരോഗതിക്ക് സഭ തടസം നില്ക്കുകയാണെന്നും പ്രചാരണമുണ്ടായി.

ആധുനികകാലത്തെ ബൈബിൾ പഠനങ്ങളിലൂടെ ശാസ്ത്രവും ബൈബിളും പരസ്പര വിരുദ്ധമല്ലെന്നും പരസ്പര പൂരകങ്ങളാണെന്നുമുള്ള ബോധ്യം ശക്തിപ്പെട്ടു. ശാസ്ത്രത്തിന്റെ വളർച്ച സഭയ്ക്ക് ഭീഷണിയല്ലെന്നും മറിച്ച് സഹായകരമാണെന്നുമുള്ള തിരിച്ചറിവ് ഇന്ന് ശക്തമാണ്.

ഇപ്രകാരം 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ ഉയർന്നുവന്ന ചിന്താധാരകളും വിപ്ലവങ്ങളും സഭയെ തകർക്കുവാൻ ശക്തിയുള്ളവയായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ സഭ ഏതു കൊടുങ്കാറ്റിലും പതറാതെ പരിശുദ്ധാരൂപിയുടെ ശക്തിയാൽ നിലനില്ക്കും എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

## ഒന്നാം വത്തിക്കാൻ സൂനഹദോസ്

ആധുനികയുഗത്തിലെ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളാണ് ഒന്നും രണ്ടും വത്തിക്കാൻ സൂനഹദോസുകൾ. 17-ഉം 18-ഉം നൂറ്റാണ്ടുകളിൽ സഭയെ ബാധിച്ച തളർച്ചയുടെ കാരണങ്ങൾ പരിശോധിച്ച് പരിഹാരം കാണുവാനും സഭയ്ക്കെതിരെയുണ്ടായ വെല്ലുവിളികളെക്കുറിച്ച് പഠിച്ച് മറുപടി നല്കുവാനും സഭ ആഗ്രഹിച്ചിരുന്നു. അതിന്റെ ഫലമാണ് ഒന്നാം വത്തിക്കാൻ സൂനഹദോസ്. 1869 ഡിസംബർ 8-ന് ഒമ്പതാം പീയൂസ് പാപ്പാ സൂനഹദോസ് ഉദ്ഘാടനം ചെയ്തു. 700-ൽ പരം മെത്രാന്മാർ ഈ സൂനഹദോസിൽ സംബന്ധിച്ചു. ക്രൈസ്തവ തത്വങ്ങളെ സുവ്യക്തമായി ചൂണ്ടിക്കാണിക്കുവാനും അബദ്ധസിദ്ധാന്തങ്ങളെക്കുറിച്ച് ചർച്ചചെയ്ത് സഭയുടെ ഔദ്യോഗിക പഠനം പ്രഖ്യാപിക്കുവാനും സാധിച്ചത് സൂനഹദോസിന്റെ വിജയമായി കരുതുന്നു. വിശ്വാസത്തെയും സന്മാർഗത്തെയും സംബന്ധിക്കുന്ന കാര്യങ്ങൾ ഔദ്യോഗികമായി പഠിപ്പിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ മാർപ്പാപ്പായ്ക്ക് തെറ്റുപറ്റുകയില്ല എന്നതാണ് സഭയുടെ വിശ്വാസം. ഇതിനെ മാർപ്പാപ്പായുടെ അപ്രമാദിത്വം (Infallibility) എന്നു പറയുന്നു. ഈ കാര്യം വിശ്വാസ സത്യമായി പ്രഖ്യാപിക്കുവാൻ സൂനഹദോസിന് സാധിച്ചു എന്നത് വലിയ ഒരു നേട്ടമാണ്.

## രണ്ടാം വത്തിക്കാൻ സൂനഹദോസ്

20-ാം നൂറ്റാണ്ടിലെ സഭയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നായിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ്. ഈ സൂനഹദോസ് വിളിച്ചുകൂട്ടിയത് ജോൺ 23-ാം

www.malankaralibrary.com

മാർപ്പാപ്പായായിരുന്നു. ആധുനിക മാർപ്പാപ്പാമാരിൽ സവിശേഷമായ ഒരു വ്യക്തിത്വം അദ്ദേഹത്തിനുണ്ടായിരുന്നു. തുറന്ന മനോഭാവക്കാരനും സാധാരണക്കാരിലേക്ക് ഇറങ്ങിവരുവാൻ മനസ്സുള്ള വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു അദ്ദേഹം. സഭൈക്യരംഗത്തും സാമൂഹിക രംഗത്തും അദ്ദേഹം വലിയ സംഭാവനകൾ നല്കി. "മാതാവും ഗുരുനാഥയും", "ഭൂമിയിൽ സമാധാനം" എന്നീ സാമൂഹിക പ്രബോധനങ്ങൾ ലോകശ്രദ്ധ പിടിച്ചുപറ്റി. രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടി എന്നതായിരുന്നു അദ്ദേഹത്തിന്റെ വലിയ നേട്ടം.

സഭാചരിത്രത്തിൽ രണ്ടാം വത്തിക്കാൻ സൂനഹദോസിന് മുമ്പ് ഇരുപത് സാർവത്രിക സൂനഹദോസുകൾ നടന്നിട്ടുണ്ട്. ഏതെങ്കിലുമൊരു അബദ്ധസിദ്ധാന്തത്തെ ശപിക്കുകയോ, ചോദ്യം ചെയ്യപ്പെടുന്ന പുതിയ വിശ്വാസ സത്യങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിക്കുകയോ ആയിരുന്നു അവയുടെയെല്ലാം ലക്ഷ്യം. ഇതിൽനിന്നും വ്യത്യസ്തമായിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ്. 1962 ഒക്ടോബർ 11-ാം തീയതി സൂനഹദോസ് ഉദ്ഘാടനം ചെയ്തുകൊണ്ട് ജോൺ 23-ാമൻ മാർപ്പാപ്പാ പറഞ്ഞു: "സഭയെ നവീകരിക്കുക". സഭാ നവീകരണവും സഭകളുടെ ഐക്യവുമായിരുന്നു സൂനഹദോസിന്റെ പ്രധാന ലക്ഷ്യം. ശാസ്ത്ര-സാങ്കേതിക മണ്ഡലങ്ങളിൽ അടുത്തകാലത്തുണ്ടായ വമ്പിച്ച പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ സഭയെ നവീകരിക്കുകയും പുന:സംവിധാനം ചെയ്യുകയുമായിരുന്നു സൂനഹദോസിന്റെ പ്രധാന ചിന്ത. ആധുനിക മനുഷ്യന് മനസ്സിലാകുന്ന രീതിയിൽ സുവിശേഷവും സഭാതത്വങ്ങളും അവതരിപ്പിച്ചേ മതിയാവൂ എന്ന ചിന്ത പിതാക്കന്മാരിൽ ശക്തമായിരുന്നു.

നാലു ഘട്ടങ്ങളായാണ് സൂനഹദോസ് നടന്നത്. സൂനഹദോസിന്റെ ആദ്യ സമ്മേളനത്തിൽ തന്നെ 2540 മെത്രാന്മാർ സന്നിഹിതരായിരുന്നു. ഇത്രയും മെത്രാന്മാർ ഒന്നിച്ചു സംബന്ധിച്ച ഒരു സാർവത്രിക സൂനഹദോസ് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. സൂനഹദോസിൽ ദൈവശാസ്ത്രജ്ഞന്മാരും അല്മായപ്രമുഖരും വൈദികരും അകത്തോലിക്കാപ്രതിനിധികളും നിരീക്ഷകരായി പങ്കെടുത്തിരുന്നു. മലങ്കര കത്തോലിക്കാ സഭയിൽനിന്നും അഭിവന്ദ്യരായ ബനഡിക്ട് മാർ ഗ്രിഗോറിയോസും സക്കറിയാസ് മാർ അത്തനാസിയോസും ഈ സൂനഹദോസിൽ സംബന്ധിച്ചിരുന്നു. 1963 ജൂൺ 3-ന് ജോൺ 23-ാം പാപ്പാ ദിവംഗതനായി. പിൻഗാമിയായി വന്ന പോൾ 6-ാമൻ പാപ്പാ സൂനഹദോസ് പൂർത്തിയാക്കി. 1965 ഡിസംബർ 8-ന് സൂനഹദോസ് സമാപിച്ചു.

ഈ സൂനഹദോസ് പതിനാറ് പ്രമാണരേഖകൾ അംഗീകരിച്ചു. നാലു കോൺസ്റ്റിറ്റ്യൂഷനുകളും ഒമ്പത് ഡിക്രികളും മൂന്നു പ്രഖ്യാപനങ്ങളുമാണിതിലുള്ളത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് വൻവിജയമായിരുന്നു എന്നതിൽ സംശയമില്ല. സഭയുടെ ജീവിതശൈലിയിലും ചിന്താരീതികളിലും വിപ്ലവകരമായ മാറ്റങ്ങൾക്ക് സൂനഹദോസ് കളമൊരുക്കി. സഭകൾ തമ്മിൽ സൗഹാർദ്ദത്തിൽ മുമ്പോട്ടു പോകുവാൻ സൂനഹദോസ് വഴിതെളിച്ചു. "ശുദ്ധവായു പ്രവേശിക്കുന്നതിന് സഭയുടെ വാതായനങ്ങൾ തുറന്നിടുക" എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച സൂനഹദോസ് ഈ ലക്ഷ്യം സാക്ഷാത്കരിച്ചു എന്നത് വലിയ നേട്ടമാണ്.

www.malankaralibrary.com

## വിശുദ്ധ പോൾ ആറാമൻ മാർപ്പാപ്പാ (1963–1978)

ജോൺ 23–ാം മാർപ്പാപ്പായുടെ പിൻഗാമിയായിട്ടാണ് പോൾ 6–ാമൻ മാർപ്പാപ്പാ സ്ഥാനം ഏറ്റത്. ജോൺ 23–ാമന്റെ മരണത്തെത്തുടർന്ന് സൂനഹദോസ് കാര്യക്ഷമമായി തുടരുന്നതിനും വിജയകരമായി സമാപിപ്പിക്കുന്നതിനും ഡിക്രികൾ നടപ്പിലാക്കുന്നതിനും പോൾ 6–ാമൻ മാർപ്പാപ്പാ ശക്തമായ നേതൃത്വം നല്കി. ഇതര സഭകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് അദ്ദേഹത്തിന് സാധിച്ചു. ഇന്ത്യയുൾപ്പെടെ പല രാജ്യങ്ങളും സന്ദർശിച്ച് സഭയും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി. 1967–ൽ അദ്ദേഹം പുറപ്പെടുവിച്ച "മാനവപുരോഗതി" (Populorum Progressio) എന്ന ചാക്രിക ലേഖനം സഭയുടെ സാമൂഹിക പ്രബോധനരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട രേഖകളിൽ ഒന്നാണ്.

പോൾ 6–ാമൻ മാർപ്പാപ്പായുടെ പിൻഗാമിയായി വന്ന ജോൺ പോൾ ഒന്നാമൻ ഒരു മാസം മാത്രമേ സഭയെ നയിച്ചുള്ളു. 1978 ആഗസ്റ്റ് 26–ന് സ്ഥാനമേറ്റ അദ്ദേഹം സെപ്റ്റംബർ 28–ന് ദിവംഗതനായി. 2018 ഒക്ടോബർ മാസം 14–ാം തീയതി ഫ്രാൻസിസ് മാർപ്പാപ്പാ അദ്ദേഹത്തെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തി.

## വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ (1978–2005)

21–ാം നൂറ്റാണ്ടിലേക്ക് സഭയെ ധീരതയോടെ നയിച്ച പ്രഗല്ഭനായ മാർപ്പാപ്പായാണ് ജോൺ പോൾ രണ്ടാമൻ. ജോൺ പോൾ ഒന്നാമന്റെ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിൽ കർദ്ദിനാൾ സംഘം പുതിയൊരു ചരിത്രം സൃഷ്ടിച്ചു. നൂറ്റാണ്ടുകളായി ഇറ്റലിയിൽ നിന്നായിരുന്നു മാർപ്പാപ്പാമാർ തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. എന്നാൽ ഇറ്റലിക്ക് പുറത്തുനിന്നുള്ള ഒരാളെ അവർ മാർപ്പാപ്പായായി തിരഞ്ഞെടുത്തു. കമ്മ്യൂണിസ്റ്റ് ഭരണത്തിലായിരുന്ന പോളണ്ടിലെ ക്രാക്കോവ് രൂപതാധ്യക്ഷനായിരുന്ന കരോൾ വോയ്റ്റിവാ 1978 ഒക്ടോബർ 16–ാം തീയതി 264–ാമത്തെ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു. ജോൺ പോൾ രണ്ടാമൻ എന്ന പേരാണ് അദ്ദേഹം സ്വീകരിച്ചത്.

പോളണ്ടിലെ ഒരു പാവപ്പെട്ട പട്ടാള ഉദ്യോഗസ്ഥന്റെ പുത്രനായി ജനിച്ച അദ്ദേഹത്തിന് രണ്ടാം ലോകമഹായുദ്ധകാലത്ത് ജർമൻ തടങ്കൽ പാളയത്തിൽ കഴിയേണ്ടിവന്നു. അവിടെ ഫാക്ടറി തൊഴിലാളിയായും കല്ലുവെട്ടുകാരനായും അദ്ദേഹം ജീവിച്ചു. പിന്നീട് അദ്ദേഹം സഭയുടെ ഉന്നത പദവികളിലേക്ക് ആനയിക്കപ്പെട്ടു. അദ്ദേഹം മാർപ്പാപ്പായായതിനുശേഷം നൂറുകണക്കിന് രാജ്യങ്ങൾ സന്ദർശിച്ച് ജനങ്ങളുമായി ആത്മബന്ധം സ്ഥാപിച്ചു. ഇത്രയധികം രാജ്യങ്ങൾ സന്ദർശിക്കുകയും ജനങ്ങളെ അഭിസംബോധന ചെയ്യുകയും ചെയ്തിട്ടുള്ള മാർപ്പാപ്പാമാർ ചരിത്രത്തിലില്ല. ജനഹൃദയങ്ങളെ വശീകരിക്കുന്നതിലും അവരെ വിശ്വാസത്തിലുറപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ കഴിവ് അസാധാരണമാണ്. 1986 ഫെബ്രുവരിയിൽ അദ്ദേഹം ഇന്ത്യയിൽവന്നു. കേരളത്തിൽ കൊച്ചി, തൃശൂർ, കോട്ടയം, തിരുവനന്തപുരം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ഈ അവസരത്തിൽ തിരുവനന്തപുരം അതിഭദ്രാസന കത്തീഡ്രൽ അദ്ദേഹം സന്ദർശിച്ചു. കേരളം സന്ദർശിച്ച ആദ്യത്തെ മാർപ്പാപ്പായാണ് ജോൺ പോൾ രണ്ടാമൻ.

www.malankaralibrary.com

ജോൺ പോൾ രണ്ടാമൻ ധാരാളം ചാക്രിക ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മനുഷ്യര ക്ഷകൻ, മനുഷ്യപ്രയത്നം, സാമൂഹിക ഔത്സുക്യം എന്നിവ പ്രാധാന്യമർഹിക്കുന്ന വയാണ്.

പാശ്ചാത്യ കാനൻ നിയമം പരിഷ്കരിക്കുകയും പൗരസ്ത്യ സഭകൾക്കായി പ്രത്യേകം കാനൻ നിയമം പ്രസിദ്ധീകരിക്കുകയും ചെയ്തത് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ യാണ്. 1992 ഒക്ടോബർ 11-ന് പ്രസിദ്ധീകരിച്ച "Catechism of the Catholic Church" എന്ന മതബോധന ഗ്രന്ഥം കത്തോലിക്കാസഭയുടെ ആധികാരിക രേഖകളിൽ പ്രധാനപ്പെട്ട ഒന്നാണ്.

ആധുനിക യുഗത്തിൽ മനുഷ്യജീവന്റെ മഹത്ത്വത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ ലോകമനഃസാക്ഷിയെ ഉണർത്തി. എല്ലാ എതിർപ്പുകൾക്കിടയിലും ഭ്രൂണ ഹത്യപോലെയുള്ള വലിയ തെറ്റുകൾക്കെതിരെ അദ്ദേഹം ശബ്ദമുയർത്തി. കമ്മ്യൂണി സത്തിന്റെയും മുതലാളിത്ത വ്യവസ്ഥിതിയുടെയും ദോഷവശങ്ങളെ അദ്ദേഹം ശക്തി യുക്തം എതിർത്തു. മനുഷ്യാവകാശ പ്രശ്നങ്ങളിലും മൂന്നാം ലോകരാഷ്ട്രങ്ങളുടെ പ്രശ്നങ്ങളിലും അദ്ദേഹം ധീരമായ നിലപാടെടുത്തു. ഇറാഖ് യുദ്ധം ഉൾപ്പെടെ നിര വധി പ്രശ്നങ്ങളിൽ അദ്ദേഹം തന്റെ ധീരമായ നിലപാട് ലോകത്തെ അറിയിച്ചു. 2005 ഏപ്രിൽ 2-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കാലം ചെയ്തു. 2014 ഏപ്രിൽ 27-ാം തീയതി ഫ്രാൻസിസ് മാർപ്പാപ്പാ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായെയും ജോൺ ഇരുപത്തിമൂന്നാം മാർപ്പാപ്പായെയും വിശുദ്ധ പദവിയിലേക്ക് ഉയർത്തി.

## ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ (2005-)

ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ പിൻഗാമിയായി കർദ്ദിനാളായിരുന്ന ജോസഫ് റാറ്റ്സിംഗർ, ബനഡിക്ട് പതിനാറാമൻ എന്ന പേരിൽ 265-ാമത്തെ മാർപ്പാപ്പായായി 2005 ഏപ്രിൽ 19-ാം തീയതി തിരഞ്ഞെടുക്കപ്പെട്ടു. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ ജർമ്മനിയുടെ തെക്കുഭാഗത്തുള്ള ബവേറിയ എന്ന സ്ഥലത്ത് 1927 ഏപ്രിൽ 16-ന് ജനി ച്ചു. 1951-ൽ വൈദികനായി. രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ ദൈവശാസ്ത്രപര മായ സംഭാവനകൾ നൽകി. 1977-ൽ അദ്ദേഹം ആർച്ചുബിഷപ്പായി. 1998-ൽ അദ്ദേഹം കർദിനാളായി തെരഞ്ഞെടുക്കപ്പെട്ടു. 2005 ഏപ്രിൽ 19-ാം തീയതി മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ എട്ടു വർഷത്തെ ശുശ്രൂഷകാലത്ത് സഭയുടെ വിശ്വാസസത്യങ്ങളെയും ധാർമ്മികതയെയും മുറുകെ പിടിക്കുവാനും ലോകത്തിനുമു മ്പിൽ ധൈര്യത്തോടെ അത് പ്രഘോഷിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ധാരാളം ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതി സഭയെ സമ്പന്നമാക്കിയിട്ടുണ്ട്. അനാരോ ഗ്യത്തെ തുടർന്ന് 2013 ഫെബ്രുവരി 28-ന്, 85-ാം വയസ്സിൽ അദ്ദേഹം പാപ്പാ സ്ഥാന ത്തുനിന്നും വിരമിച്ച് വിശ്രമജീവിതം നയിക്കുന്നു.

## ഫ്രാൻസിസ് മാർപ്പാപ്പാ (2013-)

ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ വിരമിച്ചതിനെതുടർന്ന് കർദിനാൾ ജോർജ് മാരിയോ ബർഗോളിയോ 2013 മാർച്ച് 13-ന് 266-മത്തെ മാർപ്പാപ്പായായി തെരഞ്ഞെടുക്ക

www.malankaralibrary.com

പ്പെടുകയും ഫ്രാൻസ്സിസ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. 1936 ഡിസംബർ 17-ന് അർജന്റീനായിലെ ബ്യൂണസ് അയേഴ്സ് എന്ന സ്ഥലത്ത് ജനിച്ച അദ്ദേഹം 1969-ൽ വൈദികനാകുകയും 1998-ൽ ബ്യൂണസ് അയേഴ്സിലെ ആർച്ചുബിഷപ്പാകുകയും ചെയ്തു. 2001 ഫെബ്രുവരി 21-ന് അദ്ദേഹം കർദിനാളായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിനയവും, ലളിതജീവിതവും, പാവങ്ങളോടുള്ള പക്ഷം ചേരലും, ലോകത്തിലെ സാമൂഹിക വിഷയങ്ങളിലെ ഇടപെടലും അദ്ദേഹത്തെ ലോകം മുഴുവന്റേയും ആത്മീയ പ്രവാചകനാക്കി മാറ്റി. അദ്ദേഹത്തിന്റെ ശുശ്രൂഷ ലോകം മുഴുവനും അനുഗ്രഹമായി തീരട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അപ്പസ്തോല തലവനായ പത്രോസുമുതൽ ഇടമുറിയാതെയുള്ള അപ്പസ്തോലികാധികാരത്തിന്റെ കൈമാറ്റം 266-മത്തെ ഫ്രാൻസ്സിസ് മാർപ്പാപ്പാവരെ എത്തി നിൽക്കുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. സഭയ്ക്ക് നേതൃത്വം നൽകുന്ന ഫ്രാൻസ്സിസ് മാർപ്പാപ്പായെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം.

### ആരാധന

വിശുദ്ധ സഭയെ നയിക്കുവാൻ ഉത്തമരായ ഇടയന്മാരെ നല്കണമെന്ന് വിശുദ്ധ കുർബാനയിൽ മധ്യസ്ഥപ്രാർത്ഥനയുടെ അവസരത്തിൽ സഭ പ്രാർത്ഥിക്കുന്നു:

“കർത്താവേ, നിന്റെ വിശുദ്ധ സഭയ്ക്കു ശാന്തിയും സമാധാനവും അതിലെ ഇടയന്മാർക്കു ആശ്വാസപൂർണമായ വാർധക്യവും നല്കണമേ. സത്യോപദേശം ശരിയായി പഠിപ്പിക്കുന്ന മേലധ്യക്ഷന്മാർ സഭയിലുണ്ടാകുവാൻ സഹായിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും”.

(കുർബാന തക്സാ)

### ജീവിതസാക്ഷ്യം

സഭ ആധുനികയുഗത്തിൽ വ്യത്യസ്തങ്ങളായ നിരവധി വെല്ലുവിളികളെ നേരിടുകയും, പരിശുദ്ധാത്മശക്തിയാൽ അവയെല്ലാം തരണം ചെയ്യുകയും ചെയ്തു. സഭ പുതിയപ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ അവ തരണം ചെയ്യുന്നതിന് സഭാനേതൃത്വത്തിന് പരിശുദ്ധാത്മ ശക്തി നല്കണമേ എന്നു നമുക്കു പ്രാർത്ഥിക്കാം.

**മനഃപാഠമാക്കുക**

“സഹോദരരെ സ്നേഹിക്കുന്നതുകൊണ്ടു നമ്മൾ മരണത്തിൽനിന്നു ജീവനിലേയ്ക്കു കടന്നിരിക്കുന്നു എന്നു നാമറിയുന്നു; സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്തന്നെ നില കൊള്ളുന്നു”.
(1 യോഹന്നാൻ 3:14)

## ചോദ്യങ്ങൾ

1. ഫ്രഞ്ചു വിപ്ലവം സഭയിൽ ഉണ്ടാക്കിയ പ്രത്യാഘാതത്തെക്കുറിച്ച് വിവരിക്കുക.
2. കമ്മ്യൂണിസത്തെക്കുറിച്ച് സഭയുടെ മനോഭാവമെന്ത്?
3. മാർപ്പാപ്പായുടെ അപ്രമാദിത്വത്തെപ്പറ്റി വിവരിക്കുക.
4. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നേട്ടങ്ങളേവ?
5. നോട്ടുകുറിക്കുക :
   1. വിശുദ്ധ പോൾ ആറാമൻ മാർപ്പാപ്പാ, 2. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ
   3. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ 4. ഫ്രാൻസിസ് മാർപ്പാപ്പാ

www.malankaralibrary.com

# നാലാംഭാഗം



# ക്രിസ്തീയ ജീവിതം

www.malankaralibrary.com

# കല്പനകൾ



അടിമത്തത്തിന്റെ നാടായ ഈജിപ്തിൽനിന്ന് മോചിതരായ ഇസ്രായേൽജനം മോശയുടെ നേതൃത്വത്തിൽ മരുഭൂമിയിലൂടെ യാത്ര തുടർന്നു. മരുഭൂമിയിലെ യാത്രയ്ക്കിടയിൽ ഇസ്രായേൽജനം സീനായ് മലയുടെ അടിവാരത്തിൽ പാളയമടിച്ചു. ദൈവത്തിന്റെ നിർദ്ദേശപ്രകാരം മോശ ദൈവസന്നിധിയിലേക്ക് കയറിച്ചെന്നു. സീനായ് മലയിൽവച്ച് ദൈവം മോശയോട് സംസാരിച്ചു: “നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലുംവച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും” (പുറപ്പാട് 19:5). സീനായ് മലയിൽവച്ച് മോശയോടു സംസാരിച്ചതിനുശേഷം ഉടമ്പടിയുടെ രണ്ടു കല്പലകകൾ ദൈവം അവനു നല്കി (പുറപ്പാട് 31:18). ഇസ്രായേൽ ദൈവത്തിന്റെ സ്വന്തം ജനമാകുന്നതിന് അവശ്യം വേണ്ട വ്യവസ്ഥകളാണ് പത്തു കല്പനകളിൽ അടങ്ങിയിരുന്നത്. ഉടമ്പടിയുടെ ഭാഗമായി ഇസ്രായേൽ ദൈവത്തോട് പ്രതിബദ്ധത പാലിക്കേണ്ടിയിരുന്നു. ഈ പ്രതിബദ്ധത പാലിക്കുവാൻവേണ്ടി ദൈവം നല്കിയ മാർഗമാണ് കല്പനകൾ. തന്മൂലം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ രൂപരേഖ ഈ പത്തു കല്പനകളിൽ കാണുവാൻ സാധിക്കും.

## കല്പനകൾ-ജീവിതത്തിന്റെ കേന്ദ്രബിന്ദു

ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയവും സാമൂഹികവും ധാർമ്മികവും മതപരവുമായ സകല നിയമങ്ങളുടെയും ആരംഭവും അടിസ്ഥാനവും ആയിരുന്നു പത്തു കല്പനകൾ. ധാർമ്മികനിയമം, സാക്ഷ്യഫലകം, ഉടമ്പടിയുടെ കല്പലകകൾ, ഉടമ്പടി, പത്തു പ്രമാണങ്ങൾ, ദൈവകല്പനകൾ, ദൈവവചനങ്ങൾ എന്നിങ്ങനെ വിവിധ പേരുകൾ ഈ കല്പനകൾക്ക് ഉണ്ട്. സെമിറ്റിക് ചിന്താഗതിയനുസരിച്ച് ‘പത്ത്’

www.malankaralibrary.com

എന്ന സംഖ്യ പൂർണതയെ സൂചിപ്പിക്കുന്നു. മനുഷ്യന്റെ ധാർമ്മിക ജീവിതത്തിന് ആവശ്യമായ എല്ലാ കല്പനകളും ഈ ദൈവപ്രമാണങ്ങളിൽ അടങ്ങിയിട്ടുണ്ട്.

ദൈവജനമെന്ന നിലയിൽ ഇസ്രായേൽജനത്തിനും അവരിലൂടെ മനുഷ്യസമൂഹത്തിനും കൂടിയാണ് ദൈവം പത്തു പ്രമാണങ്ങൾ നല്കിയത്. ഈ പത്തു പ്രമാണങ്ങൾക്ക് ക്രൈസ്തവജീവിതത്തിൽ സുപ്രധാനമായ സ്ഥാനമുണ്ട്. ഇന്ന് കത്തോലിക്കാ സഭയിൽ ഉപയോഗിക്കുന്ന രീതിയിൽ ദൈവകല്പനകളെ ക്രമീകരിച്ചത് വിശുദ്ധ അഗസ്റ്റിനാണ്.

**പത്തു കല്പനകൾ** (പുറപ്പാട് 20:2-17, നിയമാവർത്തനം 5:6-21)

1. **നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.**
2. **ദൈവത്തിന്റെ തിരുനാമം വൃഥാ ഉപയോഗിക്കരുത്.**
3. **കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.**
4. **മാതാപിതാക്കളെ ബഹുമാനിക്കണം.**
5. **കൊല്ലരുത്.**
6. **വ്യഭിചാരം ചെയ്യരുത്.**
7. **മോഷ്ടിക്കരുത്.**
8. **കള്ളസാക്ഷ്യം പറയരുത്.**
9. **അന്യന്റെ ഭാര്യയെ മോഹിക്കരുത്.**
10. **അന്യന്റെ വസ്തുക്കൾ മോഹിക്കരുത്.**

കല്പനകളിൽ ആദ്യത്തെ മൂന്നെണ്ണം മനുഷ്യന് ദൈവത്തോടും ബാക്കി ഏഴെണ്ണം സഹജീവികളോടും ഉണ്ടായിരിക്കേണ്ട ബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പഴയനിയമ ജനതയെ സംബന്ധിച്ച് കല്പനയുടെ പാലനം ദൈവത്തോടുള്ള ബന്ധത്തിന് ആവശ്യമായിരുന്നതുപോലെ ഓരോ ക്രൈസ്തവനും ദൈവവുമായുള്ള ബന്ധം നിലനിർത്തുന്നതിന് കല്പനകൾ അനുസരിക്കേണ്ടിയിരിക്കുന്നു.

പത്തു കല്പനകളിൽ രണ്ടെണ്ണം ക്രിയാത്മക രൂപത്തിലും എട്ടെണ്ണം നിഷേധാത്മക രൂപത്തിലുമാണ് അവതരിപ്പിച്ചിരിക്കുന്നത്. മൂന്നും നാലും കല്പനകളാണ് ക്രിയാത്മക രൂപത്തിൽ നല്കിയിട്ടുള്ളത്. ക്രിയാത്മക രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത് 'ഇന്നത് ചെയ്യണം' എന്നും നിഷേധാത്മക രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത് 'ഇന്നത് ചെയ്യരുത്' എന്നുമാണ്. നിഷേധാത്മക രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്ന കല്പനകൾ മനസ്സിലാക്കുവാൻ എളുപ്പമാണ്. കൂടാതെ, അവ വ്യക്തവും കൃത്യവും ആണ്. ഉദാഹരണമായി 'ജീവൻ സംരക്ഷിക്കണം' എന്നതിനെക്കാൾ എളുപ്പം മനസ്സിലാകുന്നത് 'കൊല്ലരുത്' എന്ന കല്പനയാണ്.

www.malankaralibrary.com

## പുതിയ പ്രമാണം

നിത്യജീവന്റെ മാർഗം തേടി തന്റെ പക്കലെത്തിയവർക്ക് യേശു ഉപദേശിക്കുന്നത് ഈ കല്പനകളുടെ വഴിയാണ്. കല്പനകൾ നീക്കിക്കളയുവാനല്ല, പ്രത്യുത പൂർത്തീകരിക്കുവാനാണ് താൻ വന്നതെന്ന് യേശു വ്യക്തമാക്കുന്നുണ്ട് (മത്തായി 5:17). പഴയനിയമത്തിലെ കല്പനകൾക്ക് യേശുനാഥൻ ഒരു പുതിയ മാനം നല്കുന്നുണ്ട്. പത്തു കല്പനകളെ രണ്ടായി സംഗ്രഹിച്ചുകൊണ്ട് അവിടുന്ന് ഇപ്രകാരം പറഞ്ഞു: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യം തന്നെ. അതായത്, നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക" (മത്തായി 22:37-39). സ്നേഹത്തിൽ അധിഷ്ഠിതമാണ് ദൈവകല്പനകൾ. ദൈവസ്നേഹവും പരസ്നേഹവുമാണ് മനുഷ്യജീവിതത്തിന്റെ കേന്ദ്രമെന്ന് ഈ കല്പനകൾ വ്യക്തമാക്കുന്നു. തന്റെ പരസ്യജീവിതത്തിന്റെ അവസാനകാലത്ത് എല്ലാ കല്പനകളെയും യേശുനാഥൻ ഒറ്റ കല്പനയിൽ സംഗ്രഹിക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ സാധിക്കും. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനുശേഷം യേശു ഇപ്രകാരം അരുളിച്ചെയ്തു: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹന്നാൻ 13:34).

പുതിയനിയമം സ്നേഹത്തിന്റെ നിയമം ആണ്. നിയമം പഴയനിയമത്തിലൂടെയും പുതിയനിയമത്തിലൂടെയും ദൈവം നല്കി: പഴയത് മോശയിലൂടെയും പുതിയതു ക്രിസ്തുവിലൂടെയും. പഴയനിയമകാലത്തെ പ്രമാണങ്ങളുടെ കർക്കശമായ ആചരണത്തിൽനിന്ന് സ്നേഹത്തിലൂന്നിയ ജീവിതശൈലിയിലേക്ക് പുതിയനിയമം നമ്മെ ആനയിക്കുന്നു. കല്പനകളും അവയുടെ ഉള്ളടക്കവും യേശുമിശിഹാ കുറേക്കൂടി ആഴപ്പെടുത്തിയത് ഗിരിപ്രഭാഷണത്തിൽ കാണുവാൻ സാധിക്കും (മത്തായി 5, 6, 7).

കല്പനകളുടെ അനുസരണം സ്നേഹത്തിന്റെ ജീവിതമാണ് എന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു: "പരസ്പരം സ്നേഹിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ, അയല്ക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചു കഴിഞ്ഞു. വ്യഭിചാരം ചെയ്യരുത്, കൊല്ലരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നിവയും മറ്റേതു കല്പനയും, നിന്നെപ്പോലെ നിന്റെ അയല്ക്കാരനെ സ്നേഹിക്കണം എന്ന ഒരു വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു. സ്നേഹം അയല്ക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതുകൊണ്ട് നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്" (റോമാ 13:8-10).

പത്തു കല്പനകൾ യഹൂദർക്കോ ക്രൈസ്തവർക്കോ വേണ്ടിമാത്രം നല്കപ്പെട്ട നിയമങ്ങളായി പരിമിതപ്പെടുത്താനാവില്ല. പത്തു കല്പനകളിൽ ആദ്യത്തെ മൂന്നെണ്ണം ബൈബിളിന്റെയും ദൈവവിശ്വാസത്തിന്റെയും പശ്ചാത്തലത്തിൽമാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, നാലു മുതൽ പത്തുവരെയുള്ള കല്പനകൾക്ക് സാർവത്രികമായ മാനമുണ്ട്. സമൂഹത്തിന്റെ സുസ്ഥിതിക്കും നന്മയ്ക്കും ഏറ്റവും അടിസ്ഥാനപരമായ കാര്യങ്ങളാണ് ഈ കല്പനകളിൽ പരാമർശിക്കുന്നത്.

www.malankaralibrary.com

ദൈവം നല്കിയവയായതിനാൽ പത്തു പ്രമാണങ്ങൾക്ക് മാറ്റമില്ല. ദൈവദത്തമായ തുകൊണ്ട് അവയ്ക്ക് മാറ്റം വരുത്തുവാൻ മനുഷ്യർക്ക് അധികാരവുമില്ല. ഈ പ്രമാണ ങ്ങൾ വിശദീകരിക്കുന്നതും വ്യാഖ്യാനിക്കുന്നതും പഠിപ്പിക്കുന്നതും തിരുസഭയാണ്. ദൈവകല്പനകൾക്ക് പുറമേ, സഭയും തന്റെ മക്കൾക്കുവേണ്ടി ചില കല്പനകൾ നല്കി യിട്ടുണ്ട്. അവ തിരുസഭയുടെ കല്പനകൾ എന്നറിയപ്പെടുന്നു.

## തിരുസഭയുടെ കല്പനകൾ

**1. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണം. ആ ദിവസങ്ങളിൽ വിലക്കപ്പെട്ട വേലകൾ ചെയ്യുകയുമരുത്.**

ഞായറാഴ്ച കർത്താവിന്റെ ദിവസമാണ്. യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ആഘോഷദിനമാണ് ഞായറാഴ്ച. അതിനാൽ, ഞായറാഴ്ച ഏറ്റവും പരിശുദ്ധമായി ആചരിക്കണം. രണ്ടാം വത്തിക്കാൻ കൗൺസിൽ ഞായറാഴ്ചയാചരണത്തെക്കുറിച്ച് ഇപ്ര കാരം പഠിപ്പിക്കുന്നു: “ക്രിസ്തീയ വിശ്വാസികളെല്ലാവരും ദൈവവചനം ശ്രവിക്കുവാനും വിശുദ്ധ ബലിയിൽ പങ്കെടുത്ത് ക്രിസ്തുനാഥന്റെ പീഡാസഹനവും തിരുവുത്ഥാനവും മഹത്ത്വീകരണവും അനുസ്മരിക്കുവാനും ‘മരിച്ചവരിൽനിന്നുള്ള ക്രിസ്തുവിന്റെ തിരു വുത്ഥാനം വഴി തങ്ങളെ വീണ്ടും സജീവമായ പ്രത്യാശയിലേക്കു ജനിപ്പിച്ച’ (1 പത്രോസ് 1:4) ദൈവത്തിനു നന്ദി പ്രകടിപ്പിക്കുവാനും ഈ ദിവസം (ഞായറാഴ്ച) ഒരുമിച്ചു കൂടണം” (ആരാധനക്രമം 106). ഈ ഒരുമിച്ചുകൂടലിന്റെ കേന്ദ്രം വിശുദ്ധ കുർബാന യാണ്. വിശുദ്ധ കുർബാനയിലെ ഭാഗഭാഗിത്വം വഴി യേശുക്രിസ്തുവിലാണ് ഓരോരു ത്തരും പങ്കു പറ്റുന്നത്. ഞായറാഴ്ച ദൈവികകാര്യങ്ങൾക്കായി വിനിയോഗിക്കുക ക്രൈസ്തവന്റെ കടമയാണ്. നമ്മുടെ കർത്താവിന്റെ ദിവസമായതിനാൽ അന്നേദിവസം പൂർണമായും ദൈവികകാര്യങ്ങൾക്കായി മാറ്റിവയ്ക്കണം.

**2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹാക്കാലത്ത് വിശുദ്ധ കുർബാന സ്വീകരിക്കുകയും വേണം.**

ഒരു വ്യക്തി പാപം ചെയ്യുന്നതുമൂലം ദൈവകൃപ നഷ്ടമാകുകയും ദൈവ ത്തിൽനിന്നും മനുഷ്യരിൽനിന്നും അകലുകയും ചെയ്യുന്നു. പാപത്തിൽനിന്ന് മോചനം നല്കി ദൈവത്തോടും സമൂഹത്തോടും മനുഷ്യനെ രമ്യതപ്പെടുത്തുന്ന കൂദാശയാണ് കുമ്പസാരം. അതിനാൽ, പാപാവസ്ഥയിലായിരിക്കുന്ന ഓരോ വ്യക്തിയും കുമ്പസാ രിച്ച് വിശുദ്ധ കുർബാന സ്വീകരിച്ച് ദൈവകൃപയിലായിരിക്കണമെന്ന് സഭ നിർദ്ദേശി ക്കുന്നു. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യർ മാനസാന്തരത്തിന്റെ പാതയിലേക്ക് കടന്നുവരുവാൻ വർഷത്തിലൊരിക്കലെ ങ്കിലും കുമ്പസാരിക്കണം എന്നാണ്. എപ്പോഴൊക്കെ ഒരാൾ ഗൗരവമായ പാപാവസ്ഥ യിലായിരിക്കുന്നുവോ, അപ്പോഴൊക്കെ കുമ്പസാരിച്ച് പാപമോചനം നേടണം. കുമ്പ സാരിക്കുന്നതിന് പ്രത്യേകിച്ച് സമയപരിധി നിശ്ചയിക്കുവാൻ പാടില്ല. ദൈവകൃപയിൽ വളരുവാൻ കൂടെക്കൂടെയുള്ള കുമ്പസാരവും കുർബാനസ്വീകരണവും സഹായിക്കും. പാപം ഇല്ലാത്ത അവസ്ഥയിലായിരിക്കുന്ന ഒരു വ്യക്തിക്ക് വിശുദ്ധ കുർബാന സ്വീകരി ക്കുന്നതിന് തടസമില്ല.

www.malankaralibrary.com

**3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുകയും വേണം.**

വിശ്വാസികളുടെ ആത്മീയവളർച്ചയിൽ അവരെ സഹായിക്കുന്നതിനാണ് നോമ്പ്, ഉപവാസം മുതലായ ആധ്യാത്മിക അനുഷ്ഠാനങ്ങൾ സഭ നിർദ്ദേശിച്ചിരിക്കുന്നത്. ക്രിസ്തീയ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളിൽ രണ്ടെണ്ണമാണ് നോമ്പും ഉപവാസവും. ദൈവത്തോടടുത്തായിരിക്കുവാൻ, പാപപങ്കിലമായ ജീവിതത്തിൽനിന്ന് അകന്നു നില്ക്കുവാൻ ഇവ മൂലം ഒരു വ്യക്തിക്കു സാധിക്കുന്നു. നോമ്പുകാലം സഭാമക്കളുടെ യഥാർത്ഥ നവീകരണകാലമായി സഭ കരുതുന്നു. പാപത്തിൽനിന്ന് പിന്തിരിയുവാനും അപ്രകാരം ജീവിതവിശുദ്ധി പ്രാപിക്കുവാനും ഇവ നമ്മെ സഹായിക്കുന്നു. അതിനാൽ, നോമ്പും ഉപവാസവും വർജ്ജനയും പാലിക്കുവാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു.

**4. വിലക്കപ്പെട്ട കാലത്ത് വിവാഹം ആഘോഷിക്കുകയോ തിരുസഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ അരുത്.**

യേശുക്രിസ്തു സ്ഥാപിച്ച കൂദാശകളിൽ ഒന്നാണ് വിവാഹം. വിവാഹം എന്ന കൂദാശയിലൂടെ പുരുഷനും സ്ത്രീയും ക്രിസ്തുവിൽ ഒന്നായി തീരുന്നു. അങ്ങനെ കുടുംബജീവിതം വിശുദ്ധീകരിക്കപ്പെടുന്നു. വിവാഹത്തിന്റെ അന്തഃസത്തയും പരിശുദ്ധിയും കാത്തുസൂക്ഷിക്കുന്നതിലും ഉയർത്തിപ്പിടിക്കുന്നതിലും സഭ വളരെയധികം താത്പര്യം പുലർത്തിയിട്ടുണ്ട്. അതിനാലാണ്, വിവാഹവുമായി ബന്ധപ്പെട്ട ഒരു കല്പന മാർഗദർശനമായി സഭ നല്കിയിരിക്കുന്നത്. വിലക്കപ്പെട്ട കാലത്ത് വിവാഹം നടത്തുവാൻ പാടില്ല എന്ന് സഭ പഠിപ്പിക്കുന്നു. നോമ്പുകാലത്തും പെന്തിക്കൊസ്തിക്ക് മുമ്പുള്ള കാത്തിരിപ്പിന്റെ പത്ത് ദിവസങ്ങളിലും  വിവാഹം അനുവദിച്ചിട്ടില്ല. നോമ്പുകാലത്തിന്റെ അരൂപി പ്രായശ്ചിത്തത്തിന്റേതാണ്; ആഘോഷത്തിന്റേതല്ല. വിവാഹത്തിന്റെ ആഘോഷങ്ങളും മറ്റും നോമ്പിന്റെ അരൂപിക്ക് ചേർന്നതല്ല. സഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹബന്ധത്തിലേർപ്പെടുന്നതിനെയും ഈ കല്പന നിരോധിക്കുന്നു.

**5. ദേവാലയത്തിനും ദൈവശുശ്രൂഷകർക്കും വൈദികാധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മറ്റ് ഓഹരികളും കൊടുക്കണം.**

ദൈവജനത്തിന് ശുശ്രൂഷ ചെയ്യുന്ന വൈദികരെയും ദേവാലയ ശുശ്രൂഷകരെയും സംരക്ഷിക്കേണ്ട കടമ വിശ്വാസികൾക്കാണുള്ളത്. ഓരോ ഇടവകയിലെയും കാര്യങ്ങൾ ഭംഗിയായി നടക്കണമെങ്കിൽ ഇടവകജനങ്ങളുടെ സഹകരണവും സാമ്പത്തികസഹായവും ആവശ്യമാണ്. സഭയുടെ സുഗമമായ നടത്തിപ്പിന് സഭാംഗങ്ങളുടെ നിർലോഭമായ സഹകരണം കൂടിയേ തീരൂ.

ദൈവകല്പനകളും തിരുസഭയുടെ കല്പനകളും മനുഷ്യന്റെ നന്മയ്ക്ക് വേണ്ടിയുള്ളതാണ്. മനുഷ്യൻ വ്യക്തിയായും സമൂഹമായും നന്മയുടെ പാതയിൽ ജീവിക്കുന്നതിന് കല്പനകൾ സഹായിക്കുന്നു. ദൈവകല്പനകൾക്കും തിരുസഭയുടെ കല്പനകൾക്കും പുറമെ ഓരോ വ്യക്തിസഭയ്ക്കും അതിന്റേതായ കല്പനകൾ ഉണ്ട്. ഇവയൊക്കെ പാലിക്കുവാൻ ഓരോ സഭാംഗവും കടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

### ആരാധന

കല്പനയാചരണത്തെക്കുറിച്ചും അത് നല്കുന്ന ആത്മീയ സന്തോഷത്തെക്കുറിച്ചും ക്യംതാ പ്രാർത്ഥനയിലെ സന്ധ്യയുടെ സെദ റായിൽ സഭ അനുസ്മരിക്കുന്നു:

"കർത്താവേ, ഞങ്ങളും നിന്റെ മക്കൾ എല്ലാവരും നിന്റെ ദിവ്യകല്പനകളെ ആചരിക്കുകയും അവയെ ധ്യാനിക്കുകയും രാവും പകലും നിന്റെ പ്രമാണങ്ങളനുസരിച്ചുനടന്ന് നിന്നിൽ സന്തോഷിക്കുകയും ചെയ്യുമാറാകണമേ".

(ക്യംതാ - സന്ധ്യാപ്രാർത്ഥന)

### ജീവിതസാക്ഷ്യം

അനുദിനജീവിതത്തിൽ ദൈവേഷ്ടപ്രകാരം ജീവിക്കുവാൻ ദൈവം നല്കിയ മാനദണ്ഡങ്ങളാണു കല്പനകൾ. ഈ കല്പനകൾ പൂർണമായി പാലിച്ചുകൊണ്ട് ദൈവത്തിന് ഇഷ്ടമുള്ളവരായി ജീവിക്കുവാൻ നമുക്ക് ശ്രമിക്കാം.

**മനഃപാഠമാക്കുക**

"അതുകൊണ്ട് നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനതകളിലും വച്ച് എനിക്കു ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും".

(പുറപ്പാട് 19:5)


## ചോദ്യങ്ങൾ

1. പത്തു കല്പനകൾ ഏവ?
2. തിരുസഭയുടെ കല്പനകൾ എത്ര? ഏവ?
3. ഞായറാഴ്ചയാചരണത്തെപ്പറ്റി സഭ എന്തു പഠിപ്പിക്കുന്നു?
4. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കണം എന്നതുകൊണ്ട് സഭ എന്താണ് അർത്ഥമാക്കുന്നത്?

www.malankaralibrary.com

# ഏകദൈവം

**"നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്"**



"നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു; ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്".

ഇസ്രായേലിനെ ദൈവം തന്റെ സ്വന്തം ജനമായി കരുതി പരിപാലിക്കുകയും സ്നേഹിക്കുകയും ചെയ്തു. ദൈവത്തിന് ഇസ്രായേൽ ജനത്തോടുള്ള സ്നേഹത്തിന്റെ തെളിവാണ് അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് ഇസ്രായേലിനെ മോചിപ്പിച്ച സംഭവം. അടിമത്തത്തിൽനിന്ന് സ്വതന്ത്രരായ ഇസ്രായേലുമായി ദൈവം ഉടമ്പടിയിലേർപ്പെട്ടു. ഉടമ്പടിയിലേർപ്പെട്ട ജനത്തിന് ജീവിക്കുവാനുള്ള മാർഗനിർദ്ദേശങ്ങൾ ദൈവം തന്റെ കല്പനകളിലൂടെ നല്കി. "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്" (പുറപ്പാട് 20:2) എന്ന ദൈവത്തിന്റെ അരുളപ്പാടോടെയാണ് ഒന്നാമത്തെ കല്പന ആരംഭിക്കുന്നത്.

## ഒന്നാമത്തെ കല്പന വിശുദ്ധ ഗ്രന്ഥത്തിൽ

പഴയനിയമ ഇസ്രായേൽ ജനതയുടെ ചരിത്രത്തിലാണ് കല്പനകൾ എല്ലാം രൂപം പ്രാപിച്ചത്. പുറപ്പാട് പുസ്തകത്തിലും (പുറപ്പാട് 20:2-6) നിയമാവർത്തനപുസ്തകത്തിലും (നിയമാവർത്തനം 5:6-10) ഒന്നാമത്തെ കല്പന വളരെ ദീർഘമായ വിവരണങ്ങളോടുകൂടിയാണ് നല്കിയിരിക്കുന്നത്. ഈജിപ്തിൽനിന്ന് ഇസ്രായേൽജനത്തെ ദൈവം മോചിപ്പിച്ച സംഭവം ആണ് ഒന്നാം പ്രമാണത്തിന് അടിസ്ഥാനമായി നിലകൊള്ളുന്നത്. തന്നെ അവരുടെ ഏകദൈവമായി സ്വീകരിക്കുകയും ആരാധിക്കുകയും ചെയ്യണം എന്നാണ് ആദ്യകല്പനയിലൂടെ ദൈവം ഇസ്രായേലിനോട് ആവശ്യപ്പെട്ടത് (നിയമാവർത്തനം 6:13-15). ഏകദൈവവിശ്വാസമാണ് ഒന്നാമത്തെ കല്പനയുടെ കാതൽ.

www.malankaralibrary.com

ഇസ്രായേൽജനത്തെ ഒന്നിപ്പിച്ചു നിർത്തിയതും ഈ ഏകദൈവവിശ്വാസമായിരുന്നു. എപ്പോഴൊക്കെ ഇസ്രായേൽ അന്യദേവന്മാരുടെ പിറകെ പോയോ, അപ്പോഴൊക്കെ ഇസ്രായേലിന് ഭിന്നതയും പരാജയവും സംഭവിച്ചു.

സീനായ് ഉടമ്പടിയോടുകൂടി ദൈവമായ കർത്താവിനെ തങ്ങളുടെ ചരിത്രത്തിൽ ഇടപെടുന്ന ദൈവമായി ഇസ്രായേൽജനം മനസ്സിലാക്കി. ഈ അനുഭവം യഹോവ ഏകദൈവമാണെന്നുള്ള വിശ്വാസത്തിലേക്ക് അവരെ നയിച്ചു. ദൈവത്തിന്റെ സ്നേഹവും കാരുണ്യവും അവരെ ഈ അനുഭവത്തിലൂടെ വളർത്തി. മറ്റ് ദൈവസങ്കല്പങ്ങളുടെ പിന്നാലെ പോകുമ്പോൾ യഥാർത്ഥ ദൈവവുമായുള്ള തങ്ങളുടെ സ്നേഹബന്ധത്തിന് ഉലച്ചിൽ തട്ടുമെന്ന് തിരിച്ചറിഞ്ഞ ഇസ്രായേൽജനം വിഗ്രഹാരാധനയിൽനിന്നും മറ്റ് ആരാധനകളിൽനിന്നും പിന്തിരിഞ്ഞു. പുതിയനിയമത്തിൽ, മരുഭൂമിയിലെ പരീക്ഷയുടെ അവസരത്തിൽ പിശാചിനോട് യേശുനാഥൻ ഇപ്രകാരം കല്പിക്കുന്നു: "നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമേ പൂജിക്കാവൂ" (മത്തായി 4:10). ഇതിലൂടെ സൃഷ്ടവസ്തുക്കൾക്ക് ഒന്നും ആരാധന നല്കരുതെന്ന് യേശുനാഥൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

## നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു

ദൈവമായ കർത്താവിന്റെ ദൈവത്വവും മഹത്ത്വവും, സൃഷ്ടികൾക്ക് അവിടുത്തോടുണ്ടായിരിക്കേണ്ട വിധേയത്വവും ആണ് ഒന്നാമത്തെ കല്പനയുടെ സാരം. കല്പനകളുടെയെല്ലാം അടിസ്ഥാനവും കേന്ദ്രവുമായി നില്ക്കുന്നത് ഒന്നാമത്തെ കല്പനയാണ്. 'കർത്താവാണ് ഏകദൈവം' എന്നതിൽ എല്ലാ പ്രമാണങ്ങളുടെയും പ്രസക്തി അടങ്ങിയിരിക്കുന്നു. 'ഞാനാണ് നിന്റെ ദൈവമായ കർത്താവ്' എന്ന യാഥാർത്ഥ്യമാണ് എല്ലാ ധാർമ്മികനിയമങ്ങളുടെയും അടിസ്ഥാനവും ഉറവിടവും.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവത്തിലുള്ള വിശ്വാസമാണ് ഒന്നാമത്തെ കല്പനയുടെ അന്തരാർത്ഥം. ദൈവത്തെ പൂർണവിശ്വാസത്തോടും ഭക്തിയോടുംകൂടി സ്നേഹിക്കുവാനും ആരാധിക്കുവാനും ഈ കല്പന വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. ദൈവിക പുണ്യങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ നിറവിൽ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന് മനുഷ്യൻ നല്കേണ്ട ആരാധനയാണ് കല്പനയുടെ ക്രിയാത്മകമായ വശം. ഏകദൈവത്തിലുള്ള ഉറച്ച വിശ്വാസം, അവിടുത്തെ സംരക്ഷണയിലുള്ള പ്രത്യാശ, അവിടുത്തോടുള്ള ആഴമേറിയ സ്നേഹം ഇവ മൂന്നുമാണ് ഒന്നാം പ്രമാണം വഴി ദൈവം നമ്മോടാവശ്യപ്പെടുന്നത്. ദൈവം മാത്രമേ ആരാധനയ്ക്ക് അർഹനായുള്ളൂ. മനുഷ്യവ്യക്തികൾക്കോ വസ്തുക്കൾക്കോ ദൈവത്തിനു തുല്യമായ സ്ഥാനവും പരിഗണനയും നല്കുവാൻ പാടില്ല. ദൈവത്തിന്റെ സമ്പൂർണതയും മഹത്ത്വവും മനുഷ്യൻ ആരാധനയിൽ ഏറ്റുപറയുന്നു. ഒന്നാം പ്രമാണത്തിന്റെ ആദ്യഭാഗം ഏകദൈവത്തിലുള്ള വിശ്വാസത്തിന് പ്രാധാന്യം നല്കുമ്പോൾ രണ്ടാംഭാഗം വിഗ്രഹാരാധനയെ നിരോധിക്കുന്നു.

www.malankaralibrary.com

## വിശ്വാസം

ദൈവത്തിന്റെ വെളിപാടിനോടുള്ള മനുഷ്യന്റെ പ്രത്യുത്തരമാണ് വിശ്വാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തേക്കു സാക്ഷികളായിരിക്കുകയും ആണ് മനുഷ്യന്റെ പ്രധാന കർത്തവ്യം. ദൈവത്തിലുള്ള വിശ്വാസം വളർത്തുവാനും സംരക്ഷിക്കുവാനും അതോടൊപ്പം അതിനു വിരുദ്ധമായിട്ടുള്ളതിനെ തള്ളിക്കളയുവാനും ഒന്നാം പ്രമാണം നമ്മോടാവശ്യപ്പെടുന്നു. നാം വിശ്വസിക്കുന്നതിനായി സഭ നല്കിയിട്ടുള്ളതും വിശുദ്ധഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടുള്ളതുമായ സത്യങ്ങൾ സ്വീകരിക്കുക എന്നതാണ് വിശ്വാസത്തിന്റെ വിഷയം. ദൈവത്തിലുള്ള ഈ വിശ്വാസം ആണ് നാം വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നത്. വിശ്വാസത്തിന്റെ ഉള്ളടക്കവും ഇതിലടങ്ങിയിട്ടുണ്ട്.

## വിശ്വാസത്തിന് എതിരായ പാപങ്ങൾ

ദൈവത്തിലുള്ള വിശ്വാസത്തിന് വിരുദ്ധമായി പാപത്തിലേക്കു നമ്മെ നയിക്കുന്ന പല സാഹചര്യങ്ങളും ആശയങ്ങളും ഉണ്ട്. വിശ്വാസത്തിന് എതിരായ പാപങ്ങളെ പ്രധാനമായും രണ്ടായി തിരിക്കാം: അവിശ്വാസവും അന്ധവിശ്വാസവും.

## അവിശ്വാസം

വിശ്വസിക്കേണ്ട കാര്യങ്ങൾ വിശ്വസിക്കാതിരിക്കുന്നതും അപൂർണമായി വിശ്വസിക്കുന്നതുമാണ് അവിശ്വാസം. സത്യവിശ്വാസത്തിന് എതിരായ പ്രവൃത്തിയാണിത്. അവിശ്വാസം പ്രധാനമായും മൂന്നു തരത്തിലുണ്ട്: മതത്യാഗം, പാഷണ്ഡത, നിരീശ്വരത്വം.

മതത്യാഗം എന്നു പറയുന്നത് ഒരു വിശ്വാസി സത്യവിശ്വാസം പൂർണമായും ഉപേക്ഷിക്കുന്നതാണ്. മാമോദീസാവഴി സഭയിൽ അംഗമായ ഒരു വ്യക്തി വിശ്വാസം ഉപേക്ഷിക്കുന്നതുവഴി അവിശ്വാസിയാകുന്നു.

വിശുദ്ധ ഗ്രന്ഥത്തിലൂടെയും സഭയിലൂടെയും വെളിപ്പെടുത്തപ്പെട്ട രക്ഷാകര രഹസ്യങ്ങളുടെ ഒന്നോ ഒന്നിലധികം ഘടകങ്ങളോ നിഷേധിക്കുന്നതാണ് പാഷണ്ഡത. ഇത് മാരകമായ പാപമാണ്. ഉദാഹരണമായി, പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കുന്നത്.

ദൈവം ഇല്ല എന്ന് വാദിക്കുകയും ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുകയും ആണ് നിരീശ്വരത്വം. വിശ്വാസവിരുദ്ധ സംഘങ്ങളിൽ ചേരുകയോ നിരീശ്വരവാദികളുമായി കൂട്ടുകൂടുകയോ ചെയ്യുന്നത് ദൈവനിഷേധത്തിലേക്ക് നയിക്കുവാൻ ഇടയാക്കുന്നു.

## അന്ധവിശ്വാസം

യഥാർത്ഥ വിശ്വാസത്തിൽനിന്ന് വ്യതിചലിച്ച് തെറ്റായ ധാരണകൾ പുലർത്തുന്നതാണ് അന്ധവിശ്വാസം. യഥാർത്ഥ വിശ്വാസത്തിന്റെ അഭാവവും ആഴമില്ലായ്മയുമാണ് അന്ധവിശ്വാസങ്ങളിലേക്ക് മനുഷ്യരെ നയിക്കുന്നത്. ദൈവത്തിന്റെ അനന്തശക്തിയുടെയും പരമാധികാരത്തിന്റെയും നേർക്കുള്ള മനുഷ്യന്റെ യഥാർത്ഥമായ മനോഭാവത്തെ

www.malankaralibrary.com

അന്ധവിശ്വാസങ്ങൾ വികലമാക്കുന്നു. എല്ലാ ശക്തിയും നന്മകളും ദൈവത്തിൽനിന്നാണ് വരുന്നത് എന്ന സത്യത്തെ അംഗീകരിക്കുവാൻ സാധിക്കാതെ വരുമ്പോഴാണ് മനുഷ്യൻ അന്ധവിശ്വാസിയായി തീരുന്നത്. അന്ധവിശ്വാസങ്ങൾ മനുഷ്യന്റെ ശാരീരികജീവനും മാനസികാരോഗ്യത്തിനും ധാർമ്മികതയ്ക്കും എതിരാണ്. അന്ധവിശ്വാസങ്ങൾ പ്രധാനമായും രണ്ട് തരമുണ്ട്: ഭാവി പ്രവചനവും, മാന്ത്രിക വിദ്യകളും.

ജ്യോതിഷം, ഹസ്തരേഖാശാസ്ത്രം, ജാതകം, നാള്, രാഹു, ശകുനം തുടങ്ങിയവ ഭാവി പ്രവചനവുമായി ബന്ധപ്പെട്ട തിന്മകളാണ്. ഇവയൊക്കെ മനുഷ്യനെ വിശ്വാസത്തിൽ നിന്നകറ്റുവാൻ പര്യാപ്തമായ സംഗതികളാണ്. ഈവക തിന്മകളിൽ ഏർപ്പെടുന്നവർ ദൈവത്തിന്റെ അനന്തശക്തിയിലുള്ള വിശ്വാസത്തെയാണ് തള്ളിപ്പറയുന്നത്. സാത്താൻ ആരാധന, ഏലസ്സ്, കൂടോത്രം, ആഭിചാരം, പൈശാചികശക്തികളെ പ്രീതിപ്പെടുത്തുവാൻ വേണ്ടിയുള്ള കർമ്മങ്ങൾ എന്നിവ മാന്ത്രിക വിദ്യകളിൽപ്പെടുന്നു. ഇവയിലേർപ്പെടുന്നത് ദൈവത്തിലുള്ള വിശ്വാസത്തിൽനിന്ന് വ്യതിചലിക്കലാണ്.

വിശ്വാസത്തിനെതിരായി ഈവിധമുള്ള പാപങ്ങളും വെല്ലുവിളികളും ഉണ്ടെങ്കിലും തങ്ങളുടെ വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുവാൻ ഓരോ വിശ്വാസിയും കടപ്പെട്ടവനാണ്. ദൈവത്തിലുള്ള വിശ്വാസത്തിൽ ആഴപ്പെടുകയും പ്രാർത്ഥനയിൽ ശക്തി നേടുകയും ചെയ്യുന്നതുവഴി വിശ്വാസത്തിനെതിരായ തിന്മകളെ ഒഴിവാക്കുവാൻ ഓരോരുത്തർക്കും സാധിക്കും. സ്വന്തം വിശ്വാസം സംരക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് അവരുടെ വിശ്വാസവും സംരക്ഷിക്കുവാൻ അവസരം നല്കുന്നതിന് ഓരോ വ്യക്തിയും കടപ്പെട്ടിരിക്കുന്നു.

## പ്രത്യാശ

ദൈവം ഇസ്രായേൽജനത്തിന് ചെയ്ത പ്രവൃത്തികളാണ് ദൈവത്തിൽ പ്രത്യാശ അർപ്പിക്കുവാൻ അവരെ പ്രേരിപ്പിച്ചത്. ഇസ്രായേൽജനത്തിന്റെ പ്രത്യാശയുടെ അടിസ്ഥാനം സീനായ് ഉടമ്പടിയാണ്. ദൈവമായ കർത്താവിൽ മാത്രമേ പ്രത്യാശയർപ്പിക്കാവൂ എന്ന് ഒന്നാം കല്പന പഠിപ്പിക്കുന്നു. ദൈവത്തിൽ എത്തിച്ചേരുന്നതിൽ അടങ്ങിയിരിക്കുന്ന ആനന്ദമാണ് പ്രത്യാശയുള്ളവരായി ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പ്രത്യാശ ദൈവത്തിന്റെ ദാനമാണ്. ദൈവമക്കളായി ജീവിക്കുന്നതിനും നിത്യരക്ഷയും പുണ്യപരിപൂർണതയും പ്രാപിക്കുന്നതിനും വിശ്വാസികളെ ശക്തിപ്പെടുത്തുന്ന ദൈവികപുണ്യമാണ് പ്രത്യാശ. ശരണവും പ്രത്യാശയും ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്ന പദങ്ങളാണ്.

സഹനശക്തി, ഭാവിയിലേക്കുള്ള തുറവി, പ്രവർത്തനോന്മുഖത എന്നിവ പ്രത്യാശയുടെ ഫലങ്ങളാണ്. വിശ്വാസജീവിതത്തിന് എതിരായ വെല്ലുവിളികളെ ധൈര്യപൂർവം നേരിടുവാനും ദൈവത്തിൽ ആശ്രയിക്കുവാനും പ്രത്യാശ വിശ്വാസികളെ പ്രാപ്തരാക്കുന്നു.

www.malankaralibrary.com

## പ്രത്യാശയ്ക്കെതിരായ പാപങ്ങൾ

പ്രത്യാശയ്ക്ക് എതിരായ പാപങ്ങൾ മനുഷ്യനെ ദൈവത്തിൽനിന്നകറ്റുന്നു. പ്രത്യാശയ്ക്ക് എതിരായ പാപങ്ങൾ പ്രധാനമായും രണ്ടാണ്: നിരാശയും മിഥ്യാബോധവും. ദൈവത്തിലും ദൈവത്തിന്റെ കരുണയിലും വിശ്വാസമില്ലാത്തതും തനിക്ക് ദൈവസഹായം ലഭിക്കുകയില്ല എന്നുള്ളതുമായ ചിന്തയാണ് നിരാശ. നിരാശയിൽ പതിക്കുന്ന ഒരു വ്യക്തിക്ക് ആധ്യാത്മിക നന്മകളിൽ താത്പര്യം ഇല്ലാതാവുകയും ദൈവാശ്രയം നഷ്ടപ്പെടുകയും ചെയ്യുന്നു. ദൈവകാരുണ്യത്തോടും നിത്യരക്ഷയോടുമുള്ള അവഹേളനമാകയാൽ നിരാശ മാരകമായ പാപമാണ്.

ദൈവത്തിൽ വേണ്ടത്ര പ്രത്യാശ ഇല്ലാതെ സ്വപ്രയത്നംകൊണ്ടു രക്ഷ പ്രാപിക്കാമെന്ന അഹംഭാവമാണ് മിഥ്യാബോധം. ദൈവം അനന്തനന്മയാകയാൽ എന്തു തിന്മ ചെയ്താലും ദൈവം രക്ഷിച്ചുകൊള്ളും എന്ന തെറ്റായ ധാരണയും മിഥ്യാബോധത്തിലടങ്ങിയിട്ടുണ്ട്. ദൈവവുമായുള്ള ബന്ധം നിഷേധിക്കുന്നതിനാൽ മിഥ്യാബോധം പാപമാണ്.

## സ്നേഹം

ദൈവികപുണ്യങ്ങളിൽ ശ്രേഷ്ഠം സ്നേഹം ആകുന്നു. യാതൊരു പരിധിയും ഇല്ലാതെ ഇസ്രായേൽജനത്തെ സ്നേഹിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് പഴയനിയമം അവതരിപ്പിക്കുന്നത്. തങ്ങളെ രക്ഷിച്ച ദൈവത്തെ ഇസ്രായേൽജനം സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തു.

പത്തു പ്രമാണങ്ങളിൽ ദൈവസ്നേഹത്തിനാണ് സർവപ്രധാനമായ സ്ഥാനം. മറ്റെല്ലാ പുണ്യങ്ങളെക്കാളും അധികമായി നമ്മെ വിശുദ്ധീകരിക്കുന്നതിന് സ്നേഹം സഹായിക്കുന്നു. എല്ലാറ്റിലുമുപരി ദൈവത്തെയും സഹോദരരെയും സ്നേഹിക്കുവാൻ ഒന്നാം കല്പന നമ്മോടാവശ്യപ്പെടുന്നു. ദൈവകല്പനയുടെ ചുരുക്കമായി സ്നേഹത്തിന്റെ രണ്ടു മുഖങ്ങൾ യേശു അവതരിപ്പിക്കുന്നു: ദൈവസ്നേഹവും പരസ്നേഹവും. യേശു ഇപ്രകാരം പറഞ്ഞു: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടുംകൂടി സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യം തന്നെ. അതായത്, നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക" (മത്തായി 22:37-39). ദൈവത്തെയും സഹോദരരെയും സ്നേഹിക്കുന്നതുപോലെതന്നെ ശത്രുക്കളെയും നാം സ്നേഹിക്കണം. അതാണ് യേശുനാഥൻ കുരിശിൽ കാട്ടിത്തന്നത്. ജീവൻ ത്യജിച്ചുപോലും അപരനെ സ്നേഹിക്കുവാൻ യേശുനാഥൻ നമ്മോടാവശ്യപ്പെടുന്നു. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല എന്ന് യേശു പഠിപ്പിക്കുന്നു. ഇതിലൂടെ ദൈവസ്നേഹം മനുഷ്യസ്നേഹത്തിലാണ് പൂർണമാകുന്നത് എന്ന സത്യമാണ് യേശുനാഥൻ പ്രഖ്യാപിച്ചത്. ദൈവസ്നേഹവും മനുഷ്യസ്നേഹവും പരസ്പരപൂരകങ്ങളാണ്.

www.malankaralibrary.com

## സ്നേഹത്തിനെതിരായ പാപങ്ങൾ

വെറുപ്പ്, വിദ്വേഷം, പക, ഇടർച്ച, നിസ്സംഗത എന്നിവയെല്ലാം സ്നേഹത്തിനെതിരായ പാപങ്ങളാണ്. ദൈവത്തോടുള്ള ഒരു വ്യക്തിയുടെ വെറുപ്പ് അവനെ എല്ലാവിധ നന്മയിൽനിന്നും അകറ്റുന്നു. ഇതുപോലെ സഹോദരനെ വെറുക്കുന്നതും പകവച്ചു പുലർത്തുന്നതും ഏറ്റവും പ്രത്യക്ഷമായ പാപമാണ്.

ഒരുവന്റെ പ്രവൃത്തിമൂലം വേറൊരാൾക്ക് പാപസാഹചര്യം സൃഷ്ടിക്കുന്നതാണ് ഇടർച്ച അല്ലെങ്കിൽ ഉതപ്പ്. ഇടർച്ച വളരെയധികം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന തിന്മയാണ്. മറ്റുള്ളവർക്ക് ഉതപ്പ് നല്കുന്നവരെപ്പറ്റി യേശുനാഥൻ ഇപ്രകാരം പറയുന്നു: “അവന് കൂടുതൽ നല്ലത് കഴുത്തിൽ വലിയ തിരികല്ല് കെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും” (മത്തായി18:6).

സ്നേഹം എന്ന പുണ്യത്തോടുള്ള നിഷേധമാണ് നിസ്സംഗത. ദൈവവുമായി സഹകരിക്കുവാനുള്ള വ്യക്തിയുടെ വൈമനസ്യമാണ് നിസ്സംഗത.

ഉത്തമമായ ധാർമ്മികജീവിതത്തിനു ശക്തി ലഭിക്കുന്നത് ആഴമായ ദൈവവിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ നിന്നത്രേ. ദൈവികപുണ്യങ്ങളുടെ നിറവിൽ ദൈവത്തിലേക്ക് തിരിയുവാൻ ഒന്നാം പ്രമാണം വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

## ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്

ദൈവം തന്നെത്തന്നെ ഇസ്രായേൽജനത്തിന് വെളിപ്പെടുത്തി കല്പിക്കുന്നത് മറ്റൊരു ദൈവസങ്കല്പവും അവർക്കുണ്ടാകരുതെന്നാണ്. ദൈവമായ കർത്താവിനല്ലാതെ വേറൊരു വ്യക്തിക്കോ, വസ്തുവിനോ, സങ്കല്പത്തിനോ, യാഥാർത്ഥ്യത്തിനോ ആരാധന കൊടുക്കുവാൻ പാടില്ല എന്ന് ഒന്നാം പ്രമാണം അനുശാസിക്കുന്നു. അതിനാൽ, ദൈവത്തിന്റെ സ്ഥാനത്ത് വേറെ ഒന്നിനെയും പ്രതിഷ്ഠിക്കുവാൻ പാടില്ല.

പഴയനിയമകാലഘട്ടത്തിൽ അന്യദേവന്മാരുടെ വിഗ്രഹങ്ങൾ നിർമിക്കുകയും അവയെ ആരാധിക്കുകയും ചെയ്യുന്നത് സർവസാധാരണമായിരുന്നു. ഈ പശ്ചാത്തലത്തിൽ യഹോവയെ ആരാധിക്കുന്നതിനുവേണ്ടി ബിംബങ്ങളോ മറ്റ് പ്രതിരൂപങ്ങളോ നിർമിക്കുന്നതുവഴി ഏകദൈവവിശ്വാസത്തിന് ഭംഗം സംഭവിക്കും എന്നുള്ളതുകൊണ്ടാണ് വിഗ്രഹങ്ങൾ ഉണ്ടാക്കരുതെന്നും അവയെ ആരാധിക്കരുതെന്നും ദൈവം ഇസ്രായേലിനോട് കല്പിച്ചത്.

ആദിമസഭയിൽ നാലാം നൂറ്റാണ്ടിന് ശേഷം ഈ കാഴ്ചപ്പാടിന് മാറ്റം സംഭവിച്ചു. യേശുവിനെയും പരിശുദ്ധ ദൈവമാതാവിനെയും വിശുദ്ധരെയും ഓർമിക്കുന്നതിനും അവരെ ബഹുമാനിക്കുന്നതിനുമായി അവരുടെ പടങ്ങളും രൂപങ്ങളും ഉപയോഗിക്കുവാൻ തുടങ്ങി. ഇതിലൂടെ ക്രിസ്ത്യാനികൾക്ക് യേശുവിനെയും മറ്റ് വിശുദ്ധരെയും കൂടുതൽ ബഹുമാനിക്കുന്നതിനും ആദരിക്കുന്നതിനും സാധിച്ചു. ഇപ്രകാരം ആദിമസഭയിൽ രൂപങ്ങളും പടങ്ങളും ഉപയോഗിച്ചു തുടങ്ങിയത് ഒന്നാം കല്പനയ്ക്ക് എതിരായിട്ടല്ല. പിന്നെയോ, ഇതിലൂടെ ഒന്നാം കല്പനയുടെ അന്തഃസത്ത വെളിവാക്കുകയാണ്

www.malankaralibrary.com

ചെയ്യുന്നത്. രണ്ടാം നിഖ്യാ സൂനഹദോസ് രൂപങ്ങളിലൂടെയും പടങ്ങളിലൂടെയും യേശുവിനെയും വിശുദ്ധരെയും ബഹുമാനിക്കുന്നതിലും ആദരിക്കുന്നതിലും തെറ്റില്ലെന്ന് പഠിപ്പിക്കുകയും അത് ഇന്നും തുടരുകയും ചെയ്യുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിന് മാത്രമേ ആരാധന അർപ്പിക്കാവൂ എന്ന് ഒന്നാം കല്പന പഠിപ്പിക്കുന്നു. അതേസമയം, പരിശുദ്ധ ദൈവമാതാവിനോടും വിശുദ്ധരോടുമുള്ള വണക്കം സഭ പ്രോത്സാഹിപ്പിക്കുന്നു. കാരണം, വിശുദ്ധരോടുള്ള വണക്കം ദൈവാരാധനയ്ക്ക് വിരുദ്ധമല്ല; പ്രത്യുത, അതു രക്ഷയുടെ രഹസ്യങ്ങളിലേക്കും ദൈവികാനുഭവങ്ങളിലേക്കും നമ്മെ വളർത്തുവാൻ പര്യാപ്തമാണ്. വിശുദ്ധർക്ക് വണക്കം മാത്രമാണ് വിശ്വാസികൾ നല്കുന്നത്, അത് ആരാധനയല്ല.

'ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്' എന്ന ഒന്നാം കല്പനയുടെ രണ്ടാം ഭാഗത്തിനെതിരെയുള്ള പാപമാണ് വിഗ്രഹാരാധന. സത്യദൈവത്തിനു കൊടുക്കേണ്ട ആരാധന വേറെ ഏതെങ്കിലും വ്യക്തിക്കോ സൃഷ്ടവസ്തുവിനോ കൊടുക്കുമ്പോൾ അതു വിഗ്രഹാരാധനയായി മാറുന്നു. വിഗ്രഹാരാധന മാരകമായ പാപമാണ്. കാരണം, അത് ദൈവത്തിന്റെ പരമാധികാരത്തെയും അതുല്യതയെയും നിഷേധിക്കുന്നു.

വിഗ്രഹാരാധന പലതരത്തിലുണ്ട്: സമ്പത്ത്, ജഢികത, വ്യക്തികൾ, അധികാരം എന്നിവയെ വിഗ്രഹങ്ങളായി മനസ്സിൽ സങ്കല്പിച്ചുകൊണ്ട് ആരാധിക്കുന്നത് വിഗ്രഹാരാധനയാണ്. കായികതാരങ്ങൾ, സിനിമാതാരങ്ങൾ, അധികാരത്തിലിരിക്കുന്ന വ്യക്തികൾ, രാഷ്ട്രീയ നേതാക്കൾ എന്നിവർക്ക് മനസ്സിൽ ദൈവതുല്യമായ സ്ഥാനം നല്കി ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരുണ്ട്. സ്രഷ്ടാവിന്റെ സ്ഥാനത്ത് സൃഷ്ടിയെ പ്രതിഷ്ഠിക്കുന്നതിനാൽ ഇവയെല്ലാം ഈ കല്പനയ്ക്ക് എതിരാണ്.

ദൈവത്തിന്റെ ശക്തി പരീക്ഷിക്കുവാനുള്ള ശ്രമങ്ങളും ദൈവത്തെ നിന്ദിക്കുന്നതും ഒന്നാം പ്രമാണത്തിനെതിരാണ്. ഇവയോടൊപ്പംതന്നെ ദൈവിക വസ്തുക്കൾ, ആരാധനാലയങ്ങൾ ഇവയെ അവഹേളിക്കുന്നതും വിശുദ്ധവസ്തുക്കൾ സ്വാർത്ഥലക്ഷ്യങ്ങൾക്കുവേണ്ടി കൈകാര്യം ചെയ്യുന്നതും ഗുരുതരമായ പാപമാണ്.

ദൈവികപുണ്യങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ അടിസ്ഥാനത്തിൽ ഏകദൈവത്തിന് നല്കേണ്ട ആരാധന പൂർണമനസ്സോടും പൂർണാത്മാവോടും പൂർണശക്തിയോടും കൂടി നല്കുവാൻ ഈ കല്പന ആഹ്വാനം ചെയ്യുന്നു. അങ്ങനെ ഏകദൈവവിശ്വാസത്തിൽ ഉറച്ച ഒരു ജീവിതം നയിക്കുവാൻ നമുക്കേവർക്കും പരിശ്രമിക്കാം.

www.malankaralibrary.com

### ആരാധന

ദൈവം ഏകനാണെന്നും ദൈവത്തിൽ മൂന്നു വ്യക്തികളുണ്ടെന്നും സഭ വിശ്വസിച്ചേറ്റു പറയുന്നു. ശ്ഹീമ്മോയിലെ വെള്ളി സന്ധ്യാപ്രാർത്ഥനയിൽ സഭ ഇക്കാര്യം അനുസ്മരിക്കുന്നു:

"സ്തുത്യം ത്രിത്വം താതനു സ്തുതിയും വന്ദനസുതനും
സ്തോത്രമതാത്മനുമുണ്ടാക
ആളുകൾ മൂവർ പേരുകൾ മൂന്നായ് ഏകൻ സത്യദൈവത്തിനു സ്തുതിയാകട്ടെ".

### ജീവിതസാക്ഷ്യം

ഏകദൈവത്തിൽ വിശ്വസിച്ചുകൊണ്ട് അവിടുത്തെ പൂർണ ഹൃദയത്തോടെ സ്നേഹിക്കുവാനും, ആരാധിക്കുവാനും അങ്ങനെ പ്രത്യാശനിർഭരമായ ജീവിതം നയിക്കുവാനും ഒന്നാമത്തെ കല്പനയിലൂടെ ദൈവം നമ്മോടാവശ്യപ്പെടുന്നു. ദൈവത്തിൽ പരിപൂർണമായി ആശ്രയിച്ചുകൊണ്ട് ദൈവികപുണ്യങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ വളർന്നുവരുവാനും, ഇവയ്ക്കെതിരായ സകല തിന്മകളെയും എതിർത്ത് ജീവിക്കുവാനും, ദൈവത്തോട് വിശ്വസ്തരായിരിക്കുവാനും നമുക്കു പ്രതിജ്ഞയെടുക്കാം.

**മനഃപാഠമാക്കുക**


"നിന്റെ ദൈവമായ കർത്താവിനെ
നീ ആരാധിക്കണം;
അവനെ മാത്രമേ പൂജിക്കാവൂ
എന്നെഴുതപ്പെട്ടിരിക്കുന്നു".
(ലൂക്കാ 4:8)

## ചോദ്യങ്ങൾ

1. ഒന്നാമത്തെ കല്പനയെക്കുറിച്ചുള്ള വിശുദ്ധഗ്രന്ഥ കാഴ്ചപ്പാട് എന്താണ്?
2. അന്ധവിശ്വാസം എന്നതുകൊണ്ട് എന്തർത്ഥമാക്കുന്നു?
3. പ്രത്യാശയ്ക്കെതിരായ പാപങ്ങൾ എന്തെല്ലാം? വിവരിക്കുക.
4. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത് എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?
5. വിശുദ്ധന്മാരെ വണങ്ങുന്നത് തെറ്റല്ല. കാരണമെന്ത്?

www.malankaralibrary.com

# ദൈവനാമം മഹത്ത്വപ്പെടണം



## "ദൈവത്തിന്റെ തിരുനാമം വൃഥാ ഉപയോഗിക്കരുത്".

ദൈവകല്പനകളിൽ രണ്ടാമത്തേത് ദൈവതിരുനാമത്തിന്റെ ഉപയോഗത്തെ സംബന്ധിച്ചുള്ളതാണ്. ഈ കല്പന ഇസ്രായേലിന്റെ ജീവിതത്തിലും പുതിയ ഇസ്രായേലായ സഭാജീവിതത്തിലും വളരെയധികം പ്രാധാന്യം ഉള്ള ഒന്നാണ്. വളരെ ചെറിയ ഒരു പ്രമാണമായി തോന്നാമെങ്കിലും അനുദിനജീവിതത്തിൽ ഇതിന്റെ പ്രാധാന്യം വളരെ വലുതാണ്. ദൈവനാമം ദൈവത്തിന്റെ സാന്നിധ്യത്തെ വെളിപ്പെടുത്തുന്നു. ദൈവനാമം എപ്പോഴും ആദരിക്കപ്പെടണ മെന്നും ശരിയായ രീതിയിൽ വിനിയോഗിക്കണമെന്നും ഈ കല്പന പഠിപ്പിക്കുന്നു. ദൈവനാമത്തിന്റെ വിനിയോഗവും ദുരുപയോഗവുമാണ് ഈ പാഠത്തിലെ പ്രതിപാദ്യവിഷയം.

### രണ്ടാം പ്രമാണം വിശുദ്ധ ഗ്രന്ഥത്തിൽ

മോശയ്ക്കു നല്കിയ പത്തു പ്രമാണങ്ങളിൽ രണ്ടാമത്തേതാണ് ഈ കല്പന. അതിപ്രകാരമാണ്: "നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്. തന്റെ നാമം വൃഥാ ഉപയോഗിക്കുന്നവനെ കർത്താവ് ശിക്ഷിക്കാതെ വിട്ടയയ്ക്കുകയില്ല" (പുറപ്പാട് 20:7, നിയമാവർത്തനം 5:11). ദൈവത്തിന്റെ തിരുനാമം യാതൊരുവിധത്തിലും അശുദ്ധമാക്കരുതെന്നും അവിടുത്തെ വിശുദ്ധനാമത്തിൽ കള്ളസത്യം ചെയ്യരുതെന്നും പഴയനിയമജനത ഈ പ്രമാണത്തിൽ നിന്ന് മനസ്സിലാക്കി. പുതിയനിയമത്തിൽ യേശുനാഥൻ ഈ കല്പനയുടെ അർത്ഥം വിപുലീകരിച്ചു. മലയിലെ പ്രസംഗത്തിന്റെ അവസരത്തിൽ വ്യാജമായി ആണയിടരുതെന്നും ദൈവത്തിന്റെ നാമം വൃഥാ ഉപയോഗിക്കരുതെന്നും യേശു പഠിപ്പിച്ചു.

www.malankaralibrary.com

## ദൈവതിരുനാമം

ദൈവത്തിന്റെ തിരുനാമം ആദരിക്കപ്പെടണം എന്ന് രണ്ടാം കല്പന അർത്ഥമാക്കുന്നു. ഇസ്രായേൽജനം ദൈവനാമം ഉച്ചരിച്ചിരുന്നില്ല. കാരണം നാമം ഉച്ചരിക്കുവാൻപോലും പാടില്ലാത്തവിധം മഹോന്നതനും സർവശക്തനുമാണ് തങ്ങളുടെ ദൈവമെന്ന് അവർ കരുതിയിരുന്നു. ദൈവനാമം ആദ്യമായി വെളിപ്പെട്ടത് ഇസ്രായേൽജനത്തിനായിരുന്നു. ഒരു വ്യക്തിയുടെ നാമം ആ വ്യക്തിയെ പ്രതിനിധീകരിക്കുകയും ആ ആളിന്റെ പ്രത്യേകതകളെ വെളിപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ 'ദൈവനാമം' ദൈവത്തെ പൂർണമായും പ്രതിനിധീകരിക്കുന്നു. ദൈവനാമം അറിയുകയെന്നാൽ ദൈവത്തെ അറിയുകയെന്നും ദൈവനാമം വിളിച്ചപേക്ഷിക്കുകയെന്നാൽ ദൈവത്തെ ശരണം പ്രാപിക്കുക എന്നുമാണർത്ഥം. ദൈവനാമം ദൈവസാന്നിധ്യമാണ്. ആ സാന്നിധ്യത്തെ ഭയത്തോടും അതിരറ്റ ഭക്തിയോടും ആദരവോടുംകൂടി മാത്രമേ സമീപിക്കാവൂ എന്ന് രണ്ടാം പ്രമാണം പഠിപ്പിക്കുന്നു. ദൈവനാമത്തിന്റെ രക്ഷാകരമായ ശക്തിയും അതിനു നാം നല്കേണ്ട ആരാധനയുമാണ് രണ്ടാമത്തെ കല്പനയുടെ കാതൽ.

## യേശുനാമം

ദൈവനാമത്തിന്റെ പൂർണമായ വെളിപാട് നമുക്ക് ലഭിച്ചത് യേശുവിലൂടെയാണ്. ദൈവനാമത്തിന്റെ മഹത്ത്വമാണ് യേശു തന്റെ ജീവിതത്തിലൂടെ പൂർണമാക്കിയത്. "പിതാവേ, അങ്ങയുടെ നാമത്തെ മഹത്ത്വപ്പെടുത്തണമേ!" (യോഹന്നാൻ 12:28) എന്ന് യേശുനാഥൻ പ്രാർത്ഥിച്ചത് ഇക്കാരണത്താലാണ്. ദൈവതിരുനാമത്തിന് സംപൂജ്യമായ ആരാധന നല്കണമെന്ന് യേശുമിശിഹാ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. അതു തന്നെയാണ് കർത്തൃപ്രാർത്ഥനയിൽ അവിടുന്നു പ്രാർത്ഥിച്ചതും: "അങ്ങയുടെ നാമം പൂജിതമാകണമേ" (ലൂക്കാ 11:2).

പിതാവായ ദൈവത്തോടൊപ്പം പുത്രൻതമ്പുരാന്റെ നാമവും ആദരിക്കപ്പെടണം. യേശുവിന്റെ പരസ്യജീവിതകാലത്ത് അവിടുത്തെ നാമം വിളിച്ച് സൗഖ്യത്തിനായി അപേക്ഷിക്കുന്ന അനേകം രോഗികൾക്ക് അവിടുന്ന് സൗഖ്യം നല്കുന്നതായി നമുക്ക് കാണാം.

ആദിമസഭയിൽ യേശുനാമത്തിന് വളരെയധികം പ്രാധാന്യം ഉണ്ടായിരുന്നു. 'നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക' എന്ന് പറഞ്ഞ് മുടന്തനു സൗഖ്യം നല്കിയ പത്രോസ് ശ്ലീഹായുടെ വാക്കുകൾ യേശുനാമത്തിന്റെ ശക്തിയാണ് വെളിപ്പെടുത്തുന്നത്. "ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" എന്ന് പത്രോസ് ശ്ലീഹാ പ്രഖ്യാപിക്കുന്നത് യേശുനാമത്തിന്റെ ശക്തി അനുഭവിച്ചറിഞ്ഞതുമൂലമാണ് (അപ്പസ്തോല പ്രവർത്തനങ്ങൾ 4:12). വിജാതീയരുടെ അപ്പസ്തോലനായ പൗലോസ് ശ്ലീഹാ യേശുനാമത്തെക്കുറിച്ച് ഇപ്രകാരം ഉദ്ഘോഷിക്കുന്നു: "ദൈവം അവനെ (യേശുവിനെ) അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു. ഇത് യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണ് എന്ന് പിതാവായ ദൈവ

www.malankaralibrary.com

ത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റു പറയുന്നതിനും വേണ്ടിയാണ്" (ഫിലിപ്പി 2:9-11).

യേശുവിന്റെ നാമത്തിൽ എന്തു നല്ലകാര്യം ചെയ്താലും അത് അനുഗ്രഹപ്രദമാണ്. 'തന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു കൂടിയാൽ അവരുടെ മധ്യേ താൻ ഉണ്ടായിരിക്കും' എന്ന് പരസ്യജീവിതകാലത്ത് യേശു വെളിപ്പെടുത്തിയിരുന്നു. അതിനാൽ യേശുനാമത്തെ ഏറ്റവും വിശുദ്ധമായി കരുതി നമിക്കുവാൻ രണ്ടാം കല്പന അനുശാസിക്കുന്നു. യേശുനാമത്തെ ആരാധിക്കുമ്പോൾ പരിശുദ്ധത്രിത്വം തന്നെയായ ദൈവത്തെയാണ് ആരാധിക്കുന്നത്. അതുകൊണ്ട് യേശുനാമത്തിന് ഭക്തിയും ആരാധനയും നല്കുവാൻ എല്ലാവരും കടപ്പെട്ടിരിക്കുന്നു.

## ദൈവനാമം സ്തുതിക്കപ്പെടണം

ദൈവം പരിശുദ്ധനാണ്. അതിനാൽ ദൈവനാമവും പരിശുദ്ധമാണ്. ഒരു കാരണവശാലും മനുഷ്യൻ ദൈവനാമം ദുരുപയോഗം ചെയ്യുവാൻ പാടില്ല. ദൈവനാമത്തെ സ്തുതിക്കുവാനും ആരാധിക്കുവാനും മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. ദൈവനാമത്തെ സ്തുതിക്കുമ്പോൾ നാം ദൈവത്തെയാണ് സ്തുതിക്കുന്നത്. ദൈവത്തെയും ദൈവനാമത്തെയും സ്തുതിക്കുവാനുള്ള സങ്കീർത്തകന്റെ ആഹ്വാനം വളരെ ശ്രദ്ധേയമാണ്: "കർത്താവിനെ സ്തുതിക്കുവിൻ! കർത്താവിന്റെ ദാസരേ, അവിടുത്തെ സ്തുതിക്കുവിൻ! കർത്താവിന്റെ നാമത്തെ സ്തുതിക്കുവിൻ! കർത്താവിന്റെ നാമം ഇന്നുമെന്നേക്കും വാഴ്ത്തപ്പെടട്ടെ! ഉദയം മുതൽ അസ്തമയം വരെ കർത്താവിന്റെ നാമം വാഴ്ത്തപ്പെടട്ടെ" (സങ്കീർത്തനങ്ങൾ 113:1-3). ദൈവം മാത്രമേ സ്തുതിക്ക് അർഹനായിട്ടുള്ളൂ. ദൈവനാമം സ്തുതിക്കപ്പെടുമ്പോൾ ദൈവത്തിന് ഉചിതമായ ആരാധനയാണ് നല്കുന്നത്. ആരാധനാമനോഭാവത്തോടെ ദൈവനാമം ഉപയോഗിക്കുവാൻ നാം ശ്രദ്ധിക്കണം. അങ്ങനെ ചെയ്യുന്നതുമൂലം ദൈവനാമത്തിന്റെ ദുരുപയോഗം തടയുവാൻ സാധിക്കും. ദൈവനാമം ബഹുമാനത്തോടെ ഉരുവിടുമ്പോൾ അത് അനുഗ്രഹപ്രദമായിത്തീരുന്നു.

ദൈവനാമത്തെ സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനും ബഹുമാനിക്കുവാനും ഉപയുക്തമായ അവസരങ്ങളാണ് വ്രതങ്ങൾ, സത്യപ്രതിജ്ഞകൾ, ദൈവനാമത്തിലുള്ള അനുഗ്രഹം, പിശാചിനെ ബഹിഷ്കരിക്കൽ, ക്രിസ്തീയനാമങ്ങളുടെ ഉപയോഗം എന്നിവ.

## വ്രതങ്ങൾ

ദൈവത്തോട് നേരിട്ടു ചെയ്യുന്നതും അവിടുന്ന് നേരിട്ട് സ്വീകരിക്കുന്നതുമായ വാഗ്ദാനമാണ് വ്രതം. ശ്രേഷ്ഠമായ രീതിയിൽ ദൈവനാമത്തെ ആദരിക്കുവാനുള്ള ഒരു ഉപാധിയാണ് വ്രതം. ദൈവനാമത്തിൽ നടത്തുന്ന വാഗ്ദാനങ്ങളാകയാൽ വ്രതങ്ങൾ ദൈവനാമത്തെ മഹത്ത്വപ്പെടുത്തുന്നു. ദൈവത്തെ കൂടുതലായി ശുശ്രൂഷിക്കുവാനും അവിടുത്തേക്കു പൂർണമായി സമർപ്പിക്കുവാനും വ്രതങ്ങളിലൂടെ ഒരാൾക്ക് സാധിക്കുന്നു. ദൈവനാമത്തിൽ ഏറ്റെടുക്കുന്ന വ്രതങ്ങളും നേർച്ചകളും പ്രതിജ്ഞകളും കൃത്യമായി പാലിക്കണമെന്ന് രണ്ടാം പ്രമാണം നിഷ്കർഷിക്കുന്നു. വ്രതത്തിന്റെ ലംഘനം രണ്ടാം കല്പനയുടെ ലംഘനമാണ്. ദൈവതിരുനാമത്തിൽ ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾക്ക് ആധികാ

www.malankaralibrary.com

രികതയും സത്യസന്ധതയും വിശ്വസ്തതയും ഉള്ളതാണ്. ഈ വാഗ്ദാനങ്ങളോട് ഒരാൾ അവിശ്വസ്തത കാണിക്കുമ്പോൾ ദൈവനാമത്തെ ദുരുപയോഗിക്കുകയും ദൈവത്തെത്തന്നെ വഞ്ചകനാക്കുകയും ചെയ്യുന്നു. വ്രതങ്ങളുടെ ശരിയായ രീതിയിലുള്ള പാലനം രണ്ടാം കല്പനയുടെ അനുസരണമാകുന്നു.

## സത്യപ്രതിജ്ഞകൾ

ദൈവനാമത്തെ ആദരിക്കുന്നതിനുള്ള ഒരു ഉപാധിയാണ് സത്യപ്രതിജ്ഞ. ദൈവനാമത്തിൽ ചെയ്യുന്ന സത്യപ്രതിജ്ഞയിലൂടെ നാം ദൈവത്തെ മഹത്ത്വപ്പെടുത്തുകയത്രേ ചെയ്യുന്നത്. അതേസമയം, സത്യപ്രതിജ്ഞ ചെയ്യുന്ന വ്യക്തിക്ക് തന്റെ വാക്കുകളുടെ സത്യാവസ്ഥയെക്കുറിച്ച് പൂർണബോധ്യമുണ്ടായിരിക്കണം. കാരണം, പ്രതിജ്ഞയുടെ ഉറപ്പിനായി സത്യംതന്നെയായ ദൈവത്തെ നാം ആശ്രയിക്കുന്നു.

## ദൈവനാമത്തിലുള്ള അനുഗ്രഹം

ദൈവനാമത്തിൽ മറ്റുള്ളവരെയും നമ്മെത്തന്നെയും അനുഗ്രഹിക്കുക വഴി നാം ദൈവത്തിനു പുകഴ്ച നല്കുകയാണു ചെയ്യുന്നത്. ദൈവനാമത്തിൽ എന്തു പ്രവൃത്തി ചെയ്താലും അതെല്ലാം ദൈവത്തിനുള്ള ആരാധനയാണ്. ദൈവനാമത്തിൽ മറ്റുള്ളവരെ അനുഗ്രഹിക്കുന്നതു വഴി ദൈവത്തിന്റെ സ്നേഹവും സമാധാനവും ആണ് പകർന്നു നല്കുന്നത്. പരസ്പരം അനുഗ്രഹിക്കുന്നതിനും ആശംസകൾ നേരുന്നതിനും ഏവർക്കും സാധിക്കും. ദൈവനാമത്തിൽ അനുഗ്രഹിക്കുമ്പോൾ ദൈവസാന്നിധ്യമാണ് അവിടെയുണ്ടാകുന്നത്.

## പിശാചിനെ ബഹിഷ്കരിക്കൽ

മനുഷ്യവർഗത്തിനെതിരെ തിന്മ പ്രവർത്തിക്കുന്ന ദുഷ്ടാരൂപികളാണ് പിശാചുക്കൾ. പിശാചിനെ ബഹിഷ്കരിക്കുവാനുള്ള അധികാരം വൈദികർക്കുണ്ട്. പിശാചുബാധയുള്ള വ്യക്തിയിൽനിന്ന് പിശാചിനെ ബഹിഷ്കരിക്കുവാൻ ദൈവനാമത്തിൽ വൈദികൻ ആജ്ഞാപിക്കുന്ന കർമ്മമാണിത്. ദൈവനാമത്തിന്റെ ശക്തിമൂലമാണ് പിശാചിനെ ബഹിഷ്കരിക്കുവാൻ സാധിക്കുന്നത്.

## ക്രിസ്തീയ നാമധേയങ്ങളുടെ സ്വീകരണം

മാമോദീസായിലൂടെയാണ് ഒരു വ്യക്തി ദൈവികജീവനിലേക്ക് പ്രവേശിക്കുന്നത്. മാമോദീസായുടെ അവസരത്തിൽ അർത്ഥി സ്വീകരിക്കുന്ന ക്രിസ്തീയ നാമധേയം പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ ആശീർവദിക്കപ്പെടുന്നു. ഈ ക്രിസ്തീയനാമം വിശുദ്ധന്മാരുടെ പേരുകളോ അല്ലെങ്കിൽ ഏതെങ്കിലും ക്രിസ്തീയപുണ്യങ്ങളുമായി ബന്ധപ്പെട്ട പേരുകളോ ആയിരിക്കും. മാമോദീസാവേളയിൽ ക്രിസ്തീയനാമധേയം സ്വീകരിക്കുന്ന വ്യക്തി തുടർന്നും ആ പേരിൽതന്നെ അറിയപ്പെടുന്നതാണ് ഉചിതം. പുണ്യനിർഭരമായ ക്രിസ്തീയജീവിതത്തിലേക്ക് കൂടുതൽ അടുക്കുവാൻ ക്രിസ്തീയനാമധേയങ്ങൾ സഹായിക്കും. ക്രിസ്തീയനാമധേയത്തിൽ അറിയപ്പെടുന്നതുവഴി ഒരാൾ തന്റെ ക്രൈസ്തവവ്യക്തിത്വം ആണ് പ്രഘോഷിക്കുന്നത്. മാമോദീസായിൽ ലഭിച്ച ക്രിസ്തീയ നാമധേയങ്ങൾ നിലനിർത്തുന്നത് രണ്ടാം പ്രമാണത്തോടുള്ള ആദരവാണ്.

www.malankaralibrary.com

## രണ്ടാം പ്രമാണത്തിനെതിരായ തിന്മകൾ

രണ്ടാം പ്രമാണത്തിന്റെ അനുസരണം ദൈവതിരുനാമത്തോടുള്ള ആദരവാണ്. ദൈവനാമത്തിന്റെ ശരിയായ വിനിയോഗത്തോടൊപ്പം ദുരുപയോഗവും വളരെ സാധാരണയായി സമൂഹത്തിൽ സംഭവിക്കാറുണ്ട്. സ്വാർത്ഥതാത്പര്യത്തിനുവേണ്ടി ദൈവതിരുനാമം പലപ്പോഴും അധിക്ഷേപിക്കപ്പെടാറുണ്ട്. രണ്ടാം പ്രമാണത്തിന്റെ നിഷേധാത്മക വശങ്ങളിൽ വളരെ പ്രധാനപ്പെട്ടവയാണ് ഇവിടെ കൈകാര്യം ചെയ്യുന്നത്.

### അശുദ്ധഭാഷണം

മറ്റുള്ളവരെക്കുറിച്ച് അസത്യപ്രസ്താവന നടത്തുന്നതും തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നതും മോശമായ വാക്കുകൾ ഉപയോഗിച്ച് മറ്റുള്ളവരെ സംബോധന ചെയ്യുന്നതും എല്ലാം  തിന്മയാണ്. ഇങ്ങനെയുള്ള പാപസാഹചര്യങ്ങളിൽനിന്ന് എപ്പോഴും അകന്നു നില്ക്കുവാൻ രണ്ടാം പ്രമാണം ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നിന്ദിക്കുമ്പോൾ ദൈവത്തെത്തന്നെയാണ് നിന്ദിക്കുന്നത്. സഹോദരർക്കെതിരെ അസഭ്യവർഷങ്ങൾ നടത്തുമ്പോൾ അത് ദൈവത്തിന് എതിരെയാണ് നടത്തുന്നത്. നമ്മുടെ സംസാരം എപ്പോഴും സത്യമായിരിക്കണമെന്നും മറ്റുള്ളവർക്ക്  പ്രീതികരമായിരിക്കണമെന്നും ഈ പ്രമാണം അർത്ഥമാക്കുന്നു.

### ദൈവദൂഷണം

ദൈവത്തോടുള്ള നിഷേധം, നിന്ദനം, അവജ്ഞ, ശാപവർഷങ്ങൾ എന്നിവയെല്ലാം ദൈവദൂഷണമാണ്. ദൈവദൂഷണം രണ്ട് തരത്തിലുണ്ട്: പ്രത്യക്ഷമായും പരോക്ഷമായും. ദൈവത്തെത്തന്നെ നിന്ദിക്കുകയും നിഷേധിക്കുകയും ചെയ്യുന്നതാണു പ്രത്യക്ഷമായ ദൈവദൂഷണം. ദൈവത്തിന് പ്രതിഷ്ഠിച്ചിരിക്കുന്ന വ്യക്തികളെയോ സ്ഥലങ്ങളെയോ വസ്തുക്കളെയോ അവഹേളിക്കുകയും അസഭ്യഭാഷണം നടത്തുകയും ചെയ്യുന്നതാണ് പരോക്ഷമായ ദൈവദൂഷണം. ദൈവത്തിനെതിരെയും ദൈവികകാര്യങ്ങൾക്കെതിരെയും വിവേചനരഹിതമായി സംസാരിക്കുക, ദൈവപരിപാലനത്തെ ചോദ്യം ചെയ്യുക, ദൈവം നീതിരഹിതനും കാരുണ്യമില്ലാത്തവനുമാണെന്ന് ആക്ഷേപിക്കുക മുതലായവയും ദൈവദൂഷണമാണ്.

### വ്യർത്ഥമായ ആണയിടൽ

വ്യാജമായും അനാവശ്യമായും ആണയിടുന്നത് വളരെ ഗൗരവമേറിയ പാപമാണ്. ദൈവനാമത്തിൽ കള്ളസത്യം ചെയ്യുന്നതിനെ ഗൗരവമേറിയ പാപമായിട്ടാണ് പഴയനിയമം പഠിപ്പിച്ചിരുന്നത്. തെറ്റായ ഒരു പ്രതിജ്ഞ ദൈവത്തെ കള്ളത്തിന് സാക്ഷിയാക്കി മാറ്റുന്നു. തിന്മയായ ഒരു കാര്യം ചെയ്യുവാൻ വേണ്ടി പ്രതിജ്ഞ എടുക്കുമ്പോൾ ദൈവതിരുനാമത്തെ നിഷേധിക്കുകയും അവഹേളിക്കുകയുമാണ് ചെയ്യുന്നത്. തമാശയ്ക്കായി ആണയിടുന്നതും മറ്റുള്ളവരെ ഏതെങ്കിലും കാര്യം ബോധ്യപ്പെടുത്തുവാൻവേണ്ടി വ്യർത്ഥമായി ആണയിടുന്നതും രണ്ടാം പ്രമാണത്തിന്റെ നിഷേധമാണ്. ദൈവനാമം

www.malankaralibrary.com

അനാദരവോടെ ഉപയോഗിക്കുക, വ്രതങ്ങൾ ലംഘിക്കുക, മറ്റുള്ളവരെ ദൈവനാമത്തിൽ ശപിക്കുക തുടങ്ങിയവയും രണ്ടാം പ്രമാണത്തിന്റെ ലംഘനമാണ്.

ദൈവനാമം എല്ലാവിധ ആദരവോടുംകൂടി ബഹുമാനിക്കപ്പെടണം എന്നതാണ് രണ്ടാം കല്പനയുടെ അന്തരാർത്ഥം. അതായത്, ചിന്തയിലും വാക്കിലും പ്രവൃത്തിയിലും മനുഷ്യൻ ദൈവനാമം മഹത്ത്വപ്പെടുത്തണം. സങ്കീർത്തകന്റെ മനോഭാവം നമുക്കും സ്വീകരിക്കാം: "കർത്താവിനെ പാടിപ്പുകഴ്ത്തുവിൻ. അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ" (സങ്കീർത്തനങ്ങൾ 96:2).

### ആരാധന

കർത്തൃപ്രാർത്ഥനയിൽ ദൈവത്തിന്റെ തിരുനാമത്തെ സ്തുതിച്ചുകൊണ്ട് സഭ ഇപ്രകാരം പ്രാർത്ഥിക്കുന്നു:

"സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ".

### ജീവിതസാക്ഷ്യം

നമ്മുടെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ദൈവതിരുനാമത്തെ മഹത്ത്വപ്പെടുത്തുവാനും അങ്ങനെ ദൈവത്തെ ആരാധിക്കുവാനും ദൈവത്തോട് വിശ്വസ്തരായിരിക്കുവാനും നമ്മെത്തന്നെ ഒരുക്കാം.

### മനഃപാഠമാക്കുക

"കർത്താവിന്റെ നാമത്തെ സ്തുതിക്കുവിൻ! കർത്താവിന്റെ നാമം ഇന്നുമെന്നേക്കും വാഴ്ത്തപ്പെടട്ടെ". (സങ്കീർത്തനങ്ങൾ 113:1-2)


## ചോദ്യങ്ങൾ

1. ദൈവത്തിന്റെ തിരുനാമം ആദരിക്കപ്പെടണമെന്ന് രണ്ടാം കല്പന അർത്ഥമാക്കുന്നു. വിവരിക്കുക.
2. വ്രതലംഘനം രണ്ടാം കല്പനയുടെ ലംഘനമാകുന്നത് എങ്ങനെ?
3. ക്രിസ്തീയ നാമധേയങ്ങളുടെ സ്വീകരണം രണ്ടാം കല്പനയോടുള്ള ആദരവാണ്. സമർത്ഥിക്കുക.
4. അശുദ്ധഭാഷണം രണ്ടാം കല്പനയ്ക്കെതിരാണ്. എന്തുകൊണ്ട്?
5. ദൈവദൂഷണം പറയുന്നത് രണ്ടാം കല്പനയുടെ ലംഘനമാണ്. വ്യക്തമാക്കുക.
6. വ്യർത്ഥമായി ആണയിടുന്നത് രണ്ടാം കല്പനയ്ക്കെതിരാണ്. വിശദമാക്കുക.

www.malankaralibrary.com

# ഞായറാഴ്ചയാചരണം

## "കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം"



സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ ആരാധിക്കുവാനും ശുശ്രൂഷിക്കുവാനുമായി ഇസ്രായേൽ പ്രത്യേകം നീക്കിവച്ചിരുന്ന ദിവസമാണ് സാബത്ത്. ഇസ്രായേൽ ജനത്തിനു കല്പനകൾ നല്കിയപ്പോൾ ദൈവാരാധനയ്ക്കും വിശ്രമത്തിനുമായി സാബത്ത് അവർക്ക് നല്കിയത് ദൈവം തന്നെയാണ്. അങ്ങനെ, ആഴ്ചയിലെ ഏഴാം ദിവസം ദൈവാരാധനയ്ക്കും വിശ്രമത്തിനുമായി യഹൂദർ മാറ്റിവച്ചു. പുതിയനിയമ കാലഘട്ടത്തിൽ സാബത്താചരണത്തിന് പകരം ഞായറാഴ്ചയാചരണം ആരംഭിച്ചു. കർത്താവിന്റെ ഉത്ഥാനാനുസ്മരണദിനമായ ഞായറാഴ്ച സഭ വിശുദ്ധമായി ആചരിക്കുവാൻ തുടങ്ങി. പത്തു കല്പനകളിൽ മൂന്നാമത്തേതും തിരുസഭയുടെ കല്പനകളിൽ ഒന്നാമത്തേതും ഞായറാഴ്ചയാചരണത്തിന്റെ പ്രാധാന്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## സാബത്ത് പഴയനിയമത്തിൽ

സാബത്ത് എന്ന വാക്കിന് 'ജോലിയിൽനിന്ന് വിരമിയ്ക്കുക, നിർത്തി വയ്ക്കുക' എന്നൊക്കെയാണ് വാച്യാർത്ഥം. എല്ലാ ജോലികളിൽനിന്നും അകന്ന് ദൈവശുശ്രൂഷയ്ക്കായി നീക്കിവച്ചിരിക്കുന്ന ദിവസമാണ് സാബത്ത്. സാബത്താചരണത്തെക്കുറിച്ച് ദൈവം ഇപ്രകാരം കല്പിച്ചു: "സാബത്ത് വിശുദ്ധദിനമായി ആചരിക്കണമെന്ന് ഓർമ്മിക്കുക. ആറുദിവസം അധ്വാനിക്കുക, എല്ലാജോലികളും ചെയ്യുക. എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്റെ സാബത്താണ്. അന്ന്.....ഒരു വേലയും ചെയ്യരുത്" (പുറപ്പാട് 20:8-10). സാബത്തിന് ആരംഭമിട്ടത് യഹോവയായ ദൈവമാണ്.

www.malankaralibrary.com

ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം സാബത്ത് സൃഷ്ടിയുടെയും പുറപ്പാടിന്റെയും അനുസ്മരണമായിരുന്നു. പ്രപഞ്ചസൃഷ്ടിയും പുറപ്പാട് സംഭവവും മാനവചരിത്രത്തിലെ ദൈവത്തിന്റെ നിർണായക ഇടപെടലുകളായിരുന്നു. "കർത്താവ് ആറുദിവസംകൊണ്ട് ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും സൃഷ്ടിക്കുകയും ഏഴാംദിവസം വിശ്രമിക്കുകയും ചെയ്തു. അങ്ങനെ അവിടുന്ന് സാബത്തുദിനത്തെ അനുഗ്രഹിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു" (പുറപ്പാട് 20:11). ഏഴാംദിവസം വിശ്രമിച്ച ദൈവത്തിന്റെ മാതൃകയാണ് സാബത്താചരണത്തിന് അടിസ്ഥാനം.

എല്ലാത്തരം ജോലികളിൽനിന്നും അകന്നു നില്ക്കുക എന്ന മതപരമായ ഒരർത്ഥത്തിലാണ് പഴയനിയമം സാബത്തിനെ കണക്കാക്കിയിരുന്നത്. കർത്താവിന്റെ വിശുദ്ധ വിശ്രമദിനമായ സാബത്തിൽ ജോലി ചെയ്യുന്നവൻ വധിക്കപ്പെടണം എന്നു പോലും (പുറപ്പാട് 31:15) പഴയനിയമം നിഷ്കർഷിച്ചിരുന്നു. സാബത്ത് സന്തോഷത്തിന്റെയും വിശ്രമത്തിന്റെയും ആരാധനയുടെയും ദിനമായിരുന്നു. സാബത്താചരണം ഇസ്രായേല്യരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിന്റെ അനിവാര്യഭാഗമായിരുന്നു.

ദൈവം മനുഷ്യനുമായി നടത്തിയ ഉടമ്പടിയെക്കുറിച്ച് ദൈവജനത്തെ ഓർമ്മിപ്പിക്കലാണ് സാബത്തുദിനം. സാബത്തുദിനാചരണത്തിലൂടെ കർത്താവ് തങ്ങളുടെ ദൈവമാണെന്നും തങ്ങൾ അവിടുത്തെ ജനമാണെന്നും ഇസ്രായേൽജനം ഏറ്റുപറഞ്ഞു. ദൈവത്തിന് ഇസ്രായേൽജനത്തോടുള്ള ഉടമ്പടിബന്ധത്തെ എക്കാലവും അനുസ്മരിപ്പിക്കുന്ന അടയാളമായി സാബത്ത് നിലകൊണ്ടു.

യഹൂദരുടെ പ്രധാനമായ ആചരണവും ആഘോഷവും സാബത്തായിരുന്നു. യഹൂദ ജനതയുടെ മതാത്മകജീവിതത്തിലും സാമൂഹ്യജീവിതത്തിലും സാബത്താചരണം വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു. ദേവാലയത്തിന്റെ പശ്ചാത്തലത്തിൽ ബലിയർപ്പണവും സിനഗോഗുകളിൽ പ്രാർത്ഥനകളും വിശുദ്ധ ഗ്രന്ഥപാരായണവും സാബത്തുദിനത്തിൽ അനുഷ്ഠിച്ചിരുന്നു. കാലക്രമത്തിൽ, യാതൊരു തരത്തിലുമുള്ള ജോലിയും ചെയ്യുവാൻ പാടില്ലാത്തവിധം സാബത്താചരണം യഹൂദ റബ്ബിമാർ ദുഷ്കരമാക്കിതീർത്തു. പുതിയനിയമത്തിൽ സാബത്തിനെക്കുറിച്ചുള്ള വിവരണങ്ങളെല്ലാം യേശുവുമായി ബന്ധപ്പെട്ടിരിക്കുന്നു.

## സാബത്തും യേശുവും

സാബത്താചരണത്തിന്റെ കാർക്കശ്യവും യേശു അതിന് നല്കുന്ന മാനുഷികമുഖവുമാണ് സുവിശേഷങ്ങളിൽ സാബത്താചരണത്തെക്കുറിച്ചുള്ള പ്രതിപാദ്യം. "സാബത്തിൽ നന്മ ചെയ്യുന്നതോ തിന്മ ചെയ്യുന്നതോ ജീവൻ രക്ഷിക്കുന്നതോ നശിപ്പിക്കുന്നതോ, ഏതാണു നിയമാനുസൃതം" എന്ന് ചോദിച്ചുകൊണ്ട് യേശു ഒരു സാബത്തുദിനത്തിൽ കൈ ശോഷിച്ച ഒരുവനെ സുഖപ്പെടുത്തി. ഇപ്രകാരം പ്രവർത്തിച്ചുകൊണ്ട് സാബത്തിൽ നന്മ ചെയ്യണം എന്ന് യേശു പഠിപ്പിച്ചു. "സാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനുവേണ്ടിയല്ല. മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്" (മർക്കോസ് 2:27-28) എന്ന് അരുളിച്ചെയ്തുകൊണ്ട് സാബത്തിനോടുള്ള തന്റെ

www.malankaralibrary.com

മനോഭാവം യേശു പ്രകടിപ്പിച്ചു. മാനുഷിക പരിഗണന നിരാകരിച്ചുകൊണ്ടുള്ള യഹൂദരുടെ സാബത്താചരണത്തെ യേശു നിശിതമായി വിമർശിച്ചു. യേശു ഒരിക്കലും സാബത്തിനെ തള്ളിപ്പറഞ്ഞില്ല; ആദരിക്കുവാനാണ് ശ്രമിച്ചത്.

തന്റെ പരസ്യജീവിതകാലത്ത് യേശു സാബത്താചരിച്ചിരുന്നതായി വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ സാധിക്കും. സാബത്ത് ദൈവാരാധനയ്ക്ക് ഏറ്റവും അനുയോജ്യമായ അവസരമായി യേശു കരുതിയിരുന്നു. എല്ലാ സാബത്തിലും അവിടുന്ന് യഹൂദരുടെ സിനഗോഗുകളിൽ പോകുകയും (ലൂക്കാ 4:16) തിരുലിഖിതങ്ങൾ വായിച്ച് വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. യേശു പഠിപ്പിച്ചതും പ്രവർത്തിച്ചതും അനുസരിച്ച് നന്മ ചെയ്യുവാൻ ഏറ്റവും അനുയോജ്യമായ ദിവസമാണ് സാബത്ത്. സാബത്തിൽ രോഗശാന്തി നല്കിയതിലൂടെ സാബത്ത് രക്ഷയുടെ അടയാളമാണെന്ന യാഥാർത്ഥ്യം അവിടുന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചു. മനുഷ്യനന്മകൾക്കു വിരുദ്ധമായ വിലക്കുകൾക്കു സാബത്തിൽ സ്ഥാനമില്ലെന്നും മനുഷ്യനന്മയെ ലക്ഷ്യംവയ്ക്കുന്ന പ്രവർത്തനങ്ങൾ സാബത്തിന് കൂടുതൽ ശ്രേഷ്ഠമായ അർത്ഥം നല്കുമെന്നും അവിടുന്ന് പഠിപ്പിച്ചു.

## ഞായറാഴ്ചയാചരണം

ആദിമക്രിസ്ത്യാനികൾ മറ്റ് യഹൂദരെപ്പോലെ സാബത്താചരിച്ചിരുന്നു. സാബത്തിനോടൊപ്പം കർത്താവിന്റെ ഉയിർപ്പുദിനമായ ഞായറാഴ്ചയും ആചരിക്കുന്ന രീതി ക്രിസ്ത്യാനികളുടെയിടയിൽ വളർന്നുവന്നു. കാലക്രമേണ, സാബത്താചരണം നിലയ്ക്കുകയും വിശ്രമത്തിനും ആരാധനയ്ക്കുമായുള്ള ദിവസം ഞായറാഴ്ചയാകുകയും ചെയ്തു. സാബത്തിന്റെ പൂർത്തീകരണമായും ക്രൈസ്തവീകരിച്ച സാബത്തായും ഞായറാഴ്ചയെ വിശേഷിപ്പിക്കാറുണ്ട്.

ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഞായറാഴ്ച എല്ലാ ദിവസങ്ങളിലും തിരുനാളുകളിലും വച്ച് ഒന്നാമത്തേതാണ്. ഞായറാഴ്ചയാചരണം സാബത്തിന്റെ വെറുമൊരു വികസിത രൂപമല്ല. പിന്നെയോ, പൂർണമായും വൈവിധ്യമാർന്ന ഒന്നാണ്. ഈ വ്യത്യാസത്തിന് ഉറവിടം ക്രിസ്തുവിന്റെ ഉത്ഥാനമാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റ ദിനം ഞായറാഴ്ച ആയതിനാൽ ഞായറാഴ്ചയെ കർത്താവിന്റെ ദിനം എന്നാണ് വിളിക്കുന്നത്. രക്ഷാകരരഹസ്യത്തിലെ ഏറ്റവും പ്രധാന മുഹൂർത്തമായ യേശുവിന്റെ ഉത്ഥാനത്തിന്റെ അനുസ്മരണം എന്ന നിലയിൽ ഞായറാഴ്ച ക്രൈസ്തവജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിനമായി മാറി.

## ഞായറാഴ്ചയാചരണം-ആദിമസഭയിൽ

കർത്താവിന്റെ ദിവസം ഒരു ആഘോഷ അവസരമായിട്ടാണ് ആദിമസഭ കരുതിയിരുന്നത്. ഞായറാഴ്ച ഉത്ഥാനത്തിന്റെ അനുസ്മരണവും അതോടൊപ്പംതന്നെ അവിടുത്തെ രണ്ടാംവരവിന്റെ മുന്നാസ്വാദനവുമായാണ് ആദിമസഭ അനുഭവിച്ചത്. കർത്താവിന്റെ ദിനത്തിൽ, ആദിമസഭാസമൂഹം ഒരുമിച്ചുകൂടുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. കർത്താവിന്റെ ദിനത്തിൽ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന ശുശ്രൂഷയുടെ രൂപം സാബത്ത് ദിനത്തിലെ സിനഗോഗുശുശ്രൂഷയെ അടിസ്ഥാനമാക്കിയുള്ള

www.malankaralibrary.com

തായിരുന്നു. അപ്പംമുറിക്കൽ, വചനപ്രഘോഷണം, കൂട്ടായ്മ എന്നിവയിലൂടെ ആദിമ സഭ കർത്താവിന്റെ ദിനം ആചരിച്ചുപോന്നു (അപ്പസ്തോല പ്രവർത്തനങ്ങൾ 2:42). ആദിമ നൂറ്റാണ്ടുകളിൽ ഞായറാഴ്ച വിശ്രമദിനമായി അനുവദിക്കപ്പെട്ടിരുന്നില്ല. കാല ക്രമത്തിൽ ക്രിസ്തുമതം റോമാസാമ്രാജ്യത്തിലെ ഔദ്യോഗികമതം ആയതോടുകൂടി ഞായറാഴ്ച പൊതുവിശ്രമദിനമായി മാറി.

## ഞായറാഴ്ചയാചരണം – സഭയുടെ വീക്ഷണം

ഞായറാഴ്ച സഭ മുഴുവൻ ദിവ്യബലിയർപ്പിക്കുവാൻ  ഒരുമിച്ചു കൂടുകയും സഭാഗാത്രത്തെ പരിപുഷ്ടമാക്കുകയും ചെയ്യുന്നു. മാമോദീസായിലൂടെ സഭാംഗങ്ങളായ വിശ്വാസികൾ തങ്ങളുടെ വിശ്വാസം പ്രഘോഷിക്കുവാനും ആഘോഷിക്കുവാനും ആയി നീക്കിവച്ചിരിക്കുന്ന ഞായറാഴ്ച സഭയുടെ ദിവസമാണ്. ഞായറാഴ്ചയെ ദിവസങ്ങളുടെ ദിവസം എന്നു സഭ വിശേഷിപ്പിക്കുന്നു.

തിരുസഭയുടെ കല്പനകളിൽ ഒന്നാമത്തേത് ഞായറാഴ്ചയാചരണത്തെക്കുറിച്ചുള്ളതാണ്. ഈ കല്പനയനുസരിച്ച് ഞായറാഴ്ചയാചരണത്തിനും വിശുദ്ധ കുർബാനയ്ക്കുമായി ഇടവകസമൂഹം ഒന്നിച്ചുകൂടേണ്ടത് ഇടവക ദേവാലയത്തിലാണ്. ഗൗരവമായ കാരണം കൂടാതെ ഞായറാഴ്ച വിശുദ്ധ കുർബാനയിൽ പങ്കെടുക്കാതിരിക്കുന്നതു സഭാനിയമത്തിന്റെ അരൂപിക്കു വിരുദ്ധമായ കാര്യമാണ്.

സഭയുടെ കാനൻനിയമവും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമം എന്ന പ്രമാണരേഖയും ഞായറാഴ്ചയാചരണത്തെക്കുറിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. കർത്താവിന്റെ ദിനമാണ് പ്രഥമതിരുനാൾ ദിനമെന്നും ആരാധനക്രമത്തിന്റെ മുഴുവൻ അടിസ്ഥാനവും കേന്ദ്രവും ഞായറാഴ്ചയാണെന്നും കൗൺസിൽ ചൂണ്ടിക്കാണിക്കുന്നു (ആരാധനക്രമം 106). ഇടവകാംഗങ്ങൾ ഒരു സമൂഹമാണെന്ന ബോധ്യത്തോടെ ഞായറാഴ്ചയിലെ വിശുദ്ധ കുർബാനയിൽ സജീവഭാഗഭാഗിത്വം പുലർത്തണം എന്ന് കൗൺസിൽ പഠിപ്പിക്കുന്നു.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 1998 മെയ് 31-ന് പുറപ്പെടുവിച്ച 'കർത്താവിന്റെ ദിവസം' എന്ന ചാക്രികലേഖനത്തിലും ഞായറാഴ്ചയാചരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ക്രൈസ്തവവിശ്വാസത്തിന്റെ ആണിക്കല്ലായ ഉത്ഥാനസംഭവത്തെ അനുസ്മരിക്കുന്ന ഞായറാഴ്ച, ആഴ്ചതോറുമുള്ള ഈസ്റ്റർ ദിനമാണ്. ക്രിസ്തുവിന്റെ ഉത്ഥാനരഹസ്യങ്ങളെപ്പറ്റി ധ്യാനിക്കുവാനും അതിൽ ഭാഗഭാക്കാകുവാനും ഓരോ ഞായറാഴ്ചയും വിശ്വാസികൾക്ക് അവസരം ലഭിക്കുന്നു.

ഞായറാഴ്ചയാചരണം സഭ ആദിമനൂറ്റാണ്ടുമുതൽ വളരെ നിഷ്കർഷയോടെ അനുഷ്ഠിച്ചിരുന്നു. സഭാഗാത്രത്തെ ഒരുമിച്ചു നിർത്തുന്ന ഞായറാഴ്ചയിലെ വിശുദ്ധ കുർബാനയിൽ സഭാംഗങ്ങൾ എല്ലാവരും സജീവമായി പങ്കെടുക്കണം എന്ന് സഭ വളരെയധികം നിർബന്ധം പുലർത്തുന്നു. ഒരു കല്പനയുടെ അനുഷ്ഠാനം എന്നതിലുപരിയായി ക്രൈസ്തവജീവിതത്തിന്റെ അനിവാര്യതയായി ഞായറാഴ്ചയാചരണത്തെ കാണണമെന്ന് സഭ പഠിപ്പിക്കുന്നു. ദൈവമായ കർത്താവ് ആറു ദിവസംകൊണ്ട് പ്രപഞ്ചം സൃഷ്ടിക്കുകയും ഏഴാം ദിവസം വിശ്രമിക്കുകയും ചെയ്തു. അതിനാൽ, ഞായറാഴ്ചയെ വിശ്രമദിനമായും സഭ കരുതുന്നു.

## ഞായറാഴ്ചയാചരണം - പ്രായോഗികജീവിതത്തിൽ

ഞായറാഴ്ച വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിനെ തടയുന്നതോ, ആ ദിനത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തുന്നതോ ആയ യാതൊരുവിധ പ്രവൃത്തികളിലും ഏർപ്പെടരുത്. ദൈവാരാധനയെ തടയുകയും ആധ്യാത്മികജീവിതത്തിന് തടസം നില്ക്കുകയും ചെയ്യുന്ന എല്ലാ വിനോദങ്ങളിലും നിന്ന് അകന്ന് നില്ക്കുവാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു. ഞായറാഴ്ചയാചരണം ഏറ്റവും വിശുദ്ധമായിരിക്കണം. ഞായറാഴ്ചയാചരണത്തിന്റെ പൂർണത അടങ്ങിയിരിക്കുന്നത് വിശുദ്ധ കുർബാനയിലെ സജീവ ഭാഗഭാഗിത്വത്തിലാണ്. ഒരുക്കത്തോടുകൂടി വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യുമ്പോൾ ഞായറാഴ്ചയാചരണം കൂടുതൽ അർത്ഥവത്താകും. ഇതുകൂടാതെ, ഞായറാഴ്ചകളിൽ ഭക്തസംഘടനകളിലും മറ്റ് ഭക്താനുഷ്ഠാനങ്ങളിലും വിശ്വാസികൾ സജീവമായി പങ്കെടുക്കുന്നത് ഞായറാഴ്ചയാചരണത്തെ കൂടുതൽ ശ്രേഷ്ഠമാക്കുന്നു.

ഞായറാഴ്ചയാചരണത്തിനു വിരുദ്ധമായ എല്ലാ പ്രവർത്തനങ്ങളും സ്രഷ്ടാവായ ദൈവത്തോടുള്ള നിന്ദനമാണ്. ദൈവത്തിന് ഉചിതമായ ആരാധന അർപ്പിക്കുമ്പോൾ അവിടുത്തെ നമ്മുടെ ജീവിതത്തിന്റെ നാഥനും രക്ഷകനുമായാണ് സ്വീകരിക്കുന്നത്. നമുക്കുവേണ്ടി സർവതും സൃഷ്ടിച്ച് ക്രമീകരിച്ച ദൈവത്തിനുവേണ്ടി സമയം കണ്ടെത്തുവാൻ സാധിക്കുന്നില്ലെങ്കിൽ അത് ദൈവത്തോടുള്ള നന്ദികേടാണ്. മനഃപൂർവം ഞായറാഴ്ചയാചരണത്തിൽനിന്ന് വിട്ടുനില്ക്കുന്നത് ഗൗരവമായ പാപമാണ്.

ഞായറാഴ്ച ആരാധനയിൽ വിശ്വാസപൂർവം പങ്കെടുക്കുന്നവരുടെ കുർബാന അർപ്പണം ദേവാലയ കവാടത്തിൽവച്ച് അവസാനിക്കുന്നില്ല. അത് ജീവിതത്തിലേക്കുകൂടി നീളണം. കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പ്രവൃത്തികൾ ചെയ്യുവാൻ വിശ്വാസികൾ ഞായറാഴ്ച സമയം കണ്ടെത്തണം. ഞായറാഴ്ച രോഗികളെയും പീഡിതരെയും സന്ദർശിക്കുവാനും വേദനിക്കുന്നവർക്കും പ്രയാസമനുഭവിക്കുന്നവർക്കും ആശ്വാസം പകർന്നു നല്കുവാനും നമുക്കു സാധിക്കണം. ഞായറാഴ്ചയാചരണത്തിലെ എല്ലാ പ്രവൃത്തികളും സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം. ദൈവത്തെയും സഹോദരരെയും ഒരുപോലെ സ്നേഹിക്കുവാൻ ഓരോ ക്രിസ്ത്യാനിക്കും സാധിക്കണം. കർത്താവിന്റെ ഉത്ഥാനം രക്ഷയ്ക്കു നിദാനമായതിനാൽ ഞായറാഴ്ച പൂർണമായും ദൈവിക കാര്യങ്ങൾക്കുവേണ്ടി മാത്രമേ വിനിയോഗിക്കാവൂ.

www.malankaralibrary.com

## ആരാധന

കർത്താവിന്റെ ഉത്ഥാനദിനമായ ഞായറാഴ്ചയെക്കുറിച്ചും അതിന്റെ സവിശേഷതയെക്കുറിച്ചും ശ്ഹീമ്മോയുടെ തിങ്കൾ സന്ധ്യാപ്രാർത്ഥനയിൽ അനുസ്മരിക്കുന്നു:

"നാഥൻ ശ്രേഷ്ഠൻ ശ്രേഷ്ഠമതാക്കപ്പെടുവോനും
ശ്രേഷ്ഠം-ഞായർ ദിനമതിനെ വിശ്വാസത്താൽ
ബഹുമാനിപ്പോനായ് ഭാഗ്യം!
നാഥൻ കബറീന്നുയിർ പൂണ്ടു ജാതികളതിലോ
പിതൃസുതപരിശുദ്ധാത്മാവിൽ
ഹാലേലുയ്യാ-ഏറ്റുപറഞ്ഞാർ".

(ശ്ഹീമ്മോ - തിങ്കൾ സന്ധ്യ)

## ജീവിതസാക്ഷ്യം

ഞായറാഴ്ചയാചരണത്തിന്റെ അന്തഃസത്ത വിശുദ്ധ കുർബാനയുടെ ആഘോഷമാണ്. വിശുദ്ധ ബലിയിൽ സജീവമായി പങ്കെടുത്തുകൊണ്ടും ഇടവക കൂട്ടായ്മയോട് ബന്ധം പുലർത്തിക്കൊണ്ടും ഈ കല്പന പാലിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

### മനഃപാഠമാക്കുക


"കർത്താവിന്റെ നാമത്തിനു ചേർന്ന
വിധം അവിടുത്തെ മഹത്ത്വപ്പെടുത്തു
വിൻ! കാഴ്ചകളുമായി അവിടുത്തെ
അങ്കണത്തിൽ പ്രവേശിക്കുവിൻ.
വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ്
അവിടുത്തെ ആരാധിക്കുവിൻ;
ഭൂമി മുഴുവൻ അവിടുത്തെ മുമ്പിൽ
ഭയന്നു വിറയ്ക്കട്ടെ".
(സങ്കീർത്തനങ്ങൾ 96:8-9)

## ചോദ്യങ്ങൾ

1. സാബത്താചരണത്തെപ്പറ്റി പഴയനിയമം എന്തു പഠിപ്പിക്കുന്നു?
2. സാബത്താചരണത്തെപ്പറ്റി യേശുവിന്റെ മനോഭാവം എങ്ങനെയുള്ളതായിരുന്നു?
3. ആദിമസഭയിലെ ഞായറാഴ്ചയാചരണത്തെപ്പറ്റി വിവരിക്കുക.
4. ഞായറാഴ്ചയാചരണത്തെപ്പറ്റി സഭയുടെ വീക്ഷണം വ്യക്തമാക്കുക.
5. ക്രിസ്തീയ ജീവിതത്തിൽ ഞായറാഴ്ചയാചരണത്തിന്റെ പ്രാധാന്യമെന്ത്?

www.malankaralibrary.com

# ഉത്തമ ക്രൈസ്തവകുടുംബം



## "മാതാപിതാക്കളെ ബഹുമാനിക്കണം"

സീനായ് മലയിൽവച്ച് ദൈവം മോശ വഴി ഇസ്രായേലിന് നല്കിയ കല്പനകൾ പ്രധാനമായും ദൈവസ്നേഹത്തെയും പരസ്നേഹത്തെയും സംബന്ധിച്ചുള്ളതാണ്. പത്തു പ്രമാണങ്ങളിലെ പരസ്നേഹത്തെ സംബന്ധിച്ച ഭാഗത്തെ പ്രഥമ കല്പനയാണ് 'മാതാപിതാക്കളെ ബഹുമാനിക്കണം' എന്നുള്ളത്. ദൈവസ്നേഹത്തെക്കുറിച്ചുള്ള കല്പനകൾ കഴിഞ്ഞാലുടൻ ദൈവം നമ്മോടാവശ്യപ്പെടുന്നത് മാതാപിതാക്കൾക്ക് നല്കേണ്ട ബഹുമാനമാണ്. ഈ കല്പനയെ വളരെ വ്യാപകമായ അർത്ഥത്തിൽ വേണം നാം മനസ്സിലാക്കേണ്ടത്. മാതാപിതാക്കളോടുള്ള മക്കളുടെ കടമയും അവർ നല്കേണ്ട ബഹുമാനവും ആണ് ഈ കല്പനയുടെ പ്രഥമലക്ഷ്യം. ഇതുകൂടാതെ, മാതാപിതാക്കൾക്ക് മക്കളോടുള്ള കടമയും അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധവും തൊഴിൽദാതാവും തൊഴിലാളികളും തമ്മിലുള്ള ബന്ധവും എങ്ങനെയായിരിക്കണം എന്നും ഈ കല്പന അർത്ഥമാക്കുന്നു. വൈദികരെയും സന്യസ്തരെയും ദൈവത്തിന്റെ പ്രതിനിധികളായി കാണണമെന്നും അധികാരികളെ ബഹുമാനിക്കണമെന്നും നാലാം പ്രമാണത്തിലൂടെ ദൈവം നമ്മോടാവശ്യപ്പെടുന്നു.

## നാലാം പ്രമാണം വിശുദ്ധ ഗ്രന്ഥത്തിൽ

മാതാപിതാക്കളുടെ ദൈവദത്തമായ അധികാരത്തിനു ശക്തമായ തെളിവാണ് നാലാം പ്രമാണം. ബൈബിളിൽ മാതാപിതാക്കളെയും മുതിർന്നവരെയും ബഹുമാനിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും വളരെ വ്യക്തമായി വിവരിച്ചിട്ടുണ്ട്. മാതാപിതാക്കളെ ബഹുമാനിക്കുന്നതുവഴി ഒരു വ്യക്തി ദീർഘകാലം ജീവിച്ചിരിക്കുമെന്നും കർത്താവായ താൻ തരുന്ന നാട്ടിൽ ആ വ്യക്തിക്ക് നന്മയുണ്ടാകുമെന്നും ദൈവം ഈ കല്പനയിലൂടെ വാഗ്ദാനം ചെയ്യുന്നു (പുറപ്പാട് 20:12, നിയമാവർത്തനം 5:16). വാഗ്ദാനത്തോടുകൂടി നല്കപ്പെട്ട ആദ്യത്തെ കല്പനയാണ് ഇതെന്ന് വിശുദ്ധ പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നുണ്ട് (എഫേസോസ് 6:1-3). യേശുനാഥൻ തന്റെ പരസ്യജീവിതത്തിനിട

www.malankaralibrary.com

യിൽ ഈ കല്പന ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്: “പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക; പിതാവിനെയോ മാതാവിനെയോ അധിക്ഷേപിക്കുന്നവൻ മരിക്കണം എന്നും ദൈവം കല്പിച്ചിരിക്കുന്നു” (മത്തായി 15:4). പഴയനിയമത്തിൽ ഈ കല്പന യുടെ ലംഘനത്തിന് വധശിക്ഷയാണ് നല്കിയിരുന്നത്. ഈ കല്പന ഒരു കാരണവ ശാലും ലംഘിക്കരുത് എന്നാണ് യേശുമിശിഹാ പഠിപ്പിച്ചത്.

യേശുവിന്റെ ബാല്യകാലത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥം നല്കുന്ന വിവരണത്തിൽ വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ് ‘അവിടുന്ന് മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചു’ എന്നത് (ലൂക്കാ 2:51). ഈ കല്പന അനുസരിക്കുവാൻ നമുക്ക് ഏറ്റവുമധികം പ്രചോദനം നല്കുന്ന വസ്തുതയും ഇതുതന്നെ. മാതാപിതാക്കളെ ബഹുമാനിക്കുന്നതു നിത്യജീവനിൽ പ്രവേശിക്കുവാനുള്ള മാർഗമായി കർത്താവ് അരുളിച്ചെയ്തു (മത്തായി 19:17–19).

## ഉത്തമകുടുംബം

കുടുംബജീവിതത്തിന്റെ നന്മയാണ് ഈ കല്പനയുടെ പ്രഥമ ലക്ഷ്യം. മാനവചരിത്ര ത്തോളം തന്നെ പഴക്കമുള്ള ഒരു സാമൂഹിക സംവിധാനമാണിത്. ആദ്യത്തെ വിവാഹ ബന്ധത്തെ അനുഗ്രഹിച്ചതും വധൂ–വരന്മാരെ യോജിപ്പിച്ചതും കുടുംബത്തിന് അടി സ്ഥാനമിട്ടതും ദൈവം തന്നെയാണ്.

കുടുംബത്തിൽ ദൈവത്തിന്റെ പ്രതിനിധികളാണു മാതാപിതാക്കൾ. അവരിലൂടെ കുടും ബത്തെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് ദൈവമാണ്. ദൈവിക അധികാ രത്തിൽ മാതാപിതാക്കളും പങ്കുകാരാണ്. മക്കൾക്കു ജന്മം നല്കുന്നതുവഴി മാതാപി താക്കൾ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുപറ്റുന്നു. ഭാര്യയ്ക്കും ഭർത്താവിനും തുല്യമായ സ്ഥാനവും മഹത്ത്വവുമാണ് കുടുംബത്തിലുള്ളത്. പരിശുദ്ധ ത്രിത്വത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം ഐക്യത്തിലാണ്. അതുപോലെ കുടുംബജീവിതത്തിൽ ഭർത്താവും ഭാര്യയും മക്കളും പരസ്പരം സ്നേഹൈക്യത്തിൽ ആയിരിക്കണം. പരിശുദ്ധ ത്രിത്വത്തിലെ ബന്ധം കുടുംബജീവിതത്തിനു മാതൃക ആണ്.

സമൂഹത്തിന്റെ അടിസ്ഥാനഘടകം കുടുംബമാണ്. അതിനാൽ സമൂഹത്തിന്റെ നന്മയും ക്ഷേമവും കുടുംബങ്ങളെ ആശ്രയിച്ചിരിക്കുന്നു. കുടുംബം സമൂഹത്തിന്റെ അടി സ്ഥാന ഘടകമായിരിക്കുന്നതുപോലെ സഭയുടെ മൗലികഘടകവുമാണ്. ക്രൈസ്തവ കുടുംബം തിരുസഭയുടെതന്നെ പ്രതിഛായയാണ്. അതിനാലാണല്ലോ കുടുംബത്തെ ‘ഗാർഹികസഭ’ എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിക്കുന്നത്. എല്ലാവിധ ധാർമ്മിക മൂല്യങ്ങളുടെയും സാമൂഹിക നന്മകളുടെയും ആരംഭവും അടിസ്ഥാനവും കുടുംബമാണ്. ധാർമ്മികമൂല്യങ്ങളെക്കുറിച്ച് പഠിക്കുന്നതും ദൈവത്തെ ആദരിക്കുവാൻ ആരംഭിക്കുന്നതും കുടുംബജീവിതത്തിലാണ്. അതിനാൽ സമൂഹത്തിന്റെ പൊതുവായ സുസ്ഥിതി കുടുംബങ്ങളെ ആശ്രയിച്ചിരിക്കുന്നു.

സാമൂഹികജീവിതത്തിന്റെ അടിസ്ഥാനം കുടുംബങ്ങളിലായതുകൊണ്ട് കുടുംബ ബന്ധം പവിത്രമായാൽ സമൂഹബന്ധവും പവിത്രമാകും. നല്ല കുടുംബങ്ങൾ നല്ല സമൂഹം കെട്ടിപ്പടുക്കുവാനുള്ള അടിത്തറയാണെന്ന് നാലാം പ്രമാണം അനുശാസി

www.malankaralibrary.com

ക്കുന്നു. അതിനാൽ ആഴമായ സ്നേഹബന്ധത്തിലധിഷ്ഠിതമായിരിക്കണം കുടുംബത്തിലെ ബന്ധങ്ങൾ. ഭാര്യാഭർത്തൃസ്നേഹമാണ് കുടുംബത്തിലെ സ്നേഹബന്ധങ്ങളുടെ ആധാരം. വരനായ ക്രിസ്തുവും വധുവായ സഭയും വേർപെടുത്താനാവാത്തവിധം ഒന്നായിരിക്കുന്നതുപോലെ ഭാര്യാഭർത്തൃബന്ധവും വേർപെടുത്താനാവില്ല. ഭാര്യാഭർത്താക്കന്മാരുടെ സ്നേഹബന്ധത്തിലാരംഭിക്കുന്ന കുടുംബം മക്കളും മാതാപിതാക്കളും തമ്മിലുള്ള സ്നേഹബന്ധത്തിലും സർവോപരി ദൈവസ്നേഹത്തിലും പരസ്നേഹത്തിലും സമ്പുഷ്ടമായി തീരണം.

## മാതാപിതാക്കന്മാരെ ബഹുമാനിക്കണം

മാതാപിതാക്കന്മാരെ ആദരിക്കുകയെന്ന സ്വാഭാവിക കടമയെ നാലാം പ്രമാണത്തിലൂടെ മതപരമായ കർത്തവ്യമാക്കി ദൈവം ഉയർത്തിയിരിക്കുന്നു. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും മാതാപിതാക്കളോടുള്ള സ്നേഹവും ബഹുമാനവും ഉണ്ടാവണം. മാതാപിതാക്കളോടുള്ള അനുസരണം ദൈവത്തോടും ദൈവം സൃഷ്ടിച്ച വ്യവസ്ഥകളോടുമുള്ള ബഹുമാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. കല്പന അനുശാസിക്കുന്ന ആദരവ് മാതാപിതാക്കൾക്ക് നല്കുന്നത് നീതിയുടെ ഭാഗം കൂടിയാണ്. സ്വാഭാവികമായ കാരണത്താൽ മക്കൾ മാതാപിതാക്കളെ സ്നേഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു. മക്കൾക്കു ജന്മം നല്കി, അവരെ വളർത്തി വലുതാക്കുന്നതും അവർക്ക് വേണ്ടതെല്ലാം നല്കുന്നതും മാതാപിതാക്കളാണ്.

ഒരു കുഞ്ഞിനു ജന്മം നല്കുന്നതുവഴി മാതാപിതാക്കൾ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുപറ്റുന്നു. അവർ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നു. ദൈവത്തിന്റെ മഹത്ത്വം കുട്ടികൾ ദർശിക്കുന്നത് അവരുടെ മാതാപിതാക്കളിലാണ്. ഓരോ ശിശുവിന്റെയും മനസ്സിൽ ദൈവത്തിന്റെ സ്ഥാനത്ത് മാതാപിതാക്കന്മാരാണുള്ളത്. ദൈവത്തെപ്പറ്റിയുള്ള ആശയങ്ങൾ കുട്ടികളുടെ മനസ്സിൽ അങ്കുരിപ്പിക്കുന്നതിൽ മാതാപിതാക്കൾക്ക് വളരെ വലിയ പങ്കുണ്ട്. മാതാപിതാക്കളെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രഭാഷകൻ ഇപ്രകാരം പറയുന്നു: “പൂർണഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക; നൊന്തു പെറ്റ അമ്മയെ മറക്കരുത്. മാതാപിതാക്കന്മാരാണു നിനക്കു ജന്മം നല്കിയതെന്നു ഓർക്കുക” (പ്രഭാഷകൻ 7:27-28).

വിദ്യാഭ്യാസം, ജീവിതരൂപീകരണം, വിശ്വാസപരിശീലനം തുടങ്ങിയ കാര്യങ്ങളിൽ മക്കൾ മാതാപിതാക്കളെ പൂർണമായി അനുസരിക്കണം. തങ്ങളുടെ നന്മയ്ക്കുവേണ്ടി മാതാപിതാക്കൾ നല്കുന്ന നിർദ്ദേശങ്ങൾ മക്കൾ സന്തോഷത്തോടെ സ്വീകരിക്കണം. ഇവ കൂടാതെ, മാതാപിതാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക, അവരോടു സ്നേഹത്തോടെ ഇടപെടുക, അവർക്കു വേണ്ടുന്ന ശുശ്രൂഷകൾ ചെയ്യുക, വാർധക്യത്തിൽ അവരെ സഹായിക്കുക എന്നിവയെല്ലാം മക്കളുടെ കടമകളാണ്. “കുട്ടികളേ, എല്ലാക്കാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. ഇതു കർത്താവിനു പ്രീതികരമത്രേ” (കൊളോസോസ് 3:20) എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനം നമ്മുടെ ചെവികളിൽ എപ്പോഴും മുഴങ്ങിക്കേൾക്കണം.

www.malankaralibrary.com

## മാതാപിതാക്കൾക്ക് മക്കളോടുള്ള കടമ

കുട്ടികൾക്ക് മാതാപിതാക്കളോടുള്ള ബഹുമാനം മാത്രമല്ല ഈ കല്പന അർത്ഥമാക്കുന്നത്. മാതാപിതാക്കൾക്ക് മക്കളോടുള്ള ഉത്തരവാദിത്വങ്ങളും ഈ പ്രമാണത്തിൽ അന്തർലീനമായിട്ടുണ്ട്. വിശ്വാസത്തിൽ മക്കളെ വളർത്തേണ്ട ചുമതല മാതാപിതാക്കൾക്കാണ്. മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസം പഠിപ്പിക്കേണ്ടവരും മാതാപിതാക്കളാണ്. അവർ സ്വന്തമാതൃകയാലും ഉപദേശത്താലും മക്കളുടെ ആത്മീയജീവിതം പരിപോഷിപ്പിക്കണം. ദൈവത്തോടും മനുഷ്യരോടും സ്നേഹവും ആദരവും ഉള്ള ഒരു കുടുംബാന്തരീക്ഷം മാതാപിതാക്കൾ സൃഷ്ടിക്കേണ്ടതാണ്. വിശ്വാസത്തിൽ വളരുവാനും എല്ലാവരെയും സ്നേഹിക്കുവാനും പുണ്യങ്ങളിൽ അഭിവൃദ്ധി പ്രാപിക്കുവാനും ബാല്യം മുതലേ ഭവനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നല്കണം. മക്കളെ വളർത്തുന്നതിൽ മാതാപിതാക്കൾക്ക് തുല്യമായ കടമയാണുള്ളത്.

കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുവാൻ മാതാപിതാക്കൾക്ക് വലിയ കടമയുണ്ട്. അതിനോടൊപ്പം തന്നെ ധാർമ്മിക മൂല്യങ്ങളുടെ അഭ്യസനത്തിന് നിരന്തരമായ പരിശീലനവും പ്രോത്സാഹനവും മാതാപിതാക്കൾ നല്കണം. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും വിശുദ്ധ ഗ്രന്ഥം വായിക്കുകയും ചെയ്യുന്ന നല്ല പതിവുകൾ ഭവനങ്ങളിൽ ഉണ്ടായിരിക്കണം. തങ്ങളുടെ മക്കളുടെ വേദപഠനത്തിന്റെ കാര്യത്തിലും മാതാപിതാക്കൾ ശ്രദ്ധാലുക്കളായിരിക്കണം.

മക്കളുടെ ജീവിതവിജയത്തിൽ മാതാപിതാക്കൾക്കുള്ള സ്വാധീനം വലുതാണ്. സ്നേഹത്തിലും സേവനമനോഭാവത്തിലും ജീവിക്കുന്ന മാതാപിതാക്കന്മാരാണ് കുട്ടികളുടെ ഏറ്റവും വലിയ നിധി. കുട്ടികളുടെ ആത്മീയ വളർച്ച മാതാപിതാക്കന്മാരെ ആശ്രയിച്ചിരിക്കുന്നു. അനുസരണവും സത്യസന്ധതയും ഉള്ളവരായി കുട്ടികൾ വളർന്നുവരുന്നതിന് മാതാപിതാക്കൾ ഉത്തമമാതൃക നല്കണം. പാപകരമായ ഒന്നുംതന്നെ ചെയ്യുവാൻ മാതാപിതാക്കൾ മക്കളെ പ്രേരിപ്പിക്കുവാൻ പാടില്ല.

## കല്പന ആവശ്യപ്പെടുന്ന മറ്റ് ധാർമ്മിക മൂല്യങ്ങൾ

മാതാപിതാക്കന്മാരെ ബഹുമാനിക്കണം എന്നു പറയുമ്പോൾ നമ്മുടെ ആത്മീയജീവന്റെ സംരക്ഷകരും പരിപാലകരുമായ ആത്മീയപിതാക്കന്മാർ, ഗുരുക്കന്മാർ എന്നിവരെയും ബഹുമാനിക്കുവാൻ ഈ കല്പന അനുശാസിക്കുന്നു. വൈദികരെയും സന്യസ്തരെയും ബഹുമാനിക്കുമ്പോൾ ദൈവത്തെ തന്നെയാണ് ബഹുമാനിക്കുന്നത്. കാരണം, ഈ ലോകത്തിൽ ദൈവത്തിന്റെ ദൃശ്യരായ പ്രതിനിധികളാണ് അവർ. പൊതുനന്മയ്ക്കുവേണ്ടി ന്യായമായ രാഷ്ട്രഭരണവ്യവസ്ഥയെയും നിയമാനുസൃതരായ അധികാരികളെയും അനുസരിക്കണമെന്നും ബഹുമാനിക്കണമെന്നും ഈ കല്പന നമ്മോടാവശ്യപ്പെടുന്നു. മുതിർന്നവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് ന്യായവും യുക്തവുമാണ്. അധികാരത്തിനു വിധേയരായവർ അധികാരത്തിലിരിക്കുന്നവരെ ദൈവത്തിന്റെ പ്രതിനിധികളായി കാണണം.

www.malankaralibrary.com

രാഷ്ട്രത്തിലെ പൗരന്മാരുടെ കടമകളും ഈ കല്പനയുടെ അർത്ഥപരിധിക്കുള്ളിൽ വരുന്നതാണ്. സ്വന്തം രാജ്യത്തെ സ്നേഹിക്കുവാൻ ഏതൊരു വ്യക്തിയും കടപ്പെട്ടിരിക്കുന്നു. നിയമങ്ങൾ അനുസരിക്കുക, നികുതി കൊടുക്കുക, സമ്മതിദാനാവകാശം വിനിയോഗിക്കുക എന്നിവ ഉത്തമപൗരന്റെ ലക്ഷണങ്ങളാണ്.

## നാലാം കല്പനയ്ക്കെതിരായ പാപങ്ങൾ

മാതാപിതാക്കളെ അനുസരിക്കാതിരിക്കുക, അവരുടെ മനസ്സിനെ വേദനിപ്പിക്കുക, അവരെ എതിർക്കുക, ഉത്തരവാദിത്വങ്ങൾ നിറവേറ്റാതെയും അവരുടെ പ്രതീക്ഷകൾക്കൊത്ത് വളരാതെയും തന്നിഷ്ടപ്രകാരം ജീവിക്കുക, അവരുടെ സമ്പത്ത് മുന്നിൽ കണ്ടുകൊണ്ട് മാത്രം അവരെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക, വാർധക്യത്തിൽ അവർക്ക് ആവശ്യമായ സ്നേഹവും ശുശ്രൂഷയും ബഹുമാനവും നല്കാതിരിക്കുക, അവരെ ഭവനത്തിൽനിന്ന് പുറത്താക്കുക, ആവശ്യമായ ചികിത്സ നല്കാതിരിക്കുക; വൈദികരെയും സന്യസ്തരെയും മുതിർന്നവരെയും അധികാരികളെയും അവഹേളിക്കുകയും ആദരിക്കാതിരിക്കുകയും ചെയ്യുക; ഇവയെല്ലാം നാലാം പ്രമാണത്തിനെതിരായ പാപങ്ങളാണ്.

അധികാരത്തെ അംഗീകരിക്കുവാനും അധികാരികളെ ബഹുമാനിക്കുവാനും ആഹ്വാനം ചെയ്യുന്ന ഈ ദൈവപ്രമാണം സമൂഹത്തിന്റെ നിലനില്പിനും വളർച്ചയ്ക്കുമായി നിലകൊള്ളുന്നു. കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും സുസ്ഥിതി നാലാം പ്രമാണം ആവശ്യപ്പെടുന്നു. മാതാപിതാക്കളെ ബഹുമാനിക്കുക എന്നു പറയുമ്പോൾ കുടുംബത്തിലെ മുതിർന്നവരെയും സമൂഹത്തിലും സഭയിലും ആദരവ് അർഹിക്കുന്നവരെയും ബഹുമാനിക്കണം എന്നും ഈ കല്പന പഠിപ്പിക്കുന്നു.

www.malankaralibrary.com

### ആരാധന

മാതാപിതാക്കളെയും മുതിർന്നവരെയും അനുഗ്രഹിക്കണമേയെന്ന് സന്ധ്യാപ്രാർത്ഥനയിൽ നാം അപേക്ഷിക്കുന്നു:

“ഞങ്ങളുടെ മാതാപിതാക്കൾ, സഹോദരസഹോദരികൾ, ചാർച്ചക്കാർ, ഗുരുക്കന്മാർ, സ്നേഹിതന്മാർ, ഞങ്ങൾക്ക് എന്തെങ്കിലും നന്മ ചെയ്തിട്ടുള്ളവർ എന്നിവരെയെല്ലാം അനുഗ്രഹിക്കണമേ. ഈ ദേശത്തെയും സർവജനങ്ങളെയും അനുഗ്രഹിക്കണമേ”.

### ജീവിതസാക്ഷ്യം

മാതാപിതാക്കന്മാരെയും അധികാരികളെയും സ്നേഹിക്കുവാനും അവരെ ബഹുമാനിക്കുവാനും അവർക്കാവശ്യമായ ശുശ്രൂഷകൾ ചെയ്യുവാനും നാം കടപ്പെട്ടവരാണ്. ഈ കടമകൾ സ്നേഹത്തോടും വിശ്വസ്തതയോടും നിർവഹിച്ച് ദൈവമക്കളുടെ പദവിയിൽ നമുക്കും പങ്കുചേരാം.

**മനഃപാഠമാക്കുക**

“പൂർണ ഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക; മാതാപിതാക്കന്മാരാണു നിനക്കു ജന്മം നല്കിയതെന്നോർക്കുക”.
(പ്രഭാഷകൻ 7:27-28)

## ചോദ്യങ്ങൾ

1. കുടുംബജീവിതത്തിന്റെ മാതൃകയാണ് പരിശുദ്ധ ത്രിത്വം എന്നു പറയുന്നത് എന്തുകൊണ്ട്?
2. മാതാപിതാക്കന്മാരെ ബഹുമാനിക്കണം എന്നതുകൊണ്ട് എന്തർത്ഥമാക്കുന്നു?
3. നാലാം കല്പനയ്ക്കെതിരായ പാപങ്ങളേവ?

www.malankaralibrary.com

പാഠം 16

# ജീവൻ ദൈവത്തിന്റെ ദാനം

## ''കൊല്ലരുത്''



ജീവന്റെ മൂല്യവും ജീവനെതിരെയുള്ള വെല്ലുവിളികളുമാണ് ഈ പാഠത്തിലെ പ്രതിപാദ്യവിഷയം. ജീവനെതിരെയുള്ള അക്രമങ്ങൾ അനുനിമിഷം വർധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ 'കൊല്ലരുത്' എന്ന കല്പന മനുഷ്യവർഗത്തിന്റെ നിലനില്പിന് അത്യന്തം പ്രസക്തമാണ്. ജീവനോടുള്ള സമ്പൂർണ ആദരവും ജീവന്റെ സംരക്ഷണത്തിനുള്ള ഉത്തരവാദിത്വവും പ്രഖ്യാപിക്കുന്ന കല്പനയാണിത്.

## അഞ്ചാം പ്രമാണം വിശുദ്ധ ഗ്രന്ഥത്തിൽ

സീനായ് ഉടമ്പടിയുടെ പശ്ചാത്തലത്തിലാണ് ഇസ്രായേൽ ജനം കല്പനകൾ സ്വീകരിക്കുന്നതെങ്കിലും സൃഷ്ടിയുടെ ആരംഭം മുതൽതന്നെ 'കൊല്ലരുത്' എന്ന കല്പന നിലനിന്നിരുന്നതായി കാണാം. ജീവനെ മനുഷ്യൻ ഹനിക്കുന്ന സന്ദർഭങ്ങളിലൊക്കെ ദൈവം അതിനെതിരെ പ്രതികരിച്ചിരുന്നു. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യജീവന്റെമേൽ ആർക്കും അവകാശമില്ല എന്ന് 'കൊല്ലരുത്' എന്ന കല്പനയിലൂടെ ദൈവം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു (ഉല്പത്തി 9:5-6). അഞ്ചാം പ്രമാണത്തിലൂടെ മനുഷ്യജീവനെ ആദരിക്കണമെന്ന് ദൈവമായ കർത്താവ് അർത്ഥമാക്കുന്നു (പുറപ്പാട് 20:14, നിയമാവർത്തനം 5:17). മനുഷ്യജീവനെ ഹനിക്കുന്നവരെ അതേ രീതിയിൽത്തന്നെ ശിക്ഷിക്കണം എന്ന് പഴയനിയമം പഠിപ്പിക്കുന്നു.

പുതിയനിയമത്തിലേക്കു കടന്നുവരുമ്പോൾ സ്നേഹിക്കുക എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാ കല്പനകളും യേശുനാഥൻ പഠിപ്പിച്ചത്. സഹോദരനോട് യാതൊരു തരത്തിലുള്ള വിദ്വേഷവും പാടില്ലെന്ന് യേശുനാഥൻ അരുളിച്ചെയ്തു. സഹോദരനെ ആദരിക്കണമെന്നും സ്നേഹത്തോടെ പെരുമാറണമെന്നും അവിടുന്ന് പഠിപ്പിക്കുകയും ജീവിച്ചുകാണിക്കുകയും ചെയ്തു. മനുഷ്യർ എപ്പോഴും രമ്യതയിലായിരിക്കണം.

www.malankaralibrary.com

'സഹോദരനെ 'ഭോഷാ' എന്നു വിളിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും' എന്ന യേശുവിന്റെ പ്രബോധനം മനുഷ്യനെ യേശു എത്രമാത്രം ആദരിക്കുന്നു എന്നതിന് തെളിവാണ്. മനുഷ്യജീവനെ അതിന്റെ എല്ലാ തലത്തിലും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണം. ശത്രുക്കളെ സ്നേഹിക്കണമെന്നും അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അവിടുന്ന് പ്രഘോഷിച്ചു; അപ്രകാരം ജീവിച്ചു കാണിച്ചു. 'കൊല്ലരുത്' എന്ന കല്പനയ്ക്ക് ഒരു പുതിയ മാനം ക്രിസ്തുനാഥൻ നല്കി.

## മനുഷ്യജീവന്റെ മഹത്ത്വം

മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പ് ദൈവം ഇപ്രകാരം അരുളിച്ചെയ്തു: "നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉല്പത്തി 1:26). അപ്രകാരം ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു എന്നതാണ് മനുഷ്യജീവന്റെ മഹത്ത്വം. ജീവന്റെ ഉറവിടം ദൈവമാണ്. ജീവൻ നല്കുവാനും അത് തിരികെ എടുക്കുവാനും അധികാരം ദൈവത്തിനു മാത്രമേയുള്ളൂ. ജീവന്റെമേൽ സമ്പൂർണ അധികാരവും ദൈവത്തിനാണ്.

ദൈവം തന്നെയായ യേശുമിശിഹാ ഈ ഭൂമിയിലേക്ക് വന്നപ്പോൾ മനുഷ്യരായ നമ്മുടെ രൂപവും സാദൃശ്യവും സ്വീകരിച്ചത് മനുഷ്യന്റെ മഹത്ത്വത്തെ വർധിപ്പിച്ചു. അങ്ങനെ മനുഷ്യൻ മറ്റെല്ലാ സൃഷ്ടികളെക്കാളും ഉപരിയായി പ്രശോഭിക്കുന്നു. മനുഷ്യന് ദൈവത്തിന്റെ ഛായയും സാദൃശ്യവുമുണ്ട് എന്നതാണ് മനുഷ്യജീവനെ ഇത്രയധികം മഹത്ത്വമുള്ളതാക്കിത്തീർത്തത്. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ സമുന്നതമായ സ്ഥാനം വഹിക്കുന്നു.

## ജീവൻ സംരക്ഷിക്കപ്പെടണം

മനുഷ്യന്റെ ജീവനും മനുഷ്യൻ എന്തെല്ലാമായിരിക്കുന്നുവോ അതെല്ലാം ദൈവത്തിന്റെ ഉടമസ്ഥതയിലാണ്. അതിനാൽ മനുഷ്യൻ ജീവന്റെ ഉടമയല്ല, പിന്നെയോ കാര്യസ്ഥൻ മാത്രമാണ്. ജീവൻ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യണമെന്നാണ് അഞ്ചാം കല്പന വിവക്ഷിക്കുന്നത്. ജീവനെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതുമൂലം ഓരോ വ്യക്തിയും അടിസ്ഥാനപരമായ തന്റെ കടമ നിറവേറ്റുകയും അവകാശം സംരക്ഷിക്കുകയും ആണ് ചെയ്യുന്നത്. ജീവന്റെ കാര്യസ്ഥനായ മനുഷ്യൻ സ്വന്തം ജീവൻ മാത്രം കാത്തുസൂക്ഷിച്ചാൽ പോരാ. പിന്നെയോ, ഓരോ മനുഷ്യജീവനോടും ആദരവും സ്നേഹവും കാണിക്കണം.

ജീവൻ സംരക്ഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യണമെങ്കിൽ അതിനനുകൂലമായ സാഹചര്യങ്ങളും ഉണ്ടായിരിക്കണം. മനുഷ്യസമൂഹത്തിന് ജീവിക്കുവാൻ പര്യാപ്തമായ സമാധാനത്തിന്റെ അന്തരീക്ഷം നിലനിർത്തുവാൻ ഓരോ മനുഷ്യനും കടപ്പെട്ടിരിക്കുന്നു. പരസ്പരം സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാൻ ഓരോരുത്തരും പ്രത്യേകം ശ്രദ്ധിക്കണം. സമൂഹങ്ങൾ തമ്മിലും മതവിഭാഗങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലും സമാധാനം പുലരണം. അങ്ങനെയെങ്കിൽ മാത്രമേ മനുഷ്യജീവൻ സംരക്ഷിക്കപ്പെടുകയുള്ളൂ.

www.malankaralibrary.com

ജീവന്റെ മൂല്യത്തെ ഇടിച്ചു താഴ്ത്തുന്ന ഒരു പ്രവൃത്തിയും ആരിൽനിന്നും ഉണ്ടാകുവാൻ പാടില്ല. മനുഷ്യന്റെ ജീവൻ നിലനിർത്തണമെങ്കിൽ പരിസ്ഥിതി ശരിയായ വിധത്തിൽ സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ ചുറ്റുമുള്ള പ്രകൃതിസമ്പത്ത് നശിപ്പിക്കപ്പെടാതെ സംരക്ഷിക്കുവാൻ മനുഷ്യന് ഉത്തരവാദിത്വമുണ്ട്. പ്രകൃതിയിലെ ജന്തു-സസ്യ സമ്പത്തിനെ വേണ്ടരീതിയിൽ മനുഷ്യർ സംരക്ഷിച്ചില്ലെങ്കിൽ അത് ജീവനു തന്നെ ആപത്തായിത്തീരും. മനുഷ്യജീവന്റെ ശരിയായ വളർച്ചയും സംരക്ഷണവും സാധ്യമാകണമെങ്കിൽ പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളും സസ്യജാലങ്ങളും സംരക്ഷിക്കപ്പെടണം. അതിനാൽ പ്രകൃതിയെ സ്നേഹിക്കുവാനും സംരക്ഷിക്കുവാനും മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. പ്രകൃതി സംരക്ഷണം ദൈവകല്പനയുടെ നിറവേറ്റലാണ്.

ആരോഗ്യം സംരക്ഷിച്ചെങ്കിൽ മാത്രമേ ജീവൻ സംരക്ഷിക്കുവാൻ മനുഷ്യന് സാധിക്കുകയുള്ളൂ. അതിനാൽ ആരോഗ്യപരിരക്ഷ മനുഷ്യന്റെ ഗൗരവമേറിയ ഉത്തരവാദിത്വമാണ്. ജീവനെതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുവാനും ജീവൻ നിലനിർത്തുവാനും ആരോഗ്യം അത്യന്താപേക്ഷിതമാണ്. ആരോഗ്യം ശരിയായി പരിരക്ഷിക്കുന്നത് ജീവനോടുള്ള ആദരവ് പ്രകടിപ്പിക്കലാണ്. ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ആരോഗ്യം പരിരക്ഷിക്കപ്പെടുമ്പോൾ ഒരു വ്യക്തിയുടെ ജീവൻ ഉദാത്തമായ നിലയിൽ സംരക്ഷിക്കപ്പെടുന്നു.

ജീവന്റെ സംരക്ഷകരെന്ന നിലയിൽ സ്വന്തം ജീവൻ മാത്രമല്ല മറ്റുള്ളവരുടെ ജീവനും സംരക്ഷിക്കുവാൻ ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു. കായേന്റെയും ആബേലിന്റെയും ജീവിതത്തിൽനിന്ന് ഇതാണ് വെളിവാകുന്നത്. നമ്മുടെ ചുറ്റുമുള്ളവർ പിതാവായ ദൈവത്തിന്റെ മക്കളാണെന്നും നമ്മെപ്പോലെ അവരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും നാം മനസ്സിലാക്കണം. അതിനാൽ എല്ലാ മനുഷ്യരും സഹോദരങ്ങളാണ്. തന്മൂലം, നമ്മുടെ ജീവൻ സംരക്ഷിക്കുന്നതുപോലെ അവരുടെ ജീവനും സംരക്ഷിക്കപ്പെടണം. എല്ലാവർക്കും ജീവിക്കുവാനുള്ള മൗലികാവകാശത്തെ ഈ പ്രമാണം അരക്കിട്ടുറപ്പിക്കുന്നു.

## ജീവനെതിരെയുള്ള തിന്മകൾ

ജീവൻ ദൈവദാനമാണ്, അതിനാൽ ജീവൻ പ്രത്യേകമാംവിധം മഹത്ത്വമുള്ളതും മൂല്യമുള്ളതുമാണ്. എന്നാൽ, ജീവനെതിരെയുള്ള അക്രമങ്ങൾ അനുനിമിഷം വർധിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. മനുഷ്യനെ വെറും ഒരു വസ്തുവായി കണ്ടുകൊണ്ട് മനുഷ്യജീവനെ അതിന്റെ ആരംഭം മുതൽ നശിപ്പിക്കുന്ന ഒരു പ്രവണതയാണ് നമ്മുടെ ചുറ്റുമുള്ളത്. മനുഷ്യജീവനെതിരെയുള്ള തിന്മകൾ നിരവധിയാണ്.

### കൊലപാതകം

മറ്റൊരാളുടെ ജീവൻ നശിപ്പിക്കുന്നതാണ് കൊലപാതകം. ജീവിക്കുവാനുള്ള ഒരാളുടെ അടിസ്ഥാന അവകാശത്തിന്റെ ലംഘനമാണ് കൊലപാതകത്തിൽ സംഭവിക്കു

www.malankaralibrary.com

ന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ കൊലപാതകം ഗൗരവമേറിയ തിന്മയായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. കൊലപാതകിയോട് ദൈവം തന്നെ പ്രതികാരം ചോദിക്കുമെന്നു വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. അസൂയ, സ്വാർത്ഥത, വിദ്വേഷം, പക, വെറുപ്പ്, അതിർത്തി പ്രശ്നം, സ്വത്ത്, ലൈംഗികാസക്തി മുതലായ കാരണങ്ങളാണ് പലപ്പോഴും കൊലപാതകത്തിലേക്ക് നയിക്കുന്നത്. ഇന്നത്തെ സമൂഹത്തിൽ പ്രതിദിനം കൊലപാതകത്തിന്റെ എണ്ണം കൂടിവരികയാണ്. മനുഷ്യത്വം ഇല്ലാത്ത, ജീവനെ ആദരിക്കാത്ത പ്രവൃത്തിയാണിത്. കൊലപാതകം മാരകമായ പാപമാകുന്നു. കൊലപാതകികൾ സമൂഹത്തിനുതന്നെ ഭീഷണിയാണ്.

## ഭ്രൂണഹത്യ (ഗർഭഛിദ്രം)

മാതാവിന്റെ ഉദരത്തിൽ ശിശു ഉരുവാകുന്ന നിമിഷം മുതൽ ഒരു പുതിയ ജീവൻ തുടങ്ങുന്നു. ആ ജീവനെ എന്തെങ്കിലും മാർഗമുപയോഗിച്ച് ബോധപൂർവം നേരിട്ട് കൊല്ലുന്ന പ്രവൃത്തിയാണ് ഭ്രൂണഹത്യ. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമുള്ള മനുഷ്യവ്യക്തിതന്നെയാണ് ഗർഭസ്ഥശിശു. ജീവനെതിരെയുള്ള ആക്രമണങ്ങളിൽ ഏറ്റവും നീചവും മനുഷ്യത്വരഹിതവുമാണ് ഗർഭഛിദ്രം. ഗർഭഛിദ്രത്തിന്റെ ഏറ്റവും വലിയ ക്രൂരത സ്വയരക്ഷയ്ക്കുവേണ്ടി പ്രതികരിക്കുവാൻ ശേഷിയില്ലാത്ത മനുഷ്യജീവനെ ആക്രമിക്കുന്നു എന്നതാണ്. ആത്മാവും ശരീരവുമുള്ള ഒരു വ്യക്തിയുടെ നാശമാണ് ഗർഭഛിദ്രത്തിലുണ്ടാവുന്നത്. ഗർഭസ്ഥ ശിശുവിന് അസ്തിത്വമുണ്ട് എന്ന കാരണത്താൽത്തന്നെ അതിനു ജീവിക്കുവാനുള്ള എല്ലാ അവകാശവുമുണ്ട്. "ജീവനെ അതിന്റെ ഗർഭാവസ്ഥയുടെ ആദ്യനിമിഷം മുതൽ ഏറ്റവും വലിയ ശ്രദ്ധയോടെ പരിപാലിക്കണം. ഗർഭഛിദ്രവും ശിശുഹത്യയും അക്ഷന്തവ്യമായ കുറ്റങ്ങളാണ്" (സഭ ആധുനികലോകത്തിൽ 51) എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു.

## ദയാവധം (കാരുണ്യവധം)

രോഗത്താൽ ക്ലേശിക്കുന്നവർ, വാർധക്യത്തിൽ എത്തിയവർ, വികലാംഗർ തുടങ്ങിയവരുടെ സഹനമൊഴിവാക്കുവാനും അസൗകര്യമില്ലാതാക്കുവാനും അവരുടെ സമ്മതപ്രകാരമോ അല്ലാതെയോ കൊല്ലുന്ന പ്രവൃത്തിയാണ് ദയാവധം. ഇങ്ങനെയുള്ള അവസരത്തിൽ ഡോക്ടറുടെ സഹായത്തോടെ രോഗിയുടെ മരണത്തിനിടയാക്കുന്ന ഉപാധികൾ സ്വീകരിച്ചോ രോഗിക്ക് നല്കുന്ന ചികിത്സ നിർത്തിവച്ചോ രോഗിയുടെ മരണം എളുപ്പത്തിലാക്കുന്നു. ഇപ്രകാരം നന്മയാണെന്ന് കരുതി നടത്തുന്ന ദയാവധം നിഷ്ഠൂരമായ കൊലപാതകം തന്നെയാണ്. ദയാവധം മനുഷ്യവ്യക്തിയുടെ മഹത്ത്വത്തിനും സ്രഷ്ടാവായ ദൈവത്തിന്റെ പിതൃത്വത്തിനും എതിരായ പ്രവൃത്തിയാണ്. ജീവന്റെമേൽ മനുഷ്യന് അധികാരമില്ലാത്തതിനാൽ വേദനയിൽനിന്നു മുക്തി നേടുവാനായി ജീവൻ നശിപ്പിക്കുന്നത് ദൈവത്തിനെതിരെയുള്ള വെല്ലുവിളിയാണ്. രോഗങ്ങളും അംഗവൈകല്യവും മൂലമുണ്ടാകുന്ന വേദനയെ ക്രിസ്തീയമായ രീതിയിൽ കാണുവാനും കർത്താവിന്റെ പീഡാസഹനത്തോട് ചേർത്ത് ആ വേദനകളെ സഹിക്കുവാനും രോഗികൾക്കു സാധിക്കണം. വേദനയാലും പ്രയാസത്താലും ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികളെ പരിചരിക്കുവാനും അവർക്ക് സ്നേഹവും സന്തോഷവും നല്കി ജീവിതത്തെപ്പറ്റി പ്രത്യാശ ഉളവാക്കുവാനും സമൂഹത്തിന് ഉത്തരവാദിത്വമുണ്ട്.

www.malankaralibrary.com

## ആത്മഹത്യ

ദൈവം ദാനമായി നല്കിയ ജീവനെ ബോധപൂർവം സ്വയം നശിപ്പിക്കുന്നതാണ് ആത്മഹത്യ. ജീവന്റെമേൽ ദൈവത്തിനുള്ള അധികാരത്തെ നിഷേധിച്ച് ഒരാൾ സ്വയം ആയുസ്സ് അവസാനിപ്പിക്കുന്നു. ജീവിതത്തെക്കുറിച്ചോ ജീവന്റെ മൂല്യത്തെക്കുറിച്ചോ വേണ്ടത്ര ബോധ്യമില്ലാത്തതിനാലാണ് ജീവിതം അവസാനിപ്പിക്കുവാൻ ഒരാൾ തീരുമാനിക്കുന്നത്. ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടവും സ്വയം പിന്മാറ്റവും ആണ് ആത്മഹത്യ. കുടുംബത്തോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വങ്ങളുടെ ലംഘനമാണ് ആത്മഹത്യയിൽ നടക്കുന്നത്. വൈകാരികവിക്ഷോഭമാണ് പലപ്പോഴും ആത്മഹത്യയ്ക്ക് കാരണം. വികാരങ്ങളുടെ വേലിയേറ്റത്തിൽ ചിന്താശക്തി നഷ്ടപ്പെടുന്ന മനുഷ്യൻ ഉത്തരവാദിത്വങ്ങളിൽ നിന്നു രക്ഷപ്പെടുന്നതിനുള്ള ഏകമാർഗമായി ആത്മഹത്യയെ കാണുന്നു. ആത്മഹത്യ അതിൽത്തന്നെ ഗൗരവമേറിയ തിന്മയാണ്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്ന സംസ്ഥാനം കേരളമാണ്. ഇന്ന് നമ്മുടെ സമൂഹത്തിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. ആത്മഹത്യയിൽ അതു ചെയ്തയാളിന്റെ വ്യക്തിപരമായ ഉത്തരവാദിത്വംപോലെ സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. മനഃശാസ്ത്രപരവും സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങൾ ആത്മഹത്യയ്ക്ക് ഇടയാക്കുന്നു. ആത്മഹത്യയ്ക്ക് ശ്രമിക്കുന്നവരോട് സമൂഹം സ്നേഹത്തോടെയും സഹാനുഭൂതിയോടെയും ഇടപെടണം. ദൈവത്തിന്റെ അനന്തകാരുണ്യത്തെപ്പറ്റിയും ജീവന്റെ മൂല്യത്തെപ്പറ്റിയും ഉന്നതമായ ബോധ്യവും ജീവൻ സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ള അറിവും പകർന്നു നല്കുമ്പോൾ ആത്മഹത്യ ചെയ്യുവാൻ ഉള്ള പ്രവണത കുറയും.

## ലഹരിവസ്തുക്കളുടെ ഉപയോഗം

ഇന്നത്തെ സമൂഹത്തിൽ വളരെയധികം വർധിച്ചുകൊണ്ടിരിക്കുന്ന ഒരു വിപത്താണ് ലഹരിവസ്തുക്കളുടെ ഉപയോഗം. ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടേണ്ട ജീവിതത്തെ പരോക്ഷമായി നശിപ്പിക്കുന്ന വിപത്താണ് ലഹരിവസ്തുക്കൾ. ആധുനികസമൂഹത്തിൽ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നത് മാന്യതയുടെ ലക്ഷണമായാണ് യുവതലമുറ കാണുന്നത്. ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ആരോഗ്യത്തെ ലഹരിവസ്തുക്കൾ കാര്യമായി ബാധിക്കുന്നു. മദ്യം, പുകയില, മയക്കുമരുന്ന്, പാൻമസാല മുതലായവയാണ് സാധാരണയായി ഉപയോഗത്തിലുള്ള ലഹരി വസ്തുക്കൾ. ഇവയുടെ ഉപയോഗം മൂലം ശരീരത്തിലെ പല അവയവങ്ങളുടെയും പ്രവർത്തനശേഷി നഷ്ടപ്പെടുന്നു. തന്മൂലം ശരിയായി ചിന്തിക്കുവാനും വിവേകത്തോടെ പ്രവർത്തിക്കുവാനും സാധിക്കാതെ വരുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം സാധാരണജീവിതം നയിക്കുന്നതിൽനിന്ന് ഒരുവനെ തടയുന്നു. ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് പരോക്ഷമായ ആത്മഹത്യ തന്നെയാണ്. ഇതുമൂലം മനുഷ്യന്റെ ആയുസ്സിന്റെ ദൈർഘ്യം ചുരുങ്ങുന്നു. ജീവൻ ശരിയായി കാത്തുസൂക്ഷിക്കേണ്ട മനുഷ്യൻ അതിനെ വെറും ഉപഭോഗവസ്തുവായി കണക്കാക്കുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ക്രമേണ വലിയ തിന്മകളിലേക്ക് മനുഷ്യനെ നയിക്കും.

www.malankaralibrary.com

ഒരു വ്യക്തിയുടെ ശാരീരികാവയവങ്ങൾ മുറിച്ചുമാറ്റുക, ഒരുവനെ ശാരീരികമായി മർദ്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്യുക എന്നിവയെല്ലാം ജീവനെതിരെയുള്ള തിന്മ യാണ്. ജീവനെ ആദരിക്കേണ്ട മനുഷ്യൻ ജീവനെ ദ്രോഹിക്കുമ്പോൾ അത് ജീവദാതാ വായ ദൈവത്തെ ദ്രോഹിക്കുന്നതിന് തുല്യമാണ്.

## മാനസികമായ ആക്രമണം

നമ്മുടെ ചുറ്റുമുള്ള മനുഷ്യരെ ശാരീരികമായി ആക്രമിക്കുന്നതു മാത്രമല്ല തിന്മ. പിന്നെയോ, മാനസികമായി മറ്റുള്ളവരെ വേദനിപ്പിക്കുന്നതും മോശമായി സംസാരിക്കു ന്നതും മറ്റുള്ളവരെ അവഹേളിക്കുന്നതും പരദൂഷണം നടത്തുന്നതും ഗൗരവമായ തെറ്റാണ്. "സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിന്റെ മുമ്പിൽ നില്ക്കേണ്ടിവരും" (മത്തായി 5:22) എന്ന് യേശുനാഥൻ പറഞ്ഞത് ഇതിനാലാ ണ്. ഒരാളുടെ സംസാരവും പ്രവൃത്തിയും മൂലം മറ്റൊരാൾക്ക് മാനസികമായ വേദന ഉണ്ടാവുകയാണെങ്കിൽ അത് പരോക്ഷമായ കൊലപാതകമാണ്. നല്ല രീതിയിലുള്ള സംസാരവും പെരുമാറ്റവും ജീവനോടുള്ള ആദരവിന്റെ ഭാഗമാണ്; അതായത്, ജീവദാ താവായ ദൈവത്തോടുള്ള ബഹുമാനമാണ്.

ജീവനെതിരെയുള്ള ഈ വിധ തിന്മകൾ കൂടാതെ മനുഷ്യനെ തട്ടിക്കൊണ്ടുപോ കൽ, ബന്ദിയാക്കൽ, തീവ്രവാദ പ്രവർത്തനങ്ങൾ മുതലായവ ജീവനെതിരെയുള്ള തിന്മ കളാണ്. ഇവയെല്ലാം സംഭവിക്കുന്നത് ജീവന്റെ മൂല്യത്തെ ചെറുതായി കാണുന്നതി നാലും ജീവന്റെ ഉറവിടം ദൈവമാണ് എന്ന് അംഗീകരിക്കാത്തതിനാലുമാണ്. ജീവനെ തിരെയുള്ള ഇത്തരം പ്രവർത്തനങ്ങൾ സമൂഹത്തിൽനിന്ന് നീക്കം ചെയ്യുവാൻ ഉത്തമ ക്രൈസ്തവരെന്ന നിലയിൽ നമുക്ക് കടമയുണ്ട്.

'കൊല്ലരുത്' എന്ന കല്പന പ്രധാനമായും അർത്ഥമാക്കുന്നത് ജീവനെ ബഹുമാനി ക്കണം എന്നാണ്. അതോടൊപ്പംതന്നെ ജീവനെതിരെയുള്ള എല്ലാ പ്രവർത്തനങ്ങളെയും നിരോധിക്കണമെന്നും ഈ കല്പന അനുശാസിക്കുന്നു. ദൈവികദാനമായ ജീവനെ ബഹുമാനിക്കുവാനും സംരക്ഷിക്കുവാനും മനുഷ്യന് ധാർമ്മികമായ ഉത്തരവാദിത്വമു ണ്ട്. ഈ പ്രപഞ്ചത്തെ സംരക്ഷിക്കുന്നതും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നില നിർത്തുന്നതും അന്തരീക്ഷ മലിനീകരണം തടയുന്നതും മനുഷ്യജീവനെ അതിന്റെ ഉദ്ഭവം മുതൽ കാത്തുസൂക്ഷിക്കുന്നതും ഈ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. അങ്ങനെ ജീവനെ സ്നേഹിച്ചാദരിക്കുവാനും ജീവദായകനായ ദൈവത്തെ നന്ദിപൂർവം സ്തുതി ക്കുവാനും നമുക്കു കടമയുണ്ട്.

www.malankaralibrary.com

### ആരാധന

ദൈവസൃഷ്ടിയായ മനുഷ്യൻ പരസ്പരം സ്നേഹിക്കാതെ, വെറുക്കുകയും ജീവൻ നശിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ന്യായവിധിയെ ഭയപ്പെടാത്ത ഇത്തരക്കാരെക്കുറിച്ച് ശ്ഹീമ്മോ ശനിയാഴ്ച പ്രഭാത പ്രാർത്ഥനയിൽ ഇപ്രകാരം അനുസ്മരിക്കുന്നു:

"നമ്മുടെ കാലം നമ്മേപ്പോൽ
ധനവാൻ ധനലാഭം മോഹി-പ്പൂ
പാവപ്പെട്ടവർ വഞ്ചനയും
സർപ്പസമാനം മനുജന്മാർ
അന്യോന്യം ദ്വേഷിക്കുന്നു
കൊന്നീടുന്നു കുരുടന്മാർ
കാണുന്നീലയ്യോ
സർവേശൻ തൻ ന്യായവിധി".

(ശ്ഹീമ്മോ - ശനി പ്രഭാതം)

### ജീവിതസാക്ഷ്യം

ജീവൻ ദൈവത്തിന്റെ ദാനമാണ്. നമ്മുടെയും മറ്റുള്ളവരുടെയും ജീവനെ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും നമുക്ക് കടമയുണ്ട്. അതിനാൽ ജീവനെ ഹനിക്കുന്ന എല്ലാ തിന്മകളിൽനിന്നും അകന്നുനില്ക്കുവാനും ജീവന്റെ സംരക്ഷകരായി തീരുവാനും നമുക്ക് പരിശ്രമിക്കാം.

**മനഃപാഠമാക്കുക**

"ജനനം മുതൽ ഞാൻ അങ്ങയെ
ആശ്രയിച്ചു. മാതാവിന്റെ ഉദര
ത്തിൽനിന്ന് അങ്ങാണ് എന്നെ
എടുത്തത്; ഞാൻ എപ്പോഴും
അങ്ങയെ സ്തുതിക്കുന്നു".
(സങ്കീർത്തനങ്ങൾ 71:6)

## ചോദ്യങ്ങൾ

1. 'കൊല്ലരുത്' എന്ന കല്പനയ്ക്ക് യേശു നല്കിയ പുതിയ വ്യാഖ്യാനം എന്ത്?
2. മനുഷ്യജീവന്റെ മഹത്ത്വത്തെക്കുറിച്ച് വ്യക്തമാക്കുക.
3. ജീവൻ സംരക്ഷിക്കണം എന്നു പറയുമ്പോൾ ഏതൊക്കെ മേഖലകളിലാണ് നാം ശ്രദ്ധിക്കേണ്ടത്?
4. ഭ്രൂണഹത്യ തിന്മയാണെന്ന് പറയുന്നത് എന്തുകൊണ്ട്?
5. ലഹരിയുടെ ഉപയോഗം പാപമാകുന്നത് എങ്ങനെ?

www.malankaralibrary.com

## പാഠം 17

# സത്യത്തിന് സാക്ഷിയാകുക




### "കള്ളസാക്ഷ്യം പറയരുത്"

യേശുവിന്റെ ഉത്ഥാനശേഷം പരിശുദ്ധാത്മാവിന്റെ വരവോടെ പത്രോസ് ശ്ലീഹായുടെ നേതൃത്വത്തിൽ ക്രൈസ്തവസമൂഹം ശക്തിപ്പെട്ടു. വിശ്വാസികൾ ഒരു സമൂഹമായി ഏകമനസ്സോടെ ജീവിച്ചു. ആരും തങ്ങളുടെ വസ്തുവകകൾ സ്വന്തമായി കരുതിയില്ല. എല്ലാം പൊതുസ്വത്തായിരുന്നു. പറമ്പും വീടും ഉണ്ടായിരുന്നവർ അവ വിറ്റുകിട്ടിയ മുഴുവൻ തുകയും അപ്പസ്തോലന്മാരെ ഏല്പിച്ചു. അത് പൊതുവായി ഉപയോഗിക്കുകയും ആവശ്യാനുസരണം വിതരണം ചെയ്യുകയും ചെയ്തു.

അനനിയാസ് എന്നൊരാളും ഭാര്യ സഫീറായും കൂടി അവരുടെ പറമ്പ് വിറ്റു. വിലയുടെ ഒരു ഭാഗം ഭാര്യയുടെ അറിവോടെ അനനിയാസ് മാറ്റിവയ്ക്കുകയും ബാക്കി തുക അപ്പസ്തോലന്മാരെ ഏല്പിക്കുകയും ചെയ്തു. പറമ്പുവിറ്റു കിട്ടിയ മുഴുവൻ തുകയും തങ്ങൾ നല്കുന്നു എന്ന് അനനിയാസ് പത്രോസ് ശ്ലീഹായോട് വ്യാജം പറഞ്ഞു. പത്രോസ് ഇപ്രകാരം അനനിയാസിനോടു പറഞ്ഞു: "നീ വ്യാജം പറഞ്ഞത് മനുഷ്യനോടല്ല, ദൈവത്തോടാണ്". ഈ വാക്കുകൾ കേട്ട ഉടനെ അനനിയാസ് നിലത്തുവീണു മരിച്ചു. ശ്ലീഹന്മാരുടെ കാല്ക്കൽ സമർപ്പിച്ച തുകയ്ക്കാണ് പറമ്പ് വിറ്റതെന്ന് സഫീറായും പത്രോസിനോട് പറഞ്ഞു. വ്യാജം പറഞ്ഞതിനാൽ അവളും തത്ക്ഷണം മരിച്ചു (അപ്പസ്തോല പ്രവർത്തനങ്ങൾ 5:1-11). സത്യത്തിന് എതിരായ പ്രവൃത്തിയും വാക്കുമാണ് ഇരുവരുടെയും അന്ത്യത്തിന് കാരണമായത്. അതിനാൽ എപ്പോഴും സത്യസന്ധതയോടെ ഏവരും പെരുമാറണമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു.

ദൈവം മനുഷ്യനിൽനിന്ന് ആഗ്രഹിക്കുന്നത് സത്യസന്ധതയാണ്. സത്യത്തെ ബഹുമാനിക്കണമെന്നും സത്യസന്ധത ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും പാലിക്കണ

www.malankaralibrary.com

മെന്നും എട്ടാം പ്രമാണം അനുശാസിക്കുന്നു. ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും സത്യസന്ധമായി പെരുമാറുവാൻ എല്ലാവർക്കും കടമയുണ്ട്. സത്യത്തിനെതിരായ തിന്മകളെല്ലാം ഉപേക്ഷിക്കണമെന്ന് 'കള്ള സാക്ഷ്യം പറയരുത്' എന്ന കല്പന അനുശാസിക്കുന്നു.

## വിശുദ്ധ ഗ്രന്ഥത്തിൽ

വിശുദ്ധ ഗ്രന്ഥത്തിലെ പ്രബോധനങ്ങളെല്ലാം 'കള്ളം പറയരുത്' എന്ന അർത്ഥമാണ് ഈ പ്രമാണത്തിനു നല്കുന്നത്. ദൈവത്തോടുള്ള ഉടമ്പടി പാലിക്കുന്നതിന് ഇസ്രായേൽജനം ഒഴിവാക്കേണ്ടിയിരുന്ന തിന്മയായിരുന്നു "കള്ളസാക്ഷ്യം". ബാബിലോൺ പ്രവാസകാലത്ത് യോവാക്കിം എന്നയാളിന്റെ ഭാര്യയായ സൂസന്നായ്ക്കെതിരെ കള്ള സാക്ഷ്യം പറഞ്ഞ ശ്രേഷ്ഠന്മാർക്കു വധശിക്ഷ ലഭിച്ചത് (ദാനിയേൽ 13:1–64) ഈ പ്രമാണത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. ആർക്കുമെതിരെ കള്ളസാക്ഷ്യം നല്കരുത് എന്ന് ഈ കല്പനയിലൂടെ ദൈവമായ കർത്താവ് അനുശാസിക്കുന്നു (പുറപ്പാട് 20:16, നിയമാവർത്തനം 5:19).

താൻ തന്നെ സത്യമാണെന്ന് പുതിയനിയമത്തിൽ യേശു വെളിപ്പെടുത്തുന്നു (യോഹന്നാൻ 14:6). അവിടുന്ന് ഇപ്രകാരം പഠിപ്പിച്ചു: "നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ". ഈ പ്രമാണം ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത് എപ്രകാരമായിരിക്കണം എന്ന് വിശുദ്ധ പൗലോസ് പഠിപ്പിക്കുന്നു: "വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയല്ക്കാരോട് സത്യം സംസാരിക്കണം" (എഫേസോസ് 4:25). "നിങ്ങൾ എല്ലാ തിന്മയും വഞ്ചനയും കാപട്യവും അസൂയയും അപവാദവും ഉപേക്ഷിക്കുവിൻ" (1 പത്രോസ് 2:1) എന്ന് പത്രോസ് ശ്ലീഹായും ആഹ്വാനം ചെയ്യുന്നു. കള്ളം പറയുകയോ, പ്രവർത്തിക്കുകയോ ചെയ്യരുതെന്ന് വിശുദ്ധ ഗ്രന്ഥം വളരെ കർശനമായി വിലക്കിയിട്ടുണ്ട്. എല്ലാവരും സത്യം പറയണമെന്നും സത്യത്തിന് സാക്ഷികളായിരിക്കണമെന്നും ഈ കല്പന വിവക്ഷിക്കുന്നു.

## സത്യത്തോടുള്ള പ്രതിബദ്ധത

സ്വാഭാവികമായി മനുഷ്യന് സത്യത്തോട് താത്പര്യമുണ്ട്. സത്യത്തെ ആദരിക്കുവാനും സത്യത്തിന് സാക്ഷ്യം വഹിക്കുവാനും മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. കാരണം ദൈവമാണ് സത്യത്തിന്റെ ഉറവിടം. ദൈവം സത്യമായതിനാൽ ദൈവമക്കൾ സത്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവപുത്രനായ യേശു ഈ ലോകത്തിലേക്ക് കടന്നുവന്നത് സത്യത്തിന് സാക്ഷ്യം നല്കുവാനാണ് (യോഹന്നാൻ 18:37). സത്യം പ്രവർത്തിക്കുകയും സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോഴെല്ലാം നാം ദൈവത്തിന് സാക്ഷികളായി തീരുകയാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ എല്ലാ അംഗങ്ങളും സത്യസന്ധത ജീവിതത്തിൽ പാലിക്കണം. സഭയിൽ അംഗമായ ഓരോ വ്യക്തിയും ക്രിസ്തുവിലാണ് പങ്കുപറ്റുന്നത്. അവിടുത്തെ ജീവിതംതന്നെ സത്യത്തിന്റേതായിരുന്നു. അതിനാൽ സഭാംഗങ്ങൾ എല്ലാവരും സത്യത്തോട് പ്രതിബദ്ധത പുലർത്തേണ്ടിയിരിക്കുന്നു.

www.malankaralibrary.com

സത്യസന്ധതയിലടിയുറച്ച പരസ്പര വിശ്വാസവും സ്നേഹവുമാണ് സമൂഹജീവിതം കെട്ടിപ്പടുക്കുന്നത്. വ്യക്തികൾ എന്ന നിലയിൽ ഓരോരുത്തരും സത്യം വെളിപ്പെടുത്തുവാനും സത്യസന്ധമായി ജീവിക്കുവാനും സത്യത്തെ ആദരിക്കുവാനും കടപ്പെട്ടിരിക്കുന്നു.

## സത്യം ജീവിക്കണം

സത്യം ജീവിക്കണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ജീവിതം സത്യസന്ധമായിരിക്കണം എന്നതാണ്. അതായത് ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നാം സത്യസന്ധത പാലിക്കണം. കള്ളസാക്ഷ്യം പറയരുത് എന്ന കല്പനയുടെ ക്രിയാത്മകമായ വശമാണ് സത്യം ചിന്തിക്കണം, പറയണം, പ്രവർത്തിക്കണം എന്നത്.

സത്യം ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുവഴി ഒരാൾ സത്യത്തിന് സാക്ഷ്യം നല്കുന്നു. യേശുനാഥൻ ഈ ഭൂമിയിലേക്ക് വന്നതും അതിനുവേണ്ടിയാണല്ലോ. തന്റെ ജീവിതം സമർപ്പിച്ച് അവിടുന്ന് സത്യത്തിന് സാക്ഷ്യം വഹിച്ചു. ജീവൻ സമർപ്പിച്ചും സത്യത്തിന് സാക്ഷ്യം നല്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത്. ഇപ്രകാരം ജീവൻ സമർപ്പിക്കുന്നതാണ് രക്തസാക്ഷിത്വം. സത്യത്തിന് സാക്ഷ്യം വഹിച്ച രക്തസാക്ഷികൾ നമുക്ക് ഉത്തമമാതൃകയാണ്.

ഇന്നത്തെ ലോകത്തിൽ സത്യം പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങൾക്കു വളരെ വലിയ പങ്കുണ്ട്. വാർത്തകളും ആനുകാലിക വിഷയങ്ങളും വളച്ചൊടിക്കാതെ സത്യസന്ധമായി വേണം അവതരിപ്പിക്കേണ്ടത്. ശരിയായ അറിവ് നല്കുക എന്ന ദൗത്യം ആണ് മാധ്യമങ്ങൾ നിർവഹിക്കേണ്ടത്. അതോടൊപ്പം മാധ്യമങ്ങളിൽനിന്ന് സത്യത്തിന് നിരക്കുന്നതായ കാര്യങ്ങൾ മാത്രമേ സ്വീകരിക്കാവൂ. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സത്യം പാലിക്കുവാൻ ഓരോ വ്യക്തിയും തയ്യാറാകണം.

## എട്ടാം പ്രമാണം വിലക്കുന്ന തിന്മകൾ

സത്യത്തോടുള്ള ഉത്തരവാദിത്വം അതിൽതന്നെ ഗൗരവമാണ്. സത്യം തന്നെയായ ദൈവത്തിന്റെ പദ്ധതിക്ക് എതിരാണ് എട്ടാം പ്രമാണത്തിനെതിരെയുള്ള തിന്മകൾ. സത്യത്തിനെതിരായുള്ള എല്ലാ പ്രവൃത്തികളും എട്ടാം പ്രമാണം വിലക്കുന്നു.

**നുണ:** ഒരു കാര്യം സത്യമാണെന്നറിഞ്ഞിട്ടും തെറ്റായി മറ്റുള്ളവരെ അറിയിക്കുന്നതാണ് നുണ. ഇത് സത്യത്തിന് വിരുദ്ധമായ സംസാരമോ പ്രവൃത്തിയോ ആകാം. നുണ പറയുന്നതിലൂടെ സത്യം അറിയുവാനുള്ള അപരന്റെ അവകാശത്തെ നിഷേധിക്കുന്നു. ദൈവത്തെ അവഹേളിക്കുകയും സഹജീവികളെ വഞ്ചിക്കുകയുമാണ് നുണ പറയുന്നതിലൂടെ ഒരാൾ ചെയ്യുന്നത്. ദൈവം ദാനമായി നല്കിയ സംസാരശക്തിയുടെ ദുരുപയോഗമാണ് നുണ. നുണ അഥവാ കള്ളം പറയുന്നത് എട്ടാം പ്രമാണത്തിന്റെ ലംഘനമാണ്. കള്ളസത്യം, കള്ളസാക്ഷ്യം, അതിശയോക്തി, പൊങ്ങച്ചം, മുഖസ്തുതി, അപവാദം ഇവയെല്ലാം നുണയുടെ വകഭേദങ്ങളാണ്. വിനോദത്തിനും തമാശയ്ക്കുംവേണ്ടി നുണ പറയുമ്പോൾ അതിന്റെ ഗൗരവം കുറഞ്ഞിരിക്കുമെങ്കിലും മനഃപൂർവം അപരനെ വഞ്ചിക്കുവാൻവേണ്ടി പറയുമ്പോൾ അതിൽ തിന്മയുണ്ട്.

www.malankaralibrary.com

**രഹസ്യങ്ങൾ വെളിപ്പെടുത്തുന്നത്:** വെളിപ്പെടുത്തുവാൻ പാടില്ലാത്തതും രഹസ്യവുമായ കാര്യങ്ങൾ വെളിപ്പെടുത്തുന്നത് ഗൗരവമേറിയ തെറ്റാണ്. മറ്റൊരാൾക്ക് നഷ്ടവും വേദനയും മാനഹാനിയുമുണ്ടാക്കുന്ന രഹസ്യങ്ങൾ വെളിപ്പെടുത്തുവാൻ പാടില്ല. മറ്റുള്ളവരുടെ സ്വകാര്യതകളിലേക്ക് അനുവാദമില്ലാതെ കടന്നു ചെല്ലുന്നത് നിയമവിരുദ്ധമാണ്. വെളിപ്പെടുത്തുകയില്ലെന്ന വാഗ്ദാനം നല്കി സ്വീകരിച്ച രഹസ്യം വെളിപ്പെടുത്തുന്നത് വാഗ്ദാന ലംഘനമാകുന്നു. അഭിഭാഷകരും ഡോക്ടർമാരും അവരുടെ ജോലിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന രഹസ്യങ്ങൾ വെളിപ്പെടുത്തുവാൻ പാടില്ല. ഏറ്റവും ഗൗരവപൂർവം കാത്തുസൂക്ഷിക്കപ്പെടേണ്ടതാണ് കുമ്പസാര രഹസ്യം. കുമ്പസാരത്തിൽ വെളിപ്പെട്ട എല്ലാ കാര്യങ്ങളും പൂർണരഹസ്യമായി സൂക്ഷിക്കേണ്ടതാണ്. ഏതു സാഹചര്യത്തിലും ഈ കടമ പാലിക്കാതിരിക്കുന്നത് മാരകപാപവും ശിക്ഷാർഹവുമാണ്. രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതുവഴി മനുഷ്യന്റെ സത്യസന്ധത നഷ്ടപ്പെടുന്നു.

**അന്യായമായ വിധി:** വ്യക്തമായ അടിസ്ഥാനം ഇല്ലാതെ മറ്റുള്ളവരിൽ തിന്മയുണ്ടെന്ന് വിശ്വസിക്കുകയും അവർക്കെതിരെ വിധി പ്രസ്താവിക്കുകയും ചെയ്യുന്നത് തെറ്റാണ്. ഇതുമൂലം അപരന് മാന്യമായി ജീവിക്കുവാനുള്ള അവകാശം ലംഘിക്കപ്പെടുന്നു.

**മുഖസ്തുതി:** മറ്റുള്ളവരുടെ പ്രീതി ലഭിക്കുവാനായി അവരെക്കുറിച്ച് ആത്മാർത്ഥത ഇല്ലാതെ പുകഴ്ത്തി പറയുന്ന വാക്കുകളാണ് മുഖസ്തുതി. സ്വാർത്ഥ ലാഭത്തിനുവേണ്ടി ഉള്ളിലുള്ള കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് ഇപ്രകാരം നടത്തുന്ന പുകഴ്ത്തൽ തിന്മയാണ്.

**പൊങ്ങച്ചം:** തന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള യാഥാർത്ഥ്യം മറച്ചു വച്ചുകൊണ്ട് കൂടുതൽ എന്തൊക്കെയോ ആണെന്ന് ഭാവിക്കുന്നതും പ്രകടിപ്പിക്കുന്നതും എട്ടാം പ്രമാണത്തിനെതിരാണ്. തങ്ങൾക്കുള്ളതിൽ കൂടുതൽ മേന്മ ഭാവിക്കുന്ന ആത്മപ്രശംസകരാണ് അങ്ങനെയുള്ളവർ. സമൂഹത്തെ കബളിപ്പിക്കുകയും തന്നെത്തന്നെ വഞ്ചിക്കുകയുമാണ് അത്തരക്കാർ ചെയ്യുന്നത്.

**അപവാദം:** ചെയ്തിട്ടില്ലാത്ത ഒരു കുറ്റം ഒരാളുടെമേൽ ആരോപിക്കുന്നതാണിത്. അപ്രകാരം ആ വ്യക്തിയെ അപകീർത്തിപ്പെടുത്തുകയും ആ ആളിന്റെ സത്പേരിനെ കളങ്കപ്പെടുത്തുകയും ചെയ്യുന്നു.

**പരീക്ഷയ്ക്ക് കോപ്പിയടിക്കൽ:** സത്യസന്ധമായി പരീക്ഷ എഴുതി വിജയിക്കേണ്ടതിന് പകരം അധാർമ്മികമായ രീതിയിലൂടെ വിജയം കരസ്ഥമാക്കുന്നത് ശരിയായ പ്രവണതയല്ല. പരീക്ഷയ്ക്ക് കോപ്പിയടിക്കുന്നതും പരീക്ഷ സംബന്ധമായ എല്ലാ ക്രമക്കേടുകളും സത്യത്തിന് വിരുദ്ധമായ പ്രവൃത്തിയാണ്. പഠിക്കുവാൻ ദൈവം തന്നിരിക്കുന്ന കഴിവിന്റെ ദുരുപയോഗമാണത്.

'കള്ളസാക്ഷ്യം പറയരുത്' എന്ന കല്പനയുടെ അർത്ഥതലങ്ങൾ വളരെ വ്യാപ്തിയുള്ളതാണ്. സത്യസന്ധതയ്ക്ക് ജീവിതത്തിൽ ഏറ്റവും വലിയ പ്രാധാന്യം കൊടുക്കണം എന്ന് ഈ കല്പന അനുശാസിക്കുന്നു. ഭാരതത്തിന്റെ രാഷ്ട്രപിതാവായ ഗാന്ധി

www.malankaralibrary.com

ജിയുടെ ജീവിതത്തിൽ സത്യത്തിന് അദ്ദേഹം വലിയ വില കല്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ആത്മകഥയുടെ പേരുതന്നെ "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്നാണ്. നമ്മുടെ രാജ്യത്ത് എന്നും മുഴങ്ങിക്കേട്ടിരുന്ന ആപ്തവാക്യമാണ് "സത്യമേവ ജയതേ" എന്നത്. സത്യം തന്നെ ജയിക്കുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്.

സത്യം അംഗീകരിക്കുവാനും അതിന് വിധേയമായി ജീവിക്കുവാനും നാം തയ്യാറാകണം. ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത് സത്യത്തിന് സാക്ഷ്യം വഹിക്കുവാനാണ്. സത്യത്തിന് വിരുദ്ധമായി യാതൊന്നും ചിന്തിക്കുകയോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുത്. അപ്രകാരം ജീവിതം സത്യസന്ധമാക്കി തീർക്കുവാൻ നമുക്ക് പരിശ്രമിക്കാം.

### ആരാധന

കർത്താവേ, നീ സത്യം തന്നെയാകുന്നുവല്ലോ. ഞങ്ങളും ഞങ്ങളുടെ ജീവിതത്തിൽ എപ്പോഴും സത്യം പാലിക്കുവാൻ നീ ഇടയാക്കണമേ. സത്യസന്ധമായ ചിന്തയും സംസാരവും പ്രവൃത്തിയും വഴി നിന്നെ കൂടുതൽ അടുത്തനുകരിക്കുവാൻ നീ കൃപചെയ്യണമേ. അങ്ങനെ സത്യത്തിന് ഉത്തമസാക്ഷികളായിത്തീരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

### ജീവിതസാക്ഷ്യം

സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ ക്രൈസ്തവർ വിളിയ്ക്കപ്പെട്ടിരിക്കുന്നു. അനുദിന ജീവിതത്തിൽ സത്യത്തിനുവേണ്ടി നിലകൊള്ളുവാനും അതിനെതിരെ ഉണ്ടാകുന്ന എല്ലാ വെല്ലുവിളികളെയും ത്യാഗപൂർവം നേരിടുവാനും നമുക്ക് പ്രയത്നിക്കാം.

### മനഃപാഠമാക്കുക

"കള്ളം പറയുന്ന അധരങ്ങൾ കർത്താവിനു വെറുപ്പാണ്; വിശ്വസ്തതയോടെ പെരുമാറുന്നവർ അവിടുത്തെ സന്തോഷിപ്പിക്കുന്നു".
(സുഭാഷിതങ്ങൾ 12:22)

## ചോദ്യങ്ങൾ

1. സത്യത്തോട് പ്രതിബദ്ധത പുലർത്തണം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?
2. എട്ടാം പ്രമാണം വിലക്കുന്ന തിന്മകൾ ചുരുക്കി വിവരിക്കുക.

www.malankaralibrary.com

# ദാമ്പത്യസ്നേഹവും വിശ്വസ്തതയും




**" വ്യഭിചാരം ചെയ്യരുത് "**
**" അന്യന്റെ ഭാര്യയെ മോഹിക്കരുത് "**

ദൈവസ്ഥാപിതമായ കുടുംബം സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ്. കുടുംബത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും സഹായിക്കുന്ന രണ്ടു കല്പനകളാണ് 'വ്യഭിചാരം ചെയ്യരുത്', 'അന്യന്റെ ഭാര്യയെ മോഹിക്കരുത്' എന്നിവ. ആറും ഒമ്പതും പ്രമാണങ്ങൾ ദാമ്പത്യജീവിതത്തിന്റെ ശ്രേഷ്ഠതയും ദാമ്പത്യവിശുദ്ധിയുടെ പ്രാധാന്യവും വ്യക്തമാക്കുന്നു. പരസ്പരം സ്നേഹിക്കുവാനും ദാമ്പത്യജീവിതം നയിക്കുവാനും ദൈവം നല്കിയിരിക്കുന്ന ലൈംഗികത എന്ന ദാനവുമായി ഈ രണ്ട് കല്പനകളും അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ദാമ്പത്യജീവിതത്തിൽ ദമ്പതികൾ പരസ്പരം സ്നേഹവും വിശ്വസ്തതയും കാത്തുസൂക്ഷിക്കണമെന്ന് ഈ കല്പനകൾ അനുശാസിക്കുന്നു.

ഇസ്രായേൽജനത്തിന് സീനായ് മലയിൽവച്ച് ദൈവം നല്കിയ കല്പനകളിൽ ഈ രണ്ടു പ്രമാണങ്ങളും ഉൾചേർന്നിട്ടുണ്ട് (പുറപ്പാട് 20:16, 17, നിയമാവർത്തനം 5:18, 20). ഈ കല്പനകളിലൂടെ വിവാഹബന്ധത്തിനു പുറമേയുള്ള എല്ലാ ലൈംഗിക ബന്ധങ്ങളെയും പ്രവർത്തനങ്ങളെയും ദൈവം നിരോധിക്കുന്നു. ദാമ്പത്യജീവിതത്തിൽ ദമ്പതികൾക്ക് പരസ്പരം ഉണ്ടായിരിക്കേണ്ട ഐക്യവും വിശ്വസ്തതയും എപ്രകാരമായിരിക്കണം എന്ന് ഈ കല്പനകൾ പഠിപ്പിക്കുന്നു. വിവാഹജീവിതത്തെക്കുറിച്ചുള്ള പഴയ നിയമത്തിലെ കാഴ്ചപ്പാടിന് ഒരു പുതിയ വ്യാഖ്യാനം യേശുനാഥൻ നല്കുന്നുണ്ട്. ദാമ്പത്യ വിശ്വസ്തതയ്ക്കെതിരെയുള്ള എല്ലാ പ്രവൃത്തിയും തിന്മയാണെന്ന് യേശു മലയിലെ പ്രസംഗത്തിൽ പഠിപ്പിക്കുന്നുണ്ട് (മത്തായി 5:27-32). വിവാഹ ജീവിതത്തെക്കുറിച്ച് വളരെ ശ്രേഷ്ഠമായ ഒരു കാഴ്ചപ്പാടാണ് പുതിയനിയമത്തിലുള്ളത്.

www.malankaralibrary.com

## വിവാഹം-ദൈവിക പദ്ധതിയുടെ ഭാഗം

സൃഷ്ടികർമ്മത്തിന്റെ അവസാനം ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. ദൈവം അവരെ ഇപ്രകാരം അനുഗ്രഹിച്ചു: "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ" (ഉല്പത്തി 1:28). അങ്ങനെ സൃഷ്ടികർമ്മത്തോടുകൂടി ദാമ്പത്യജീവിതവും ആരംഭിച്ചു. ദൈവം മനുഷ്യരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചത് പരസ്പരം പൂരകങ്ങളായിട്ടാണ്. അതുകൊണ്ടാണല്ലോ സ്ത്രീയെ കണ്ടപ്പോൾ ആദം ഇപ്രകാരം പറഞ്ഞത്: "ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽ നിന്ന് എടുക്കപ്പെട്ടതുകൊണ്ട് നാരിയെന്ന് ഇവൾ വിളിക്കപ്പെടും" (ഉല്പത്തി 2:23). പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഉല്പത്തി പുസ്തകത്തിൽ നാം ഇപ്രകാരം കാണുന്നു: "പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും" (ഉല്പത്തി 2:24).

ദൈവമാണ് കുടുംബം സ്ഥാപിച്ചത്. ആദത്തെയും ഹവ്വായെയും സൃഷ്ടിച്ച് അവർക്ക് ഒരുമിച്ച് ജീവിക്കുവാനും സന്താനപുഷ്ടിയുള്ളവരാകുവാനും അനുഗ്രഹം പ്രദാനം ചെയ്തത് ദൈവമാണ്. ദാമ്പത്യജീവിതത്തിൽ പങ്കാളികൾക്ക് പരസ്പരം ആകർഷണവും സ്നേഹവും തോന്നുന്നത് ദൈവം മനുഷ്യർക്ക് നല്കിയ ലൈംഗിക നൽവരം മൂലമാണ്.

ദാമ്പത്യജീവിതത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള പഴയനിയമത്തിലെ കാഴ്ചപ്പാടിന്റെ തുടർച്ചയും പൂർത്തീകരണവും പുതിയനിയമത്തിൽ കാണാം. കുടുംബജീവിതത്തെ ദൈവം അംഗീകരിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ദൈവപുത്രനായ മിശിഹാ ഒരു കുടുംബപശ്ചാത്തലത്തിൽ മനുഷ്യനായി അവതരിച്ചത്. കുടുംബജീവിതത്തിൽ നിലനിന്നിരുന്ന വ്യവസ്ഥിതികളെ യേശു മാനിക്കുകയും മാതാപിതാക്കൾക്ക് വിധേയനായി ജീവിക്കുകയും ചെയ്തു (ലൂക്കാ 2:51). കാനായിലെ വിവാഹവിരുന്നിന്റെ പശ്ചാത്തലത്തിലാണ് യേശു തന്റെ ആദ്യ അദ്ഭുതം പ്രവർത്തിച്ചത്. വിവാഹത്തെക്കുറിച്ചും അതിന്റെ അവിഭാജ്യതയെക്കുറിച്ചുമുള്ള യേശുവിന്റെ പ്രബോധനങ്ങൾ ദാമ്പത്യജീവിതത്തിന് അവിടുന്ന് നല്കിയ അംഗീകാരമായിരുന്നു.

മനുഷ്യനോട് ദൈവം ആദ്യമായി ആവശ്യപ്പെട്ടത് സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവാനാണ്. അതിനുവേണ്ടിയാണ് അവിടുന്ന് മനുഷ്യരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചത്. പരസ്പരം സ്നേഹിക്കുവാനും ആ സ്നേഹത്തിന്റെ നിറവിൽ സന്താനോത്പാദനം നടത്തുവാനുമാണ് ദൈവം വിവാഹവും കുടുംബവും സ്ഥാപിച്ചത്. അതിനാൽ, ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ വിവാഹജീവിതത്തിനു വളരെ പ്രസക്തിയുണ്ട്.

## ഭാര്യാഭർത്തൃബന്ധം

ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ പഴയനിയമത്തിൽ വിവാഹബന്ധത്തോടാണ് താരതമ്യപ്പെടുത്തിയിരുന്നത്. ദൈവത്തിന് ഇസ്രായേലിനോടുള്ള സ്നേഹം

www.malankaralibrary.com

ഭർത്താവിന് തന്റെ ഭാര്യയോടുള്ള സ്നേഹം പോലെയാണ്. വിവാഹബന്ധത്തിനും കുടുംബജീവിതത്തിനും പഴയനിയമജനത പവിത്രത കല്പിച്ചിരുന്നു. വിവാഹജീവിതത്തിലെ അവിശ്വസ്തതയെ ഇസ്രായേലിന്റെ വിഗ്രഹാരാധനയോടാണ് പഴയനിയമഗ്രന്ഥങ്ങളിൽ ഉപമിച്ചിരിക്കുന്നത്.

പുതിയനിയമത്തിൽ ഭാര്യാഭർത്തൃബന്ധത്തെ താരതമ്യപ്പെടുത്തുന്നത് ക്രിസ്തുവിന് സഭയോടുള്ള ബന്ധത്തോടാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ എഫേസോസുകാർക്ക് എഴുതിയ ലേഖനത്തിലാണ് ഭാര്യാഭർത്തൃബന്ധത്തെ ഇത്ര ശ്രേഷ്ഠമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നത്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ഈ ശരീരത്തിന്റെ ശിരസ് ക്രിസ്തുവാണ്. അതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസാണ് എന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. ക്രിസ്തു സഭയെ സ്നേഹിക്കുകയും അവൾക്കുവേണ്ടി സ്വജീവൻ ബലി കഴിക്കുകയും ചെയ്തതുപോലെ ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കണം; അവരെ സംരക്ഷിക്കണം; അവർക്കുവേണ്ടി ജീവിക്കണം. ഭർത്താക്കന്മാർ സ്വന്തം ശരീരത്തെ സ്നേഹിക്കുന്നതുപോലെ ഭാര്യമാരെ സ്നേഹിക്കണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണു സ്നേഹിക്കുന്നത് എന്ന് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു.

സഭ ക്രിസ്തുവിനു വിധേയ ആയിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാക്കാര്യങ്ങളിലും ഭർത്താക്കന്മാർക്ക് വിധേയ ആയിരിക്കുകയും അവരെ പൂർണമായി സ്നേഹിക്കുകയും വേണം. വിവാഹം എന്ന കൂദാശയിലൂടെ സ്ത്രീയും പുരുഷനും മിശിഹായിൽ ഒന്നായിത്തീരുന്നു. അതിനാൽ അവർ ഏകശരീരമാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹം തീവ്രവും ആഴമേറിയതുമായിരിക്കണം എന്ന് ശ്ലീഹാ പഠിപ്പിക്കുന്നു (എഫേസോസ് 5:22-33). ഭാര്യ ഭർത്താവിന് വിധേയ ആയിരിക്കണം എന്നു പറയുമ്പോൾ സ്ത്രീയെ തരംതാഴ്ത്തുകയല്ല, പിന്നെയോ, ഏകശരീരമായ ഭാര്യയും ഭർത്താവും ഒരു മനസ്സോടെ ജീവിക്കണം എന്നാണ് ഇത് അർത്ഥമാക്കുന്നത്.

ഭാര്യാഭർത്തൃബന്ധം പരസ്പരം വിധേയത്വത്തിന്റെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും വേദിയാണ്. ആത്മീയമായും ശാരീരികമായും മാനസികമായും ഒന്നാകുവാനുള്ള വിളിയാണ് വിവാഹജീവിതത്തിലുള്ളത്. ഭാര്യയും ഭർത്താവും പരസ്പരം ഐക്യത്തോടെ ദാമ്പത്യജീവിതം നയിക്കണം.

## വിവാഹം ഒരു കൂദാശ

സൃഷ്ടിയുടെ അവസരത്തിൽ ആദം ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ട് ദൈവമാണ് ഹവ്വായെ ജീവിതപങ്കാളിയായി അവന് നല്കിയത്. അങ്ങനെ ആദ്യത്തെ വിവാഹം നടന്നു. സ്ത്രീയും പുരുഷനും സംയോജിക്കപ്പെട്ടു. പഴയനിയമത്തിലെ കുടുംബസംവിധാനം പുതിയനിയമത്തിലും തുടർന്നു. ക്രിസ്തു തന്റെ പരസ്യജീവിതകാലത്ത് വിവാഹത്തെ ഒരു കൂദാശയായി ഉയർത്തി. ദമ്പതികളും അവരുടെ പരസ്പരസ്നേഹത്തിൽ ജനിക്കുന്ന മക്കളും വിവാഹമെന്ന കൂദാശയിലൂടെ വിശുദ്ധീകരിക്കപ്പെടുന്നു. കൂദാശ എന്ന വാക്കിന്റെ അർത്ഥം തന്നെ 'വിശുദ്ധീകരിക്കുക' എന്നാണല്ലൊ. വിവാഹത്തിലൂടെ ദമ്പതികൾ ക്രിസ്തുവിലും അവിടുത്തെ ശരീരമായ സഭയിലും പങ്കുചേരുന്നു. ദമ്പതിക

www.malankaralibrary.com

ളുടെ പരസ്പര സമ്മതത്തോടെ ആരംഭിക്കുന്ന വിവാഹം എന്ന കൂദാശ അവരുടെ ജീവിതാന്ത്യംവരെ നിലനില്ക്കേണ്ട ഒന്നാണ്. വിവാഹകൂദാശയിൽ വരനെയും വധുവിനെയും ഒന്നിപ്പിക്കുന്നത് ക്രിസ്തുവാണ്. ക്രിസ്തുവിലാണ് ദമ്പതികൾ ജീവിതം ആരംഭിക്കുന്നത്. അതിനാൽ വിവാഹത്തിലൂടെ ലഭ്യമാകുന്ന ദൈവകൃപ നിത്യം കാത്തുസൂക്ഷിക്കുവാൻ ദമ്പതികൾ കടപ്പെട്ടിരിക്കുന്നു.

## വിവാഹത്തിന്റെ അവിഭാജ്യത

സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിന് ആരംഭം കുറിക്കുന്നത് വിവാഹം എന്ന കൂദാശയിലൂടെയാണ്. പരസ്പരം സ്നേഹത്താൽ പ്രേരിതരായാണ് സ്ത്രീയും പുരുഷനും വിവാഹ ജീവിതത്തിലേക്ക് കടന്നുവരുന്നത്. വിവാഹം എന്ന കൂദാശയിലൂടെ ദമ്പതികളുടെ സ്വതന്ത്രമായ സമ്മതത്തിന് ദൈവം അംഗീകാരം നല്കുന്നു. ക്രിസ്തുവിൽ ആരംഭിച്ച വിവാഹം ഒരിക്കലും വേർപിരിക്കാനാവില്ല. വിവാഹബന്ധം നിത്യമായ ഒന്നാണ്. വിവാഹത്തിന്റെ അവിഭാജ്യതയെക്കുറിച്ച് യേശുതമ്പുരാൻ ഇപ്രകാരം പഠിപ്പിക്കുന്നു: "... അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ, ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മത്തായി 19:6). വിശുദ്ധ പൗലോസ് ശ്ലീഹായും വിവാഹത്തിന്റെ അവിഭാജ്യതയെപ്പറ്റി പഠിപ്പിക്കുന്നുണ്ട്. "ഭാര്യ ഭർത്താവിൽനിന്ന് വേർപിരിയരുത്........ ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കരുത്" (1 കോറിന്തോസ് 7:10-11). ദൈവത്തിൽ ഒന്നുചേർന്ന ഭാര്യയും ഭർത്താവും തങ്ങളുടെ ബന്ധം വേർപെടുത്തുവാൻ പാടില്ല എന്ന് തിരുസഭയും അനുശാസിക്കുന്നു. ഭാര്യാഭർത്താക്കന്മാർ 'കർത്താവിൽ ഒന്നിച്ചു' എന്നതാണ് അവിഭാജ്യതയുടെ അടിസ്ഥാനം.

## ദാമ്പത്യജീവിതത്തിലെ ഘടകങ്ങൾ

ഭാര്യയെയും ഭർത്താവിനെയും കൂട്ടിയിണക്കുന്ന ശക്തി ക്രിസ്തുവിന്റെ സ്നേഹമാണ്. വിവാഹത്തിൽ ഒന്നിച്ച പുരുഷനും സ്ത്രീയും ജീവിതാന്ത്യം വരെ പരസ്പരം വിശ്വസ്തരായിരിക്കണം. ദാമ്പത്യജീവിതം വിജയിക്കുന്നതിന് ഏറ്റവും അടിസ്ഥാനമായി ഉണ്ടായിരിക്കേണ്ട ഒരു ഗുണവിശേഷമാണ് പരസ്പരമുള്ള വിശ്വസ്തത. ആത്മീയമായും മാനസികമായും ശാരീരികമായും ദമ്പതികൾ തമ്മിൽ ഐക്യം ഉണ്ടെങ്കിലേ വിശ്വസ്തത കാത്തുസൂക്ഷിക്കുവാൻ സാധിക്കൂ. പരസ്പര സമർപ്പണവും വിധേയത്വവും ഈ വിശ്വസ്തത വർധിപ്പിക്കും. ദാമ്പത്യജീവിതത്തിൽ ദമ്പതികൾ പരസ്പരം പങ്കുവയ്ക്കുവാനും ക്ഷമിക്കുവാനും തയ്യാറാകണം. ആറാം പ്രമാണവും ഒമ്പതാം പ്രമാണവും അനുസരിക്കുമ്പോൾ ദാമ്പത്യജീവിതത്തിൽ വിശ്വസ്തത പാലിക്കുവാൻ സാധിക്കുന്നു.

ദാമ്പത്യജീവിതത്തിലെ സ്നേഹം പൂർണവും നിരുപാധികവുമായിരിക്കണം. ഹൃദയത്തിന്റെ നിറവിൽനിന്ന് പരസ്പരം സ്നേഹിച്ച് ദമ്പതികൾ തങ്ങൾക്കുള്ളതെല്ലാം പങ്കുവയ്ക്കുവാൻ തയ്യാറാകണം. ദാമ്പത്യസ്നേഹത്തിന്റെ നിറവിൽ നിന്നാണ് പുതിയ ജീവന് ജന്മം നല്കേണ്ടത്. വിവാഹജീവിതത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി സന്താനോത്പാദനത്തെ സഭ മനസ്സിലാക്കുന്നു.

www.malankaralibrary.com

ദാമ്പത്യ വിശ്വസ്തതയും സ്നേഹവും ദാമ്പത്യജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങളാണ്. ദാമ്പത്യജീവിതത്തിൽ വിശ്വസ്തതയും സ്നേഹവും പരസ്പരം പൂരകങ്ങളാണ്. ദമ്പതികളെ ജീവിതാന്ത്യംവരെ ഒന്നിപ്പിച്ചു നിർത്തുന്നത് ഈ ഘടകങ്ങളാണ്.

## ലൈംഗികതയും ശുദ്ധതയും

സ്ത്രീയും പുരുഷനും തമ്മിൽ പരസ്പരം സ്നേഹിക്കുവാനും ആ സ്നേഹത്തിന്റെ നിറവിൽ ജീവൻ പ്രദാനം ചെയ്യുവാനും ദൈവം നല്കിയിരിക്കുന്ന കഴിവിനെയാണ് ലൈംഗികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവദാനമായ ലൈംഗികതയുടെ ശരിയായ വിനിയോഗമാണ് ഓരോരുത്തരെയും ദാമ്പത്യവിശുദ്ധിയിലേക്കു നയിക്കുന്നത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ലൈംഗികതയുടെ ലക്ഷ്യങ്ങൾ പരസ്പര സ്നേഹവും അതിന്റെ ഭാഗമായ സന്താനോത്പാദനവുമാണ്. വിശുദ്ധ ഗ്രന്ഥത്തിൽ ലൈംഗികതയെ ഏറ്റവും പവിത്രവും വിശുദ്ധവുമായാണ് കരുതുന്നത്. വിവാഹത്തിന് പുറമേയുള്ള ലൈംഗികബന്ധത്തെ വിശുദ്ധ ഗ്രന്ഥം നിരോധിക്കുന്നു. വിവാഹത്തോടും വിവാഹജീവിതത്തോടും ബന്ധപ്പെടുത്തി മാത്രമേ ലൈംഗികതക്ക് അർത്ഥമുള്ളൂ.

ലൈംഗിക പ്രവൃത്തികളെ അതിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് നയിക്കുന്ന പുണ്യമാണ് ശുദ്ധത. വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും പശ്ചാത്തലത്തിൽനിന്ന് മാറിനിന്നുള്ള ലൈംഗിക സന്തോഷങ്ങൾ ശുദ്ധത എന്ന പുണ്യത്തിന് എതിരാണ്. ദാമ്പത്യസ്നേഹം പൂർണമാകണമെങ്കിൽ ദമ്പതികൾ ശുദ്ധത എന്ന പുണ്യം പാലിക്കണം. ലൈംഗികതയുടെ അർത്ഥലക്ഷ്യങ്ങൾ മനസ്സിലാക്കി ഈ ദൈവദാനത്തെ പക്വതയോടെ നിറവേറ്റുന്നതിനെ ശുദ്ധത എന്നു പറയാം. ഹൃദയത്തിൽ ഉള്ള വിശുദ്ധിയാണ് ഏറ്റവും പ്രധാനം. ആന്തരികമായ ശുദ്ധത തിന്മ ചെയ്യുന്നതിൽ നിന്ന് നമ്മെ തടയുന്നു. മനോഭാവത്തിലും പ്രവർത്തനത്തിലും ശുദ്ധത പാലിക്കുന്ന ദമ്പതികളുടെ ദാമ്പത്യജീവിതവും വിശുദ്ധി നിറഞ്ഞതായിരിക്കും.

## ലൈംഗിക ധാർമ്മികതയ്ക്ക് എതിരായ പാപങ്ങൾ

പരസ്പരം സ്നേഹിക്കുവാനും ഒന്നാകുവാനും ദൈവം നല്കിയിരിക്കുന്ന ലൈംഗികത എന്ന ദാനം വിവാഹജീവിതത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള പരിപൂർണ സ്നേഹത്തിലാണ് യാഥാർത്ഥ്യമാകുന്നത്. അതിനാൽ, ഇവരിലാരെങ്കിലും ഒരാൾ തന്റെ സ്നേഹം മറ്റാർക്കെങ്കിലും എപ്പോഴെങ്കിലും നല്കുവാൻ ശ്രമിക്കുമ്പോൾ അത് ആറും ഒമ്പതും പ്രമാണങ്ങൾക്ക് എതിരായ പാപമാണ്. അതുകൊണ്ട് വിവാഹിതരായ സ്ത്രീയും പുരുഷനും അവരുടെ സ്നേഹം മറ്റാർക്കെങ്കിലും നല്കിയാൽ അതിനെ വ്യഭിചാരമായും ശുദ്ധതയ്ക്കെതിരായ പാപമായും കണക്കാക്കുന്നു. വിവാഹജീവിതത്തിന്റെ പൂർണതയ്ക്കായി നല്കിയിരിക്കുന്ന ഈ ദൈവികദാനം വിവാഹത്തിന് മുമ്പ് ദുരുപയോഗിക്കുന്നത് വലിയ തിന്മയാണ്. വിവാഹജീവിതത്തിൽ ദമ്പതികൾ പരസ്പരം നല്കേണ്ട സ്നേഹം വിവാഹത്തിന് മുമ്പ് ദുർവിനിയോഗം ചെയ്യുകയാണിവിടെ. അങ്ങനെ ചെയ്യുന്നതുവഴി വിവാഹജീവിതത്തിൽ ദമ്പതികൾക്ക് പൂർണമായി സമർപ്പിക്കുവാനും

www.malankaralibrary.com

സ്നേഹിക്കുവാനും കഴിയാതെ വരുന്നു. ഇക്കാരണത്താൽ വിവാഹജീവിതത്തിന് പുറത്തുള്ള എല്ലാ ലൈംഗികസന്തോഷങ്ങളും ആറും ഒമ്പതും പ്രമാണങ്ങൾക്ക് എതിരാണ്.

ഒരു വ്യക്തി സ്വന്തം ശരീരത്തിൽ അനുഭവിക്കുന്ന ലൈംഗിക സന്തോഷമായ സ്വയംഭോഗവും ഒരേ ലിംഗത്തിൽപെട്ട വ്യക്തികൾ തമ്മിലുള്ള ലൈംഗിക പ്രവൃത്തികൊണ്ടുദ്ദേശിക്കുന്ന സ്വവർഗഭോഗവും ഈ പ്രമാണത്തിനെതിരായ തിന്മകളാണ്.

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും രചനകളിലൂടെയും ലൈംഗികാതിപ്രസരമുള്ള അശ്ലീലസൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതു ലൈംഗികധാർമ്മികതയ്ക്ക് എതിരായുള്ള തിന്മയാണ്. പരസ്യസംസ്കാരത്തിലും ഉപഭോഗസംസ്കാരത്തിലും ലൈംഗികത വളരെ മ്ലേഛമായ രീതിയിലാണ് ഉപയോഗിക്കുന്നത്. അശ്ലീല ചിത്രങ്ങൾ, പുസ്തകങ്ങൾ, സിനിമകൾ മുതലായവയിൽ താത്പര്യം പ്രകടിപ്പിക്കുന്നത് ജീവിതവിശുദ്ധിക്ക് എതിരായ തിന്മയാണ്.

ഒരാളുടെ സമ്മതം കൂടാതെ ആ വ്യക്തിയുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതാണ് ബലാത്സംഗം. ഒരാൾ വളരെ പവിത്രമായി കാത്തുസൂക്ഷിച്ചിരുന്ന ശാരീരികസമഗ്രതയും വിശുദ്ധിയും ആണ് ഇതുമൂലം നഷ്ടമാവുന്നത്. അപരന്റെ സ്വാതന്ത്ര്യത്തെയും മഹത്ത്വത്തെയും തത്ഫലമായി ഈ തിന്മയിലേർപ്പെടുന്നവർ ഹനിക്കുന്നു.

സാധുവായ വിവാഹബന്ധത്തിലേർപ്പെട്ടിരിക്കുന്നവരെ ഒന്നിപ്പിച്ചിരിക്കുന്നതു ദൈവമാണ്. ദൈവം യോജിപ്പിച്ച വിവാഹബന്ധത്തെ വേർപെടുത്തുവാൻ ശ്രമിക്കുന്നത് ഗുരുതരമായ തെറ്റാണ്.

ലൈംഗിക ധാർമ്മികതയ്ക്കും ദാമ്പത്യവിശ്വസ്തതയ്ക്കും എതിരായിട്ടുള്ള എല്ലാ തിന്മകളും ഉപേക്ഷിക്കണമെന്ന് ആറും ഒമ്പതും പ്രമാണങ്ങളിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും വിശുദ്ധി പാലിക്കണമെന്നും ദാമ്പത്യജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വിശ്വസ്തത പാലിക്കണമെന്നും ഈ കല്പനകൾ പഠിപ്പിക്കുന്നു.

www.malankaralibrary.com

## ആരാധന

ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിക്കുന്നതിനെക്കുറിച്ചും പൂർണമായി സമർപ്പിക്കുന്നതിനെക്കുറിച്ചും വിവാഹ-കൂദാശയിൽ വിശ്വാസികൾ എല്ലാവരോടുമുള്ള അനുശാസനത്തിൽ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു:

"നിങ്ങളോരോരുത്തരും അവനവന്റെ ഭാര്യയോടുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് ശ്രദ്ധിക്കുക: എന്തെന്നാൽ, അവൾ സ്വജനങ്ങളെ വിട്ട് ഭർത്താവിനോടു യോജിച്ചിരിക്കുന്നു. അതിനാൽ, അവൻ അവളെ പ്രീതിപ്പെടുത്തി, അവളോടു ദയാപൂർവം വർത്തിക്കണം. സ്വപ്രാണനെപ്പോലെ അവൻ അവളോടു വർത്തിക്കണം. അവൻ വിശന്നിരുന്നാലും അവൾക്കു ഭക്ഷണം കൊടുക്കണം. അവൻ ദാഹിച്ചിരുന്നാലും അവൾക്കു കുടിക്കുവാൻ കൊടുക്കണം. അവളും അവനെ യഥോചിതം പരിചരിക്കാൻ കടപ്പെട്ടവളാകുന്നു. സകലത്തിലും സൗഹാർദ്ദത്തോടും സ്നേഹത്തോടുംകൂടെ അവൾ അവന്റെയടുക്കൽ പെരുമാറണം. നമ്മുടെ കർത്താവേശുമിശിഹായുടെ കൃപ ഞങ്ങളിലും നിങ്ങളിലും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ".

(വിവാഹ കൂദാശ)

## ജീവിതസാക്ഷ്യം

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സ്ത്രീ-പുരുഷന്മാരെ സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ അവർ പരസ്പരം ആദരിക്കുവാനും ബഹുമാനിക്കുവാനും കടപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, അനുദിനജീവിതത്തിൽ എല്ലാവരെയും സ്നേഹിക്കുവാനും ബഹുമാനിക്കുവാനും നമുക്ക് പരിശ്രമിക്കാം. പ്രത്യേകിച്ച് വിവാഹജീവിതം നയിക്കുന്നവർ പരസ്പരം സ്നേഹത്തിലും വിശ്വസ്തതയിലും ജീവിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.

### മനഃപാഠമാക്കുക

"ഞാൻ എന്റെ സർവസമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല".
(1 കോറിന്തോസ് 13:3)

## ചോദ്യങ്ങൾ

1. വിവാഹം ദൈവികപദ്ധതിയുടെ ഭാഗമാണെന്ന് പറയുന്നത് എന്തുകൊണ്ട്?
2. വിശുദ്ധ ഗ്രന്ഥാടിസ്ഥാനത്തിൽ ഭാര്യാഭർത്തൃബന്ധത്തെ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു?
3. വിവാഹം ഒരു കൂദാശയാണെന്നു പറയുന്നതെന്തുകൊണ്ട്?
4. വിവാഹത്തിന്റെ അവിഭാജ്യതയുടെ അടിസ്ഥാനമെന്ത്?
5. ദാമ്പത്യജീവിതത്തിലെ പ്രധാന ഘടകങ്ങളേവ?
6. ലൈംഗികതയും ശുദ്ധതയും തമ്മിൽ എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?

www.malankaralibrary.com

പാഠം 19

# സമ്പത്തിനോടുള്ള ക്രിസ്തീയ മനോഭാവം




## "മോഷ്ടിക്കരുത്" "അന്യന്റെ വസ്തുക്കൾ മോഹിക്കരുത്"

സമ്പത്ത് ന്യായമായി സ്വന്തമാക്കുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഏഴും പത്തും പ്രമാണങ്ങൾ. സമ്പത്ത് ദുരുപയോഗിക്കുന്നതും അന്യായമായി കൈക്കലാക്കുന്നതും ഈ പ്രമാണങ്ങൾ നിരോധിക്കുന്നു. സമൂഹത്തിലെ ഓരോ അംഗത്തിനും സ്വകാര്യസ്വത്തിന് അവകാശമുണ്ടെന്നും അത് അപരന് വേദന ഉണ്ടാക്കാത്ത രീതിയിൽ ഉപയോഗിക്കണമെന്നും ഈ കല്പനകൾ അർത്ഥമാക്കുന്നു. അപ്രകാരം സാമൂഹ്യജീവിയായ മനുഷ്യന്റെ സുരക്ഷിതത്വം ഈ കല്പനകൾ ഉറപ്പുവരുത്തുന്നു.

പഴയനിയമത്തിൽ ഈ കല്പനകൾ പുറപ്പാട് പുസ്തകത്തിലും നിയമാവർത്തന പുസ്തകത്തിലും നല്കിയിട്ടുണ്ട്. പഴയനിയമത്തിൽ രാജഭരണത്തിന് മുമ്പ് സ്വകാര്യ സ്വത്ത് എന്ന ആശയത്തിന് വലിയ പ്രാധാന്യം ഇല്ലായിരുന്നു. സ്വത്തിനെക്കുറിച്ചുള്ള ഇസ്രായേലിന്റെ കാഴ്ചപ്പാട് സാമൂഹികമായിരുന്നു. സമ്പത്തും വസ്തുവകകളും ഓരോ ഗോത്രവും പൊതുവായി കരുതിയിരുന്നു. രാജഭരണത്തോടുകൂടിയാണ് സ്വകാര്യസ്വത്തിനെക്കുറിച്ചുള്ള കാഴ്ചപ്പാട് ഉരുത്തിരിയുന്നത്. സ്വകാര്യസ്വത്തും പൊതുമുതലും നശിപ്പിക്കുന്നതിനെ പഴയനിയമം എതിർത്തിരുന്നു. രാജഭരണകാലത്ത് അഴിമതിക്കെതിരെ പ്രവാചകന്മാർ ശബ്ദമുയർത്തിയിരുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ സാധിക്കും. പുതിയനിയമത്തിൽ 'മോഷ്ടിക്കരുത്' (മത്തായി 19:18) എന്ന കല്പനയെക്കുറിച്ച് ധനികനായ യുവാവിനോട് യേശു സൂചിപ്പിക്കുന്നുണ്ട്.

സമ്പത്തിനെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് എങ്ങനെയുള്ളതായിരിക്കണം, ഈ കാര്യത്തിൽ ദൈവം നമ്മോട് എന്താവശ്യപ്പെടുന്നു എന്നീ വിഷയങ്ങൾ ഏഴ്, പത്ത് കല്പനകളിലൂടെ പ്രതിപാദിക്കുന്നു.

www.malankaralibrary.com

## സ്വകാര്യസ്വത്ത്

ദൈവമായ കർത്താവ് മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം ഭൂമി മുഴുവന്റെയും ഭൂമിയിലെ സർവജീവജാലങ്ങളുടെയും മേൽ അധികാരം നല്കി (ഉല്പത്തി 1:26-29). ഈ ഭൂമിയിൽ കാണുന്ന സകലതും ദൈവം മനുഷ്യനുവേണ്ടിയാണ് സൃഷ്ടിച്ചത്. ദൈവം സൃഷ്ടിച്ച വസ്തുക്കൾ അനുഭവിക്കുവാൻ എല്ലാ മനുഷ്യർക്കും അവകാശമുണ്ട്. മനുഷ്യന്റെ ജീവസന്ധാരണത്തിനും ജീവിതത്തിലെ നിരവധിയായ ആവശ്യങ്ങളും ദൗത്യങ്ങളും നിർവഹിക്കുന്നതിനും സ്വകാര്യസ്വത്ത് ആവശ്യമാണ്.

സ്വകാര്യസ്വത്ത് ഒരു വ്യക്തിയുടെ അവകാശവും, നിലനില്പിന് അനിവാര്യവുമാണ്. സ്വകാര്യ സ്വത്തവകാശം അംഗീകരിക്കപ്പെട്ടതോടുകൂടി മോഷ്ടിക്കരുത് എന്ന കല്പന ഈ അവകാശത്തെ സംരക്ഷിക്കുന്നതായി മാറി. സ്വകാര്യസ്വത്ത് ഓരോ വ്യക്തിയുടെയും മൗലികാവകാശമാണ്. നീതിപൂർവമായ മാർഗങ്ങളിലൂടെ സമ്പത്ത് സമ്പാദിക്കുന്നതിനും അത് അനുഭവിക്കുന്നതിനും ഏവർക്കും അവകാശമുണ്ട്. സ്വന്തം കഴിവും അധ്വാനവും ആയിരിക്കണം സമ്പത്ത് നേടുന്നതിനുള്ള മാർഗം. വസ്തുവകകൾ, മറ്റ് സ്ഥാവരജംഗമവസ്തുക്കൾ എന്നിവയെ സംബന്ധിച്ചുള്ള അവകാശത്തെയാണ് സ്വത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വകാര്യസ്വത്തിന്റെ വിനിയോഗം എപ്പോഴും പൊതുനന്മയ്ക്ക് പ്രയോജനം ചെയ്യത്തക്കരീതിയിൽ വേണം. വ്യക്തികളുടെയും കുടുംബങ്ങളുടെയും സുസ്ഥിതിയും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ഉറപ്പാക്കുന്നതിനു സ്വകാര്യസ്വത്തവകാശം സഹായിക്കും. സ്വകാര്യസ്വത്തവകാശം പാലിക്കപ്പെടുമ്പോൾ നീതി പാലിക്കപ്പെടുന്നതായി നാം മനസ്സിലാക്കുന്നു. അതേസമയം സ്വകാര്യ സ്വത്തവകാശം സമൂഹത്തിന്റെ നന്മയ്ക്കുതകുന്നതായിരിക്കണം.

## സമ്പത്തും നീതിയും

'മോഷ്ടിക്കരുത്', 'അന്യന്റെ വസ്തുക്കൾ മോഹിക്കരുത്' എന്നീ കല്പനകൾ ഓരോ വ്യക്തിയുടെയും അവകാശങ്ങളെ ആദരിക്കുവാൻ പ്രേരിപ്പിക്കുന്നു. സമ്പത്തിന്റെ ശരിയായ വിനിയോഗം, സമ്പത്തിനോടുള്ള നല്ല മനോഭാവം എന്നിവ നീതി നിലനില്ക്കുന്ന ഒരു സമൂഹത്തിൽ മാത്രമേ ഉണ്ടാകുകയുള്ളൂ. മോഷണം, മോഹം എന്നീ തിന്മകൾ വഴി ഒരു വ്യക്തി അപരന്റെ സ്വത്ത് കൈവശമാക്കുവാൻ ശ്രമിക്കുമ്പോൾ സമൂഹത്തിൽ അനീതിയാണ് നടമാടുന്നത്. അപ്രകാരം സമ്പത്തിന്റെ ദുർവിനിയോഗം സംഭവിക്കുന്നു. അർഹതപ്പെടാത്തവ സ്വന്തമാക്കുവാൻ ആരെങ്കിലും ശ്രമിക്കുന്നതിന്റെ ഫലമായിട്ടാണ് നീതി ലംഘിക്കപ്പെടുന്നത്. 'നീതി' സമ്പത്തിന്റെ ശരിയായ വിനിയോഗവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

നീതി എന്നു പറയുന്നത് ദൈവത്തിനും അയല്ക്കാരനും കൊടുക്കേണ്ടത് കൊടുക്കുന്നതിനുള്ള ഒരുവന്റെ ഉറച്ച തീരുമാനവും പ്രവർത്തനവുമാണ്. അപരന് അർഹിക്കുന്നത് നല്കുന്നതിനും അർഹമായത് നേടിയെടുക്കുന്നതിനുമുള്ള ഒരു വ്യക്തിയുടെ സ്വമനസ്സാലെയുള്ള സമ്മതമാണ് നീതിയുടെ പ്രായോഗികവശമായി നിലകൊള്ളുന്നത്. നിയമത്തിൽ അധിഷ്ഠിതമായ നീതിയേക്കാൾ സ്നേഹത്തിലധിഷ്ഠിതമായ നീതിക്കാണ്

www.malankaralibrary.com

പുതിയനിയമം പ്രാധാന്യം നല്കുന്നത്. സ്നേഹത്തിലധിഷ്ഠിതമായ ഈ നീതിയെക്കുറിച്ച് കർത്താവ് ഇപ്രകാരം അരുളിച്ചെയ്തു: "......എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെയടുത്ത് വന്നു" (മത്തായി 25:35-36). ഇപ്രകാരം, നമ്മുടെ ചുറ്റുമുള്ളവരുടെ അവകാശങ്ങളെയും ആവശ്യങ്ങളെയും ബഹുമാനിക്കണമെന്ന് യേശുനാഥൻ പഠിപ്പിച്ചു. കാരുണ്യത്തിന്റേതായ ഇത്തരം പ്രവൃത്തികൾ സമ്പത്തിന്റെ സ്വാർത്ഥലക്ഷ്യങ്ങളെ തടയും.

ഏഴും പത്തും പ്രമാണങ്ങൾ നീതിയുടെ പരിരക്ഷണം ഉറപ്പാക്കുകയും സൃഷ്ടികളുടെ സ്വസ്ഥജീവിതം ലക്ഷ്യമാക്കുകയും ചെയ്യുന്നു. അപരന്റെ വസ്തുക്കൾ അന്യായമായി കൈവശം വയ്ക്കുന്നത് നീതിക്കു നിരക്കാത്തതാണ്. അനീതി ഏതു തലത്തിലായിരുന്നാലും - സാമ്പത്തികമോ, സാമൂഹികമോ, രാഷ്ട്രീയമോ - അതിനെതിരെ ശബ്ദമുയർത്തുവാൻ ക്രൈസ്തവർ തയ്യാറാകണം. സമ്പത്തിനെയും നീതിയെയും കുറിച്ച് വിശുദ്ധ യോഹന്നാൻ ശ്ലീഹാ നല്കുന്ന പ്രബോധനം വളരെ ശ്രദ്ധേയമാണ്: "ലൗകിക സമ്പത്ത് ഉണ്ടായിരിക്കെ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്" (1 യോഹന്നാൻ 3:17-18).

## പാവങ്ങളോടു പക്ഷംചേരുക

അപരന്റെ സ്വത്ത് അന്യായമായി കൈവശപ്പെടുത്തരുത് എന്നു മാത്രമല്ല ഈ കല്പനകൾ വ്യക്തമാക്കുന്നത്. പിന്നെയോ, വേദനിക്കുന്നവനും പ്രയാസമനുഭവിക്കുന്നവനും ആശ്വാസം പകരണമെന്നും അവരെ സഹായിക്കണമെന്നും ഈ കല്പനകൾ ചൂണ്ടിക്കാണിക്കുന്നു. സമൂഹത്തിൽ കുറച്ചുപേർ ഇല്ലായ്മ അനുഭവിക്കുമ്പോൾ വേറെ കുറച്ചുപേർ സുഭിക്ഷത അനുഭവിക്കുന്നത് ഈ കല്പനകൾക്ക് എതിരാണ്. ഉള്ളവൻ ഇല്ലാത്തവനുമായി പങ്കുവയ്ക്കണമെന്ന ഒരു മാനംകൂടി ഈ കല്പനകൾക്കുണ്ട്. ഇപ്രകാരം പാവപ്പെട്ടവരോടു പക്ഷം ചേരുക എന്ന ക്രൈസ്തവന്റെ ദൗത്യം നിറവേറ്റുവാൻ ഏവരും ശ്രമിക്കണം.

സഭ എന്നും പാവപ്പെട്ടവരുടെ ഒപ്പമാണ്. സഭയുടെ പ്രബോധനങ്ങളും പ്രവൃത്തികളും പാവപ്പെട്ടവന്റെ പക്ഷം ചേർന്നുകൊണ്ടാണ്. പാവപ്പെട്ടവരോടുള്ള സഭയുടെ കരുതൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം വ്യക്തമാക്കുന്നു: "ദാരിദ്ര്യത്തിന്റെ കൊടുംയാതനകൾ സഹിക്കുന്ന അനേകം പേർ ഇന്നു ലോകത്തിലുണ്ട്... എല്ലാ വ്യക്തികളും ഗവൺമെന്റുകളും, അവരവരുടെ കഴിവനുസരിച്ച് തങ്ങൾക്കുള്ളവ മറ്റുള്ളവർക്കും കൊടുക്കട്ടെ. പ്രത്യേകിച്ച് ദരിദ്രരായ വ്യക്തികളെയും രാഷ്ട്രങ്ങളെയും സ്വന്തം കാലിൽ നില്ക്കുവാനും അഭിവൃദ്ധിപ്പെടുവാനും പര്യാപ്തമായവിധം സഹായിക്കേണ്ടതാണ്"

www.malankaralibrary.com

(സഭ ആധുനികലോകത്തിൽ 69). ദരിദ്രർക്കുവേണ്ടി, അവരുടെ അവകാശങ്ങൾക്കുവേണ്ടി സഭ എല്ലാ അവസരങ്ങളിലും ശബ്ദമുയർത്തുകയും നിലകൊള്ളുകയും ചെയ്യുന്നു. അതോടൊപ്പം ഏഴും പത്തും പ്രമാണങ്ങളുടെ എല്ലാ ലംഘനങ്ങളും സഭ ശക്തിയുക്തം എതിർക്കുന്നു.

## ഏഴും പത്തും പ്രമാണങ്ങൾക്കെതിരെയുള്ള തിന്മകൾ

ഏഴും പത്തും കല്പനകളുടെ പ്രഥമ അർത്ഥം സൂചിപ്പിക്കുന്നത് മോഷ്ടിക്കരുത് എന്നാണ്. അന്യന്റെ സ്വത്ത് ഏതെങ്കിലും വിധത്തിൽ കവർച്ച ചെയ്യുന്നതാണ് മോഷണം. സ്വകാര്യസ്വത്തിന്മേലുള്ള ഒരു വ്യക്തിയുടെ അവകാശത്തിന്റെ നിഷേധമാണ് മോഷണത്തിൽ നടക്കുന്നത്. സമ്പത്തിനോടുള്ള അമിത താത്പര്യമാണ് മോഷണത്തിലേക്കും അതിനനുബന്ധമായ പാപങ്ങളിലേക്കും നയിക്കുന്നത്.

## ദ്രവ്യാഗ്രഹം

ദൈവാശ്രയമില്ലാതെ സ്വന്തം ശക്തിയിൽ ആശ്രയിച്ചുകൊണ്ട് സമ്പത്ത് സ്വരൂപിക്കുന്നതും അമിതമായി സമ്പത്ത് കൈവശപ്പെടുത്തുന്നതും അപരനെ പരിഗണിക്കാതെ ജീവിതാസ്വാദനത്തിനായി കൂടുതൽ സ്വത്ത് സമ്പാദിക്കുന്നതും ദ്രവ്യാഗ്രഹമാണ്. സമ്പത്തിന്റെ ഉപയോഗം നന്മയെ ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരിക്കണം. സ്വാർത്ഥ ഉപയോഗത്തിനുവേണ്ടി മാത്രം അമിതമായി ധനം സമ്പാദിച്ചുകൂട്ടുന്നത് അപരന് ലഭിക്കേണ്ട സമ്പത്തിന്മേലുള്ള അവകാശലംഘനമാണ്. ദ്രവ്യാഗ്രഹത്തിന് അടിമപ്പെട്ടവർ സമ്പത്തിനെ ദൈവമായി കരുതി ആരാധിക്കുന്നു. ഇത്തരക്കാർ സമ്പത്ത് നേടുന്നതിനുവേണ്ടി എന്തും ചെയ്യും. യാതൊരുവിധ ധാർമ്മിക മാനുഷിക മൂല്യവുമില്ലാതെ സമ്പത്ത് നേടുന്നത് പാപമാണ്.

## അസൂയ

തനിക്ക് ഇല്ലാത്തത് അപരനുണ്ട് എന്ന ദുഃഖത്തിൽനിന്ന് അപരനോട് തോന്നുന്ന വികാരമായി അസൂയയെ കാണാം. തനിക്കു തുല്യനോ, തന്നെക്കാൾ താഴ്ന്നവനോ സമ്പത്തിലും സ്വാധീനത്തിലും അംഗീകാരത്തിലും ഉയരുമ്പോൾ താൻ അവഗണിക്കപ്പെടുമോയെന്നുള്ള ആശങ്കയിൽ നിന്നുദ്ഭവിക്കുന്ന നിഷേധാത്മകമായ മനോഭാവമാണ് അസൂയ. ദ്രവ്യാഗ്രഹവും അസൂയയും, മോഷണം എന്ന പാപത്തിന്റെ വിവിധ തലങ്ങളിലേക്ക് മനുഷ്യരെ നയിക്കും.

## മോഷണം

ഒരു വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ സമൂഹത്തിന്റെയോ സ്വത്ത് ഉടമസ്ഥന്റെ അറിവു കൂടാതെ സ്വന്തമാക്കുന്നതാണ് മോഷണം. മോഷ്ടിക്കരുത്, മോഹിക്കരുത് എന്നീ പ്രമാണങ്ങൾ എല്ലാ വിധത്തിലുമുള്ള അപഹരണത്തേയും നിരോധിക്കുന്നു. മോഷണത്തിലൂടെ തനിക്ക് സ്വന്തമല്ലാത്തതും മറ്റുള്ളവർക്ക് അവകാശപ്പെട്ടതുമായ വസ്തുവും പണവും ഒരാൾ സ്വന്തമാക്കുന്നു. പുരോഗമനപരമായ ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ മോഷണത്തിനു തുല്യമായ അനേകം പാപങ്ങൾ കാണുവാൻ സാധിക്കും.

www.malankaralibrary.com

- ☞ മറ്റുള്ളവർക്കു ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക നഷ്ടം വരുത്തുന്നത്.
- ☞ ജോലിക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുന്നത്.
- ☞ അന്യായ പലിശ ഈടാക്കുന്നത്. സമൂഹത്തിൽ പൊതുവായി അംഗീകരിച്ചിട്ടുള്ള പലിശയിൽ കൂടുതൽ ഈടാക്കുന്നത്.
- ☞ കള്ളക്കണക്ക് എഴുതുന്നത്. കള്ളയൊപ്പ് ഇടുന്നത്. കള്ളക്കടത്ത് നടത്തുന്നത്.
- ☞ നികുതി വെട്ടിപ്പ് നടത്തുന്നത്. നികുതി കൊടുക്കാതിരിക്കുന്നത്.
- ☞ കച്ചവടത്തിൽ കൃത്രിമം കാണിക്കുന്നത്; പൂഴ്ത്തിവയ്പ്, മായംചേർക്കൽ തുടങ്ങിയവ. കൂടാതെ അളവിലും തൂക്കത്തിലും കളവു കാണിക്കുന്നത്.
- ☞ അധികാരികളെ അന്യായമായി സ്വാധീനിക്കുന്നത്. കൈക്കൂലി നല്കുന്നതും വാങ്ങുന്നതും. അഴിമതിയിലൂടെ അന്യായമായി സമ്പത്ത് സ്വന്തമാക്കുന്നത്. അധികാരം ദുരുപയോഗിച്ച് മറ്റുള്ളവർക്ക് നഷ്ടം വരുത്തുന്നത്.
- ☞ അമിതമായി വാടക ഈടാക്കുന്നത്. മറ്റുള്ളവരുടെ വിഷമാവസ്ഥയിൽ സാധനങ്ങളും സ്ഥലവും നിസാരവിലയ്ക്കു വാങ്ങുന്നത്.
- ☞ പൊതുമുതൽ നശിപ്പിക്കുന്നത്. പണിമുടക്കുകൾ, തൊഴിൽ സമരങ്ങൾ എന്നിവ വഴി വ്യക്തികൾക്കും സമൂഹത്തിനും നഷ്ടം വരുത്തുന്നത്. പൊതുമുതൽ കൈവശമാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത്.
- ☞ ആത്മാർത്ഥതയില്ലാതെ ഉദാസീനമായും മോശമായും ജോലി ചെയ്യുന്നത്.
- ☞ ചെക്കുകളിലും വിലവിവരപട്ടികയിലും കൃത്രിമം കാണിക്കുന്നത്.
- ☞ അമിതമായ ചെലവുകളും ധൂർത്തും ആഡംബരവും. സമ്പത്തിന്റെ ഉത്തരവാദിത്വപൂർണമായ വിനിയോഗത്തിൽ വീഴ്ച വരുത്തുന്നതാണ് ധൂർത്തും പാഴ്ചെലവും.
- ☞ മോഷണത്തിനു പ്രേരിപ്പിക്കുന്നത്. മോഷണവസ്തു സൂക്ഷിക്കുന്നത്. മോഷണഫലത്തിൽ പങ്കുചേരുന്നത്. അപരന് അവകാശപ്പെട്ട വസ്തുക്കൾ തടഞ്ഞുവയ്ക്കുന്നത്.

ഇത്തരത്തിലുള്ള എല്ലാ പ്രവൃത്തികളും ഏഴും പത്തും പ്രമാണങ്ങൾക്ക് എതിരായ തിന്മകളാണ്. അന്യന്റെ വസ്തുക്കൾ സ്വന്തമാക്കണമെന്ന് ഹൃദയത്തിൽ ആഗ്രഹം ഉണ്ടാകുന്നത് തിന്മയിലേക്ക് നയിക്കാം.

## നഷ്ടപരിഹാരം

അന്യായമായി ആരുടെയെങ്കിലും വഞ്ചിച്ചെടുക്കുകയോ മോഷ്ടിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിന് പരിഹാരം ചെയ്യുമ്പോൾ മാത്രമേ ചെയ്ത തിന്മയിൽനിന്ന് മോചനം ലഭിക്കൂ. മോഷ്ടിച്ചെടുത്ത വസ്തു തിരിച്ച് നല്കുവാനും വഞ്ചന നടത്തിയിട്ടുണ്ടെങ്കിൽ പരിഹാരം ചെയ്യുവാനും ഏവർക്കും കടമയുണ്ട്. സമൂഹത്തിലെ നീതിന്യായവ്യവസ്ഥ

www.malankaralibrary.com

കൾക്കനുസരിച്ചായിരിക്കണം നഷ്ടപരിഹാരം നടത്തേണ്ടത്. യേശുവുമായി ജീവിതത്തിൽ ബന്ധമുണ്ടാകണമെങ്കിൽ ഈ പരിഹാരക്രിയ നിർബന്ധമായും അനുഷ്ഠിക്കണം. സക്കേവൂസ്, യേശുവിനെ കണ്ടുമുട്ടിയപ്പോൾ പറഞ്ഞു: "കർത്താവേ, ഇതാ, എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു" (ലൂക്കാ 19:8). ഈ മനോഭാവമായിരിക്കണം നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ടത്.

മോഷ്ടിക്കരുത്, അന്യന്റെ വസ്തുക്കൾ മോഹിക്കരുത് എന്നീ കല്പനകളുടെ അനുസരണത്തിലൂടെ മാത്രമേ നല്ല ഒരു സാമൂഹ്യവ്യവസ്ഥിതി രൂപപ്പെടുകയുള്ളൂ. സ്വകാര്യസ്വത്തവകാശം എന്നു പറയുമ്പോൾ പാവപ്പെട്ടവരുടെ പക്ഷം ചേരണം എന്നുംകൂടി അർത്ഥമാക്കുന്നു. ആരുടെയെങ്കിലും അന്യായമായി കവർന്നെടുക്കുന്നതിന് നഷ്ടപരിഹാരം ചെയ്യണം എന്നും ഈ കല്പനകൾ പഠിപ്പിക്കുന്നു. സ്വന്തം സുഖത്തിനുവേണ്ടി സമ്പാദിച്ചവ, വേദനിക്കുന്നവന്റെ ആവശ്യത്തിനായി പങ്കുവയ്ക്കുന്നതായ ഒരു നല്ല മനോഭാവം ഈ കല്പനകൾ പാലിക്കുന്നതിലൂടെ നമുക്ക് രൂപപ്പെടുത്താം.

### ആരാധന

ആത്മീയ നാശത്തിലേക്കും മരണത്തിലേക്കും നയിക്കുന്ന അന്യായമായ ധനസമ്പാദനം തിന്മയാണെന്ന് സൂത്താറാപ്രാർത്ഥനയിൽ സഭ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു:

> "മൃതികരവിഷമാം പൊൻവെള്ളി
> ധനമയ്യോ നേടരുതെ നീ
> തേടുക സുഖകരമുപദേശം
> നിന്നെ നാഥൻ സ്നേഹിപ്പാൻ".

### ജീവിതസാക്ഷ്യം

നമുക്കു ലഭിച്ചിരിക്കുന്ന സമ്പത്തും കഴിവും എല്ലാം ദൈവത്തിന്റെ ദാനമാണെന്നു മനസ്സിലാക്കി, ദൈവേഷ്ടപ്രകാരം അവയെ വിനിയോഗിക്കുവാൻ നമുക്കു പരിശ്രമിക്കാം.

### മനഃപാഠമാക്കുക

"എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്".
(ലൂക്കാ 12:15)

## ചോദ്യങ്ങൾ

1. നീതി സമ്പത്തിന്റെ ശരിയായ വിനിയോഗവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തമാക്കുക.
2. പാവങ്ങളോടു പക്ഷം ചേരുക എന്ന ക്രൈസ്തവ ദൗത്യം സഭ എപ്രകാരം നിർവഹിക്കുന്നു?
3. ദ്രവ്യാഗ്രഹം എന്നതുകൊണ്ട് എന്തർത്ഥമാക്കുന്നു?
4. അന്യായമായി വഞ്ചിച്ചെടുത്തത് തിരികെ കൊടുക്കുമ്പോൾ മാത്രമേ ചെയ്ത തെറ്റിന് മോചനം ലഭിക്കുകയുള്ളൂ. വിശദീകരിക്കുക.

www.malankaralibrary.com

പാഠം 20

# മനഃസാക്ഷി




സമൂഹജീവിതത്തിൽ മനുഷ്യർ സാധാരണ ഉപയോഗിക്കുന്ന ഒരു പദമാണ് മനഃസാക്ഷി. ഞാൻ എന്റെ മനഃസാക്ഷിക്കനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും ജീവിക്കുന്നതെന്നും അനേകം ആളുകൾ പറയാറുണ്ട്. നന്മ ചെയ്യുന്നവരും പ്രകടമായ തിന്മ ചെയ്യുന്നവരും മനഃസാക്ഷിക്കനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നു പറയുമ്പോൾ എന്താണ് മനഃസാക്ഷിയെന്നും ശരിയായ മനഃസാക്ഷി എന്താണെന്നും മനസ്സിലാക്കേണ്ടത് ക്രിസ്തീയ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്.

## എന്താണ് മനഃസാക്ഷി?

'കോൺഷിയൻസിയാ' എന്ന ലത്തീൻ പദത്തിൽനിന്നാണ് 'കോൺഷിയൻസ്' എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. ഈ നിമിഷത്തിൽ ചെയ്യുവാൻ പോകുന്ന കാര്യത്തെപ്പറ്റിയുള്ള അന്തിമമായ വിധിതീർപ്പാണ് കോൺഷിയൻസ് എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. മനഃസാക്ഷി എന്ന പദത്തിന് അന്തഃകരണം, പ്രചോദനം, വിചാരങ്ങളെല്ലാം മുൻകൂട്ടി അറിയുന്ന മനനേന്ദ്രിയം എന്നിങ്ങനെയെല്ലാം അർത്ഥമുണ്ട്.

വിവിധ കാലഘട്ടങ്ങളിൽ മനഃസാക്ഷിയെ മനസ്സിലാക്കുവാൻ പലരും ശ്രമിച്ചിട്ടുണ്ട്. നന്മയെപ്പറ്റിയുള്ള അറിവും ആ നന്മയോടു ബന്ധപ്പെട്ട അവബോധവുമാണ് മനഃസാക്ഷിയെന്ന് കരുതുന്നവരുണ്ട്. ധാർമ്മികതയുടെ വഴികാട്ടിയും നന്മതിന്മകളെ വിവേചനാപൂർവം മനസ്സിലാക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ആത്മാവിന്റെ സ്വരമായിട്ടും മനഃസാക്ഷിയെ മനസ്സിലാക്കുന്നവരുണ്ട്. ചുരുക്കത്തിൽ നന്മയെയും തിന്മയെയും വേർതിരിച്ചറിയുവാനും ഒരു പ്രവൃത്തിയുടെ ധാർമ്മികതയും അധാർമ്മികതയും തിരിച്ചറിഞ്ഞ് നന്മ പ്രവർത്തിക്കുവാനും ദൈവം മനുഷ്യനിൽ ആലേഖനം ചെയ്തിരിക്കുന്ന ദൈവിക സ്വരമാണ് അഥവാ ആന്തരിക പ്രചോദനമാണ് മനഃസാക്ഷി.

www.malankaralibrary.com

ഒരു പ്രവൃത്തിയുടെ ധാർമ്മികതയെക്കുറിച്ച് തീരുമാനമെടുക്കേണ്ടിവരുമ്പോൾ കാര്യകാരണ സഹിതം ഒരു വ്യക്തിക്ക് തീരുമാനമെടുക്കുവാൻ മനഃസാക്ഷി അവനെ സഹായിക്കും. സ്നേഹിക്കുവാനും നന്മചെയ്യുവാനും തിന്മയെ ഉപേക്ഷിക്കുവാനും മനഃസാക്ഷി അവനെ പ്രേരിപ്പിക്കും. ഒരു പ്രവൃത്തിയുടെ ധാർമ്മിക ഉത്തരവാദിത്വം പൂർണമായി ഏറ്റെടുക്കുവാൻ ഒരു വ്യക്തിക്ക് മനോധൈര്യം നല്കുന്നത് മനഃസാക്ഷിയാണ്.

ഓരോ മനുഷ്യനിലും നന്മ ചെയ്യണം, തിന്മ ചെയ്യരുത് എന്ന് ജന്മസിദ്ധമായ ഒരു ആന്തരിക പ്രചോദനമുണ്ട്. നന്മ ചെയ്യുമ്പോൾ ലഭിക്കുന്ന സന്തോഷവും തിന്മചെയ്യുമ്പോൾ ഉണ്ടാകുന്ന കുറ്റബോധവും മനസ്സിന്റെ ഭാരവും എല്ലാ മനുഷ്യർക്കും ഉള്ളതാണ്. ഇപ്രകാരം ഓരോ ജീവിതസാഹചര്യത്തിലും നന്മ ചെയ്യുവാൻ മനഃസാക്ഷി നമ്മെ പ്രേരിപ്പിക്കുന്നു.

## വിശുദ്ധ ഗ്രന്ഥത്തിൽ

പഴയനിയമത്തിൽ മനഃസാക്ഷി എന്ന പദം ഗ്രീക്ക് സ്വാധീനമുള്ള ജ്ഞാനത്തിന്റെ പുസ്തകത്തിൽ മാത്രമാണ് ഒരു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് (ജ്ഞാനം 17:11). യഹൂദർ മനഃസാക്ഷിയെ ഹൃദയം എന്ന പദത്തിലൂടെയാണ് മനസ്സിലാക്കിയിരുന്നത്. പഴയനിയമത്തിൽ മനഃസാക്ഷിയെക്കുറിച്ച് പരോക്ഷമായ പരാമർശം പലയിടത്തും കാണാം. ആദിമാതാപിതാക്കൾ പാപം ചെയ്തപ്പോൾ അവരുടെ മനസ്സ് അവരെ കുറ്റപ്പെടുത്തിയിരുന്നതായി നാം കാണുന്നു (ഉല്പത്തി 3). മനഃസാക്ഷിയുടെ അളവുകോലായി പഴയനിയമം അവതരിപ്പിച്ചിരിക്കുന്നത് പത്ത് കല്പനകളാണ്.

മനഃസാക്ഷിയെ പരാമർശിക്കുന്ന ഒരു പദവും സുവിശേഷങ്ങളിൽ നാം കാണുന്നില്ല. എന്നാൽ സുവിശേഷ ഉപദേശങ്ങളെല്ലാം മനഃസാക്ഷിയനുസരിച്ചുള്ള ഒരു ജീവിതത്തിന് ആഹ്വാനം ചെയ്യുന്നു.

വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിൽ മനഃസാക്ഷിയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. യഥാർത്ഥമായ ഒരു മനഃസാക്ഷി രൂപപ്പെടുത്തുക എന്നതാണ് ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനം എന്ന് അദ്ദേഹം പഠിപ്പിക്കുന്നു.

സുവിശേഷങ്ങളിൽ കാണുന്ന ആത്മപ്രചോദിത മനഃസാക്ഷിയെ പൗലോസ് തന്റെ ജീവിത മണ്ഡലങ്ങളിൽ കണ്ടുമുട്ടുന്നു. 'എനിക്ക് വലിയ ദുഃഖമുണ്ട്. എന്റെ ഹൃദയത്തിൽ വ്യസനം ശമിക്കുന്നില്ല എന്നു മിശിഹായിൽ ഞാൻ സത്യം പറയുന്നു. ഞാൻ വ്യാജം പറയുന്നില്ല. പരിശുദ്ധാത്മാവുമൂലം എന്റെ മനഃസാക്ഷി എന്നെപ്പറ്റി സാക്ഷ്യം നല്കുകയും ചെയ്യുന്നു' (റോമാ 9:1-2). പഴയനിയമത്തിലും പുതിയനിയമത്തിലും കാണുന്ന പാപത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ ഒരുവൻ തന്റെതന്നെ പ്രവൃത്തിയെപ്പറ്റി നടത്തുന്ന ഒരു വിലയിരുത്തലായി വിശുദ്ധ പൗലോസ് മനഃസാക്ഷിയെ കാണുന്നു. തന്നെ ഏല്പിച്ച ദൗത്യം ഭംഗിയായും മനഃസാക്ഷിക്കനുസരിച്ചും ചെയ്തു എന്നതിൽ പൗലോസ് അഭിമാനം കൊള്ളുന്നുണ്ട് (2 കോറിന്തോസ് 1:12, അപ്പസ്തോല പ്രവർത്തനങ്ങൾ 23:1, 24:16). വിശുദ്ധ പൗലോസ് സ്വന്തം മനഃസാക്ഷിയെ വിലയിരുത്തുകയാണിവിടെ.

www.malankaralibrary.com

ക്രിസ്തുവിന്റെ നിയമം ലഭിച്ചിട്ടില്ലാത്ത വിജാതീയർ മനഃസാക്ഷിയുടെ നിയമമനുസരിച്ച് നന്മയും തിന്മയും തിരിച്ചറിയണം എന്ന് വിശുദ്ധ പൗലോസ് ആഹ്വാനം ചെയ്യുന്നു (റോമാ 2:15). ദുർബല മനഃസാക്ഷിയുള്ളവരെ പാപത്തിലേക്ക് നയിക്കരുതെന്നും മറ്റുള്ളവന്റെ മനഃസാക്ഷിയെ വ്രണപ്പെടുത്തരുതെന്നും അദ്ദേഹം പറയുന്നു (1 കോറിന്തോസ് 10:29). നല്ല മനഃസാക്ഷിയിൽനിന്നും നന്മയും സ്നേഹവും ഉദ്ഭവിക്കണമെന്നും നല്ല മനഃസാക്ഷിയെ തിരസ്ക്കരിക്കുന്നത് സ്വന്തം വിശ്വാസത്തെത്തന്നെ ഉപേക്ഷിക്കുന്നതിന് തുല്യമാണെന്നും അദ്ദഹം പറയുന്നു.

## മനഃസാക്ഷിയും ക്രിസ്തീയ വിശ്വാസവും

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവന്റെ വിശ്വാസവും മനഃസാക്ഷിയും പരസ്പരപൂരകങ്ങളാണ്. ഒരു ക്രിസ്ത്യാനിയുടെ മനഃസാക്ഷിയുടെ അടിസ്ഥാനം അവന്റെ ക്രിസ്തീയ വിശ്വാസമാണ്. അപ്രകാരം വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തിക്കുണ്ടാകുന്ന ധാർമ്മികവും ആന്തരികവുമായ പ്രചോദനത്തെ മനഃസാക്ഷിയായി മനസ്സിലാക്കാം.

വിശ്വാസത്താൽ അടിച്ചമർത്തപ്പെട്ട ഒരു പ്രതിഭാസമല്ല മനഃസാക്ഷി. പ്രത്യുത വിശ്വാസം മനഃസാക്ഷിയുടെ പ്രവർത്തനത്തെ എന്നും പുഷ്ടിപ്പെടുത്തുന്നു. വിശ്വാസമനുസരിച്ച് ജീവിക്കുക എന്നതും മനഃസാക്ഷിയനുസരിച്ച് ജീവിക്കുക എന്നതും ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഒന്നു തന്നെയാണ് (റോമാ 9:1). 'വിശ്വാസം മനഃസാക്ഷിയെ വ്യക്തമാക്കുകയും പ്രബുദ്ധമാക്കുകയും ചെയ്യുന്നു. മനഃസാക്ഷി എന്നും വിശ്വാസത്തെ പരിരക്ഷിക്കുന്നു. വിശ്വാസത്തിന്റെ രഹസ്യം നിർമല മനഃസാക്ഷിയിൽ മുറുകെ പിടിച്ചിരിക്കണമെന്നും വിശ്വാസത്തോടും നല്ല മനഃസാക്ഷിയോടുംകൂടെ എല്ലാവരും പ്രവർത്തിക്കണമെന്നും' വിശുദ്ധ പൗലോസ് ഉപദേശിക്കുന്നുണ്ട് (1 തിമോത്തിയോസ് 1:19; 3:9).

## നന്മയും തിന്മയും

നന്മചെയ്യുവാനും തിന്മയെ ഉപേക്ഷിക്കുവാനുമുള്ള ഒരു ആന്തരികപ്രചോദനം എല്ലാ മനുഷ്യരിലുമുണ്ട് എന്ന് നാം മനസ്സിലാക്കി. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് മനുഷ്യൻ തിന്മചെയ്യുന്നത്. തിന്മയാണെന്നറിഞ്ഞിട്ടും മനുഷ്യൻ തിന്മചെയ്യുന്നതിന്റെ അടിസ്ഥാനമെന്താണ്? ദൈവം മനുഷ്യന് നല്കിയിരിക്കുന്ന വലിയ ദാനമാണ് അവന്റെ സ്വാതന്ത്ര്യം. നന്മയെയും തിന്മയെയും ഒരുപോലെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അവനുണ്ട്. മനുഷ്യൻ ബലഹീനനായതിനാൽ തിന്മയിലേക്കുള്ള സ്വാധീനം അവനിൽ ശക്തമാണ്. തിന്മചെയ്യുമ്പോൾ അതിൽനിന്നും ലഭിക്കുന്ന താത്കാലിക സന്തോഷവും സുഖവും തിന്മചെയ്യുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. മോഷണവും മദ്യപാനവുമൊക്കെ തിന്മയാണെന്നറിഞ്ഞിട്ടും അതുവഴി ലഭിക്കുന്ന താത്കാലിക സന്തോഷത്തെ പ്രതിയാണ് ഒരുവൻ ഈ തിന്മകൾ ചെയ്യുന്നത്. മനുഷ്യനിലെ നന്മയും തിന്മയും തമ്മിലുള്ള ആന്തരിക യുദ്ധത്തെക്കുറിച്ച് വിശുദ്ധ പൗലോസ് വിവരിക്കുന്നുണ്ട്. "ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്" (റോമാ 7:19). ഇപ്രകാരം മനഃസാക്ഷിയുടെ പ്രചോദനത്തിനെതിരെ പ്രവർത്തിക്കുവാൻ താത്കാലിക

www.malankaralibrary.com

സന്തോഷവും സുഖവും നമ്മെ നിരന്തരം പ്രേരിപ്പിക്കും. നമ്മിലുള്ള തിന്മയുടെ ശക്തിക്കെതിരെ പോരാടുവാൻ നമ്മിലെ ക്രിസ്തീയ വിശ്വാസം ശക്തിപ്പെടുത്തുകയും നമ്മിലെ മനഃസാക്ഷിയുടെ സ്വരത്തെ ശക്തമാക്കുകയും വേണം.

## മനഃസാക്ഷി ദൈവാത്മാവിന്റെ സ്വരം

മനഃസാക്ഷിയെ ദൈവത്തിന്റെ സ്വരമായി നാം മനസ്സിലാക്കുന്നു. നന്മയെ ഉൾക്കൊള്ളുവാനും തിന്മയെ ഉപേക്ഷിക്കുവാനും നിരന്തരം മനുഷ്യമനസ്സിനെ പ്രേരിപ്പിക്കുന്ന ദൈവാത്മാവിന്റെ സ്വരം എല്ലാ മനുഷ്യരിലുമുണ്ട്. എന്നാൽ ജ്ഞാനസ്നാനം വഴി പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുകയും മൂറോനഭിഷേകത്തിലൂടെ പരിശുദ്ധാത്മാവിനാൽ മുദ്രകുത്തപ്പെടുകയും ചെയ്ത ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം മനഃസാക്ഷിയുടെ തീരുമാനത്തിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിധ്യം ഉണ്ടായിരിക്കും. 'പരിശുദ്ധാത്മാവ് എന്റെ മനഃസാക്ഷിക്ക് സാക്ഷ്യം വഹിക്കുന്നു' എന്ന് വിശുദ്ധ പൗലോസ് പറയുന്നു (റോമാ 9:1). പരിശുദ്ധാത്മനിറവിൽ വളരുന്ന ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവന്റെ മനഃസാക്ഷിയുടെ തീരുമാനത്തിൽ പരിശുദ്ധാത്മാവിന്റെ സഹായം എപ്പോഴും ഉണ്ടായിരിക്കും.

മനഃസാക്ഷി ദൈവാത്മാവിന്റെ സ്വരമാണെങ്കിൽ മനഃസാക്ഷി അനുസരിച്ച് പ്രവർത്തിക്കുന്ന വ്യക്തി നന്മയിലൂടെയാണ് ജീവിക്കുന്നത്. അതായത് നല്ല മനഃസാക്ഷിയനുസരിച്ചുള്ള പ്രവർത്തനവും തിന്മയിലൂടെയുള്ള ജീവിതവും ഒരിക്കലും പൊരുത്തപ്പെട്ടുപോകുകയില്ല. പാപം ദൈവത്തിൽനിന്നുമുള്ള വ്യതിചലനമാണ്. ശരിയായ മനഃസാക്ഷി എപ്പോഴും ദൈവോന്മുഖമാണ്. തത്ഫലമായി മനഃസാക്ഷിയനുസരിച്ച് ജീവിക്കുന്നവൻ ശാന്തിയും സമാധാനവും അനുഭവിക്കുന്നു. അല്ലാത്തവൻ അസമാധാനവും അസ്വസ്ഥതയും അനുഭവിക്കുന്നു. വളരെ പ്രകടമായ തിന്മ ചെയ്തിട്ടും 'എന്റെ മനഃസാക്ഷി അനുസരിച്ചാണ് പ്രവർത്തിച്ചത്' എന്ന് പറയുന്നവരുണ്ട്. ഇപ്രകാരം പറയുന്ന വ്യക്തിയുടെ മനഃസാക്ഷി ശരിയായ മനഃസാക്ഷിയാണോ, ക്രിസ്തീയമായി രൂപപ്പെടുത്തിയ മനഃസാക്ഷിയാണോ എന്നതാണ് പ്രശ്നം. അതിനാൽ ക്രിസ്തീയമായ ഒരു മനഃസാക്ഷിയുടെ രൂപീകരണം ആവശ്യമാണ്.

## മനഃസാക്ഷി രൂപീകരണം

നന്മയെ സ്വീകരിക്കുവാനും തിന്മയെ ഉപേക്ഷിക്കുവാനുമുള്ള മനസ്സിന്റെ ആന്തരിക ആഹ്വാനം എല്ലാ വ്യക്തികൾക്കും ജന്മനാ ലഭിക്കുന്നതാണ്. പ്രായപൂർത്തിയാകുന്നതനുസരിച്ച് ഒരു വ്യക്തിയുടെ ബുദ്ധിയും മനസ്സും പക്വത പ്രാപിക്കുന്നതുപോലെ മനഃസാക്ഷിയും പക്വത പ്രാപിക്കേണ്ടതാണ്. മനഃസാക്ഷിയുടെ രൂപീകരണം അഥവാ പക്വതപ്രാപിക്കൽ ജീവിതകാലം മുഴുവൻ സംഭവിക്കേണ്ട കാര്യമാണ്.

ഒരു ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരുവന്റെ മനഃസാക്ഷി രൂപം പ്രാപിക്കുന്നത് കുടുംബ സാഹചര്യങ്ങളിൽ നിന്നാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരിൽ നിന്നും ലഭിക്കുന്ന ധാർമ്മിക മനോഭാവം ഒരു കുട്ടിയുടെ മനഃസാക്ഷിക്ക് ക്രമേണ രൂപം കൊടുക്കും. നന്മയെയും തിന്മയെയും വിവേചിച്ചറിയു

www.malankaralibrary.com

വാൻ ചെറുപ്രായത്തിൽതന്നെ ബുദ്ധിക്ക് ശിക്ഷണം ലഭിക്കണം. വേദപഠനക്ലാസുകൾ, വിശുദ്ധ ഗ്രന്ഥപാരായണം, പ്രാർത്ഥന, ആരാധനയിലുള്ള ഭാഗഭാഗിത്വം ഇവയെല്ലാം യഥാർത്ഥമായ ക്രിസ്തീയ മനഃസാക്ഷിയുടെ രൂപീകരണത്തിന് സഹായിക്കും.

മനുഷ്യമനസ്സ് സ്വാർത്ഥതയിലേക്ക് ചാഞ്ഞിരിക്കുന്നതിനാൽ താത്കാലിക നന്മയും സന്തോഷവും സുഖവും ലഭിക്കുന്നതിനുവേണ്ടി തിന്മയെ തിരഞ്ഞെടുക്കുവാൻ മനുഷ്യന്റെ മനസ്സിൽ നിരന്തരമായ പ്രേരണയുണ്ടാകും. ഇപ്രകാരം മനസ്സിൽ വെല്ലുവിളികൾ ഉണ്ടാകുമ്പോൾ നിരന്തരം നന്മയെ തിരഞ്ഞെടുക്കുവാനും തിന്മയെ ഉപേക്ഷിക്കുവാനും ശിക്ഷണം ലഭിക്കണം. നന്മയെ നിരന്തരം തിരഞ്ഞെടുക്കുമ്പോൾ അത് നല്ല തഴക്കമായി മാറും. അങ്ങനെ നന്മ തിരഞ്ഞെടുക്കുന്നതിലൂടെ നമ്മുടെ മനഃസാക്ഷി പക്വതയുള്ള ക്രിസ്തീയ മനഃസാക്ഷിയായി രൂപപ്പെട്ടു വരും.

ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം മനഃസാക്ഷിയുടെ രൂപീകരണത്തിന് വിശ്വാസത്തെയും സന്മാർഗത്തെയും കുറിച്ചുള്ള സഭയുടെ പഠനങ്ങൾക്ക് വളരെ പ്രാധാന്യം ഉണ്ട്. ചെറുപ്രായത്തിൽതന്നെ സഭയുടെ വിശ്വാസത്തെയും സന്മാർഗത്തെയുംകുറിച്ച് നിരന്തരം പഠിക്കുന്നതിനും അതിൽനിന്നും ശക്തിപ്രാപിക്കുന്നതിനും വിശ്വാസിക്കു കഴിയണം. ദൈവത്തിന്റെ വെളിപാട് വിശദീകരിച്ചു തരുവാൻ സഭയ്ക്ക് ദൈവദത്തമായ അധികാരമുള്ളതിനാൽ സഭാപഠനങ്ങളെ അംഗീകരിച്ചുകൊണ്ടും ആദരിച്ചുകൊണ്ടും വേണം ഒരു വിശ്വാസി ജീവിക്കുവാൻ. ഇപ്രകാരം സഭയുടെ വിശ്വാസജീവിതത്തോട് ചേർന്ന് ഒരുവൻ മനഃസാക്ഷിയെ രൂപപ്പെടുത്തുമ്പോൾ അത് ദൈവത്തിന്റെ യഥാർത്ഥ സ്വരമായിരിക്കും. ഇപ്രകാരമുള്ള മനഃസാക്ഷി അനുസരിച്ച് പ്രവർത്തിക്കുന്നവൻ ദൈവത്തിനെതിരെ പ്രവർത്തിക്കുകയോ, തിന്മ പ്രവർത്തിക്കുകയോ ഇല്ല.

## ഉത്തമ മനഃസാക്ഷി

മനഃസാക്ഷിയുടെ ശരിയായ രൂപീകരണം ലഭിച്ചിട്ടില്ലാത്തവർ എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും തെറ്റിപ്പോകാറുണ്ട്. സ്വാർത്ഥതയുടെ സ്വാധീനം, നന്മയെക്കുറിച്ചുള്ള അജ്ഞത, വികാരങ്ങളുടെ സ്വാധീനം, മറ്റുള്ളവരുടെ ദുഷ്പ്രേരണകൾ ഇവയെല്ലാം മനഃസാക്ഷിയുടെ ശരിയായ തീരുമാനങ്ങളെ വഴിതെറ്റിക്കാം. ഉത്തമ മനഃസാക്ഷി അഥവാ ശരിയായ മനഃസാക്ഷി പുലർത്തുവാൻ ആഗ്രഹിക്കുന്നവർ ഈ സാധ്യതകൾക്കെതിരെ തങ്ങളെ ശക്തരാക്കണം. ദൈവികനിയമങ്ങൾക്കും തിരുവചനങ്ങൾക്കും സഭാപ്രബോധനങ്ങൾക്കും സ്വാഭാവിക നിയമങ്ങൾക്കും അനുസൃതമായി രൂപീകൃതമായ പക്വതയാർന്ന ധാർമ്മിക അവസ്ഥയാണ് ഉത്തമ മനഃസാക്ഷിയുടെ സവിശേഷത.

ഒന്നാമതായി, മാനുഷികവും ക്രിസ്തീയവുമായ മൂല്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ അറിവും ബോധ്യവും പരിശീലനവും നേടുക ആവശ്യമാണ്. രണ്ടാമതായി, നന്മ എന്താണെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ ശ്രമിക്കുകയും സംശയമുള്ളപ്പോൾ നിവാരണം നടത്തിയതിനുശേഷം തീരുമാനങ്ങൾ എടുക്കുകയും ചെയ്യണം. സംശയ നിവാരണത്തിന് സാധ്യതയില്ലെങ്കിൽ വിവിധ മൂല്യങ്ങളെക്കുറിച്ച് മനസ്സിലാക്കി കൂടുതൽ നല്ലതെന്ന് തോന്നുന്നത് സ്വീകരിക്കണം. മൂന്നാമതായി, മനഃസാക്ഷിയുടെ തീരുമാനം വികാ

www.malankaralibrary.com

രങ്ങളുടെ ദുസ്വാധീനത്തിൽനിന്നും നിയമത്തിന്റെയോ അധികാരത്തിന്റെയോ അതിരു കവിഞ്ഞ സമ്മർദ്ദത്തിൽനിന്നും സ്വതന്ത്രമായിരിക്കണം. നാലാമതായി, ശരിയായ മനഃസാക്ഷി നിലനിർത്തുവാൻ പ്രാർത്ഥനയിലൂടെ നിരന്തരം പരിശുദ്ധാത്മാവിന്റെ സഹായം നാം തേടണം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനംവഴി സ്വാർത്ഥ താത്പര്യങ്ങളെ വിവേചിച്ചറിയുവാൻ നമുക്ക് സാധിക്കും. ഇപ്രകാരം ഉത്തമ മനഃസാക്ഷിയുടെ ഉടമകളായി യഥാർത്ഥ ക്രിസ്തുശിഷ്യരായി വളർന്നുവരുവാൻ നമുക്ക് പരിശ്രമിക്കാം.

### ആരാധന

മനുഷ്യമനസ്സിനെ ദുഷിപ്പിക്കുന്ന എല്ലാ തിന്മകളിൽനിന്നും അകന്നുനിന്ന് ഉത്തമ മനഃസാക്ഷിക്ക് അനുസരിച്ച് പുണ്യപ്രവൃത്തികൾ ചെയ്യുവാൻ തങ്ങളെ യോഗ്യരാക്കണമേയെന്ന് വിശുദ്ധ കുർബാനയിലെ സെദറാ പ്രാർത്ഥനയിൽ ദൈവജനം ഇപ്രകാരം പ്രാർത്ഥിക്കുന്നു:

"മനുഷ്യസ്നേഹമുള്ളവനായ കർത്താവേ, ഈ ധൂപത്തെ കൃപയോടെ അംഗീകരിച്ചുകൊണ്ട് ഞങ്ങളുടെ മധ്യത്തിൽ നീ സന്നിഹിതനാകണമേ. ഞങ്ങളുടെ ചിന്തകളെ നീ ശോധന ചെയ്ത് വഞ്ചന, അസൂയ, നിഗളം, ശത്രുത, വൈരാഗ്യം, ആക്ഷേപം, വ്യർത്ഥ വാക്കുകൾ, വ്യാജം മുതലായ സകല അശുദ്ധതകളും നിനക്കിഷ്ടമില്ലാത്ത സകല ചിന്തകളും ഞങ്ങളിൽനിന്നു നീക്കിക്കളയണമേ. എന്നാലോ കർത്താവേ, വിനയം, പരിപാകത, നീതി, ദയ, സമാധാനം, സ്നേഹം മുതലായ പുണ്യങ്ങളിൽ ഞങ്ങൾ വ്യാപരിച്ച് കുറ്റമോ ശങ്കയോ കൂടാതെ നിന്റെ വിശുദ്ധ മദ്ബഹാ മുമ്പാകെ നില്ക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ".

(കുർബാന തക്സാ)

### ജീവിതസാക്ഷ്യം

മനഃസാക്ഷിയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കുവാനും മനഃസാക്ഷിയിലൂടെ ദൈവാത്മാവിന്റെ സ്വരം ശ്രവിക്കുവാനും ആന്തരിക പ്രചോദനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനും നമുക്ക് പരിശ്രമിക്കാം.

### മനഃപാഠമാക്കുക

"ഞാൻ ക്രിസ്തുവിനെ മുൻനിർത്തി സത്യം പറയുന്നു; വ്യാജം പറയുകയല്ല. എന്റെ മനഃസാക്ഷിയും പരിശുദ്ധാത്മാവിനാൽ പ്രചോദിതമായി എനിക്കു സാക്ഷ്യം നല്കുന്നു".
(റോമാ 9:1)

## ചോദ്യങ്ങൾ

1. മനഃസാക്ഷി എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?
2. വിശുദ്ധ ഗ്രന്ഥത്തിൽ മനഃസാക്ഷിയെ എപ്രകാരം അവതരിപ്പിച്ചിരിക്കുന്നു?
3. മനഃസാക്ഷി ദൈവാത്മാവിന്റെ സ്വരമാണെന്നു പറയുന്നതെന്തുകൊണ്ട്?
4. മനഃസാക്ഷിയുടെ രൂപീകരണം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?
5. ഉത്തമ മനഃസാക്ഷി എന്നതുകൊണ്ട് എന്തർത്ഥമാക്കുന്നു?

www.malankaralibrary.com



**134, 119, 169, 176, 117 – മസുമൂറാകൾ**

ബാറെക്മോർ. രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസൻമാരുമായുള്ളോരേ നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

നിങ്ങൾ വിശുദ്ധ സ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്നു നിന്നെ അനുഗ്രഹിക്കും.

കർത്താവേ, എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ.

എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ.

എന്റെ നാവു നിന്റെ വചനം ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതിയെ ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായി കാത്തിരുന്നു: നിന്റെ വേദപ്രമാണം ഞാൻ ധ്യാനിച്ചു.

എന്റെ ആത്മാവു ജീവിച്ച് നിന്നെ സ്തുതിക്കുകയും നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെ പോയ ആടുപോലെ ഞാൻ തെറ്റിപ്പോയി നിന്റെ ഭൃത്യനെ അന്വേഷിക്കണമേ. എന്തെന്നാൽ ഞാൻ നിന്റെ കല്പനകൾ മറന്നില്ല.

സകല ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ, അവനെ നിങ്ങൾ സ്തുതിപ്പിൻ.

എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ.

**മാവൂർബോ (ലൂക്കാ 1:45 മുതൽ 55 വരെ)**

മറിയാം പറഞ്ഞതെന്തെന്നാൽ എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു.

എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു.

എന്തെന്നാൽ, അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു.

കണ്ടാലും, ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ, ശക്തിമാനും തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു.

അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ടു ജയമുണ്ടാക്കി തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു.

അവൻ ബലവാൻമാരെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണരാക്കുകയും സമ്പന്നൻമാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു.

അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കൻമാരായ അബ്രഹാമിനോടും അവന്റെ സന്തതിയോടും എന്നേക്കുമായി അരുളിച്ചെയ്തിരുന്നപ്രകാരം തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

www.malankaralibrary.com

# CATECHISM OF THE SYRO-MALANKARA CATHOLIC CHURCH



സുവിശേഷകനായ
വിശുദ്ധ യോഹന്നാൻ

The Synodal Commission for Faith Formation
Catholicate Centre, Pattom, Trivandrum